# മലയാളപ്പച്ച

ഭാഷ, സാഹിത്യം, സംസ്കാരം

VOLUME: 02, NUMBER 2, February, 2024




# ഡിസെബിലിറ്റി: ചിന്തയും വ്യവഹാരവും


മലയാളവിഭാഗം, കെ.കെ.ടി.എം. ഗവണ്മെന്റ് കോളേജ്, പുല്ലൂറ്റ്, കൊടുങ്ങല്ലൂർ

# ഡിസെബിലിറ്റി: ചിന്തയും വ്യവഹാരവും

**മലയാളവിഭാഗം**

കെ.കെ.ടി.എം. ഗവണ്മെന്റ് കോളേജ്

പുല്ലൂറ്റ്, കൊടുങ്ങല്ലൂർ

2024

malayala pachcha

A Peer Reviewed, UGC Care listed Research Journal of language literature and culture

Published in India By

The Head of the Post Graduate and Research Department, Malyalam

K.K.T.M. Govt. College,

Pullut P.O., Thrissur District, Kerala, India. PIN 680663

website: https://malayalapachcha.com/

Published in February, 2024

ISSN: 2454-292X

Typeset using Unicode Malayalam Fonts

Cover & book design: Ashokkumar P K

Cover Photograph: Van Gogh artistic painting - Tree sky landscape

| | |
|---|---|
| Date | Saint-Rémy, giugno 1889 |
| Source | https://www.publicdomainpictures.net/pictures/480000/velka/van-gogh-kunst-malerei.jpg |

Price: ₹350/-

You are free to:
Share — copy and redistribute the material in any medium or format
Adapt — remix, transform, and build upon the material
for any purpose, even commercially.

The licensor cannot revoke these freedoms as long as you follow the license terms.

Under the following terms:

Attribution — You must give appropriate credit, provide a link to the license, and indicate if changes were made. You may do so in any reasonable manner, but not in any way that suggests the licensor endorses you or your use.

No additional restrictions — You may not apply legal terms or technological measures that legally restrict others from doing anything the license permits.

Notices:
You do not have to comply with the license for elements of the material in the public domain or where your use is permitted by an applicable exception or limitation.

No warranties are given. The license may not give you all of the permissions necessary for your intended use. For example, other rights such as publicity, privacy, or moral rights may limit how you use the material.

*Advisory Board*

Dr. P. Pavithran
Professor,
Sree Sankaracharya Sanskrit University, Tirur Centre.

Dr. Sunil P. Elayidam
Professor,
Sree Sankaracharya Sanskrit University, Kaladi.

Dr. P.K. Rajasekharan
Writer, Thiruvananthapuram.

Dr. Kavitha Balakrishnan
Govt.College of Fine Arts, Thrissur

*Managing Editor:*

H.O.D., Department of Malayalam.

*Chief Editor:*

Dr. Muhamed Basheer K.K.,
Asst. Professor, Dept. of Malayalam.

*Issue Editor*

Dr. Dhanya P.D.
Asst. Professor, Dept. of Malayalam.

*Editorial Board:*

Dr. G. Ushakumari, H.O.D

Dr. Yacob Thomas

Dr. Fousiya P.A.

Dr. Sangeetha K.

Dr. Muneer S.

Dr. Syama N.B.

# മലയാളപ്പച്ച

## റിസേർച്ച് ജേണൽ

കെ.കെ.ടി.എം. ഗവണ്മെന്റ് കോളേജ് മലയാളവിഭാഗം
2015 ഓഗസ്റ്റ് മുതൽ അർദ്ധവാർഷികമായും 2023 ഫെബ്രുവരി മുതൽ വാർഷികമായും പ്രസിദ്ധീകരിക്കുന്ന റിസേർച്ച് ജേണലാണ് മലയാളപ്പച്ച. പകർപ്പവകാശം സ്വതന്ത്രമാക്കിയ മലയാളത്തിലെ ആദ്യത്തെ റിസേർച്ച് ജേണൽ എന്ന ബഹുമതി ഇതിനുണ്ട്. 2021 ഏപ്രിൽ മുതൽ യു.ജി.സി. കെയർ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്.

തനതുമലയാളലിപിയിൽ, യൂനികോഡ് സങ്കേതത്തിൽ, പൂർണ്ണമായി അച്ചടിക്കുന്നതും എല്ലാവർഷവും ഫെബ്രുവരി മാസത്തിൽ പ്രസിദ്ധീകരിക്കുന്നതുമായ ഈ ജേർണലിന്റെ ഉള്ളടക്കം ഭാഷ, സാഹിത്യം, സംസ്കാരം എന്നീ മേഖലകളിലെ പുതിയ അന്വേഷണങ്ങളാണ്. എല്ലാ ലക്കങ്ങളും സവിശേഷമായ വിഷയങ്ങളിലൂന്നിയാണ് വിഭാവനം ചെയ്യുന്നത്

മലയാളപ്പച്ചയിൽ പ്രസിദ്ധീകരിക്കാനാഗ്രഹിക്കുന്ന പ്രബന്ധങ്ങൾ https://malayalapachcha.com/ എന്ന വെബ്സൈറ്റിൽ നിശ്ചിത format-ൽ ഇരുപതു പുറത്തിൽ കവിയാതെ തയ്യാറാക്കി സമർപ്പിക്കുക. റഫറൻസുകൾക്കും പിൻകുറിപ്പുകൾക്കും MLA സ്റ്റൈൽ സ്വീകരിക്കേണ്ടതാണ്.

## Panel of Peer Reviewers

1. ഡോ. ഹബീബ് സി.
   അസിസ്റ്റൻറ് പ്രൊഫസർ
   ഇംഗ്ലീഷ് വിഭാഗം
   ഫാറൂഖ് കോളേജ്

2. ഡോ. രാജി ബി. നായർ
   പ്രൊഫസർ, ഇംഗ്ലീഷ് വിഭാഗം
   ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല (മുഖ്യകേന്ദ്രം), കാലടി

3. ഡോ. കെ.എസ്. ഹക്കിം
   അസിസ്റ്റൻറ് പ്രൊഫസർ
   സോഷ്യോളജി സ്കൂൾ
   തുഞ്ചത്തെഴുത്തച്ഛൻ സർവ്വകലാശാല

4. ഡോ.ഗാസ്പർ കെ.ജെ.
   അസോസിയേറ്റ് പ്രൊഫസർ
   ഗവ. വനിതാ കോളേജ്
   തിരുവനന്തപുരം

5. ഡോ. ടിസ്സി മരിയം തോമസ്
   അസിസ്റ്റൻറ് പ്രൊഫസർ
   സൈക്കോളജി ഡിപ്പാർട്ട്മെൻറ്
   കേരള യൂണിവേഴ്സിറ്റി

# ആമുഖം

ഡിസെബിലിറ്റി: ചിന്തയും വ്യവഹാരവും (Disability: Thought and Discourse) എന്ന വിഷയത്തിലാണ് മലയാളപ്പച്ചയുടെ രണ്ടാം വാല്യത്തിലെ രണ്ടാം ലക്കം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഡിസെബിലിറ്റി പഠനങ്ങൾ മലയാളത്തിൽ അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന ജ്ഞാനാന്വേഷണ മേഖലയാണ്. ഡിസെബിലിറ്റി പഠനങ്ങളുടെ സൈദ്ധാന്തിക കാഴ്ചപ്പാടുകളിൽ ഊന്നിയുള്ള സാഹിത്യ-സാംസ്കാരിക പഠനങ്ങളാണ് ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഡിസെബിലിറ്റിയെ കേവലം ശാരീരിക പ്രതിഭാസമായി ചുരുക്കിക്കാണാതെ സമൂഹത്തിന്റെ ഘടനാപരമായ പ്രശ്നമായി മനസ്സിലാക്കുക എന്ന ദൗത്യമാണ് ഈ ലക്കം നിറവേറ്റുന്നത്. 'ശേഷിക്കുറവി'ല്ലാത്ത പൂർണ്ണ ശരീരങ്ങളെ മാത്രം അംഗീകരിക്കുകയും അതിൽനിന്ന് വ്യത്യസ്തരായവരെയെല്ലാം പുറത്തുനിർത്തുകയും ചെയ്യുന്ന ശേഷീവാദ (ableism) ത്തിന്റെ കാഴ്ചപ്പാടുകളാണ് ഏബിൾഡ്/ഡിസേബിൾഡ് എന്ന ദ്വന്ദ്വം സൃഷ്ടിക്കുന്നത്.

ശേഷീവാദചിന്തയുടെ അധീശ സാംസ്കാരിക രാഷ്ട്രീയത്തെ വിമർശന വിധേയമാക്കുന്ന ഇരുപത്തിരണ്ട് ലേഖനങ്ങളാണ് ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഡോ.അലക്സ് എൽ. എഴുതിയ 'ഭിന്നശേഷി: സാമൂഹിക-സാംസ്കാരിക മാനങ്ങളും വിവരസാങ്കേതിക കാലത്തെ വ്യവഹാരങ്ങളും', വിവിധ ഭിന്നശേഷികളുടെ സാംസ്കാരിക സ്വത്വങ്ങൾക്കനുസരിച്ച് ഡിജിറ്റൽ സാങ്കേതികവിദ്യ നവീകരിക്കപ്പെടേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടുന്ന ലേഖനമാണ്. ഫെൽബിൻ ആന്റണിയുടെ 'ഡിസെബിലിറ്റി നരേറ്റീവുകളും വൈരുദ്ധ്യങ്ങളും: ഷേപ്പ് ഓഫ് വാട്ടർ എന്ന സിനിമയെ മുൻനിർത്തിയുള്ള പഠനം' എന്ന ലേഖനം ഡിസെബിലിറ്റി നരേറ്റീവ് എന്ന നിലയിൽ ശ്രദ്ധ നേടിയ 'ഷേപ്പ് ഓഫ് വാട്ടർ' എന്ന സിനിമയെ മുൻനിർത്തി, ഡിസെബിലിറ്റി നരേറ്റീവുകളിലെ സാധ്യതകളെയും വൈരുദ്ധ്യങ്ങളെയും അപഗ്രഥിക്കുന്നു.

'ശേഷീവാദം പുറത്തുനിർത്തുന്ന അനേകം ഇതരരും ഭരണകൂടം ഡിസൈൻ ചെയ്യുന്ന പെർഫെക്റ്റ് പുരുഷനും' എന്ന എസ്. ജയശ്രീയുടെ ലേഖനം ആദർശശരീരം എന്ന സങ്കല്പത്തെ മുൻനിർത്തിയാണ് എല്ലാക്കാലത്തും ദേശീയ സ്വത്വനിർമ്മിതി നടന്നിട്ടുള്ളത് എന്ന് വാദിക്കുന്നു. 'അംഗപരിമിതിയുടെ

പ്രതീകവൽക്കരണം വേദേതിഹാസമാനകങ്ങളിൽ' എന്ന ഡോ.കെ . എസ്. ലതയുടെ ലേഖനം ഭാരതീയ വൈദിക ഇതിഹാസ സാഹിത്യങ്ങളിൽ കേന്ദ്ര സ്ഥാനത്തു നിൽക്കുന്ന ഭിന്നശേഷിയുള്ള കഥാപാത്രങ്ങളെ കേന്ദ്രീകരിച്ചുള്ള പഠനമാണ്. ഡോ.എം.ബി. മനോജിന്റെ 'രോഗം തുറന്നിടുന്ന മനോചലന ങ്ങൾ' എന്ന ലേഖനം രാസിത്ത് അശോകന്റെ 'നന്ദി ഗില്ലൻ ബാരി സിൻ ഡ്രോം' എന്ന പുസ്തകത്തെ അടിസ്ഥാനമാക്കിയുള്ള മനോചലന വിശകലന മാണ്. ഭിന്നശേഷിക്കാരായ വ്യക്തികൾ കഥാപാത്രങ്ങളായി വരുന്ന നോവല ടക്കമുള്ള ആഖ്യാനങ്ങളിലെ ചില പൊതുപ്രവണതകളെ വിമർശനാത്മകമാ യി വിശകലനം ചെയ്തുകൊണ്ട്, പൂർണ്ണ മനുഷ്യസങ്കല്പത്തിന് പുറത്തുള്ള കർതൃ ത്വങ്ങളായി നിർമ്മിക്കപ്പെടുന്നതിലൂടെ ഭിന്നശേഷികർതൃത്വങ്ങൾ അപരവൽ ക്കരിക്കപ്പെടുന്നതിന്റെ രാഷ്ട്രീയം വിശകലനം ചെയ്യുന്ന ലേഖനമാണ് ആതിര എ. കെ. യുടെ 'ഭിന്നശേഷി കർതൃത്വങ്ങളും നിർവാഹകത്വവും'.

ഫ്രഞ്ച് തത്വചിന്തകരായ ഡല്യൂസിന്റെയും ഗോത്താരിയുടെയും പഠനങ്ങ ളിൽ പ്രത്യക്ഷപ്പെട്ട അവയവങ്ങളില്ലാത്ത ശരീരം (Body without organ)എന്ന ആശയത്തെ മുൻനിർത്തി വാൻഗോഘിന്റെ വൈയക്തികതയിലും കലാസൃ ഷ്ടികളിലും ഈ ആശയത്തിനുള്ള സാധ്യതകളെ വിലയിരുത്തുന്ന പ്രബന്ധ മാണ് 'ചിന്തകളുടെ അസാധ്യതകളും വാൻഗോഘ് ചിത്രങ്ങളുടെ സാധ്യതക ളും—ഒരു ഡല്യൂസിയൻ വീക്ഷണം' എന്ന ജൂബിൻ മറ്റപ്പള്ളിലിന്റെ ലേഖനം. ഭിന്നശേഷി: ശേഷീവാദ കാഴ്ചപ്പാടും പൊതു ബോധനിർമ്മിതിയും എന്ന വി. രഞ്ജിത്തിന്റെ ലേഖനം വിനയന്റെ തെരഞ്ഞെടുത്ത സിനിമകളെ മുൻനിർത്തി ഭിന്നശേഷിയോടുള്ള ശേഷീവാദസമൂഹത്തിന്റെ കാഴ്ചപ്പാടും ഭിന്നശേഷി സമൂ ഹത്തെക്കുറിച്ച് ജനപ്രിയ സിനിമ ഉത്പാദിപ്പിക്കുന്ന പൊതുബോധവും വി ശകലന വിധേയമാക്കുന്നു. ഡോ.നിഷ അക്കരത്തൊടിയുടെ 'അന്ധതയുടെ ആവിഷ്കാരം ജി. ശങ്കരപ്പിള്ളയുടെ നാടകങ്ങളിൽ' എന്ന ലേഖനത്തിൽ, ഭര തവാക്യം, സബർമതി ദൂരെയാണ് എന്നീ നാടകങ്ങളിലെ ഡിസെബിൾഡായ കഥാപാത്രങ്ങളുടെ പ്രതിനിധാനത്തെ പഠനവിധേയമാക്കുന്നു. 'സിനിമാഗാ നങ്ങളുടെ ആശ്രിതഭാഷ്യം: അന്ധതയെ മുൻനിർത്തിയുള്ള പഠനം' എന്ന ടി. എൻ. രശ്മിയുടെ ലേഖനം, ഒരു ഭാവാവിഷ്കാരം എന്ന നിലയിൽ സിനിമാഗാ നങ്ങൾ അന്ധതയെ ഏതു രീതിയിൽ പരിചരിക്കുന്നുവെന്ന് വിശകലനാത്മ കമായി പരിശോധിക്കുന്നു.

ഡോ. എസ്.കെ. ബീനാകൃഷ്ണന്റെ 'ദൃശ്യപരിമിതി—ലിപിവ്യവസ്ഥയും സമൂ ഹനിർമ്മിതിയും' എന്ന ലേഖനത്തിൽ, ബ്രെയിൽ ലിപിയുടെ വികാസചരിത്ര വും അത് സമൂഹനിർമ്മിതിയെ എപ്രകാരം സ്വാധീനിച്ചുവെന്നുമുള്ള അന്വേഷ ണവുമാണ് നടത്തുന്നത്. 'ഭിന്നശേഷി: സങ്കല്പനങ്ങളും സമീപനങ്ങളും' എന്ന ഡോ. സ്റ്റാലിൻദാസ് പടിഞ്ഞാറെപുരയ്ക്കൽ എഴുതിയ ലേഖനം, ഭിന്നശേഷിയെ ഒരു സാമൂഹിക നിർമിതി എന്ന നിലയിൽ ചരിത്രപരമായി സമീപിക്കുകയും

ഭിന്നശേഷിപഠനമേഖലകളിൽ ഉപയോഗിക്കപ്പെടുന്ന പ്രധാന സമീപനങ്ങളെ പരിചയപ്പെടുത്തുകയും ചെയ്യുന്നു. ഡോ. എം. ഗംഗാദേവിയുടെ 'ആർ.പി.ഡബ്ല്യൂ.ഡി. ആക്ടും സാമൂഹിക സാംസ്കാരിക വിനിമയങ്ങളും' എന്ന ലേഖനം 2016-ൽ പ്രാബല്യത്തിൽ വന്ന ആർ.പി.ഡബ്ല്യൂ.ഡി. ആക്ടിന്റെ സാമൂഹിക സാംസ്കാരിക പ്രാധാന്യം വിശകലനം ചെയ്യുന്നു.

കൊളോണിയൽ ഇന്ത്യയിലെ അന്ധതയെക്കുറിച്ചുള്ള മെഡിക്കൽ വിവരണങ്ങൾ പലപ്പോഴും വംശീയ പക്ഷപാതങ്ങളെ ശക്തിപ്പെടുത്തുകയും ഡിസെബിൾഡായ ആളുകളുടെ പാർശ്വവൽക്കരണത്തിന് കാരണമാവുകയും ചെയ്യുന്നുവെന്ന് ഡോ.എൻ വി ബേബി റിസ് വാനയുടെ 'The racial profiling of blindness: A case of colonial India' എന്ന ലേഖനം വാദിക്കുന്നു. മുസ്ലിം സ്ത്രീകൾ അടിച്ചമർത്തപ്പെട്ടവരായും മുസ്ലിം പുരുഷന്മാരാൽ സംരക്ഷിക്കപ്പെടേണ്ടവരായും ചിത്രീകരിക്കുന്ന ആധിപത്യ വ്യവഹാരങ്ങളോടുള്ള സംവാദാത്മകമായ ചർച്ചയാണ് ഡോ. ഫൈസൽ പി., ഷെറിൻ കെ. റഹ്മാൻ എന്നിവരുടെ 'Muslim Women's Body, Identity and Agency: Liberationist (Re) constructions of Gender in the contemporary transnational fiction' എന്ന ലേഖനം. രാഷ്ട്രീയം, സിനിമ, കായികരംഗം തുടങ്ങിയ മേഖലകളിലെല്ലാം ഡിസെബിൾഡ് വ്യക്തിപ്രതിനിധാനം എപ്രകാരമാണ് സാധ്യമാക്കുന്നതെന്നതു സംബന്ധിച്ച ആലോചനയാണ് ഡോ. സ്റ്റെൻസ അഗസ്റ്റിൻ, ഡോ .അഭയ് ദേവ് സി.എസ്. എന്നിവരുടെ' Visibility of Disability: Ableism in Indian film, politics and sports' എന്ന ലേഖനം. എസ്. കെ.അർച്ചനയുടെ 'The Fragmented vision of Disabled Males: Reoccurrence of disabled masculinity in Faulkner's The Sound and the Fury and Light in August' എന്ന ലേഖനം വില്യം ഫോക്നറുടെ സൗണ്ട് ആൻഡ് ഫ്യൂറി, ലൈറ്റ് ഇൻ ആഗസ്റ്റ് എന്നീ നോവലുകളിലെ വൈകല്യമുള്ള പുരുഷ വ്യക്തിത്വങ്ങളുടെ ചിത്രീകരണത്തെ പ്രശ്നവൽക്കരിക്കുകയും ഡിസെബിൾഡ് വ്യക്തിത്വങ്ങളുടെ ആവർത്തനങ്ങൾ ഈ രണ്ട് നോവലുകളിലും കടന്നുവരുന്നു എന്ന് സമർഥിക്കുകയും ചെയ്യുന്നു.

ഡോ. വി. ശാരദാദേവിയുടെ 'Surrogacy and the preference for a 'normal' child: an analysis of parenthood representation in the Hindi film Mimi' എന്ന ലേഖനത്തിൽ മിമി എന്ന ബോളിവുഡ് ചിത്രത്തിലെ വാടകഗർഭധാരണവും ഡിസെബിൾഡായ കുട്ടി ജനിക്കുന്നതിനെ തുടർന്നുണ്ടാകുന്ന സംഘർഷങ്ങളുമാണ് വിശകലന വിധേയമാക്കുന്നത്.

ഡോ.സുജ മാത്യുവിന്റെ 'Voicing the Unspoken: congenital diseases, female sexuality and contemporary Indian cinema' എന്ന ലേഖനം മാർഗരിറ്റ വിത്ത് എ സ്ട്രോ, പേരൻപ് എന്നീ സിനിമകളെ മുൻനിർത്തി സമകാലിക

ഇന്ത്യൻ സിനിമയിലെ ഡിസെബിലിറ്റി പ്രതിനിധാനം എപ്രകാരമാണെന്ന് പരിശോധിക്കുന്നു. അഞ്ജന ഹേമചന്ദ്രൻ, ഡോ. റഫ്സീന എം.എന്നിവരുടെ ലേഖനം എഡ്‌വേർഡ് ബോണ്ടിന്റെ ലിയർ എന്ന നാടകത്തിൽ ഡിസെബിലിറ്റി എന്ന അവസ്ഥ എപ്രകാരം ചിത്രീകരിക്കുന്നുവെന്ന് പരിശോധിക്കുന്നു. ഡോ.മഞ്ജുഷ മധുസൂദനന്റെ Disabling the abled: Queries posed by Android kunjappan's infiltration of the human world' എന്ന ലേഖനം എല്ലാത്തരം മനുഷ്യരെയും ഉൾക്കൊള്ളുന്ന സാമൂഹിക ക്രമത്തിലൂടെ മാത്രമേ പ്രവർത്തനക്ഷമമായ ഒരു സമൂഹത്തിന്റെ നിലനില്പ് സാധ്യമാകൂ എന്ന് വാദിക്കുന്നു. ഫിനോഷ് ജി. തങ്കത്തിന്റെ 'Tissue engineering in Disability Management: Fundamentals and Future' എന്ന ലേഖനം ഡിസെബിലിറ്റി പരിഹരിക്കുന്നതിനുതകുന്ന തരത്തിൽ ടിഷ്യു എൻജിനീയറിങ്ങിന്റെ സാധ്യതകൾ എപ്രകാരം പ്രയോജനപ്പെടുത്താമെന്ന് ചർച്ച ചെയ്യുന്നു.

ഈ സമാഹാരത്തിന്റെ പലഭാഗത്തും ഡിസെബിലിറ്റിയെന്നും ഭിന്നശേഷിയെന്നും അംഗപരിമിതിയെന്നും വികലാംഗത്വം എന്നുമെല്ലാം പലതരത്തിലുള്ള പ്രയോഗങ്ങൾ ഉണ്ട്. കൃത്യമായ വ്യവസ്ഥയോടെ ഡിസെബിലിറ്റി എന്നു തന്നെ മാറ്റി എഴുതാത്തതിനു കാരണം പല ലേഖകരും ഭിന്നശേഷി എന്ന നടപ്പു പ്രയോഗം തന്നെ സ്വീകരിച്ചതിനാലാണ്. കൂടാതെ ഡിസെബിലിറ്റിയുടെ രാഷ്ട്രീയം മലയാളത്തിന്റെ ഈ സവിശേഷ സന്ദർഭത്തിൽ ചിതറിയും മാറിയും രൂപപ്പെട്ടുവരുന്നതിനെ ചരിത്രപരമായി മനസ്സിലാക്കാനും ഈ അവ്യവസ്ഥ സഹായിക്കുമെന്നു കരുതട്ടെ !

ഡിസെബിലിറ്റി എന്നത് കേവലം ജൈവികമായ ഒരു പ്രതിഭാസമല്ലെന്നും സാമൂഹിക ക്രമങ്ങളുടെയും സാംസ്കാരിക മനോഭാവങ്ങളുടെയും ഫലമായി രൂപപ്പെട്ട് വരുന്നതാണെന്നുമുള്ള തിരിച്ചറിവ് നൽകുന്ന പഠനങ്ങളാണ് ഈ ലക്കത്തിന്റെ സവിശേഷത. എല്ലാ വൈരുദ്ധ്യങ്ങളെയും ശ്രേണീകരണങ്ങളെയും മറികടന്നുകൊണ്ട് ഡിസെബിലിറ്റിയുള്ളവരെ ചേർത്തു പിടിക്കാനുള്ള ജാഗ്രതയും സാമൂഹികചിന്തയും വികസിച്ചു വരേണ്ടിയിരിക്കുന്നു. അതിനുള്ള എളിയ ഉദ്യമമാണ് മലയാളപ്പച്ചയുടെ ഈ ലക്കം. ഈ ലക്കം പിയർ റിവ്യൂ നടത്തിയ ഡോ. ഹബീബ് സി., ഡോ. ടിസ്സി മരിയം തോമസ്, ഡോ.കെ. എസ്. ഹക്കിം, ഡോ. രാജി. ബി. നായർ, ഡോ. ഗാസ്പർ കെ.ജെ. എന്നിവരോടും ലേഖനങ്ങൾ നൽകിയവരോടുമുള്ള നന്ദി അറിയിക്കുന്നു. വായനയ്ക്കും വിമർശനത്തിനുമായി മലയാളപ്പച്ചയുടെ ഈ ലക്കം സമർപ്പിക്കുന്നു.

ഡോ. ധന്യ പി.ഡി.

*ഇഷ്യൂ എഡിറ്റർ*

# ഉള്ളടക്കം


ഭിന്നശേഷി: സാമൂഹിക-സാംസ്കാരിക മാനങ്ങളും
വിവരസാങ്കേതികകാലത്തെ വ്യവഹാരങ്ങളും
ഡോ. അലക്സ്. എൽ 13

ഭിന്നശേഷി കർതൃത്വങ്ങളും നിർവാഹകത്വവും
—തെരഞ്ഞെടുത്ത നോവൽ പാഠങ്ങളുടെ വിമർശനാത്മക അപഗ്രഥനം
ആതിര എ.കെ. 24

ദൃശ്യപരിമിതി- ലിപിവ്യവസ്ഥയും സമൂഹനിർമ്മിതിയും
ഡോ. ബീനാ കൃഷ്ണൻ എസ്.കെ. 38

ഡിസെബിലിറ്റി നരേറ്റീവുകളും വൈരുധ്യങ്ങളും:
'ഷേപ്പ് ഓഫ് വാട്ടർ' എന്ന സിനിമയെ മുൻനിർത്തിയുള്ള പഠനം
ഫെൽബിൻ ആന്റണി 54

ആർ.പി.ഡബ്ല്യൂ.ഡി. ആക്ടും സാമൂഹ്യസാംസ്കാരിക വിനിമയങ്ങളും
ഡോ. ഗംഗാദേവി എം. 67

ശേഷീവാദം പുറത്തുനിർത്തുന്ന അനേകം ഇതരരും
ഭരണകൂടം ഡിസൈൻ ചെയ്യുന്ന പെർഫെക്റ്റ് പുരുഷനും
ജയശ്രീ എസ്. 80

ചിന്തകളുടെ അസാധ്യതകളും വാൻഗോഘ് ചിത്രങ്ങളുടെ സാധ്യതകളും
—ഒരു ഡല്യൂസിയൻ വീക്ഷണം
ഡോ. ജൂബിൻ മറ്റപ്പള്ളിൽ 98

അംഗപരിമിതിയുടെ പ്രതീകവത്ക്കരണം വേദേതിഹാസമാനകങ്ങളിൽ
ഡോ. കെ.എസ്. ലത 111

രോഗം തുറന്നിടുന്ന മനോചലനങ്ങൾ
ഡോ. എം.ബി. മനോജ് 121

അന്ധതയുടെ ആവിഷ്കാരം ജി. ശങ്കരപ്പിള്ളയുടെ നാടകങ്ങളിൽ
ഡോ. നിഷ അക്കരത്തൊടി 128

ഭിന്നശേഷി: ശേഷീവാദ കാഴ്ചപ്പാടും പൊതുബോധ നിർമ്മിതിയും
രഞ്ജിത് വി. 146

സിനിമാഗാനങ്ങളുടെ ആശ്രിതഭാഷ്യം: അന്ധതയെ മുൻനിർത്തിയുള്ള പഠനം.
രശ്മി ടി.എൻ. 159

ഭിന്നശേഷി : സങ്കല്പനങ്ങളും സമീപനങ്ങളും
ഡോ.സ്റ്റാലിൻ ദാസ് പടിഞ്ഞാറെപുരക്കൽ 171

Locating 'Disability' in Edward Bond's Lear
Anjana Hemachandran; Dr. Rafseena M. 182

The Fragmented Vision of Disabled Males: Reoccurrence of Disabled Masculinity in Faulkner's The Sound and the Fury and Light in August
Archana S.K. 193

The Racial Profiling of Blindness: A Case of Colonial India
Dr. Baby Rizwana N.V. 201

Muslim Women's Body, Identity and Agency: Liberationist (Re) constructions of Gender in the Contemporary Transnational Fiction
Dr. Faisal P.; Dr. Sherin K. Rahiman 219

Tissue Engineering in Disability Management: Fundamentals and Future
Finosh G. Thankam 245

Disabling the Abled: Queries Posed by Android Kunjappan's Infiltration of the Human World
Dr. Manchusha Madhusudhanan 253

Surrogacy and the Preference for a 'Normal' Child: An Analysis of Parenthood Representation in the Hindi film Mimi
Dr. Sharada Devi V. 268

Dynamics of Disability in Indian Film, Politics and Sports
Dr. Stenza Augustine; Dr. Abhaydev C.S. 279

Voicing the Unspoken: Congenital Diseases, Female Sexuality and Contemporary Indian Cinema
Dr. Suja Mathew 289

പദസൂചി 299

*മലയാളപ്പച്ചയിൽ പ്രസിദ്ധീകരിക്കുന്ന പ്രബന്ധങ്ങളുടെ പൂർണ ഉത്തരവാദിത്തം അതതു ലേഖകരിൽമാത്രം നിക്ഷിപ്തമാണ്*

# ഭിന്നശേഷി: സാമൂഹിക-സാംസ്കാരിക മാനങ്ങളും വിവരസാങ്കേതികകാലത്തെ വ്യവഹാരങ്ങളും

ഡോ. അലക്സ്. എൽ
പ്രൊഫസർ, മലയാളവിഭാഗം, ഗവ. കൊളെജ്, നെടുമങ്ങാട്

## പ്രബന്ധസംഗ്രഹം

ശാരീരികമോ, മാനസികമോ, ബൗദ്ധികമോ, സംവേദനപരമോ ആയ വ്യതിരിക്തതകൾ കാരണം സമൂഹത്തിൽ മറ്റുള്ളവർക്കു തുല്യം ഇടപെടലുകൾ നടത്താൻ കഴിയാത്ത അവസ്ഥയാണ് ഭിന്നശേഷി. ഭിന്നശേഷിയുമായി ബന്ധപ്പെട്ട അനുഭവങ്ങളെയും ആവിഷ്കാരങ്ങളെയും നിർമ്മിതികളെയും പഠിക്കാൻ ശ്രമിക്കുന്ന വൈജ്ഞാനിക മേഖലയാണ് ഭിന്നശേഷി പഠനം. ആധുനികതയും ഉത്തരാധുനികതയും ഭിന്നശേഷി പഠനത്തെ സ്വാധീനിച്ചിട്ടുണ്ട്. ഭിന്നശേഷി പഠനം സാമൂഹികവും രാഷ്ട്രീയവുമായ ഒരു പ്രതിഭാസമായാണ് വൈകല്യത്തെ സമീപിക്കുന്നത്. ശരീരശാസ്ത്രത്തിന്റെയോ വൈദ്യശാസ്ത്രത്തിന്റെയോ രോഗനിർണ്ണയന സമീപനങ്ങൾ കൊണ്ടുമാത്രം അടയാളപ്പെടുത്താനാവുന്ന സാമൂഹിക സത്തയായിട്ടല്ല ഭിന്നശേഷിയെ പരിഗണിക്കേണ്ടത്. സമകാലികലോകത്ത് ഭിന്നശേഷി വ്യവഹാരങ്ങൾക്ക് വിവര സാങ്കേതികവിദ്യയുടെ അനന്ത സാധ്യതകളുണ്ട്. ഒപ്പം നിരവധി പ്രശ്നങ്ങളും ഇവർ നേരിടുന്നുണ്ട്. ഭിന്നശേഷിയുള്ളവരുടെ ഡിജിറ്റൽസാക്ഷരത ഉറപ്പു വരുത്തുകയും ഡിജിറ്റൽ മേഖലയിലെ നിരന്തരമാറ്റങ്ങൾ ഉൾക്കൊള്ളാൻ അവരെ സജ്ജരാക്കുകയും വേണം. അതുകൊണ്ടുതന്നെ ഡിജിറ്റൽ സാങ്കേതികവിദ്യ വിവിധ ഭിന്നശേഷികളുടെ സാംസ്കാരിക സ്വത്വങ്ങൾക്കനുസരിച്ച് നവീകരിക്കപ്പെടേണ്ടതുണ്ട്.

**താക്കോൽവാക്കുകൾ:**

ഭിന്നശേഷി, ഭിന്നശേഷിപഠനം, ഡിജിറ്റൽസാക്ഷരത, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, പ്രോജക്ട് സൈബോർഗ്, ഭിന്നശേഷി അവകാശനിയമം,

### ആമുഖം

ശാരീരികവും മാനസികവുമായ ആരോഗ്യത്തെക്കുറിച്ച് ഓരോ സമൂഹത്തിനും തനതായ കാഴ്ചപ്പാടുകളുണ്ട്. ജാതി, മതം, വർണ്ണം, വർഗ്ഗം, തൊഴിൽ, ലിംഗപദവി ഇത്യാദി സാമൂഹികസാഹചര്യങ്ങളുമായി ബന്ധപ്പെട്ട വ്യവഹാരങ്ങളുടെ അടിസ്ഥാനത്തിലാണ് ഇത്തരം കാഴ്ചപ്പാടുകൾ രൂപപ്പെട്ടിട്ടുള്ളത്. സാമൂഹികഘടനയുടെ സ്വഭാവമനുസരിച്ച് വ്യക്തികളിൽ നിക്ഷിപ്തമായിട്ടുള്ള കർത്തവ്യങ്ങൾ നിറവേറ്റാൻ വേണ്ട ശേഷിയാണ് ആരോഗ്യം. നിലവിലുള്ള സാമൂഹിക മാനദണ്ഡങ്ങൾ വെച്ചുനോക്കുമ്പോൾ ശേഷി കുറഞ്ഞവരും കായികവും ബൗദ്ധികവുമായ വ്യതിരിക്തതകൾ ഉള്ളവരുമായ ഒരു വിഭാഗത്തെ എല്ലാ കാലത്തും കാണാൻ കഴിയും. ഇത്തരത്തിൽ, വെല്ലുവിളികൾ നേരിടുന്നവരെ Disabled/Differently Abled (ഭിന്നശേഷിക്കാർ) തുടങ്ങിയ പദങ്ങൾ കൊണ്ടാണ് പൊതുവിൽ വ്യവഹരിക്കാറ്. “ശാരീരികമോ, മാനസികമോ, ബൗദ്ധികമോ, സംവേദനപരമോ ആയ പരിമിതികൾ വിവിധ പ്രതിബന്ധങ്ങളുമായി സമ്പർക്കം പുലർത്തുന്നതു കാരണം, മറ്റുള്ളവർക്കൊപ്പം തുല്യ അളവിൽ, സമൂഹത്തിൽ പൂർണ്ണവും ഗുണപരവും ഫലപ്രദവുമായ ഇടപെടലുകൾ നടത്താൻ കഴിയാത്ത അവസ്ഥ” എന്നാണ് UNCRPD (United Nation Convention for the Right of Person with Disability) എന്ന ഐക്യരാഷ്ട്ര കൺവെൻഷൻ ഭിന്നശേഷിയെ നിർവ്വചിക്കുന്നത്.

### ഭിന്നശേഷിയും സമൂഹവും

ആധുനികാനന്തരലോകത്ത് സ്ത്രീകൾ, കീഴാളർ, ഭിന്നലിംഗർ തുടങ്ങിയ ന്യൂനപക്ഷ/പാർശ്വവൽകൃത സമൂഹവുമായി ബന്ധപ്പെട്ട വ്യവഹാരങ്ങൾ പോലെ, അരികുവത്കരിക്കപ്പെട്ട ഒരു പ്രത്യേക ന്യൂനപക്ഷവിഭാഗവുമായി ബന്ധപ്പെട്ടവയാണ് ഭിന്നശേഷി വ്യവഹാരങ്ങളും. ലോകജനസംഖ്യയുടെ ഏകദേശം 15 ശതമാനത്തിലധികം വരും ഡിസെബിലിറ്റി വിഭാഗത്തിൽപ്പെട്ടവർ. ഇവർ ആഗോളതലത്തിൽത്തന്നെ ഏറ്റവും ദരിദ്രരും അശക്തരുമായ ജനവിഭാഗത്തിൽ പെടുന്നവരാണ്. വൈകല്യം, അത് ശാരീരികമായാലും ബൗദ്ധികമായാലും ശാപം കിട്ടിയതാണെന്ന് കരുതിയിരുന്ന ഒരു ഭൂതകാലം നമുക്കുണ്ടായിരുന്നു. പൂർവ്വികരുടെ പാപഫലമാണ് പുതുതലമുറയിലെ കുഞ്ഞുങ്ങളിൽ കാണുന്ന വൈകല്യമെന്ന് സമൂഹം വളരെക്കാലം വിശ്വസിച്ചുപോന്നു. ഇത്തരം മുൻവിധികളുടെ ഫലമായി ഇവർ സമൂഹത്തിന്റെ മുഖ്യധാരയിൽനിന്നും പാർശ്വവത്കരിക്കപ്പെട്ടിരുന്നു. അവഗണനയും ഒറ്റപ്പെടുത്തലും കൊണ്ട് മുറിവേറ്റ, തിരസ്കൃതവിഭാഗമായ ഇവർ നിത്യജീവിതത്തിൽ

നിരവധി അസൗകര്യങ്ങൾ അനുഭവിക്കുന്നുണ്ട്. ഇത്തരം ആളുകൾ വൈകല്യമുള്ളവർ എന്നരീതിയിൽ സമൂഹത്തിൽ നിന്നു മാറി നിൽക്കുകയോ മാറ്റി നിർത്തപ്പെടുകയോ ആയിരുന്നു. തങ്ങൾ സമൂഹത്തിന് ആവശ്യമില്ലാത്തവരും ഭാരവുമാണെന്ന തോന്നലാണ് അതിനു പിന്നിൽ. പലതരം പ്രതികൂല സാഹചര്യങ്ങൾ ഭിന്നശേഷിയുള്ള നിരവധി വ്യക്തികളെയും അവരുടെ കുടുംബങ്ങളെയും ദാരിദ്ര്യത്തിലേയ്ക്ക് തള്ളിവിടുന്നു. അവരുടെ മാതാപിതാക്കൾ, കുഞ്ഞുങ്ങൾ, സഹോദരങ്ങൾപോലും അവഗണനയും ദാരിദ്ര്യവും സാമൂഹിക തിരസ്കാരവും അനുഭവിക്കുന്നു. സാമൂഹിക ഘടകങ്ങളായ ജാതി, മതം വംശം, ഭൂമിശാസ്ത്രപരമായ കിടപ്പ് തുടങ്ങിയ വേർതിരിവുകൾ അടിസ്ഥാനമാക്കിയുള്ള വിഭാഗീയതയും ഭിന്നശേഷിയുള്ളവരുടെ പ്രശ്നങ്ങളെ സങ്കീർണ്ണമാക്കുന്നു.

### ഭിന്നശേഷി വ്യവഹാരം: ചരിത്രം

ഇരുപതാംനൂറ്റാണ്ടിന്റെ അവസാനത്തോടെ, ഭിന്നശേഷിയവകാശ പോരാട്ടങ്ങളുടെയും എർവിംഗ് ഗോഫ്മാൻ (Erving Goffman), മിഷേൽ ഫൂക്കോ (Michel Foucault) തുടങ്ങിയ ചിന്തകന്മാരുടെ ബൗദ്ധിക ഇടപെടലുകളുടെയും ഇതര വിജ്ഞാനശാഖകളുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള സ്വത്വാധിഷ്ഠിത സമീപനങ്ങളുടെയും മനുഷ്യാവകാശ സമരങ്ങളുടെയുമൊക്കെ ഫലമായി, പടിഞ്ഞാറൻ രാജ്യങ്ങളിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരുടെ അവകാശങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടും മാനവികതയുടെ ശ്രദ്ധേയങ്ങളായ പുതിയവശങ്ങൾ വെളിപ്പെടുത്തിക്കൊണ്ടുമുള്ള ചിന്തകളും പഠനങ്ങളും ഉയർന്നുവരാൻ തുടങ്ങി. ഇത്തരം പഠനഗവേഷണങ്ങളുടെ ഫലമായി, അംഗവൈകല്യം (Disability) ഉള്ളവർ യഥാർത്ഥത്തിൽ ഭിന്നശേഷിയുള്ളവരാണ് (Differently abled) എന്നും അവർ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് ഒരിക്കലും മാറ്റി നിർത്തപ്പെട്ടുകൂടാ എന്നുമുള്ള ഒരു മഹത്തായ ദർശനം ഉരുത്തിരിഞ്ഞുവന്നു.

1960-കൾ മുതൽ, അമേരിക്കയിലെയും ബ്രിട്ടണിലെയും ഭിന്നശേഷി പ്രവർത്തകർ സംഘടിച്ച് തങ്ങൾക്ക് നിഷേധിക്കപ്പെട്ട അടിസ്ഥാന അവകാശങ്ങൾക്കുവേണ്ടി വാദിക്കാൻ തുടങ്ങി. ലോകവ്യാപകമായി വിവേചനം നേരിടുന്ന, പാർശ്വവൽക്കരിക്കപ്പെട്ട, ഒരു സമൂഹം എന്ന നിലയിൽ അവർ വൈവിധ്യമാർന്ന സമരമുറകൾ സ്വീകരിച്ചു. ഗുരുതരമായ മെഡിക്കൽ പ്രശ്നങ്ങളുള്ള വ്യക്തികളെന്ന പരമ്പരാഗത നിഷേധാത്മക ധാരണകളെ അവർ സജീവമായി എതിർത്തു. അവരെ പിന്തുണച്ചുകൊണ്ട് മനുഷ്യാവകാശ പ്രവർത്തകരും രംഗത്തുവന്നു. ശരീരശാസ്ത്രത്തിന്റെയോ വൈദ്യശാസ്ത്രത്തിന്റെയോ രോഗനിർണ്ണയന സമീപനങ്ങളുടെ മാപനോപാധികൾ കൊണ്ടു മാത്രം

അടയാളപ്പെടുത്താനാവുന്ന സാമൂഹികസത്തയായിട്ടല്ല ഭിന്നശേഷിയെ പരിഗണിക്കേണ്ടത് എന്ന ലോകം ചിന്തിച്ചുതുടങ്ങി. വൈകല്യങ്ങൾ എന്ന ധാരണ സൃഷ്ടിക്കപ്പെടുന്നത് വ്യക്തികളുടെയും സമൂഹങ്ങളുടെയും വ്യത്യസ്ത അവസ്ഥകളെ ഉൾക്കൊള്ളാനുള്ള പൊതുസമൂഹത്തിന്റെ കഴിവില്ലായ്മയിൽ നിന്നാണെന്നും അത്തരം അവസ്ഥകളുള്ളവർ ശേഷിക്കുറവുള്ളവരല്ല മറിച്ച് സമൂഹത്തിന്റെ പൊതുധാരണയിൽനിന്നും വ്യത്യസ്തമായ ശേഷികൾ ഉള്ളവരാണെന്നും ഇത്തരം ഭിന്നശേഷികളെ ഉൾക്കൊള്ളാനുള്ള കഴിവുണ്ടാകേണ്ടത് ആ സമൂഹത്തിന്റേയും അത്തരം വ്യക്തികളുടേയും പുരോഗതിക്ക് അത്യാവശ്യമാണെന്നും ലോകം തിരിച്ചറിഞ്ഞുതുടങ്ങി. ക്രമേണ അവരുടെ സ്വത്വപരമായ വൈകാരികതയ്ക്ക് സാമൂഹികാംഗീകാരം ലഭിക്കുകയും വൈദ്യശാസ്ത്രപരമായ സവിശേഷതകളോടു കൂടിയശരീരം എന്നതിനപ്പുറം പരമ്പരാഗത സങ്കല്പങ്ങളിൽ നിന്നും ഭിന്നമായ ശേഷികളോടുകൂടിയ ഒരു ന്യൂനപക്ഷസമൂഹം എന്ന തരത്തിൽ അംഗീകരിക്കപ്പെടേണ്ടവരും നിയമപരിരക്ഷ ലഭിക്കേണ്ടവരുമാണ് എന്നൊരു ധാരണ ഉടലെടുക്കുകയും അതുവഴി ഭിന്നശേഷി പഠനം എന്നൊരു വിജ്ഞാനശാഖതന്നെ ആവിർഭവിക്കുകയും ചെയ്തു.

## ഭിന്നശേഷി പഠനം: ആദ്യകാല രചനകൾ

ഭിന്നശേഷി പഠനത്തിന് മാത്രമായി ഊന്നൽ നൽകുന്നതോ, ഭിന്നശേഷി വിമോചനത്തിന്റെ പ്രത്യയശാസ്ത്രം അവതരിപ്പിക്കുന്നതോ അല്ലെങ്കിൽ പോലും ഈ മേഖലയ്ക്ക് ബൗദ്ധിക അടിത്തറ നൽകുന്ന നിരവധി രചനകൾ 1960-70-കളിൽ ഉണ്ടായിട്ടുണ്ട്. സോഷ്യോളജിസ്റ്റ് എർവിങ് ഗോഫ്മാൻ (Erving Goffman) തന്റെ ക്ലാസിക് പഠനമായ സ്റ്റിഗ്മയിൽ (Stigma) (1963) ശാരീരിക വൈകല്യങ്ങളോടുകൂടിയ ഭിന്ന വ്യക്തിത്വങ്ങളോടുള്ള സാമൂഹിക ഇടപെടലുകളെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. തത്ത്വചിന്തകനും നിരൂപകനുമായ മൈക്കൽ ഫൂക്കോ, ദ ഹിസ്റ്ററി ഓഫ് സെക്ഷ്വാലിറ്റി (The History of Sexuality) (1976) പോലെയുള്ള കൃതികളിൽ സാധാരണയിൽ നിന്ന് വ്യത്യസ്തമായ ശരീരങ്ങളെക്കുറിച്ച് എഴുതിയിട്ടുണ്ട്. പത്തൊൻപതാം നൂറ്റാണ്ടു മുതൽ, വൈകല്യമുള്ള ശരീരങ്ങൾ എപ്രകാരം മാറ്റി നിർത്തുകയും നിയന്ത്രിക്കുകയും രോഗനിർണ്ണയം നടത്തുകയും സാമൂഹികമായി കൈകാര്യം ചെയ്യുകയും ചെയ്തുവെന്ന് അദ്ദേഹം വിവരിക്കുന്നുണ്ട്. സാഹിത്യ നിരൂപകൻ ലെസ്ലി ഫീഡ്‌ലർ (Leslie Fiedler), ഫ്രീക്സിൽ (Freaks) (1978) അസാധാരണങ്ങളായ മനുഷ്യശരീരങ്ങളോടുള്ള ആളുകളുടെ ആകർഷണത്തിന്റെയും ലാഭേച്ഛയോടെയുള്ള അവയുടെ പ്രദർശനത്തിന്റെയും നീണ്ട ചരിത്രം അവതരിപ്പിക്കുന്നുണ്ട്.

ഡിസെബിലിറ്റി ആക്ടിവിസത്തിനൊപ്പം, ഇത്തരം കൃതികളും ഭിന്നശേഷി പഠനത്തിന് വഴിയൊരുക്കി.

## ഭിന്നശേഷി പഠനങ്ങൾ

ഭിന്നശേഷിയുമായി ബന്ധപ്പെട്ട അനുഭവങ്ങളെയും ആവിഷ്കാരങ്ങളെയും നിർമ്മിതികളെയും പഠിക്കാൻ ശ്രമിക്കുന്ന വൈജ്ഞാനിക മേഖലയാണ് ഭിന്നശേഷിപഠനം (Disability Studies). വിവിധ വിജ്ഞാനശാഖകളുമായി ബന്ധപ്പെട്ടു നിൽക്കുന്നതും അന്തർവൈജ്ഞാനിക സ്വഭാവമുള്ളതുമാണ് ഈ പഠനമേഖല. ഭിന്നശേഷി അനുഭവത്തെ കേന്ദ്രബിന്ദുവായി പരിഗണിച്ച് ശാരീരികവും ബൗദ്ധികവുമായ വ്യതിരിക്തതകളെ ഒരേസമയം സാമൂഹിക നിർമ്മിതിയായും സാംസ്കാരിക രൂപമായും തിരിച്ചറിയുകയും അതിന്റെ വെളിച്ചത്തിൽ വൈകല്യാനുഭവങ്ങളെയും ആവിഷ്കാരങ്ങളെയും വിശദീകരിക്കുകയുമാണ് പൊതുവേ ഭിന്നശേഷി പഠനങ്ങളെല്ലാം. മാനവികതയുമായി ബന്ധപ്പെട്ട് പുതിയ ഉൾക്കാഴ്ചകൾ നല്കിയ ഇതര സ്വത്വാധിഷ്ഠിത സമീപനങ്ങളുടെ, പ്രത്യേകിച്ച് ദളിത്പഠനം (വംശീയപഠനം), ഫെമിനിസം, ക്വിയർ തിയറി (Queer Theory) എന്നിവയുടെ വളർച്ചയാണ് ഈ മേഖലയുടെ ആവിർഭാവത്തെ ത്വരിതപ്പെടുത്തിയ പ്രധാനപ്പെട്ട ഘടകം. അവശ്യവാദം, സാമൂഹിക നിർമ്മിതിവാദം, കോളനീയനന്തര സ്വത്വവിശകലനം, ഡിസെബിലിറ്റി ഫെമിനിസ്റ്റ് സംവാദങ്ങൾ, ഡോണ ഹാരാവേ (Donna Haraway) യുടെ സൈബോർഗ് (cyborg) ആശയം–ഇവയെല്ലാം ആഴമേറിയ ചിന്തയും വ്യവഹാരങ്ങളും എന്ന നിലയിൽ ഭിന്നശേഷി പഠനത്തെ സമ്പന്നമാക്കിയ ഘടകങ്ങളാണ്.

ഭിന്നശേഷി പഠനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത, അത് സാമൂഹികവും രാഷ്ട്രീയവുമായ ഒരു പ്രതിഭാസമായി വൈകല്യത്തെ സമീപിച്ചു എന്നതാണ്. പത്തൊൻപതാം നൂറ്റാണ്ടു മുതൽ വൈകല്യത്തെക്കുറിച്ച് നിലനിന്നിരുന്നതുപോലെ, അതൊരു വൈദ്യശാസ്ത്രപരമായ പ്രശ്നം മാത്രമാണെന്ന് ചിന്തിക്കാൻ ശീലിച്ച സമൂഹത്തിന് അത്തരമൊരു സമീപനം ഉൾക്കൊള്ളാൻ പ്രയാസമുണ്ടാകാം. എങ്കിലും 'വൈകല്യമുള്ളശരീര'ത്തിൽ നിന്നും വൈകല്യമുള്ളവരോട് സമൂഹം എങ്ങനെ പെരുമാറുന്നു എന്നതിലേയ്ക്ക് ശ്രദ്ധ തിരിച്ചുവിടാൻ, മറ്റൊരു തരത്തിൽ പറഞ്ഞാൽ, ജൈവശാസ്ത്രപരമായ ഒരു മെഡിക്കൽ മാതൃകയായി മാത്രം കണ്ടിരുന്ന 'ഡിസെബിലിറ്റി'യെ സാമൂഹിക/സാംസ്കാരിക പരിപ്രേക്ഷ്യത്തോടുകൂടി നോക്കിക്കാണാനുള്ള പ്രേരണ ചെലുത്താൻ, ഈ പുതിയ സമീപനത്തിനു കഴിഞ്ഞു. എങ്കിലും

ജീവശാസ്ത്രവും സംസ്കാരവും തമ്മിലുള്ള ബന്ധത്തിലും അവശ്യവാദവും സാംസ്കാരിക നിർമ്മിതിവാദവും തമ്മിലുള്ള ബന്ധത്തിലും ചില സവിശേഷ മായ സങ്കീർണ്ണതകളും വൈരുദ്ധ്യങ്ങളുമുണ്ട്. ഇത് ഭിന്നശേഷി പഠനരംഗത്ത് ഒരു ചർച്ചാവിഷയവുമാണ്.

### ഭിന്നശേഷി വ്യവഹാരങ്ങൾ ആധുനികാനന്തരകാലത്ത്

ആധുനികതയും ഉത്തരാധുനികതയും ഭിന്നശേഷി പഠനത്തെ വളരെയേറെ സ്വാധീനിച്ചിട്ടുണ്ട്. ഒന്നാം ലോകയുദ്ധത്തിനുശേഷം ആരംഭിച്ച ആധുനികത 1970-കളുടെ മധ്യത്തിൽ ക്രമേണ ഉത്തരാധുനികതയായി രൂപാന്തരപ്പെട്ടു. ഒരർത്ഥത്തിൽ, ആൽബർട്ട് ഐൻസ്റ്റീൻ മുന്നോട്ടുവെച്ച ആപേക്ഷികതാ സിദ്ധാന്തത്തിൽ നിന്നാണ് ആധുനികത ഉടലെടുത്തത് എന്നു പറയാം. സ്ഥലത്തിന്റെയും സമയത്തിന്റെയും ജ്യാമിതീയ സ്വത്തായി ഗുരുത്വാകർഷ ണത്തിന്റെ ഏകീകൃത വിവരണം നൽകുന്ന ആപേക്ഷികതാസിദ്ധാന്തത്തിൽ നിന്നും ഊർജ്ജം സ്വീകരിച്ച് ആധുനികതയുടെ ജ്ഞാനസംഹിതയായി മാറിയ ആശയമാണ്, 'സത്യം വസ്തുതകളിൽ മാത്രമേ നിലനിൽക്കുന്നുള്ളൂ' എന്നുള്ളത്. ആധുനികത വ്യക്തിയെ ഒരു വസ്തുവായി വീക്ഷിക്കുന്നു. വൈകല്യത്തെ സുഖപ്പെടുത്തുകയും സാധാരണമാക്കുകയും ചെയ്യേണ്ട ഒരു രോഗമായി കണക്കാക്കുന്നു.

ആധുനികതയുടെ പരിമിതികൾ ഉത്തരാധുനികതയുടെ വികാസത്തി ലേക്ക് നയിച്ചു. ആധുനികതയിൽനിന്നു വ്യത്യസ്തമായി ഉത്തരാധുനികത ബഹുസ്വരത, പ്രത്യേകത, വൈവിധ്യം എന്നിവയെ അനുകൂലിക്കുന്നു. ഉത്തരാ ധുനികത വ്യക്തിനിഷ്ഠമായ അനുഭവത്തിനും മനുഷ്യന്റെ ശാക്തീകരണത്തിനും ഊന്നൽ നൽകുന്നു. ഉത്തരാധുനികത ഒരു വ്യക്തിയെ സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയവും ചരിത്രപരവുമായ നില ഉൾപ്പെടെ പല വീക്ഷണ കോണുകളിൽ നിന്നുമാണ് സമീപിക്കുന്നത്. ഭിന്നശേഷി പഠനത്തിലും സമാനമായ ഒരു മാറ്റം നമുക്ക് കാണാൻ കഴിയും. ഭിന്നശേഷി പഠനം വൈകല്യത്തെ നിർവചിച്ച രീതി രേഖീയതയിൽ നിന്ന് മൾട്ടി-ദിശയിലേക്കും, ദ്വിമുഖതയിൽനിന്ന് സ്പെക്ട്രത്തിലേക്കും, ദ്വന്ദ്വവാദത്തിൽ നിന്ന് ബഹുസ്വരതയി ലേക്കും മാറി. ഈ മാറ്റം ആധുനികതയിൽ നിന്ന് ഉത്തരാധുനികതയിലേക്കുള്ള മാറ്റത്തെ കാണിക്കുന്നു.

ഇന്ന് ഭിന്നശേഷി എന്ന പരികല്പനയ്ക്ക് വളരെ വിപുലവും വിശാലവുമായ ഒരു ആശയമണ്ഡലമാണുള്ളത്. ആധുനികതയുടെ കാലത്ത് അംഗവൈകല്യം, കാഴ്ച-കേൾവിപ്രശ്നങ്ങൾ, ബൗദ്ധികമായപരിമിതികൾ–ഇവ മാത്രമായിരുന്നു

ഭിന്നശേഷിയുടെ അർത്ഥപരിധിക്കുള്ളിൽ വന്നിരുന്നത്. എന്നാൽ ഇന്ന്, ശാരീരികവും മാനസികവും ബൗദ്ധികവും സംവേദനപരവുമായ പരിമിതികളുള്ളവർ, എയിഡ്സ്, ക്യാൻസർ, എബോള, രക്താതിസമ്മർദ്ദം, പ്രമേഹം തുടങ്ങി സാമൂഹിക വ്യവഹാരങ്ങളെ ബാധിക്കുന്നതരം രോഗാവസ്ഥയുള്ളവർ, വാർദ്ധക്യത്തിലെത്തിയവർ തുടങ്ങിയവരെല്ലാം ഭിന്നശേഷിവിഭാഗങ്ങളിൽ പെട്ടവരായി കണക്കാക്കപ്പെടുന്നു. സൂക്ഷ്മവിശകലനത്തിൽ സാമൂഹിക-സാമ്പത്തിക അസമത്വങ്ങളും, തിക്തമായ ജീവിതസാഹചര്യങ്ങളുംവരെ ഭിന്നശേഷി സമൂഹസൃഷ്ടിക്ക് നിദാനമായിത്തീരുന്നുണ്ട് എന്നുകാണാം. അതുകൊണ്ടു തന്നെ, ആരോഗ്യം, വിദ്യാഭ്യാസം, സമ്പത്ത്, തൊഴിൽ, ഭാഷ, സംസ്കാരം, രാഷ്ട്രീയം, തത്ത്വചിന്ത, പരിസ്ഥിതി, ലിംഗനീതി, ആവാസവ്യവസ്ഥ, ഭക്ഷണം, പൊതുബോധം, നിയമനിർമ്മാണം, ഭരണനിർവ്വഹണം, പ്രാപ്യത (Accessibility), ശാസ്ത്രസാങ്കേതികത, വിവരസാങ്കേതികവിദ്യ എന്നിങ്ങനെ വിവിധ മേഖലകളിലായി വ്യാപിച്ചുകിടക്കുന്നു ഭിന്നശേഷി വ്യവഹാരങ്ങൾ.

വിവര സാങ്കേതികവിദ്യയുടെ ദ്രുതഗതിയിലുള്ള വികാസത്തിലൂടെ വ്യത്യസ്ത ഉപയോക്താക്കൾക്ക്, പ്രത്യേകിച്ച് ദീർഘകാലമായി അവഗണിക്കപ്പെട്ട ഭിന്നശേഷി വിഭാഗത്തിന് നിരവധി സേവനങ്ങൾ ലഭ്യമാകുന്നുണ്ട്. ഇലക്ട്രോണിക് ആക്സസ്, നെറ്റ് വർക്ക്ഡ് റിസോഴ്സസ്, മറ്റു തരത്തിലുള്ള ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ ടെക്നോളജികൾ (ഐ.സി.ടി) എന്നിവ വിവരവിതരണത്തിനുള്ള മാനദണ്ഡമായി മാറിയിരിക്കുന്നു. ടെക്സ്റ്റ്-ടു-സ്പീച്ച്, ഓൺ-സ്ക്രീൻ ബോർഡുകൾ, ടെക്സ്റ്റ്-ടു-സ്പീച്ച് സിന്തസൈസറുകൾ, മാഗ്നിഫിക്കേഷൻ ആപ്ലിക്കേഷനുകൾ, സ്ക്രീൻ റീഡറുകൾ, ഇലക്ട്രോണിക് പോയിന്റിങ് ഉപകരണങ്ങൾ, ബദൽ കീബോർഡുകൾ, വിഷ്വൽ വോയ്സ് ഔട്ട്പുട്ട് ഉള്ള കമ്പ്യൂട്ടറുകൾ തുടങ്ങിയ ഇതര അഡാപ്റ്റീവ് സാങ്കേതികവിദ്യകൾ ഭിന്നശേഷിക്കാർക്ക് സ്വതന്ത്രമായി സംവദിക്കാനും അവരുടെ തൊഴിൽ മേഖലകളെ കാര്യക്ഷമമായി കൈകാര്യം ചെയ്യാനും സഹായിക്കുന്നുണ്ട്.

### ആർട്ടിഫിഷ്യൽ ഇന്റലിജൻസ്

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (നിർമ്മിത ബുദ്ധി) നമ്മുടെ ദൈനംദിന പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള പുതിയതും ലളിതവുമായ വഴികൾ തുറന്നുതരുന്നുണ്ട്. സംസാരവും ശബ്ദവും തിരിച്ചറിയൽ, വിഷ്വൽ പെർസെപ്ഷൻ, തീരുമാനമെടുക്കൽ, മറ്റു വിവിധതരം തൊഴിലുകൾ തുടങ്ങി മനുഷ്യബുദ്ധി ആവശ്യമുള്ള പ്രവൃത്തികൾ യന്ത്രവത്കരിക്കുന്നതിന് വലിയ സാധ്യതകളുള്ളതിനാൽ, ഭിന്നശേഷിവ്യക്തികളെ സഹായിക്കാൻ

നിർമ്മിതബുദ്ധിക്ക് കഴിയും. എക്കോ, ഗൂഗിൾ ഹോം, അലക്സ തുടങ്ങിയ എ.ഐ-വോയ്സ്-അസിസ്റ്റഡ് സാങ്കേതികവിദ്യകൾ വൈകല്യമുള്ളവർക്ക് പുതിയ സാദ്ധ്യതകൾ നൽകുന്നുണ്ട്. ആശയവിനിമയത്തിലും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഒരു പ്രധാന പങ്കു വഹിക്കുന്നതിനാൽ, ഈ സാങ്കേതികവിദ്യയുടെ ഉപയോഗം വൈകല്യമുള്ള വ്യക്തികളെ അവരുടെ ഉപകരണങ്ങളുമായി സംസാരിക്കുന്നതിലൂടെ വിവരങ്ങൾ വളരെ എളുപ്പത്തിൽ ആക്സസ് ചെയ്യാൻ പ്രാപ്തരാക്കുന്നു.

സ്പീച്ച്-ടു-ടെക്സ്റ്റ്, ടെക്സ്റ്റ്-ടു-സ്പീച്ച് സാങ്കേതികവിദ്യകളിലെ പുരോഗതി സംസാര തടസ്സങ്ങളുമായി ജീവിക്കുന്നവരെ സഹായിക്കുന്നു. വോയ്സിറ്റ് പോലുള്ള ശബ്ദസംവിധാനങ്ങൾക്ക് കാലക്രമേണ സ്പീക്കറുകളുടെ ഉച്ചാരണം പഠിക്കാനും ഉപയോക്താവിന്റെ വാക്കുകൾ ഓഡിയോ അല്ലെങ്കിൽ ടെക്സ്റ്റ് സന്ദേശങ്ങളുടെ രൂപത്തിൽ വ്യക്തവും സാധാരണവുമായ സംഭാഷണത്തിലേക്ക് വിവർത്തനം ചെയ്യാനും കഴിയും. സംസാര വൈകല്യമുള്ള ആളുകളെ പരസ്പരം മുഖാമുഖം ആശയവിനിമയം നടത്താൻ ഇത്തരം സംവിധാനങ്ങൾ സഹായിക്കുന്നു. അതുപോലെ, സംസാരവൈകല്യമുള്ള ഉപയോക്താക്കൾക്ക് സഹായകമായ മറ്റൊരു ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപകരണമാണ് ഗൂഗിളിന്റെ പാരോട്ടോൺ. എ.ഐ. സാങ്കേതികവിദ്യയിലെ മുന്നേറ്റങ്ങൾ കേൾവി വൈകല്യമുള്ളവരുടെ ജീവിതം എളുപ്പമാക്കുന്ന തരം ഉപകരണങ്ങൾ വികസിപ്പിക്കുന്നതിനും സഹായകമായിട്ടുണ്ട്.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യയിലൂടെ പരിമിതമായ ശാരീരിക ചലനക്ഷമതയോടെമാത്രം ജീവിക്കുന്ന ആളുകളെ ശാക്തീകരിക്കാൻ കഴിയും. മൈക്രോസോഫ്റ്റിന്റെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഫോർ ആക്സസിബിലിറ്റി പ്രോഗ്രാം ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യതകൾ ഉപയോഗിച്ച് ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർ ജോലിസ്ഥലത്തും ദൈനംദിന ജീവിതത്തിലും അഭിമുഖീകരിക്കുന്ന നിരവധി ശാരീരികവും വൈജ്ഞാനികവുമായ വെല്ലുവിളികൾക്കുള്ള പരിഹാരങ്ങൾ വികസിപ്പിക്കുകയും സാമൂഹിക സഹകരണം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. തൊഴിൽ, ദൈനംദിന ജീവിതം, ആശയവിനിമയം എന്നിവയിൽ ഭിന്നശേഷിക്കാർക്ക് സ്വാതന്ത്ര്യവും പ്രായോഗികക്ഷമതയും വർദ്ധിപ്പിക്കുക എന്നതാണ് മൈക്രോസോഫ്റ്റിന്റെ സംരംഭം ലക്ഷ്യമിടുന്നത്. എ ഐ- പവേർഡ് സെൽഫ് ഡ്രൈവിങ് കാറുകളും സ്വയം നിയന്ത്രിത ഗതാഗതവും ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് അവിശ്വസനീയമായ സഞ്ചാരസ്വാതന്ത്ര്യം വാഗ്ദാനം ചെയ്യുന്നു.

### പ്രോജക്റ്റ് സൈബോർഗ്

രക്തവും മാംസവും ലോഹവുമൊക്കെച്ചേർന്ന് പകുതിമനുഷ്യനും പകുതി യന്ത്രവുമായ സൂപ്പർമനുഷ്യനാണ് സൈബോർഗ്. റോബോട്ടിനെ യന്ത്രം എന്നു വിളിക്കാമെങ്കിൽ സൈബോർഗ് മനുഷ്യയന്ത്രമാണ്. ശരീരത്തിൽ ഘടിപ്പിച്ചിരിക്കുന്ന യന്ത്രങ്ങളുടെ സഹായത്തോടെ മനുഷ്യന് സാധാരണനിലയിൽ ചെയ്യാനാകാത്ത കാര്യങ്ങൾ ചെയ്യാൻ സാധിക്കും. 1960-കളോടെ ശാസ്ത്രകഥകളിൽ പ്രത്യക്ഷപ്പെട്ട സൈബോർഗുകൾ ഇപ്പോൾ യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്നു. മനുഷ്യ മസ്തിഷ്കത്തിൽ ഘടിപ്പിക്കുന്ന ചിപ്പുകളും മറ്റും സൈബോർഗുകളുടെ ചിന്തകളേയും പ്രവർത്തികളേയും സ്വാധീനിക്കുന്നു. കെവിൻ വാർവിക്ക് (Kevin Warwick) എന്ന ബ്രിട്ടീഷ് ശാസ്ത്രജ്ഞൻ ഈ രംഗത്തെ ഗവേഷകരിൽ പ്രമുഖനാണ്. ക്യാപ്റ്റൻ സൈബോർഗ് എന്നാണ് ശാസ്ത്രലോകം ഇദ്ദേഹത്തെ വിളിക്കുന്നത്. ഈ രംഗത്തെ ഗവേഷണങ്ങൾ പ്രോജക്റ്റ് സൈബോർഗ് എന്ന പേരിൽ അറിയപ്പെടുന്നു. നിർമ്മിത ബുദ്ധി, റോബോട്ടിക്സ്, ബയോമെഡിക്കൽ എഞ്ചിനീയറിങ് തുടങ്ങിയ രംഗങ്ങളിലൊക്കെ പല പുതിയ ആശയങ്ങളും രൂപംകൊള്ളുന്നുണ്ട്. ഇവയെല്ലാം ഭിന്നശേഷി ലോകത്ത് പുതിയ സാദ്ധ്യതകൾ തുറന്നുതരുന്നുണ്ട്.

### ഭിന്നശേഷി വ്യവഹാരങ്ങൾ: സാദ്ധ്യതകളും പരിമിതികളും

സമകാലിക മാധ്യമാധിപത്യ ലോകത്ത് ഭിന്നശേഷി വ്യവഹാരങ്ങൾക്ക് വിവര സാങ്കേതിക വിദ്യയുടെ വിശാലവും വിസ്മയാവഹവുമായ ശൃംഖലാ സമൂഹഘടന (Network Society Structure) തുറന്നുതരുന്ന വിജ്ഞാനമണ്ഡലത്തിന്റെ അനന്ത സാധ്യതകളുണ്ട്. ഡിജിറ്റൽ സാങ്കേതിക ഘടനകൾ സൃഷ്ടിക്കുന്ന ലോകക്രമത്തിലെ മാറ്റങ്ങളും ഭിന്നശേഷിയുടെ വിവിധതലങ്ങളെ ആഴത്തിൽ സ്വാധീനിക്കുന്നുണ്ട്. ഈയൊരു സാഹചര്യത്തിൽ, സാമൂഹികവ്യവഹാരങ്ങളിൽ ഭിന്നശേഷിയുള്ളവർ ആർജ്ജിച്ചെടുക്കുന്ന കഴിവുകളോടൊപ്പം തന്നെ പ്രധാനമാണ് ഡിജിറ്റൽ ലോകത്ത് അവർ സ്വായത്തമാക്കേണ്ട സാങ്കേതികജ്ഞാനവും. മാത്രവുമല്ല, ഡിജിറ്റൽ സാങ്കേതികവിദ്യയുടെ പ്രയോജനങ്ങൾ ഭിന്നശേഷി സമൂഹത്തിന് ലഭ്യമാകേണ്ടതുമുണ്ട്. അതിനായി ഓരോതരം ഭിന്നശേഷികൾക്കും അനുസൃതമായി പ്രാപ്യതാസാങ്കേതികവിദ്യകൾ (Accessibility technologies) വിതരണം ചെയ്യപ്പെടണം. ഇത്തരം സാങ്കേതിക വിദ്യകൾ, ഭിന്നശേഷിയുടെ വൈദ്യശാസ്ത്രപരമായ പ്രത്യേകതകളെയും, ഭിന്നശേഷിയുള്ളവരുടെ സാംസ്കാരികസ്വത്വത്തെയും (cultural identity) പരിഗണിച്ചുകൊണ്ടുമാകണം.

ഇന്ന് ആഗോളവ്യാപകമായി ഭിന്നശേഷിവിഭാഗത്തിൽപ്പെട്ടവർ വിവര സാങ്കേതികവിദ്യയുടെ സാമൂഹികവത്കരണവുമായി ബന്ധപ്പെട്ട് ഒട്ടനവധി പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. ഡിജിറ്റൽ സാക്ഷരതയുടെ കുറവും സേവനങ്ങളുടെ ലഭ്യതക്കുറവുമാണ് അവയിൽ പ്രധാനം. ഭിന്നശേഷിയുള്ളവർക്കു ലഭിക്കുന്ന പൊതുവിദ്യാഭ്യാസത്തിൽ ഡിജിറ്റൽ പഠനത്തിന് വേണ്ടത്ര പ്രാധാന്യം ഇല്ലാതിരിക്കുക, ഡിജിറ്റൽ സാങ്കേതികതകൾ പ്രാപ്യമല്ലാതിരിക്കുക, പൊതുവിദ്യാഭ്യാസരംഗത്തും ഉന്നത/സാങ്കേതിക വിദ്യാഭ്യാസരംഗത്തും ഭിന്നശേഷി ഒരു വിഷയമാവാതിരിക്കുക—ഇങ്ങനെ ധാരാളം പ്രശ്നങ്ങൾ വേറെയുമുണ്ട്. ഭിന്നശേഷീവ്യവഹാരങ്ങളുടെ കാര്യക്ഷമത ഉയർത്തുന്നതരത്തിൽ ഇ-വിദ്യാഭ്യാസസേവനങ്ങൾ സൃഷ്ടിക്കപ്പെടുകയും അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കപ്പെടുകയും വേണം. വിദ്യാഭ്യാസത്തിൽനിന്ന് തൊഴിലിലേയ്ക്ക് സ്വാഭാവികമായ പരിവർത്തനത്തിന് അവരെ സജ്ജരാക്കുന്ന തരത്തിൽ ഡിജിറ്റൽ പരിശീലന രീതികൾ ഉണ്ടാകണം. ഭിന്നശേഷിയുള്ളവർക്ക് ഡിജിറ്റൽ സാക്ഷരത ഉറപ്പുവരുത്താൻ കഴിയണം. ഡിജിറ്റൽ സാക്ഷരത എന്ന പദത്തിന്റെ അർത്ഥം തന്നെ നിരന്തരം മാറിക്കൊണ്ടിരിക്കുന്നു. അതിനാൽ ഡിജിറ്റൽ മേഖലയുമായി ബന്ധപ്പെട്ട അവരുടെ കഴിവുകളെ നിരന്തരം നവീകരിക്കേണ്ടതുണ്ട്.

ഭിന്നശേഷിയുള്ളവരുടെ അവകാശങ്ങൾക്കായുള്ള അന്താരാഷ്ട്ര കൺവെൻഷൻ (UNCRPD- United Nation Convention for the Right of Person with Disability) 2007-ൽ നിലവിൽ വന്നെങ്കിലും, ഇന്ത്യയുൾപ്പെടെയുള്ള പല രാജ്യങ്ങളിലെയും സാമൂഹിക വ്യവഹാരങ്ങളിൽ ഘടനാപരമായ മാറ്റങ്ങൾ ഉണ്ടായിട്ടില്ല. ഇന്ത്യയിൽ 2016-ൽ പാസാക്കിയ ഭിന്നശേഷി അവകാശ നിയമം (Rights of Persons with Disabilities- 2016) പോലും ഒട്ടനവധി പരിമിതികളുള്ളതും ഘടനാപരമായി പ്രവർത്തിച്ചു തുടങ്ങാത്തതുമാണ് എന്ന് അഭിപ്രായമുണ്ട്. ഡിജിറ്റൽ ലോകത്ത് ഭിന്നശേഷിയുള്ളവരുടെ അവകാശങ്ങളെക്കുറിച്ചും അവ നേടിയെടുക്കുന്നതിന് സാമൂഹിക വ്യവഹാരങ്ങളിലുണ്ടാകേണ്ട ഘടനാപരമായ മാറ്റങ്ങളെക്കുറിച്ചും സമൂഹം കൂടുതൽ ബോധവാന്മാരാകേണ്ടതുണ്ട്. ഭിന്നശേഷിയുള്ളവരുടെ ഡിജിറ്റൽ സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാന ഘടകങ്ങളായി ഈ രംഗത്തെ വിദഗ്ദ്ധർ ചൂണ്ടിക്കാണിക്കുന്ന ഇലക്ട്രോണിക് വ്യക്തിത്വ സാങ്കേതികതകളും ആധികാരികതാ നിർണ്ണയ സാങ്കേതികതകളും (Electronic Identity Technologies and Authentication Technologies) സൃഷ്ടിക്കപ്പെടണം. ഡിജിറ്റൽ ലോകത്ത് പൂർണ്ണമായ പങ്കാളിത്തം നേടുന്നതിനും ഡിജിറ്റൽ സംവിധാനങ്ങളും സേവനങ്ങളും ഉപയോഗപ്പെടുത്തുന്നതിനും

ഡിജിറ്റൽ മേഖലയിൽ ഉണ്ടാകുന്ന എല്ലാത്തരം സാദ്ധ്യതകളുടേയും നേട്ടങ്ങൾ ഉൾക്കൊണ്ട് ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഭിന്നശേഷി സമൂഹത്തിന് അവകാശമുണ്ട്. അതുകൊണ്ടുതന്നെ ഡിജിറ്റൽ സാങ്കേതികവിദ്യ വിവിധ ഭിന്നശേഷികളുടെ സാംസ്കാരിക സ്വത്വങ്ങൾക്കനുസരിച്ച് നവീകരിക്കപ്പെടേണ്ടതുണ്ട്. അത് ഒരു പരിധിവരെയെങ്കിലും ഭിന്നശേഷി സമൂഹങ്ങളുടെ ശാക്തീകരണത്തിനും അവരുടെ സാമൂഹ്യപദവിയും അന്തസ്സും ഉയർത്തുന്നതിനും സഹായകമായിരിക്കും.

സഹായകഗ്രന്ഥങ്ങൾ:

1. Clare Barker, 2011, Postcolonial Fiction and Disability, Exceptional Children, Metaphor and Materiality, London, Atlantic Books, British Publishing House.

2. Colin Cameron (editor),2013, ‘Disability Studies, a student’s guide’, ebook, SAGE Publication

3. Dianne Pothier, Richard Devin, 2011, ‘Critical Disability Theory’, ebook, UBC Press

4. Garland-Thomson, Rosemarie. 2013. “Disability Studies: A Field Emerged.” American Quarterly 65 (4)

5. Mitchell, David, and Sharon Snyder. 2006. Cultural Locations of Disability. Chicago: University of Chicago Press.

6. Shakespeare, Tom. 2006. “The Social Model of Disability.” In The Disability Studies Reader, ed. Lennard J. Davis, New York: Routledge.

*Email- thadathilalex@gmail.com*

# ഭിന്നശേഷി കർതൃത്വങ്ങളും നിർവാഹകത്വവും—
## തെരഞ്ഞെടുത്ത നോവൽ പാഠങ്ങളുടെ വിമർശനാത്മക അപഗ്രഥനം

**ആതിര എ.കെ.**
ഗവേഷക, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല, തിരൂർ

### പ്രബന്ധസംഗ്രഹം

പൂർണം/അപൂർണം, സാധാരണം/അസാധാരണം എന്നീ ദ്വന്ദ്വങ്ങളിൽ നിന്നുകൊണ്ട്, പൂർണതയെ നിയാമകമാക്കി, അതിനെ ഒരു ഏകതയായി ക്കണ്ട് അതിൽനിന്ന് വ്യത്യസ്തമായതിനെയെല്ലാം പരിമിതിയുള്ളതായി മനസ്സിലാക്കുന്ന രീതിയെ ഭിന്നശേഷി പഠനങ്ങൾ വിമർശനാത്മകമായി നോക്കുന്നു. അംഗപരിമിതി എന്നത് വ്യക്തിയുടെ ശരീരത്തിനോ മനസ്സിനോ ഉണ്ടാകുന്ന ഭൗതികമായ കുറവാണ്. ഭാഷയടക്കമുള്ള വ്യവഹാരങ്ങളിലെ അധീശത്വപരമായ ഇടപെടലുകൾ, ഭിന്നശേഷി എന്നത് സ്വയം പര്യാപ്തതയില്ലായ്മയും കർതൃത്വമില്ലായ്മയുമാണെന്ന ധാരണ ഉണ്ടാക്കിയെടുക്കാനും അസ്തിത്വപരമായി അപൂർണമായ അവസ്ഥയായി കാണാനും കാരണമായി. അംഗപരിമിതിയുമായി ബന്ധപ്പെട്ട ഈ സമീപനത്തെ സാമൂഹികതയോട് ബന്ധിപ്പിച്ച് അതിനെ സാമൂഹ്യശാസ്ത്രപരമായ വിഷയമായി നോക്കിക്കാണുകയാണ് ഭിന്നശേഷി പഠനങ്ങൾ ചെയ്തത്. കർതൃത്വം എന്നാൽ പൂർവ്വനിർമ്മിതമായ പദവിയോ സ്ഥാനമോ ആണ്. ഏതൊരു സാംസ്കാരികമണ്ഡലത്തിലും അതിനു മുന്നോടിയായിത്തന്നെ നിലനിൽക്കുന്നതാണ് കർതൃത്വം. പൂർവ്വനിർണയനം ചെയ്യപ്പെട്ടതെങ്കിലും കർത്താവിന് തന്റെ കർതൃസ്ഥാനത്തെപ്പറ്റി വിമർശനാത്മകമായി ചിന്തിക്കാനുള്ള ശേഷിയുണ്ട്. തന്നെ പരിവർത്തിപ്പിക്കാനുള്ള ഈ ശേഷിയെ സൂചിപ്പിക്കാനാണ് നിർവാഹകത്വം അഥവാ ഏജൻസി എന്ന വാക്ക് ഇവിടെ ഉപയോഗിച്ചിട്ടുള്ളത്. കർതൃപഠനങ്ങളുടെ കേന്ദ്ര ആശയംതന്നെ കർതൃത്വം സ്ഥിരമല്ല, ചലനാത്മകമാണ് എന്നതാണ്. എന്നാൽ നോവൽ

അടക്കമുള്ള വ്യവഹാരങ്ങൾ ഭിന്നശേഷികർതൃത്വങ്ങളെ ധൈഷണികമായി കഴിവില്ലാത്തവരായും ഉൽപാദനക്ഷമതയില്ലാത്തവരായും അങ്ങനെ നിശ്ചലമായ ഒന്നായുമാണ് ആവിഷ്കരിച്ചിട്ടുള്ളത്. ഭിന്നശേഷിപഠനങ്ങൾ കർതൃപഠനങ്ങളുമായും ശരീരപഠനങ്ങളുമായും കണ്ണിചേരുന്നതും ഈയൊരു ആലോചനാപരിസരത്തിലാണ്. ഭിന്നശേഷിക്കാരായ വ്യക്തികൾ കഥാപാത്രങ്ങളായി വരുന്ന ആഖ്യാനങ്ങളിൽക്കാണുന്ന ചില പൊതു പ്രവണതകളെ വിമർശനാത്മകമായി വിശകലനം ചെയ്തുകൊണ്ട്, പൂർണ്ണമനുഷ്യസങ്കല്പത്തിനു പുറത്തുള്ള കർതൃത്വങ്ങളായി നിർമ്മിക്കപ്പെടുന്നതിലൂടെ ഭിന്നശേഷികർതൃത്വങ്ങൾ അപരവൽക്കരിക്കപ്പെടുന്നതിന്റെ രാഷ്ട്രീയമാണ് ഈ പ്രബന്ധത്തിൽ അന്വേഷിക്കുന്നത്. അഞ്ച് നോവലുകളാണ് പഠനത്തിനായി തിരഞ്ഞെടുത്തിരിക്കുന്നത്. ജോർജ് ഓണക്കൂറിന്റെ കാമന, എൻ പി മുഹമ്മദിന്റെ ദൈവത്തിന്റെ കണ്ണ്, സി രാധാകൃഷ്ണന്റെ ഒറ്റയടിപ്പാതകൾ, സംഗീത ശ്രീനിവാസന്റെ ആസിഡ്, സുഭാഷ് ചന്ദ്രന്റെ സമുദ്രശില എന്നീ നോവലുകളിൽനിന്നും സന്ദർഭങ്ങളെ സ്വീകരിച്ചാണ് വിശകലനം നടത്തിയിരിക്കുന്നത്. .

**താക്കോൽ വാക്കുകൾ:** ഭിന്നശേഷി (disability), ആധുനികത (modernity), കർതൃത്വം (subjectivity), നിർവാഹകത്വം (Agency), കാമന (desire), ലൈംഗികത (sexuality)

1

പല അടരുകളുള്ള പരികല്പനയാണ് കർതൃത്വം. ആധുനികതയുടെ കാലം മുതൽ കർതൃത്വത്തെക്കുറിച്ചുള്ള ചിന്തകളും വികസിച്ചുവന്നു. കർതൃത്വം പ്രത്യയശാസ്ത്രപരമായി നിർമ്മിക്കപ്പെടുന്നതാണെന്നും ഭാഷണക്രിയയിലൂടെ ഉൽപാദിപ്പിക്കപ്പെടുന്നതാണെന്നും വ്യവഹാരങ്ങളിലൂടെ സൃഷ്ടിക്കപ്പെടുന്നതാണെന്നുമുള്ള വാദങ്ങൾ നിലനിൽക്കുന്നുണ്ട്. 'സ്വയം തിരിച്ചറിവിന്റെയും അപരത്വത്തിന്റെയും ഘടകങ്ങൾ അതിൽ പ്രവർത്തിക്കുന്നുണ്ട്. അതേസമയം കർതൃത്വം എന്നത് സാമൂഹിക സ്ഥാപനങ്ങളുടെ ഒരു നിർമ്മിതി കൂടിയാണ്. കർതൃത്വത്തിന് ശരീരനിഷ്ഠമായ മാനങ്ങളുമുണ്ട്. സമകാലം വരെ നീണ്ടുനിൽക്കുന്ന പലതരം ആശയങ്ങൾ കർതൃത്വം എന്ന സങ്കല്പത്തെ ചൂഴ്ന്നു നിൽക്കുന്നു' (2020: 114). ആത്മം, സ്വത്വം എന്നിവ സമാനാർത്ഥത്തിൽ ഉപയോഗിച്ചുപോരുന്നുണ്ടെങ്കിലും അവയെ കവിഞ്ഞു നിൽക്കുന്ന ചില അർത്ഥ സാധ്യതകൾ കർതൃത്വത്തിലുണ്ട്.

അധികാരത്തിനു കീഴ്പ്പെട്ടു നിൽക്കുന്ന പദവി, സാമൂഹികനിർമ്മിതി എന്ന അർത്ഥത്തിലാണ് ഈ പ്രബന്ധത്തിൽ കർതൃത്വം എന്ന ആശയം ഉപയോഗിക്കുന്നത്.

കർതൃത്വത്തിന്റെ പരിവർത്തനക്ഷമതയുമായി ബന്ധപ്പെട്ടതാണ് ഏജൻസി/നിർവാഹകത്വം എന്ന സങ്കല്പം. കർതൃത്വം സ്ഥിരമല്ല, അതിനെ മാറ്റാൻ കഴിയും എന്ന ധാരണയാണ് ഇതിന്റെ അടിസ്ഥാനം. കർതൃത്വത്തെക്കുറിച്ചും മനുഷ്യ ഏജൻസിയെപ്പറ്റിയുമുള്ള ചിന്തകൾ സമാന്തരമായി വികസിച്ചു വന്നതാണ്. 'ഒരാൾ കഠിനമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്താൽ അയാൾക്ക് അയാളുടെ ആത്മത്തെ പരിവർത്തിപ്പിക്കാൻ കഴിയും' (2004: 21) എന്ന് റെനെ ദെക്കാർത്ത് പറയുമ്പോൾ 'ഇച്ഛയ്ക്കനുസരിച്ച് സ്വയം നിർമ്മിക്കാനും അഴിച്ചു പണിയാനും സാധിക്കുന്ന മനുഷ്യരുടെ ശേഷിയെയാണ് അത് സൂചിപ്പിക്കുന്നത്. ആധുനിക സമൂഹത്തിലാണ് സ്വതന്ത്രമായി ജീവിക്കുന്ന വ്യക്തി രൂപപ്പെടുന്നത്. താൻ ജീവിക്കുന്ന സന്ദർഭത്തെ വിമർശനാത്മകമായി നോക്കിക്കാണാനുള്ള കഴിവ് അയാൾക്കുണ്ട്. തന്നെക്കുറിച്ചും ചുറ്റുമുള്ള ലോകവുമായി താൻ സൃഷ്ടിക്കുന്ന ബന്ധത്തെക്കുറിച്ചും ആത്മ പ്രതിഫലനാത്മകമായി ചിന്തിക്കാൻ ശേഷിയുള്ള ഈ മനുഷ്യ കർതൃത്വത്തെയാണ് ആധുനികതയുടെ ദർശനങ്ങളിലും ഭരണകൂടരൂപങ്ങളിലും ശിക്ഷണരൂപങ്ങളിലും കാണാനാവുന്നത്. ഈ ദെക്കാർത്തിയൻ കർതൃത്വം ദൈവത്തിലും മതത്തിലുമുള്ള മനുഷ്യരുടെ ആശ്രിതത്വത്തെ നിഷേധിക്കുന്നു (1989: 159, 160). ക്രമമായ പ്രവൃത്തികളിലൂടെ, ചിട്ടയായ പരിശീലനത്തിലൂടെ ഒരാൾക്ക് തന്നെത്തന്നെ നിർമ്മിക്കാനും മാറ്റിയെടുക്കാനും കഴിയുമെന്നുള്ള ദെക്കാർത്തിയൻ സങ്കല്പത്തിലാണ് മനുഷ്യ ഏജൻസിയുമായി ബന്ധപ്പെട്ട ആലോചനകളുടെ തുടക്കം. കർതൃത്വം നിർവാഹകത്വം എന്നീ സങ്കല്പങ്ങളെ കുറേക്കൂടി കൃത്യതപ്പെടുത്താൻ പിന്നീട് ലക്കാനിയൻ മനഃശാസ്ത്ര പഠനങ്ങൾക്ക് സാധിക്കുന്നുണ്ട്. ലക്കാൻ നിർവാഹകത്വത്തെ ആത്മനിയന്ത്രണത്തിനുള്ള ആഗ്രഹവുമായി ബന്ധിപ്പിക്കുന്നു. അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ സ്വയം പൂർണ്ണതയിലെത്താനുള്ള ശ്രമമാണ് മനുഷ്യകർതൃത്വം. എല്ലായ്പ്പോഴും അധികാരവും അധികാരമില്ലായ്മയും അതിന് തടസ്സമാകുകയും ചെയ്യുന്നു. അപരത്തിന്റെ സാന്നിധ്യത്തിൽ ഒരാൾക്ക് തന്നെത്തന്നെ പരിഷ്കരിക്കാൻ സാധിക്കുന്നുവെന്നതാണ് ലക്കാനിയൻ കർതൃത്വത്തിന്റെ പ്രത്യേകത. (2004: 80) ലക്കാനിയൻ മനഃശാസ്ത്രത്തിലെ 'കണ്ണാടിഘട്ടം' (mirror stage) അപരനിലൂടെ തിരിച്ചറിയപ്പെടുന്ന ആത്മത്തെയാണ് സൂചിപ്പിക്കുന്നത്.

വ്യാവഹാരിക മണ്ഡലത്തിൽ വരുന്ന മാറ്റങ്ങൾക്കനുസരിച്ച് കർതൃത്വം പരിണമിക്കുമെന്ന് മിഷേൽ ഫൂക്കോ കരുതുന്നു. തന്നെ രൂപപ്പെടുത്തിയ വ്യാവഹാരിക ബന്ധങ്ങളെക്കുറിച്ച് ചിന്തിക്കാൻ ശേഷിയുള്ള, താൻ ജീവിക്കുന്ന

സമൂഹത്തെപ്പറ്റി ചിന്തിക്കാൻ ശേഷിയുള്ള, തനിക്ക് ലഭ്യമായിട്ടുള്ള ചിലത് തിരഞ്ഞെടുക്കാൻ ശേഷിയുള്ളയാളാണ് ഫൂക്കോവിയൻ കർതൃത്വം (2004:95). ഫൂക്കോയെ സംബന്ധിച്ച് കീഴടങ്ങലിലൂടെ രൂപപ്പെടുന്ന കർതൃത്വം ഒരു സവിശേഷ സന്ദർഭത്തിന്റെ ഉല്പന്നമല്ല (1997: 93) അതൊരു തുടർച്ചയായ പ്ര ക്രിയയാണെന്നും ആവർത്തനമാണ് അതിന്റെ പ്രത്യേകതയെന്നും അദ്ദേഹം കരുതുന്നു. എല്ലായിപ്പോഴും പ്രതിരോധത്തിന്റെയും വിപ്ലവത്തിന്റെയും എതിർ പ്പിന്റെയും സാധ്യതകളുള്ള മൂർത്തമായ മനുഷ്യൻ തന്നെയാണ് ഇവിടെയും മാറ്റത്തിന്റെ ചാലകശക്തി.

കർതൃത്വത്തിൽനിന്ന് വ്യതിരിക്തമായ സങ്കല്പനമായി നിർവാഹകത്വ ത്തെ അടയാളപ്പെടുത്തിയതും കർതൃത്വത്തെ പരിണമിപ്പിക്കാനുള്ള മനുഷ്യ സാധ്യത എന്ന നിലയിൽ അതിനെ ഉറപ്പിച്ചെടുത്തതും ജൂഡിത് ബട്ലറാണ്. കർതൃത്വം എന്ന അടഞ്ഞ സങ്കല്പത്തിനകത്ത് പ്രത്യാശയുടെ ഒരംശം കണ്ടെ ത്തുകയാണ് ബട്ലർ ചെയ്തത്.

കർത്താവിന് അഥവാ കർതൃത്വത്തിന് എത്രമാത്രം അതിജീവനക്ഷമ തയുണ്ട് എന്നതുമായി ബന്ധപ്പെട്ട ആശയമാണ് ഏജൻസി എന്ന് ജൂഡിത് ബട്ലർ തന്റെ ജന്റർ ട്രബിൾ എന്ന പുസ്തകത്തിൽ അഭിപ്രായപ്പെടുന്നുണ്ട് (1999: 182).' ഏത് സാംസ്കാരിക സന്ദർഭത്തിലും കർത്താവിന് ആ സംസ്കാരം നിർമ്മിച്ചു കൊടുത്ത പദവിയാണ് കർതൃത്വം. ആ പദവിയിലിരിക്കുന്ന ഒരാൾക്ക് തന്റെ പദവിയെപ്പറ്റിയും സന്ദർഭത്തെപ്പറ്റിയും അതിനെ രൂപപ്പെടുത്തിയ അധികാരപരിസരത്തെക്കുറിച്ചും പര്യാലോചിക്കാനുള്ള ശേഷിയുണ്ട്. ഈ ശേഷിയാണ് ഏജൻസി/നിർവാഹകത്വം. സംസ്കാരത്താലോ വ്യവഹാര ത്താലോ നിർണയിക്കപ്പെടുന്നതല്ല ഏജൻസി. കർതൃത്വം എന്നത് പൂർവ്വ നിർമ്മിതമായ സ്ഥാനമാണെങ്കിലും അതിനെ വിമർശനാത്മകമായി നോക്കി ക്കാണാൻ കഴിയുന്ന ,ചോദ്യം ചെയ്യാൻ കഴിയുന്ന സാധ്യതയാണ് ഏജൻസി' (1999: 182). ഇവ തമ്മിലുള്ള സംഘർഷമാണ് വാസ്തവത്തിൽ വ്യക്തിയുടെ സാമൂഹികപദവി.

ഇങ്ങനെയുള്ള സംഘർഷ സ്ഥാനമായിട്ടാണ് ഈ പ്രബന്ധം ഭിന്നശേഷി കർതൃത്വങ്ങളെ പരിഗണിക്കുന്നത്. പരിശീലനത്തിലൂടെ ഉറച്ചുപോയ കർതൃ നിലയെ അസ്ഥിരപ്പെടുത്താനുള്ള മാർഗം എന്ന അർത്ഥത്തിലാണ് നിർ വാഹകത്വം എന്ന സങ്കല്പം ഉപയോഗിക്കുന്നത്. ഭിന്നശേഷി കർതൃത്വങ്ങളുടെ നിർവാഹകത്വസാധ്യതകളെ റദ്ദ് ചെയ്യുന്ന അധികാരത്തിന്റെ തലങ്ങൾ വിശകലനം ചെയ്യുകയാണ് ഇനിയുള്ള ഭാഗങ്ങളിൽ.

2

ഭിന്നശേഷി കഥാപാത്രങ്ങളെ മിക്കപ്പോഴും പരിമിതപ്പെട്ട കർതൃത്വമായോ നിർവാഹത്വം ഇല്ലാത്തവരായോ ആണ് നോവലുകളിൽ അവതരിപ്പിച്ചു വരുന്നത്. കാമനയിലെ നായിക ഒരിടത്ത് പറയുന്നുണ്ട്: 'ചലനമാണ് ചൈതന്യത്തിന്റെ ഉറവിടം അത് നഷ്ടപ്പെട്ടാൽ എല്ലാം അവസാനിച്ചു' എന്ന്. ഇവിടെ ജീവിതത്തിന്റെ ചലനാത്മകത ശരീരത്തിൽ അധിഷ്ഠിതമാണ് എന്ന സങ്കല്പമാണ് ഈ നോവലുകൾ മുന്നോട്ടുവയ്ക്കുന്നത്. തന്നാൽ കഴിയുന്ന പോലെ തന്റെ നിർവാഹകത്വത്തെ നിർമ്മിച്ചെടുക്കാൻ ആഗ്രഹിക്കുന്ന സ്ത്രീയാണ് കാമനയിലെ നായിക. മൂന്നു വയസ്സിനുശേഷം തളർവാതം പിടിപെട്ട് വീട്ടിൽ കഴിഞ്ഞുകൂടേണ്ടിവന്ന ഒരു സ്ത്രീ നടത്തുന്ന ആത്മകഥനമാണ് ഈ നോവൽ. "എങ്കിലും എഴുതി തുടങ്ങണം. എത്ര നേരമായി തയ്യാറെടുപ്പ്. ഒരു ചലനം, ഒരു ചൈതന്യം, നിശ്ചലപ്രകൃതിക്കു മാറ്റം സംഭവിക്കണം. ജീവിതത്തിന്റെ ചാരത്തിനുള്ളിൽ മറഞ്ഞു കിടക്കുന്ന തീപ്പൊരി. അതു കണ്ടെടുക്കണം. ഊതിപ്പടർത്തണം. പുതിയൊരു അഗ്നിയായി ജ്വലിക്കണം." (1981: 20) എന്നാണ് അവൾ പറഞ്ഞു തുടങ്ങുന്നത്. എന്നാൽ 'വയ്യാത്തവർ വെറുതെ കിടക്കണം. എപ്പോഴുമുണ്ട് നീന്തലും നിരങ്ങലും' എന്ന താക്കീത് എല്ലായ്പ്പോഴും അവളുടെ കുതറാനുള്ള ശ്രമങ്ങളെ റദ്ദു ചെയ്യുന്നു. താൻ അർഹിക്കാത്ത ജീവിതമാണ് ജീവിക്കുന്നത് എന്ന ഒരുതരം കുറ്റബോധവും അതേസമയം അതിനോടുള്ള ചെറുത്തുനില്പും അവളിലുണ്ടായിരുന്നു. "ഇതുപോലുള്ള എത്രപേർ ജോലി ചെയ്യുന്നു. കുടുംബമായി ജീവിക്കുന്നു..." എന്ന ചോദ്യവുമായി തന്റെ ജീവിതത്തിലേക്കു കടന്നുവന്ന ഏട്ടത്തിയമ്മയുടെ സുഹൃത്ത് വിനോദിനോട്, അവളോട് സഹതാപം പ്രകടിപ്പിക്കാത്ത ആദ്യത്തെ മനുഷ്യനോട് അവൾക്കു പ്രണയം തോന്നുന്നു. ജീവിതകാമനകൾക്കു പുറകെ പോകാൻ, ആനന്ദത്തിന്റെ പുതിയ മേഖലകൾ കണ്ടെത്താൻ, അവൾ ആഗ്രഹിക്കുന്നു. പരിണമിക്കാനുള്ള അവളുടെ ശ്രമങ്ങളെ, അതിന്റെ ഭാഗമായി അവളിൽത്തന്നെയുണ്ടാകുന്ന സംഘർഷങ്ങളെ, അമ്മയും ഏട്ടനും ഏട്ടത്തിയമ്മയും ചേർന്ന കുടുംബാന്തരീക്ഷവും സമൂഹവും എല്ലായിപ്പോഴും തടസ്സപ്പെടുത്തുന്നു. അവളിങ്ങനെ ആലോചിക്കുന്നു, "നഷ്ടങ്ങളുടെ പാതയിൽ കുഴഞ്ഞുവീണ ഞാൻ അവിടെ ഒരു കല്ലായി, മരമായി കഴിയുമായിരുന്നു. കാട്ടുകല്ലിൽ പാഴ്ത്തടിയിൽ എങ്ങനെ ജീവന്റെ തുടിപ്പുകൾ എങ്കിലും...

ശിശിരവും ശൈത്യവുമായി ഗ്രീഷ്മവും വർഷവുമായി വന്ന കാലങ്ങൾ. എല്ലാറ്റിനും ഒരേ താളം. ഒരുതരം നിശ്ചലതയിൽ നിന്നാണ് മോചനം

നേടേണ്ടത്"(1981: 58). എന്തിൽ നിന്നാണ് തനിക്ക് വിടുതൽ വേണ്ടത് എന്ന് അവൾക്ക് അറിയാം. താൻ ജീവിക്കുന്ന ചുറ്റുപാടിൽനിന്ന് തന്നെത്തന്നെ മാറ്റി നിർത്തി ചിന്തിക്കാനുള്ള കഴിവ് അവൾക്കുണ്ട്. അതു ആത്മത്തെക്കുറിച്ചുള്ള ആലോചനയാണ്. ഭിന്നശേഷി വ്യക്തിയുടെ സ്ഥിരാസ്തിത്വം എന്ന സങ്കല്പ ത്തോട് ഇടയുന്നതാണ് ഈ ആലോചന.

തളർന്നു കിടപ്പിലാകുന്നതിനുമുമ്പ് എന്തിന്റെയും പുറകെ ഓടിപ്പോയിരു ന്ന, ഓട്ടത്തിനിടയിൽ പലതും തട്ടിമറിച്ച് താഴെയിട്ടിരുന്ന, ആരെയും കൂസാത്ത വികൃതിക്കുട്ടിയായാണ് 'ആസിഡ്' എന്ന നോവലിലെ ശിവയെ അവതരിപ്പി ക്കുന്നത്. ആ ഓട്ടത്തിലാണ് അവൻ വീഴുന്നതും അവന്റെ ജീവിതം ഉറച്ചുപോ കുന്നതും. പിന്നീട് അവന്റെ ലോകം വീടും മുറിയും മാത്രമാകുന്നു. ബാംഗ്ലൂരിലെ നിറയെ വീഡിയോ ഗെയിമുകളുള്ള വീട്ടിൽനിന്ന് അമ്മയുടെ തറവാട്ടിലേക്ക് താമസം മാറുമ്പോൾ അവൻെറ ചലനം പിന്നെയും പരിമിതപ്പെടുന്നു. വീടിനടുത്തുള്ള ശ്മശാനം മാത്രമാണ് പിന്നീട് അവൻ വല്ലപ്പോഴും കാണുന്ന ഒരേയൊരു കാഴ്ച. അവന്റെ വീൽചെയറിൽ കയറിയിരുന്ന ഷാലിയോട് അവൻ ദേഷ്യപ്പെടുന്നുണ്ട്. ഇതു മാത്രമാണ്" തന്റെ ആശ്വാസമെന്നും അതുകൂടി നാശമായാൽ താൻ ഈ കിടക്കയിൽ തീരുമെന്നുമുള്ള ഭയം അവൻ പങ്കുവയ്ക്കു ന്നു. "ഞാൻ എന്നും കുറച്ചു നേരമെങ്കിലും ശ്രമിക്കും തന്നെ ഈ കിടക്കയിൽ നിന്നും ഇറങ്ങി അതിലേക്കിരിക്കാൻ. ബാംഗ്ലൂരിലായിരുന്നപ്പോൾ എനിക്ക് അതിനു കഴിയുമായിരുന്നു. കട്ടിലിന് ഇത്രയും പൊക്കമില്ലായിരുന്നു. ഒരു മുറിയിൽ നിന്നും മറ്റൊരു മുറിയിലേക്കു കടക്കാൻ കട്ടിളപ്പടികളുമില്ല. ഇവിടെ എവിടെ തിരിഞ്ഞാലും തടസ്സങ്ങളാണ്. എന്നാലും സാരമില്ല ഞാൻ ശ്രമിക്കും." (2017: 220) എന്ന് അവൻ സമാധാനിക്കുന്നുണ്ട്. പുറംലോകം കാണാൻ ആദിയും ഷാലിയും മാത്രമാണ് അവനു കൈത്താങ്ങ്. അവരും മാറിപ്പോ കുന്നതോടുകൂടി ശിവ തനിച്ചാകുന്നു. മലമൂത്ര വിസർജ്യങ്ങളിൽ ശ്വാസംമുട്ടി ത്തീരുമോ എന്ന ഭീതി അവനെ അലട്ടിക്കൊണ്ടിരുന്നു. അതേസമയം താൻ ഒരിക്കലും മരിക്കില്ലേ എന്ന സന്ദേഹവും അവനിൽ നിറയുന്നു. ഇതേ സമയം അമ്മയെയും വിട്ട് വീടിനു പുറത്തുപോകുന്ന ആദിയുടെ വളർച്ചയെ നോവൽ ആവിഷ്കരിക്കുന്നുണ്ട്. അതുവരെ അമ്മയുടെ തണലിൽ ജീവിച്ചിരുന്ന ആദിക്ക് ഈ യാത്ര സ്വയം മുതിരാനുള്ള സാധ്യതയാകുന്നു. മറ്റുള്ളവരുമായുള്ള സമ്പർക്കത്തിലൂടെ മാറ്റങ്ങൾ വളരുന്നത് അവൻ സ്വയം അറിയുന്നു.

ശരീരത്തിന്റെ ചലനം പരിമിതപ്പെടുന്നതോടെ ജീവിതവും പരിമി തികൾക്കുള്ളിലാകുന്നു. കർതൃത്വത്തിന് വിഘാതമായി നിൽക്കുന്നതോ

കർതൃത്വത്തെ പരിമിതപ്പെടുത്തുന്നതോ ആയ ഒന്നായി ശരീരത്തിന്റെ പരിമിതിയെ മാറ്റിത്തീർക്കുകയാണ് ഇവിടെ ചെയ്യുന്നത്. ഭിന്നശേഷി കർതൃത്വം എന്ന നിർമ്മിതിക്കകത്ത് ഏജൻസി എന്ന സാധ്യതയെ കണ്ടെടുക്കുന്നതിൽ ഇത്തരം ആഖ്യാനങ്ങൾ പരാജയപ്പെടുന്നു. ആത്മവും കല്പിച്ചു കിട്ടിയ കർതൃ സ്ഥാനവും തമ്മിലുള്ള സംഘർഷ സ്ഥലത്താണ് ഈ കഥാപാത്രങ്ങൾ സ്ഥാനപ്പെടുന്നത്.

ഭിന്നശേഷി കർതൃത്വത്തെ സംബന്ധിക്കുന്ന ചർച്ചയിലെ സത്താവാദപരമായ സമീപനങ്ങളുടെ അടിത്തറ ജീവശാസ്ത്രപരമോ അതിഭൗതികപരമോ ആയ സങ്കല്പനങ്ങളാണ് (2004: 101, 102). സത്താവാദപരമായ സമീപനത്തിന്റെ ന്യൂനത അത് കർതൃപരിണാമത്തെ സാധ്യമാക്കുന്നില്ലെന്നതാണ്. ആദ്യകാലത്തെ പല നോവലുകളിലും ഇത്തരം ശ്രമങ്ങൾ കാണാം.' ദൈവത്തിന്റെ കണ്ണ്' എന്ന എൻ.പി. മുഹമ്മദിന്റെ നോവലിൽ പള്ളിക്കാട്ടിലെ പൂതങ്ങൾ മോഹിച്ച കുൺ കഴിച്ചതാണ് മൊയമ്മദാലിയുടെ ഭ്രാന്തിന്റെ കാരണമെന്ന് എല്ലാവരും വിശ്വസിക്കുന്നു. “പൂതങ്ങൾ കാക്കയിൽ നിന്ന് കുൺ തട്ടിപ്പറിക്കാൻ നോക്കി. അതിനുമുമ്പേ മൊയമ്മതാലിക്കാക്ക കുൺ തിന്നു കളഞ്ഞല്ലോ.കാക്കയുടെ തൊള്ളയിലേക്ക് കടന്നു പൂതങ്ങൾ. മൂന്നു പൂതങ്ങൾ. പൂതങ്ങൾ വയറ്റിലേക്ക് കടന്നപ്പോൾ മൊയ്മ്മദാലിക്കാ ഛർദ്ദിക്കാൻ തുടങ്ങി. മരുന്നും മന്ത്രവും പൂതങ്ങൾക്ക് ഇരിക്കപ്പൊറുതി കൊടുത്തില്ല. അപ്പോൾ പൂതങ്ങൾ ഇക്കാക്കയുടെ തലയിൽ കയറി” (2012: 21) എന്നാണ് ഉമ്മു വിവരിക്കുന്നത്. പൂതങ്ങൾ പുതിയ പൂങ്കൊമ്പ് തേടാതിരിക്കാൻ മന്ത്രവാദത്തെ കൂട്ടുപിടിക്കുന്നു. ‘ഒറ്റയടിപ്പാതകൾ’ എന്ന നോവലിലും ‘കാമന’ എന്ന നോവലിലും സമാനമായ ഭാവനകൾ കാണാൻ സാധിക്കും. കേടുപാടുള്ള കുട്ടി ജനിക്കുന്നത് അച്ഛനമ്മമാരുടെ കുറ്റമല്ല. മുജ്ജന്മ സുകൃതക്ഷയമോ തലയിലെഴുത്തോ ദൈവകോപമോ ആണെന്നാണ് ഒറ്റയടിപ്പാതകളിലെ ഭാസ്കര മേനോൻ വിശ്വസിക്കുന്നത്. സുകുവിനെപ്പോലെ ബുദ്ധിമാന്ദ്യം സംഭവിച്ച ഒരു മകനുണ്ടാകാൻതക്ക ഒരു പാപവും താൻ ചെയ്തിട്ടില്ലെന്ന് അയാൾ ആവർത്തിച്ചു പറയുന്നു. സുകു പെട്ടെന്നൊരു ദിവസം മറ്റു ചെറുപ്പക്കാരെപ്പോലെയാകുമെന്ന് ദൈവത്തിൽ പ്രതീക്ഷയർപ്പിച്ചാണ് അയാൾ കഴിയുന്നത്.

മത-ദൈവ കേന്ദ്രിതമായ ഇത്തരം സമീപനങ്ങളിൽ വ്യക്തിയുടെ കർതൃത്വം നിശ്ചലമായി നിൽക്കുന്നു. അവരുടെ ജീവിതവും ഉത്തരവാദിത്വവും വിധിക്കും ദൈവത്തിനും ഏല്പിച്ചു കൊടുത്തുകൊണ്ട് അവരുടെ കർതൃത്വത്തിന്റെ ഉടമസ്ഥതയെ അതിഭൗതികതയിൽ ബന്ധിപ്പിക്കുകയാണിവിടെ.

അതോടെ പരിണമിക്കാൻ സാധ്യതയേതുമില്ലാത്ത ഒന്നായി ഭിന്നശേഷി കർതൃത്വം മാറുന്നു. ഇത്തരം സത്താവാദപരമായ കെട്ടുപാടുകളിൽ നിന്ന് മോചിപ്പിക്കപ്പെടുന്നതോടുകൂടിയാണ് ഭിന്നശേഷി പഠനങ്ങൾക്ക് രാഷ്ട്രീയമായ പ്രാധാന്യം വന്നു തുടങ്ങിയത് എന്നു പറയാം.

3

നിർവാഹകത്വമില്ലാത്ത ഭിന്നശേഷി കർതൃത്വങ്ങളുടെ ലൈംഗിക ഇച്ഛകളെ അവതരിപ്പിക്കുമ്പോൾ സഹതാപത്തിന്റെയോ അത്ഭുതത്തിന്റെയോ കുറ്റബോധപ്പെടലിന്റെയോ പാപബോധത്തിന്റെയോ തലം എല്ലായിപ്പോഴും ഉയർന്നു നിൽക്കുന്നതായിക്കാണാം. സമുദ്രശില, ആസിഡ് എന്നീ നോവലുകളുടെ ചില സന്ദർഭങ്ങൾ ഉദാഹരിക്കാം.

തന്റെ മകന്റെ കാമനകളെ അറപ്പോടും അത്ഭുതത്തോടും സഹതാപത്തോടും നോക്കുന്ന അമ്മയാണ് സമുദ്രശിലയിലെ അംബ. “രാത്രിയിരുട്ടിൽ പരാധീനത തീണ്ടാതെ സ്വന്തം അവയവത്തെ താലോലിക്കാനും സുഖാന്വേഷണം നടത്താനുമുള്ള വൈഭവം അവൻ കൈയാളിക്കഴിഞ്ഞിരുന്നു. അസ്പഷ്ടമായ ശബ്ദത്തിൽ തന്റെ മകൻ കരയുകയാണെന്നു ഭയന്ന് ഒരു പാതിരാത്രിയിൽ ഉറക്കം ഞെട്ടിയ അവൾ കൈനീട്ടി അവനെ തപ്പിനോക്കി. അപസ്മാര ബാധയിലെന്നപോലെ അടിമുടി പിടഞ്ഞുകൊണ്ട് ചുരുട്ടിയ മുഷ്ടിക്കുള്ളിൽ തന്റെ വികാരത്തെ തെരുപ്പിടിച്ച് സ്വയം സാന്ത്വനം കണ്ടെത്തുകയാണ് മകനെന്ന് ഇരുട്ടിലറിയാൻ അംബ അരനിമിഷമെടുത്തു.” (2019: 50) മറ്റൊരിടത്ത് അപ്പുവിനെ കുളിപ്പിക്കുമ്പോൾ ‘നെഞ്ചും വയറും കഴിഞ്ഞ് അവനുടുത്ത തോർത്തിന്റെ മേലതിരിലേക്ക് കയ്യെത്തുന്ന നേരത്ത് ശാന്തമ്മ ഔ എന്ന് അറിയാതെ പറഞ്ഞു. ഒരു ഇടിമിന്നലിൽ അപ്പോൾ പൊട്ടിമുളച്ച ഒന്ന് അവരുടെ കണ്ണിൽപെട്ടു. വെളുത്തതല്ലാത്ത ഒരു വിഷക്കൂൺ. അവരുടെ കയ്യിൽ നിന്ന് സോപ്പ് വഴുതിത്തെറിച്ചു. ആസക്തിയുടെ മാംസഗദ അതിന്റെ നനഞ്ഞ മകുടം തനിക്കു നേരെ ഓങ്ങുന്നതായിത്തോന്നി അവിവാഹിതയായ ആ വിരൂപ കന്യകയ്ക്ക് തലചുറ്റലുണ്ടായി. ബക്കറ്റിലെ വെള്ളം മുഴുവൻ എടുത്തു തീ കെടുത്താൻ എന്നോണം അതിന്റെ മേൽ കമഴ്ത്തിക്കൊണ്ട് ശാന്തമ്മ കിതച്ചു കൊണ്ട് കുളിമുറി വിട്ടു’ (2019: 85) എന്നിങ്ങനെ അദ്ഭുതം കൊള്ളുന്നു ശാന്തമ്മ.

വർഷങ്ങളായി കിടക്കയിൽ കിടന്നു പോയ ഒരു പാവം കുഞ്ഞ് എന്ന സഹതാപമാണ് ഷാലിക്ക് ശിവയോടുള്ളത്. ‘അവന്റെ വിരലുകൾ അവളുടെ മുലകളിൽ പരതുന്നത് വേദനയോടെ അവൾ അറിഞ്ഞു. അവൾ എതിർത്തില്ല. കുഞ്ഞിനെപ്പോലെ അവളുടെ കരവലയത്തിൽ അവൻ സുരക്ഷിതനായി. ചില

ജീവികൾക്ക് സ്പർശം ഒരു അനിവാര്യതയാണ്' (2017: 77).

'പൂർണനായ' ഒരു മനുഷ്യന്റെ ലൈംഗിക സങ്കല്പങ്ങൾക്കുള്ളിൽ സ്വീകരിക്കപ്പെടുന്നതല്ല ഭിന്നശേഷിക്കാരനായ ഒരാളുടെ കാമനകൾ. സമൂഹം നൽകുന്ന ശാരീരിക മാനദണ്ഡങ്ങൾക്കകത്ത് അഭിലഷണീയനായ ഒരാൾക്ക് മാത്രം അവകാശപ്പെട്ടതാണ് ലൈംഗിക കാമനകൾ എന്ന ബോധ്യത്തോടെ പൂർണനായ ഒരാൾ മാറി നിന്ന് കാണുന്ന കാഴ്ചയായാണ് ഇവിടെ ഇത്തരം അനുഭവങ്ങളെ ആവിഷ്കരിക്കുന്നത്. ആരും തിരിഞ്ഞു നോക്കാത്ത രൂപവും നടക്കം ഉണ്ടാക്കുന്ന അനാകർഷകത്വവുമുള്ള തനിക്ക് ലൈംഗികമായ ആഗ്രഹങ്ങൾ നിറവേറ്റാൻ അർഹതയില്ലെന്ന് കാമനയിലെ നായിക കരുതുന്നു. സ്വയം സന്തോഷിക്കാനും പുരുഷനെ സംതൃപ്തനാക്കുവാനും തനിക്ക് കഴിയുമോയെന്ന് അവർ സംശയിക്കുന്നു. കുട്ടികളെ പ്രസവിക്കുന്നതും തൃപ്തികരമായ ലൈംഗിക പങ്കാളികളാകുന്നതും ഉൾപ്പെടെ സ്ത്രീകളുടെ ശരീരം 'നിറവേറ്റേണ്ട കടമ'കളിൽനിന്ന് വ്യതിചലിക്കുന്ന ഒരാളുടെ ലൈംഗിക കർതൃത്വം അയാളിൽത്തന്നെ സംഘർഷമുണ്ടാക്കുന്നതാണിവിടെ കാണുന്നത്.

തന്റെ മകൻ സ്വയംഭോഗം ചെയ്യുന്നതുകണ്ട് സഹതാപത്തോടെ വാതിൽ അടയ്ക്കുന്ന സ്ത്രീയാണ് സമുദ്രശിലയിലെ അമ്മ. ശിവ കാണാതെ അവന്റെ കറ പുരണ്ട പുതപ്പ് കുളിമുറിയിൽ കൊണ്ടുപോയി അവൻ ഉണരും മുന്നേ കഴുകിക്കളയുന്ന ആദി. ഷാലിയുമായി ശിവ സ്നേഹത്തിൽ ഏർപ്പെട്ടപ്പോൾ മുറിയുടെ പുറത്ത് വാതിൽക്കൽ തലതല്ലിക്കരയുന്ന അവന്റെ അമ്മ കമല. ഇങ്ങനെ മറ്റ് ആവശ്യങ്ങളെല്ലാം നിറവേറ്റാൻ സഹായിക്കുന്നവർ ലൈംഗികത എന്ന അടിസ്ഥാന ആവശ്യത്തെ നേരിടുമ്പോൾ മുഖം തിരിക്കുകയും കണ്ണുകൾ അടയ്ക്കുകയും കുറ്റബോധത്തോടെയും പാപബോധത്തോടെയും പെരുമാറുകയും ചെയ്യുന്നതായാണ് കാണുന്നത്. മനുഷ്യർ അവരുടെ സ്നേഹം അറിയിക്കാൻവേണ്ടി മാത്രം ചെയ്യുന്ന പ്രവൃത്തിയായിട്ടല്ല നാം ലൈംഗികതയെ മനസ്സിലാക്കിയിട്ടുള്ളത്. ഈ കുറ്റബോധത്തിന്റെ ഉറവിടം ലൈംഗികതയും അധികാരവും തമ്മിലുള്ള ബന്ധത്തിലാണ് നിലയുറപ്പിച്ചിട്ടുള്ളത്.

ലൈംഗികത വ്യാവഹാരികമായി നിർമ്മിക്കപ്പെടുന്നതാണ് എന്ന് പറഞ്ഞത് മിഷേൽ ഫൂക്കോയാണ്. തന്റെ 'ലൈംഗികതയുടെ ചരിത്രം' എന്ന പുസ്തകത്തിൽ ലൈംഗികതയും അധികാരവും തമ്മിലുള്ള ബന്ധത്തെ അദ്ദേഹം വിശകലനം ചെയ്യുന്നുണ്ട്. ആധുനികമായ അർത്ഥത്തിലുള്ള ലൈംഗികത വൈദ്യവൽക്കരണത്തിന്റെ ഉത്പന്നമാണെന്നാണ് ഫൂക്കോ പറയുന്നത്

എന്ന് 'ഫൂക്കോയുടെ പ്രതിപക്ഷ രാഷ്ട്രീയം' എന്ന ലേഖനത്തിൽ ടി.വി. മധു അഭിപ്രായപ്പെടുന്നുണ്ട്. വൈദ്യശാസ്ത്രം, സൈക്കോളജി, സാമൂഹികശാസ്ത്രം മുതലായി ആധുനികത രൂപപ്പെടുത്തിയ പുതിയ ജ്ഞാനപദ്ധതികൾ ലൈംഗികതയെക്കുറിച്ചുള്ള പുതിയ അറിവുകൾ ഉത്പാദിപ്പിച്ചു. 'ലൈംഗിക ധർമ്മങ്ങൾ നിർവചിക്കപ്പെട്ടു. മൂല്യങ്ങൾ പരിചിന്തനം ചെയ്യപ്പെട്ടു. വർഗീകരണങ്ങൾ നിലവിൽ വന്നു. കുട്ടികളുടെയും മനോരോഗികളുടെയും കുറ്റവാളികളുടെയും ലൈംഗികത നിയമത്തിന്റെ പേരിൽ, മനോരോഗ ചികിത്സാ ശാസ്ത്രത്തിന്റെ പേരിൽ, വൈദ്യത്തിന്റെ പേരിൽ ചോദ്യം ചെയ്യപ്പെട്ടു. ചരിത്രത്തിലാദ്യമായി ലൈംഗിക ചിട്ടകളുടെ വിവിധ മാതൃകകൾ തരംതിരിക്കപ്പെടുകയും ക്രമീകരിക്കപ്പെടുകയും ചെയ്തു. വിവിധതരത്തിലുള്ള ലൈംഗിക വൈകല്യങ്ങൾ നിർവചിക്കപ്പെട്ടു. കുടുംബവും ലൈംഗികതയുമായുള്ള ബന്ധം നിർവചിക്കപ്പെട്ടു. കുടുംബത്തിനകത്തെ നിഗൂഢമോ പ്രത്യക്ഷമോ ആയ വിവിധ ഇനം ലൈംഗിക ബന്ധങ്ങൾ തരംതിരിക്കപ്പെട്ടു. (2020: 171, 172) അങ്ങനെ ആധുനികത ലൈംഗികതയെ സവിശേഷമായ വ്യവഹാരമാക്കി മാറ്റിതീർത്തു. ഇതോടെ നോർമൽ/അബ്നോർമൽ എന്ന ദ്വന്ദ്വം രൂപപ്പെടുകയും ഒറ്റ ഇണയോടു മാത്രം, സന്തതി ഉല്പാദനം എന്ന ലക്ഷ്യത്തോടെ ലൈംഗികബന്ധത്തിൽ ഏർപ്പെടുന്നതാണ് നോർമൽ എന്നു വരികയും ചെയ്തു. അതിൽനിന്നുള്ള ഏതു വ്യതിയാനവും വികലമാണെന്നും ആനന്ദത്തിനപ്പുറം പ്രത്യുൽപാദനമാണ് ലൈംഗികതയുടെ ലക്ഷ്യമെന്നുമുള്ള ആലോചനാപരിസരത്തിലാണ് ഭിന്നശേഷി കഥാപാത്രങ്ങളുടെ ലൈംഗിക കർതൃത്വങ്ങൾ പ്രശ്നവൽകരിക്കപ്പെടുന്നത്.

ഫൂക്കോയെ വികസിപ്പിച്ചുകൊണ്ട് ഗെയ്ൽ റൂബിൻ എന്ന ചിന്തകൻ ഇങ്ങനെ പറയുന്നുണ്ട്: 'മനുഷ്യ സ്വഭാവത്തിന്റെ മറ്റ് അംശങ്ങൾ പരിശോധിക്കുമ്പോൾ ലൈംഗികത ശരീരത്തിന്റെ ചോദനയായി മാത്രം നിൽക്കുന്ന ഒന്നല്ല, അത് സ്ഥാപനവൽക്കരിക്കപ്പെട്ട രൂപം കൂടിയാണെന്ന് മനസിലാകും. ഏത് സ്ഥാപനവും പ്രത്യയശാസ്ത്രപരമാണെന്ന് പറയുന്നപോലെ ലൈംഗികതയും പ്രത്യയശാസ്ത്രപരമാണ്. അതിനകത്ത് ആഭ്യന്തരമായ അസമത്വമുണ്ട്. അടിച്ചമർത്തലിന്റെ പലതരം സമ്പ്രദായങ്ങൾ നിലനിൽക്കുന്നുണ്ട്. താല്പര്യങ്ങൾ തമ്മിൽ ഇടയുന്നുണ്ട്. അതിനു രാഷ്ട്രീയമായ മാനങ്ങൾ ഉണ്ട്. അതിൽ വളരെ ബോധപൂർവ്വം നമ്മൾ പാലിക്കുന്ന നിയമങ്ങളുണ്ട്. നമ്മളിൽ തന്നെ അബോധപൂർവ്വം പ്രവർത്തിക്കുന്ന നിയമങ്ങളുമുണ്ട്' (1993: 4). ജീവശാസ്ത്രപരമായി നോക്കുമ്പോൾ ഏത് രണ്ടാൾക്കിടയിലും ലൈംഗികബന്ധം സാധ്യമാണ്,

എന്നാൽ നമ്മുടെ സാമൂഹിക ഘടനയിൽ അത് സാധ്യമല്ലതാനും. ലൈംഗികതയുമായി ബന്ധപ്പെട്ട് മനുഷ്യർ ആന്തരവത്കരിച്ച ചില മാതൃകകളുണ്ട്. ആ മാതൃകകൾക്ക് പുറത്തുള്ള ഏതു ലൈംഗിക ബന്ധവും അവരിൽ കുറ്റബോധം ഉല്പാദിപ്പിക്കാൻ സാധ്യതയുള്ള ഒന്നാണ്. ഏത് ശരീരത്തിനും ഏത് ശരീരത്തോടും ലൈംഗികത സാധ്യമല്ലാത്തത് ശരീരത്തിന് എന്തെങ്കിലും പാകപ്പിഴവുകൾ ഉള്ളതുകൊണ്ടല്ല. മറിച്ച് ശരീരം സ്ഥാപനവൽക്കരിക്കപ്പെട്ടിട്ടുള്ളതുകൊണ്ടാണ്. ശരീരം സ്വതന്ത്രമായി പ്രവർത്തിക്കുകയല്ല ചെയ്യുന്നത്. ശരീരത്തെ നമ്മൾ പരിശീലിപ്പിക്കുകയാണ്. ലൈംഗികതയുമായി ബന്ധപ്പെട്ട ആവിഷ്കാരങ്ങളിലെ അപാകതകൾ ഇത്തരം സങ്കല്പനങ്ങളുമായി ബന്ധപ്പെട്ട അപാകതകൾ കൂടിയാണ്.

4

നിർവാഹകശേഷിയില്ലാത്ത ആശ്രിത ഭിന്നശേഷികർതൃത്വത്തിന്റെ ഉടമസ്ഥത അയാളുടെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നയാളിൽ നിക്ഷിപ്തമാവുന്നതായാണ് പൊതുസമൂഹത്തിൽ കാണുന്നത്. അവരുടെ ജീവനെടുക്കാനുള്ള അധികാരമായി ഇത് മാറുകയും ചെയ്യുന്നു. മറ്റുള്ളവർക്ക് ബാധ്യതയാവുകയും അതിന്റെ പേരിൽ പിന്നീട് കൊല്ലപ്പെടുകയും ചെയ്യുന്ന കഥാപാത്രങ്ങളെ ഈ നോവലുകളിലെല്ലാം കാണാം. പ്രത്യുൽപാദനത്തിലധിഷ്ഠിതമായ ലൈംഗിക സങ്കല്പത്തെക്കുറിച്ച് മുമ്പ് പറഞ്ഞുവല്ലോ. ലൈംഗികത ഗാർഹികവൽക്കരിക്കപ്പെടുന്നത് വിക്ടോറിയൻ സദാചാര സങ്കല്പങ്ങളുടെ കടന്നുവരവോടെയാണ്. ഉപകരണ യുക്തിയുടെ ഭാഗമായി പ്രത്യുൽപാദനം മാത്രം ലക്ഷ്യം വയ്ക്കുന്ന ഒന്നായി ലൈംഗികതയെ, കുടുംബത്തെക്കാണുന്നതും ഈ കാലഘട്ടത്തിലാണ്. (1978: 3, 9)

ഒരാളെ പരിചരിക്കുക എന്നാൽ എന്താണ്? അത് സമയം മാറ്റിവെക്കലാണ്. മാറ്റിവെക്കപ്പെട്ട സമയത്തിന് ബദലായി തിരിച്ചുകിട്ടാൻ ഒന്നുമില്ലെന്ന് വരുമ്പോഴാണ് ചിലർ ബാധ്യതയായി മാറുന്നത്. മകൻ, മകൾ തുടങ്ങിയ എല്ലാ പദവികളും പൂർവ്വനിർണിതമാണ്. അവയ്ക്കു കല്പിച്ചു കൊടുത്തിട്ടുള്ള സാമൂഹിക ഉത്തരവാദിത്തങ്ങളുണ്ട്. പ്രത്യുല്പാദനം, സംരക്ഷണം തുടങ്ങിയ ഉത്തരവാദിത്തങ്ങൾ നിറവേറ്റാൻ കഴിയാത്ത സംവർഗം എന്ന നിലയ്ക്കാണ് ഭിന്നശേഷി കർതൃത്വങ്ങളെ പൊതുവേ പരിഗണിച്ചുവരുന്നത്. അതായത് ഭിന്നശേഷിക്കാർ സമൂഹത്തിന്റെ കേവല പ്രയോജനയുക്തിക്ക് പുറത്താണ് എന്ന ചിന്തയിൽ നിന്നാണ് ആശ്രിത കർതൃത്വത്തിന്റെ ബാധ്യത സാമൂഹിക വിഷയമായി മാറുന്നത്.

തന്റെ മൂന്നാം വയസ്സിൽ തളർവാതം പിടിപെട്ടു കിടപ്പിലായ ആളാണ് 'കാമന'യിലെ പേരില്ലാത്ത നായിക. നോവലിലെ ഒരു സന്ദർഭം ഇങ്ങനെയാണ്: "വർഷങ്ങൾക്കു മുമ്പ് ഒരു സന്ധ്യയിൽ എനിക്ക് രണ്ടു പ്രാവുകളെ കിട്ടി. ഒരു പൂവനും പിടയും. കിളിക്കൂട്ടിൽ അവയെ വളർത്തി. രാത്രിയിൽ അവയെ പിടികൂടാൻ വന്ന പൂച്ചയ്ക്ക് കിട്ടിയത് വലയ്ക്കിടയിലൂടെ പിടയുന്ന കാലായിരുന്നു. രാവിലെ അതുകണ്ട് കരയാൻ തുടങ്ങിയ എന്നെ ദേവേട്ടൻ സമാശ്വസിപ്പിച്ചു." "സാരമില്ലാ അത് ഒറ്റക്കാലിൽ നടന്നുകൊള്ളും.." "അത് ജീവിച്ചിട്ടെന്താ മുട്ട വിരിയിക്കാൻ ആവില്ല അമ്മ പറഞ്ഞു." (1981: 12) അധ്വാനത്തിനും പ്രത്യുല്പാദനത്തിനുമുള്ള ശേഷിയാണ് കുടുംബത്തെയും ബന്ധങ്ങളെയും ജീവിക്കാനുള്ള അവകാശത്തെയും നിർണയിക്കുന്നത് എന്ന ചിന്തതന്നെയാണ് ഈ നോവലുകളിലുടനീളം കാണുന്നത്. തന്നെ കഷ്ടപ്പെട്ട് നോക്കുന്ന അമ്മയ്ക്ക് കൂലി കൊടുക്കാനാവാത്തതിനാൽ ജീവിക്കാൻ അർഹത നഷ്ടപ്പെട്ട ഒരാളായാണ് ഇതിലെ നായിക തന്നെത്തന്നെ കാണുന്നത്.

ബുദ്ധിമാന്ദ്യമുള്ള അനിയനു വേണ്ടി ജീവിതമുഴിഞ്ഞുവെച്ച് സ്വയം നശിക്കാൻ തയ്യാറായ ഒരാളായിട്ടാണ് 'ഒറ്റയടിപ്പാതക'ളിലെ സതിയെ അവതരിപ്പിക്കുന്നത്. അനിയനു വേണ്ടിമാത്രം അനുപിനോടുള്ള സ്നേഹം സതി വേണ്ട എന്ന് വയ്ക്കുന്നു. അനിയനെ വേണ്ട എന്ന് വയ്ക്കാൻ അവൾക്കാവുന്നില്ല. ആ അവസ്ഥയെ "കായ്ക്കുകയില്ലെന്ന് ഉറപ്പായ തെങ്ങ് ദുഃഖത്തോടെ ആണെങ്കിലും ഉപേക്ഷിക്കുന്ന കൃഷിക്കാരന്റെ നിസ്സംഗത" (2015: 47) എന്നാണ് നോവലിസ്റ്റ് വിശേഷിപ്പിക്കുന്നത്. അന്ത്യയാത്രയിൽ തല പിടിക്കാനും ചുടലയ്ക്ക് തീ കൊളുത്താനും ആൺതല തന്നെ വേണം എന്ന ഭാസ്കരമേനോന്റെ നിർബന്ധമാണ് മൂന്നു പെൺകുട്ടികൾക്കു ശേഷം സുകുമാരൻ ജനിക്കാൻ കാരണം. ഉണ്ടായ കുഞ്ഞ് താൻ ചെയ്തു എന്തോ പാപത്തിന്റെ പേരിലായിരിക്കും ഇങ്ങനെയായിപ്പോയത് എന്ന് ഭാസ്കരമേനോൻ കരുതി. 'അവൻ'എന്ന വിളിക്ക് പോലും അർഹനല്ലാത്ത മകൻ സതിക്ക് ബാധ്യത ആവാതിരിക്കാൻ അയാൾ അവനെ കൊല്ലുന്നു. ഒരു സന്തതിയുടെ നന്മയ്ക്ക് വേണ്ടി, അതിനായി മാത്രം നാമമാത്രമായ മറ്റൊരു സന്തതിയുടെ ആയുസ്സ് അവസാനിപ്പിക്കുന്നു. "ഏതു കണ്ണടയിലൂടെ ആരു നോക്കിയാലും പുണ്യം തന്നെ അഥവാ പാപം ആണെങ്കിലും വിരോധമില്ല. ഒരു ദൈവത്തിനും ഇത് പറയാൻ അവകാശമില്ല. വർഷങ്ങളായി കെഞ്ചിയിട്ട് അവനെ ഒരു മനുഷ്യനാക്കാൻ ഒരു ദൈവവും മുന്നോട്ടു വന്നില്ലല്ലോ" (2015: 76) എന്നാണ് അയാൾ ആശ്വസിക്കുന്നത്. സമുദ്രശിലയിലെ അപ്പുവിന്റെയും

ദൈവത്തിന്റെ കണ്ണിലെ മൊയമ്മദാലിയുടെയുമെല്ലാം കൊലപാതകങ്ങൾ ജീവിച്ചിരിക്കുന്നവരുടെയും കൊല്ലപ്പെട്ടവരുടെയും സ്വസ്ഥ ഭാവിയുടെ പേരിൽ ഇങ്ങനെ ന്യായീകരിക്കപ്പെടുകയും നീതീകരിക്കപ്പെടുകയും ചെയ്യുന്നു.

## നിഗമനം

കർതൃത്വത്തെപ്പറ്റിയുള്ള ആലോചനകൾ ക്രമപ്രവൃദ്ധമായിട്ടാണ് വികസിച്ചു വന്നത്. ഓരോ കാലത്തും അസമത്വം അനുഭവിക്കുന്ന പല വിഭാഗങ്ങളും തങ്ങൾക്കും കർതൃത്വം ഉണ്ടെന്ന് തിരിച്ചറിയുകയും കർതൃത്വത്തിന്റെ വലിയ സാധ്യതകൾക്കകത്തേക്ക് ഉൾച്ചേരുകയും ചെയ്തു. ഭിന്നശേഷി വ്യക്തികളെ ആശ്രിതമോ പരിമിതപ്പെട്ടതോ ആയ കർതൃത്വങ്ങളായാണ് നോവലുകൾ അവതരിപ്പിക്കുന്നത്. ഒന്നിനുപകരം മറ്റൊന്നിനെ ആശ്രയിക്കുന്ന കർതൃത്വം പരിമിതപ്പെട്ട കർതൃത്വമായി അഥവാ നിർവാഹകത്വമില്ലാത്തവരായി സങ്കല്പിക്കുന്നതിൽ പ്രവർത്തിക്കുന്ന ആധുനിക അധികാരയുക്തിയെ വിമർശനാത്മകമായി നോക്കിക്കാണുകയാണ് ഈ പ്രബന്ധത്തിൽ ചെയ്തത്. ഭിന്നശേഷി വ്യക്തികളുടെ ലൈംഗികാനുഭൂതികളെ ആഖ്യാനങ്ങൾ പരിഗണിച്ചു തുടങ്ങിയെന്നത് സത്യമാണെങ്കിലും ലൈംഗികതയെക്കുറിച്ചും കുടുംബത്തെക്കുറിച്ചുമെല്ലാമുള്ള ആധുനികത നിർമ്മിച്ചുവെച്ച ബോധ്യങ്ങളിൽ നിന്നുകൊണ്ടാണു ഇത്തരം സാഹിതീയമായ ആവിഷ്കാരങ്ങൾ നടത്തിയിട്ടുള്ളത്. അഭിലഷണീയമായ ശരീരങ്ങൾക്കു മാത്രം അർഹതപ്പെട്ടതാണ് കാമനകൾ എന്ന ബോധത്തിൽ നിന്നുകൊണ്ട് പൂർണ്ണനായ ഒരാൾ മാറിനിന്നു നോക്കുന്ന കാഴ്ചയായിട്ടാണ് അവരുടെ ലൈംഗികാനുഭൂതികളെ ചിത്രീകരിച്ചിരിക്കുന്നത്. അതുകൊണ്ട് അത് അത്ഭുതപ്പെടേണ്ടതും പരിതപിക്കേണ്ടതും കുറ്റബോധം തോന്നേണ്ടതുമായ ഒന്നായി മാറുന്നു. വ്യക്തിയിൽ നിക്ഷിപ്തമായിട്ടുള്ള കർത്തവ്യങ്ങൾ നിറവേറ്റാനുള്ള ശേഷിയാണ് ഒരാളുടെ സാമൂഹിക നിലവാരം നിശ്ചയിക്കുന്നത്. ഭിന്നശേഷി കർതൃത്വങ്ങളെ ഈ നിലവാരത്തിന് താഴെയുള്ളവരായി പരിഗണിക്കുന്നതാണ് കാണുന്നത്. സങ്കല്പനപരമായ തെളിച്ചംകൊണ്ട് മാത്രമേ സാഹിത്യാവിഷ്കാരങ്ങളിലും തുറവികൾ സാധ്യമാവുകയുള്ളൂ.

## ആധാര സൂചി

1. ആദർശ് സി., രാജേഷ് എം.ആർ., (എഡി.) സൂത്രവാക്കുകൾ, ഗയ പുത്തകച്ചാല, തൃശ്ശൂർ, 2020.

2. ജോർജ് ഓണക്കൂർ, കാമന, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2014.

3. മുഹമ്മദ് എൻ.പി., ദൈവത്തിന്റെ കണ്ണ്, ഡിസി ബുക്സ്, കോട്ടയം, 2012.

4. രാധാകൃഷ്ണൻ സി., ഒറ്റയടിപ്പാതകൾ, പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്, 2015.

5. ശശി കെ.വി., (എഡി.) സാമൂഹികപാഠനം സിദ്ധാന്തങ്ങളുടെ മലയാളവഴികൾ, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല, തിരൂർ, 2020.

6. സുഭാഷ് ചന്ദ്രൻ., സമുദ്രശില, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2019.

7. സംഗീത ശ്രീനിവാസൻ, ആസിഡ്, ഡിസി ബുക്സ്, കോട്ടയം, 2017.

8. Butler Judith, The Psychic Life of Power: Theories in Subjection, Stanford, Stanford University press, 1997.

9. Butler Judith, Gender Trouble: Feminism and the subversion of Identity, Routledge, London, 1999.

10. Donald E. Hall., Subjectivity, Routledge, New York, 2004.

11. Foucault Michel, The History of Sexuality, volume 1 (trans. Robert Hurley), Pantheon, New York, 1978.

12. Henry Abelove, Michele Aina Barale, and David Halperin, (Eds.), The Lesbian and Gay studies, Routledge, London, 1993.

13. Taylor Charles, Sources of the Self: The Making of the Modern Identity, Cambridge, Harvard University press, 1989.

*Mail ID: athiramohanak@gmail.com*

# ദൃശ്യപരിമിതി- ലിപിവ്യവസ്ഥയും സമൂഹനിർമ്മിതിയും

ഡോ. ബീനാ കൃഷ്ണൻ എസ്.കെ.
അസ്സോസിയേറ്റ് പ്രൊഫസർ, ഗവൺമെന്റ് കോളെജ്, നെടുമങ്ങാട്

പ്രബന്ധസംഗ്രഹം

ഭിന്നശേഷി എന്ന പ്രയോഗത്തെ സാംസ്കാരികമായി പരിഗണിച്ചുകൊണ്ട് സമൂഹം, സ്വത്വം, പ്രതിനിധാനം തുടങ്ങിയ സങ്കല്പനങ്ങളിലൂടെ സാംസ്കാരികാടയാളങ്ങളെ വിമർശനവിധേയമാക്കേണ്ടതുണ്ട്. ശാരീരികമോ മാനസികമോ ആയ ഒരു അവസ്ഥയാണ് ഭിന്നശേഷി. എന്നാൽ സാധാരണ രീതിയിൽ പ്രവർത്തിക്കാൻ പ്രാപ്തിയില്ലാത്ത വ്യക്തികളായാണ് ഭിന്നശേഷിക്കാരെ സമൂഹം ഇന്നും കരുതുന്നത്. വൈകല്യത്തിന്റെ സ്വഭാവമനുസരിച്ചാണ് തരംതിരിവ് നടന്നിട്ടുള്ളത്. അതിലൊരു പ്രബലവിഭാഗമെന്ന നിലയിൽ കാഴ്ചപരിമിതരെ പരിഗണിക്കേണ്ടതുണ്ട്. എഴുത്ത്, വായന, സഞ്ചാര സ്വാതന്ത്ര്യം എന്നീ പരിമിതികളെ മറികടക്കാൻ നടന്നിട്ടുള്ള ശ്രമങ്ങളും ഒപ്പം ബ്രെയിൽ ലിപിയുടെ വികാസചരിത്രവും, അത് സമൂഹനിർമ്മിതിയെ എപ്രകാരം സ്വാധീനിച്ചു എന്ന അന്വേഷണവുമാണ് ഈ പ്രബന്ധം ലക്ഷ്യം വയ്ക്കുന്നത്.

**താക്കോൽ വാക്കുകൾ:** ശാസ്ത്ര പരികല്പന - നിർവചനം - നിയമപരിരക്ഷ - ഉദ്ഭവം - വളർച്ച - നിർമ്മിതി - അക്ഷരമാതൃക - നവീനപ്രവണത - സാങ്കേതിക വളർച്ച - സമൂഹനിർമ്മിതി ദൃശ്യപരിമിതി - ലിപിവ്യവസ്ഥയും സമൂഹനിർമ്മിതിയും.

ഭിന്നശേഷിമേഖലയിൽ പൊതുവെ പുനരധിവാസം, വിദ്യാഭ്യാസം, തൊഴിലവകാശങ്ങൾ, എന്നിവയെക്കുറിച്ചെല്ലാം വ്യാപകമായ ബോധവത്കരണവും ചർച്ചകളും ഇന്ന് നടക്കുന്നുണ്ട്. ജനസംഖ്യയുടെ 15% വരുന്ന ഒരു വിഭാഗം ഭിന്നശേഷി ഉള്ളവരാണെങ്കിലും ഈ ഒരു വിഭാഗത്തിന്റെ പ്രശ്നങ്ങൾക്ക്

ജനാധിപത്യ സംസ്കൃതി അനുസരിച്ചുള്ള പ്രാതിനിധ്യം സമൂഹത്തിൽ ലഭിക്കാത്തതെന്തെന്ന് അന്വേഷിക്കേണ്ടതുണ്ട്. സബ്-ആൾട്ടേൺ, ജൻഡർ വിഷയങ്ങളിൽ സമൂഹം കാണിക്കുന്ന ജാഗ്രത ഈയൊരു വിഭാഗത്തിന് ലഭിക്കാതെ പോയി. ഇങ്ങനെയൊരു പ്രശ്നവുമായി ബന്ധപ്പെട്ട സംവേദനം ലഭ്യമാവാതെ പോവുന്നുണ്ടെന്നത് വസ്തുതയാണ്. ഭിന്നശേഷിയുള്ളവരെന്ന നിലയിൽ അവർക്ക് അവരുടേതായ പ്രശ്നങ്ങൾ, ആവശ്യങ്ങൾ, അവകാശങ്ങൾ എന്നിവ ഉന്നയിക്കാനുള്ള പരിമിതികളാണ് ഇതിനു കാരണം. വ്യത്യസ്തമായ സവിശേഷതകളുള്ള ഒട്ടേറെ വിഭാഗങ്ങൾ ഉൾപ്പെടുന്നതാണ് ഭിന്നശേഷി വിഭാഗം. അതിലൊന്നാണ് കാഴ്ചപരിമിതർ.

### കാഴ്ച പരിമിതി നിർവചനം

21 വിഭാഗങ്ങളിലായി RPWD Act നിർവചിച്ചിട്ടുള്ള അംഗപരിമിതരിൽ പ്രഥമ പരിഗണന നൽകിയിട്ടുള്ള ഒരു വിഭാഗമാണ് കാഴ്ചപരിമിതർ. Total Absence of sight എന്ന് പൊതുവെ ദൃശ്യപരിമിതിയെ നിർവചിക്കാറുണ്ട്. എന്നാൽ RPWD ACT-ൽ കാഴ്ചയുടെ തോതടക്കം കൃത്യമായി നിർവചിച്ചിട്ടുണ്ട്. ശാസ്ത്രീയ അടിത്തറയോടുകൂടി നിർവചിക്കപ്പെട്ട ഈ അളവ് ഇന്നും മാറ്റമില്ലാതെ തുടർന്നു പോരുന്നു. സാധാരണയായി കാഴ്ചയില്ലായ്മ നിർവചിക്കുന്നത് ഒരു വ്യക്തിക്ക് നിലവിലുള്ള അഥവാ അയാളുടെ പരിധി കഴിച്ച് ശേഷിച്ച കാഴ്ചയുടെ പരിധി നിർണയിച്ചുകൊണ്ടാണ്. ആഗോളതലത്തിൽ പ്രശസ്തനായ സ്നെല്ലൻ രൂപീകരിച്ചെടുത്ത Snelley Chart ഉപയോഗിച്ചാണ് ഈ പ്രക്രിയ സാധ്യമാകുന്നത്. ഈ ചാർട്ട് പ്രകാരം ഒരു വ്യക്തിയുടെ കാഴ്ചപരിധി 3/60 ൽ താഴെയാണെങ്കിൽ അഥവാ അയാളുടെ Field of vision (കാഴ്ച ചുറ്റളവ്) 100-ൽ കുറവാണെങ്കിൽ അയാളെ കാഴ്ചപരിമിതിയുള്ള വ്യക്തിയായി (Visually impaired Person) പരിഗണിക്കാവുന്നതാണ്. ഒരു വ്യക്തിയുടെ കാഴ്ച പരിധി 3/60 മീറ്ററിലും 6/18 മീറ്ററിലും ഇടയ്ക്കാണെങ്കിൽ അയാളെ low vision അഥവാ (ഭാഗിക കാഴ്ച പരിമിതി) എന്ന് നിർവചിക്കുന്നു. ഏഴ് വരികളിലായി ക്രമീകരിച്ചിട്ടുള്ള വലിപ്പ വ്യത്യാസമുള്ള അക്ഷരങ്ങൾ വായിക്കുന്നതിനുള്ള ശേഷി പരിശോധിച്ചു കൊണ്ടാണ് ഈ പരിധി നിർണ്ണയിക്കുക. പൊതുവിൽ കാഴ്ചപരിധി ഇത്തരത്തിലാണ് കണക്കാക്കുന്നതെങ്കിൽ ചെറിയ തോതിലുള്ള കാഴ്ച മാത്രമുള്ള വ്യക്തിയുടെ കാഴ്ചച്ചുറ്റളവിനെയോ കാഴ്ചപരിധിയെയോ കൃത്യമായി നിർവചിക്കുക സാധ്യമല്ല. തന്മൂലം ഇത്തരം വ്യക്തികൾ അനുഭവിക്കുന്ന പ്രതിസന്ധികൾ വ്യക്ത്യധിഷ്ഠിതമാണെന്ന് കാണാം. ചെറിയ കാഴ്ച തോതുള്ളവർക്കു പ്രകടമായ നഷ്ടങ്ങളുള്ളതുകൊണ്ട് ഇത്തരക്കാരെ (Blind Visually

Impaired) എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തുന്നു. low vision വിഭാഗത്തിലുള്ള വ്യക്തികൾക്ക് എഴുത്ത്, വായന ഉൾപ്പെടെ സാധാരണക്കാർ ചെയ്യുന്ന കാര്യങ്ങൾ അല്പം മാറ്റം വരുത്തി സാധ്യമാക്കാവുന്നതാണ്. low vision Aids ഇതിനുദാഹരണമാണ്. അതുകൊണ്ടുതന്നെ ഈ വിഭാഗത്തിൽപ്പെടുന്നവർക്കുള്ള വിദ്യാഭ്യാസ,തൊഴിൽ സംവരണങ്ങൾ കൃത്യമായി നിർവചിച്ചിട്ടുണ്ട്.

നിയമപരിരക്ഷ

അനുഭവങ്ങളും ചുറ്റുപാടുകളും നിയന്ത്രണാതീതമാകുന്നതിനാലും സഞ്ചാരം പരിമിതപ്പെടുന്നതിനാലും കാഴ്ചപരിമിതി സവിശേഷ ശ്രദ്ധയർഹിക്കുന്നു. ശക്തമായ നിയമങ്ങളുണ്ടെങ്കിലും പലപ്പോഴും ഇവർ അവഗണിക്കപ്പെടുന്നു. അംഗപരിമിതർ, വികലാംഗർ, അംഗവൈകല്യം ബാധിച്ചവർ തുടങ്ങിയ ഒട്ടേറെ പദങ്ങൾ ഉപയോഗിച്ച് ശാരീരികഭിന്നത അനുഭവിക്കുന്നവരെ നാം വിശേഷിപ്പിക്കുന്നുണ്ടെങ്കിലും അനുയോജ്യമായ പദം ഏതെന്ന തർക്കം തുടർന്നുകൊണ്ടിരിക്കുന്നു. എന്നാൽ സൈദ്ധാന്തികമായും ശാസ്ത്രീയമായും അപഗ്രഥിക്കുമ്പോൾ ഇത്തരക്കാരെ വിശേഷിപ്പിക്കാൻ അനുയോജ്യമായ പദം അംഗപരിമിതർ എന്നുള്ളതാണ്. അംഗപരിമിതി ശാരീരിക ഘടനാവ്യതിയാനത്തിന്റെ ഭാഗമായി ഉണ്ടായ ഒരു കുറവോ അഥവാ ഒരു വെല്ലുവിളിയോ ആയിട്ടാണ് മുൻകാലങ്ങളിൽ നിർവചിക്കപ്പെട്ടിരുന്നത്. ഈ മേഖലയിൽ ഗൗരവതരമായ ചില മാറ്റങ്ങൾ അടുത്തകാലത്തായി ഉണ്ടായിട്ടുണ്ട്. തത്ഫലമായി ചില നിയമസംഹിതകൾ ലഭിച്ചിട്ടുണ്ട്. സൈദ്ധാന്തികപരമായ ഉണർവ്വും പൊതുധാരണയിലുണ്ടായ മാറ്റങ്ങളും എടുത്തു പറയേണ്ടതാണ്. അംഗപരിമിതരുടെ അവകാശത്തെ സംബന്ധിക്കുന്ന RPWD Act (Right to Persons with disability)-ഉം ഐക്യരാഷ്ട്ര നയപ്രഖ്യാപനവും അംഗപരിമിതി എന്നത് മനുഷ്യവൈവിധ്യത്തിന്റെ മറ്റൊരു സാധ്യതയാണെന്നും അതുകൊണ്ട് ഒരു വ്യക്തിയുടെ ഭിന്നതയെയും പരമാധികാരത്തെയും സമൂഹം മാനിക്കണം എന്നുമാണ് ആവശ്യപ്പെടുന്നത്. ഈ അർഥത്തിൽ അംഗപരിമിതർ എന്നത് സമൂഹത്തിന്റെ ഔദാര്യം അർഹിച്ചുകൊണ്ടു ജീവിക്കുന്ന താരതമ്യേന സ്വീകർത്താക്കൾ മാത്രമാണ് എന്നുള്ളതിൽ നിന്ന്, സാമൂഹികമായി ഒട്ടേറെ ശേഷിയുള്ള പൊതുസമൂഹത്തിന്റെ ഭാഗമായി ജീവിക്കേണ്ട മുഖ്യധാരാ പൗരന്മാരെപ്പോലെതന്നെ അവകാശമുള്ള, സാമൂഹിക മാനവ വിഭവശേഷിക്ക് ഒട്ടേറെ സംഭാവന നൽകാൻ കഴിവുള്ള ഒരു വിഭാഗമാണെന്ന് നമുക്ക് മനസ്സിലാക്കാം.

1995-ൽ ഇന്ത്യയിൽ പാസ്സാക്കിയ വികലാംഗ സംരക്ഷണ നിയമത്തിൽ

അംഗപരിമിതരെ ഏഴ് വിഭാഗങ്ങളായിട്ടാണ് നിർവചിച്ചിരുന്നത്. (RPWD Act 1995) എന്നാൽ ഐക്യരാഷ്ട്ര നയപ്രഖ്യാപനങ്ങളുടെ സത്ത പൂർണമായി ആവിഷ്കരിക്കുന്നതിനുവേണ്ടി 2016-ൽ നടപ്പാക്കിയ RPWD Act -ൽ ഇത് 21 വിഭാഗമായി വർദ്ധിച്ചിരിക്കുന്നു. മുൻകാലത്ത് അസുഖങ്ങളായി കണക്കാക്കിയിരുന്നവയും പഠന വൈകല്യമുൾപ്പെടെയുള്ള പലതിനെയും മനുഷ്യ വൈവിധ്യത്തിന്റെ സാധ്യത എന്ന നിലയ്ക്ക് അംഗപരിമിതിയായി നിർവചിക്കുന്നതിനും അക്കൂട്ടർക്ക് അർഹമായ സംവരണം തുടങ്ങി മറ്റു ക്ഷേമ പദ്ധതികളും ആവിഷ്കരിക്കുന്നതിനും അവസരം സൃഷ്ടിച്ചു. വിദ്യാഭ്യാസരംഗത്തും തൊഴിൽ രംഗത്തും സാമൂഹിക ക്ഷേമപദ്ധതികളിലുമൊക്കെ അംഗപരിമിതർക്ക് അർഹമായ ഇടം ലഭിക്കുന്നതിന് ഈ നിയമം വഴി സാധിക്കുന്നു. അവരുടെ കുലീനതയ്ക്കും, വ്യക്തി സ്വാതന്ത്ര്യത്തിനും, തെരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യത്തിനും, പരമാധികാരത്തിലും, അവർക്ക് സുശക്തമായി പ്രവർത്തിക്കുന്നതിനുള്ള അനുയോജ്യമായ ഇടം ഒരുക്കി കൊടുക്കുന്നതിനും ഈ നിയമം വഴി സാധിക്കുന്നു. സമൂഹത്തിലെ എല്ലാ ഇടങ്ങളെയും പ്രാപ്യമാക്കുന്നതിനാവശ്യമായ നിരവധി അനുച്ഛേദങ്ങൾ ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഇംഗ്ലീഷിൽ തയ്യാറാക്കിയിട്ടുള്ള ഈ രേഖ പല പ്രാദേശിക ഭാഷകളിലും വിവർത്തനം ചെയ്തിട്ടുണ്ട്.

### ലിപി സമ്പ്രദായം—ഉദ്ഭവവും വളർച്ചയും

ഒരു കണ്ടുപിടിത്തം എത്രതന്നെ മൗലികവും ആകസ്മികവുമാണെന്ന് തോന്നിയാലും അതിന്റെ പിന്നിൽ കുറെക്കാലത്തെ പരിശ്രമത്തിന്റെ ചരിത്രം ഉണ്ടായിരിക്കും. ഇവിടെയാണ് കാഴ്ചപരിമിതരുടെ എഴുത്തുരീതി സാധ്യമാക്കുന്നത് എന്ന നിലയിൽ ബ്രെയിൽ ലിപി പ്രസക്തമാക്കുന്നത്. കാഴ്ചയില്ലാത്തവർ കേവലം ഭിക്ഷാംദേഹികളും നിസ്സഹായരുമായി കരുതപ്പെട്ടിരുന്ന ഒരു കാലത്ത് നിരവധി എതിർപ്പുകളേയും ക്ലേശങ്ങളേയും അതിജീവിച്ചുകൊണ്ട് അവർക്കായി ഒരു എഴുത്തുരീതി കണ്ടുപിടിക്കുകയും അതിന്റെ വികാസത്തിനും പ്രചരണത്തിനും വേണ്ടി അന്ത്യനിമിഷംവരെ പ്രയത്നിക്കുകയും ചെയ്തിട്ടുള്ള മഹാനാണ് ബ്രയിൽലിപി സമ്പ്രദായത്തിന്റെ ഉപജ്ഞാതാവായ ലൂയി ബ്രെയിൽ. ലോകം മുഴുവനുമുള്ള അന്ധർക്ക് വിജ്ഞാനസമ്പാദനത്തിനും മാനസികോല്ലാസത്തിനും സാംസ്കാരിക പുരോഗതിക്കുമുള്ള ഏറ്റവും ഫലപ്രദമായ മാധ്യമമായി ബ്രെയിൽരീതി നിലകൊള്ളുന്നു. ചരിത്രം പരിശോധിക്കുമ്പോൾ കാഴ്ചയില്ലാത്തവരെ തങ്ങളുടെ വിചാരങ്ങൾ രേഖപ്പെടുത്തുന്നതിനും പരസ്പരം അറിയിക്കുന്നതിനും സഹായിക്കുന്ന ഒരു എഴുത്തുരീതി ഇറ്റാലിയൻ ഭിഷഗ്വരനായ ഫാദർ ലാനാ 1670-ൽത്തന്നെ തയ്യാറാക്കിയിരുന്നു. ഇതും കുത്തുകളെ

അടിസ്ഥാനമാക്കിയായിരുന്നു. എന്നാൽ ലാനയുടെ കാലശേഷം പ്രസ്തുത രീതി വിസ്മരിക്കപ്പെടുകയാണുണ്ടായത്. അതിനുള്ള പ്രധാന കാരണം കാഴ്ച പരിമിതർക്കുവേണ്ടിയുള്ള സംഘടിത വിദ്യാഭ്യാസരീതി അന്ന് നിലവിലില്ലായിരുന്നു എന്നുള്ളതാണ്. ഏതാണ്ട് ഒരു ശതാബ്ദത്തിനുശേഷം വാലന്റൈൻ ഹാവി അന്ധർക്കായുള്ള ആദ്യത്ത സ്കൂൾ പാരീസിൽ സ്ഥാപിക്കുന്നതുവരെ ഈ രംഗത്ത് യാതൊരു പരിശ്രമവും നടന്നില്ല. അന്ധർക്കു വായന സാധ്യമാക്കിത്തീർക്കുവാനുള്ള തന്റെ പരിശ്രമത്തിനിടയിൽ ഫാദർ ലാനായുടെ രീതിയെക്കുറിച്ച് ഹാവി കേട്ടിരുന്നുവോ എന്നു പോലും വ്യക്തമല്ല. ഒരു പക്ഷേ, അത് അദ്ദേഹത്തിന്റെ ശ്രദ്ധയിൽപെട്ടിരുന്നെങ്കിൽ പോലും കുത്തുകൾകൊണ്ടുള്ള ആ രീതി അദ്ദേഹം സ്വീകരിക്കുമായിരുന്നില്ലെന്ന് കരുതേണ്ടിയിരിക്കുന്നു. കാരണം കാഴ്ചയില്ലാത്തവരെ എല്ലാ കാര്യങ്ങളിലും കാഴ്ചയുള്ളവരോട് തുല്യരാക്കണമെന്ന തത്വമാണ് അദ്ദേഹം സ്വീകരിച്ചിരുന്നത്. അന്ന് പൊതുവെ നിലവിലിരുന്ന അഭിപ്രായഗതിയും അതുതന്നെയായിരുന്നു. അതുകൊണ്ട് സാധാരണ രീതിയിൽ അച്ചടിച്ച അക്ഷരങ്ങൾ വലുതാക്കിയതൊഴിച്ച് സ്പർശനത്തിന്റെ സഹായത്തോടെ വായിക്കാവുന്ന മറ്റൊരു രീതിയും വിഭാവനം ചെയ്യുവാൻ അദ്ദേഹത്തിന് കഴിയുമായിരുന്നില്ല.

വാലന്റൈൻ ഹാവി സ്ഥാപിച്ചതും പിന്നീട് റോയൽ ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തപ്പെട്ടതുമായ പാരീസിലെ അന്ധവിദ്യാലയത്തിൽ അംഗീകരിച്ചിരുന്ന രീതിയും ഇതായിരുന്നു. 1819-ൽ അവിടെ ഒരു വിദ്യാർത്ഥിയായി ചേർന്ന ലൂയി ബ്രെയിൽ വായിക്കുവാൻ പഠിച്ചതും ഉയർന്ന അക്ഷരങ്ങൾ ഉപയോഗിച്ചാണ്. ഇതിൽനിന്ന് വ്യത്യസ്തമായ ഒരു രീതി ആവിഷ്കരിക്കുവാൻ ശ്രമിച്ചവരിൽ പ്രഥമഗണനീയൻ ആർട്ടില്ലറി ക്യാപ്റ്റൻ ഷാർള്ബാർബിയോ ദെലസേർ ആയിരുന്നു. ഗവണ്മെന്റിന്റെ നയതന്ത്രപ്രതിനിധികൾക്കും സൈനികർക്കും വേണ്ടി ഉണ്ടാക്കിയ ഒരു രഹസ്യ എഴുത്തു രീതിയായിരുന്നു അത്. അക്ഷരങ്ങൾക്ക് പകരം വിരൽത്തുമ്പുകൊണ്ട് സ്പർശിച്ചു വായിക്കാവുന്ന ഉയർന്ന മുദ്രകളാണ് ഉപയോഗിച്ചിരുന്നത്. ഫ്രഞ്ചുഭാഷയുടെ 36 അടിസ്ഥാന ഏകകങ്ങളെ രണ്ടു ലംബ വരികളിലായി സജ്ജീകരിച്ചിരുന്ന 14 കുത്തുകളുടെ വിവിധ സംയോഗങ്ങൾകൊണ്ട് ഇതിൽ സൂചിപ്പിച്ചിരുന്നു. ഒരു വരിയിൽ രണ്ടുവീതം ഏഴു വരികളിലായി സജ്ജീകരിച്ചിരുന്ന ഈ കുത്തുകളും അവയുടെ സംയോഗങ്ങളും അന്ധർക്ക് വിരൽത്തുമ്പുകൊണ്ട് തൊട്ടു വായിക്കാവുന്നവയായിരുന്നു. ഇടതുവശത്തെ നിരയിലെ കുത്തുകൾ വരിയുടെ എണ്ണവും വലതുവശത്തെ വരിയിലെ കുത്തുകൾ കോളത്തിന്റെ നമ്പരും സൂചിപ്പിക്കുന്നു. ഇവ രണ്ടും

കൂട്ടിച്ചേർത്ത് ശബ്ദമാത്രകൾ കണ്ടുപിടിക്കേണ്ടിയിരുന്നു. 1819-ൽ ഒരു ദിവസം ബാർബിയേ റോയൽ ഇൻസ്റ്റിറ്റ്യൂട്ടിലെത്തി തന്റെ പുതിയ രീതി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർക്ക് വിവരിച്ചുകൊടുക്കുകയും അത് കാഴ്ചയില്ലാത്തവർക്ക് വളരെ സഹായകരമായിത്തീരുമെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. റോയൽ ഇൻസ്റ്റിറ്റ്യൂട്ടിലെ പല വിദ്യാർത്ഥികളും ഈ പുതിയ രീതിയിൽ ആകൃഷ്ടരായി. 1923 ഡിസംബർ 1-ാം തീയതി ബാർബിയേയുടെ രീതിയെ സംബന്ധിച്ച് പഠനം നടത്തുവാൻ ഊർജ്ജശാസ്ത്രജ്ഞനായ ആംപിയറെയും പ്രകൃതി ശാസ്ത്രജ്ഞനായ ലസെപ്പേദിനെയും അക്കാദമി ഓഫ് സയൻസ് നിയോഗിച്ചു. ബാർബിയേയുടെ രീതി സ്വീകരിച്ച റോയൽ ഇൻസ്റ്റിറ്റ്യൂട്ടിലെ രണ്ട് കുട്ടികളിൽ അവർ പരീക്ഷണങ്ങൾ നടത്തുകയും റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തു. കുട്ടികളിൽ ഒരാളെ മാറ്റി നിർത്തി അയാൾക്ക് ഒരു പാഠഭാഗം വായിച്ചു കൊടുത്തു. അത് അയാൾ ബാർബിയേ തന്നെ നിർമ്മിച്ച ലഘുവായ ഉപകരണം കൊണ്ട് പൂർണ്ണമായി എഴുതിയെടുത്തു. അവർ അത് മറ്റെ കുട്ടിയുടെ കയ്യിൽ കൊടുത്തു. അയാൾ അത് സാധാരണ അക്ഷരങ്ങളുടെ എഴുതുന്ന രൂപങ്ങൾ വായിക്കുന്നതിനേക്കാൾ വേഗത്തിൽ വായിച്ചു. ബാർബിയേയുടെ എഴുത്ത് രീതിയുടെ മേൻമയ്ക്ക് ഇതൊരു തെളിവായിരുന്നു. റിപ്പോർട്ടിൽ എടുത്തു പറഞ്ഞിരുന്ന പ്രസക്തമായ ഒരു അഭിപ്രായം ഇതായിരുന്നു. "സാധാരണ എഴുത്ത് കണ്ണിനോട് സംസാരിക്കുന്നു. ഷാർള് ബാർബിയെയുടെ രീതി സ്പർശത്തോട് സംസാരിക്കുന്നു."[1]

വായിക്കുവാൻ മാത്രമല്ല സാധാരണ രീതിയിൽ നിന്നും വ്യത്യസ്തമായി എഴുതുവാൻ കൂടി സഹായകമായിരുന്ന ഈ പുതിയ രീതിയിൽ അന്ധരായ കുട്ടികൾ ഉത്സുകരായതിൽ അത്ഭുതപ്പെടാനില്ല. എങ്കിലും അവർ അതിൽ പൂർണ്ണസംതൃപ്തരായിരുന്നില്ല. ഒന്നാമതായി അത് ഒരു ശബ്ദ വിന്യാസ രീതി (Sonography) ആയിരുന്നു. വർണ്ണവ്യത്യാസ രീതി (Orthography) ആയിരുന്നില്ല. ബാർബിയേയുടെ അഭിപ്രായത്തിൽ വർണ്ണവിന്യാസം അതിന്റെ എല്ലാ സുന്ദരവശങ്ങളോടും കൂടിത്തന്നെ അന്ധരെ സംബന്ധിച്ചിടത്തോളം ഒരു ആഡംബരമായിരുന്നു. രണ്ടാമതായി മിക്ക അടയാളങ്ങളും വളരെ വലുതും വിരൽത്തുമ്പിനു യോജിക്കാത്തതുമായിരുന്നു. അവയിൽ ചിലത് ലംബമായി നാലോ അഞ്ചോ ആറോ കുത്തുകൾ വരെ വിസ്തൃതമായിരുന്നു. തങ്ങളുടെ വൈകല്യത്തെ അതിജീവിക്കുവാൻ വേണ്ടി ബുദ്ധിശക്തിയുള്ള ധാരാളം കുട്ടികൾ പരിശ്രമിച്ചുകൊണ്ടിരുന്നു. ഓരോരുത്തരും ബാർബിയേയുടെ രീതി മെച്ചപ്പെടുത്തുന്നതിനും ലളിതമാക്കുന്നതിനും വേണ്ടിയാണ് ശ്രമിച്ചത്.

അവരിൽ ഒരാളായിരുന്നു ലൂയി ബ്രെയിൽ. 1825 ആയപ്പോഴേയ്ക്കും ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറായ ഡോക്ടർ പീഞ്ഞിയേ (Pignier) ബ്രെയിൽ പദ്ധതിയുടെ അടിസ്ഥാന തത്വങ്ങൾ ഉപയോഗപ്രദമാംവിധം തയ്യാറായിട്ടുള്ളതായി പ്രസ്താവിച്ചു. അത് ഒരു അക്ഷരമാല ആയിരുന്നു. സോണോഗ്രാഫി അല്ലെന്നർത്ഥം. ലംബമായ ഏഴ് കുത്തുകൾക്കു പകരം ഇതിൽ മൂന്നു കുത്തുകളേ ഉണ്ടായിരുന്നുള്ളൂ. ആദ്യത്തെ നാലുവരികൾ അഥവാ 40 രൂപങ്ങൾക്ക് ഇന്നോളം വ്യത്യാസം വരുത്തിയിട്ടില്ല.

അക്ഷര മാതൃക രൂപംകൊള്ളുന്നു

നിലവിലുള്ള രീതി പ്രായോഗികമായിരുന്നില്ല. സംയുക്തങ്ങൾ തമ്മിൽ വേർതിരിക്കുക പ്രയാസമായിരുന്നതിനാൽ ഇത് വായന താമസമുള്ളതാക്കിതീർത്തു. കൂടാതെ സ്റ്റൈലസ് ഉപയോഗിച്ച് വരകൾ ഇടുക എന്നത് എളുപ്പമല്ലായിരുന്നു. അതുകൊണ്ട് ആ നിയമത്തിന് മാറ്റം വരുത്തുകയും നാം ഇന്ന് കാണുന്നതുപോലെ ഇടകൾ ഉൾപ്പെടെയുള്ള 63 രൂപങ്ങൾ 1837-ൽ 'ദ മെതേഡ്' എന്ന പുസ്തകത്തിന്റെ രണ്ടാം പതിപ്പിൽ ക്രോഡീകരിച്ച് പ്രസിദ്ധപ്പെടുത്തുകയുണ്ടായി. സംഘഭക്തി പ്രേരിതമായി റോയൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് കാഴ്ചയുള്ള ബാർബിയയെ രണ്ടാം സ്ഥാനത്ത് നിർത്തികൊണ്ട് കാഴ്ചയില്ലാത്ത ലൂയി ബ്രയിലിനെ പ്രഥമസ്ഥാനത്തു കൊണ്ടുവരാൻ ശ്രമിച്ചതായി കരുതുന്നു. എന്നാൽ സത്യസന്ധനും വിനീതനുമായ ലൂയീ ബ്രെയിൽ 'ദ മെതേഡ്' എന്ന പുസ്തകത്തിന്റെ രണ്ടു പതിപ്പുകളുടെയും ആമുഖത്തിൽ തന്റെ വഴികാട്ടിയായിരുന്ന ബാർബിയയെ ആദരിക്കുവാനും അദ്ദേഹത്തോടുള്ള തന്റെ കടപ്പാട് പ്രഖ്യാപിക്കുവാനും മറന്നില്ല. ബാർബിയേ തന്റെ ശബ്ദാധിഷ്ഠിത പദ്ധതി മുറുകെ പിടിച്ചതിനാൽ അന്ധർക്കുവേണ്ടിയുള്ള എഴുത്തുരീതി ബാർബിയേ-ബ്രെയിൽ പദ്ധതി എന്നറിയപ്പെടാതെ പോയി.

മുമ്പുണ്ടായിരുന്ന മറ്റു രീതികളെക്കാൾ ബാർബിയെയുടെയും ലൂയി ബ്രെയിലിന്റെയും രീതികൾ തമ്മിൽ വളരെ സാമ്യം ഉണ്ടായിരുന്നു. ശരിക്കും ബാർബിയേയുടെ രീതി ബ്രെയിൽ രീതിയുടെ പിതൃസ്ഥാനം തന്നെയായിരുന്നു. എന്നാൽ ഈ പൈതൃകം മൂന്നു ഘടകങ്ങളിൽ ഒതുങ്ങി നിന്നു,

1. ഉയർന്ന കുത്തുകളുടെ ഉപയോഗം
2. ചിഹ്നങ്ങളുടെ വീതി- അതായത് രണ്ടു കുത്തുകളുടെ ഉപയോഗം
3. എഴുത്തുപകരണങ്ങളുടെ ലാളിത്യം (ഒരു ഗ്രിൽ, ചാലുകളോടുകൂടിയ ബോർഡ്, ഒരു സ്റ്റൈലസ് എന്നിവ) ഈ ഉപകരണങ്ങൾ കൊണ്ടാണ് ബ്രെയിൽ തന്റെ ആശയങ്ങൾ വികസിപ്പിച്ചത്.

വാലന്റെൻ ഹാവി മ്യൂസിയത്തിൽ ഒരു ഗൈഡ് റൂൾ സൂക്ഷിച്ചുവച്ചിട്ടുണ്ട്. മ്യൂസിയത്തിന്റെ സ്ഥാപകൻ 1826 എന്ന് അതിൽ രേഖപ്പെടുത്തിയിരിക്കുന്നു. കാഴ്ചയിൽ അത് ബാർബിയേയുടെ സ്ലേയിലിന്റെ ഒരു പരിഷ്കരിച്ച രൂപം മാത്രമാണ്. ബാർബിയേയുടെ സ്ലേയിലിലെ ഓരോ സെല്ലും ഒരു സാമാന്തരിക ദണ്ഡുകൊണ്ട് രണ്ടായി ഭാഗിച്ചിരിക്കുന്നു എന്നു മാത്രം. അങ്ങനെ എഴുത്തുപക രണത്തെ സംബന്ധിച്ചിടത്തോളം ലൂയി ബ്രെയിൽ ഒട്ടുമുക്കാലും ബാർബിയെ യോട് കടപ്പെട്ടിരിക്കുന്നു. ലൂയി ബ്രെയിലിന്റെ അപൂർവ്വ കല്പനാശക്തിയും മൗലികതയും നിഷേധിക്കാനാവില്ല. അദ്ദേഹം അന്ധർക്ക് ഒരു അക്ഷരമാല നല്കുകയും അങ്ങനെ എല്ലാവരും ഉപയോഗിക്കുന്ന സ്പഷ്ടമായ ഒരു ആശയ വിനിമയോപാധി ആവിഷ്കരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ രീതി തികച്ചും ശാസ്ത്രീയാടിസ്ഥാനത്തിലുള്ളതായിരുന്നു. ആറു കുത്തുകളുടെ ക്രമീകരണം തന്നെ എടുക്കുക. പരമാവധി മൂന്നു കുത്തുകളുടെ ഉയരം മാത്രമുള്ള ബ്രെയിൽ സെല്ലുകൾ വിരൽത്തുമ്പിന് ഏറ്റവും യോജിച്ച വലിപ്പത്തിലുള്ളതാണ്. മാത്രമല്ല ആറു കുത്തുകളുടെ 63 സംയോഗങ്ങൾക്ക് അദ്ദേഹം രൂപം നൽകി. ഒരു കുത്തു കുറവായിരുന്നുവെങ്കിൽ സംയോഗങ്ങളുടെ എണ്ണം കുറയുമായിരുന്നു. 16, അവ മതിയാകാതെ വന്നേനെ. ഒരു കുത്തുകൂടി കൂടുതലായിരുന്നുവെങ്കിൽ 75% രൂപങ്ങളും വായിക്കുവാൻ പ്രയാസമാകുമായിരുന്നു.

ബ്രെയിൽ അക്ഷരമാലയുടെ ആകർഷകത്വം അത് ക്രമീകൃതവും അക്കാരണത്താൽ തന്നെ വായിക്കുവാൻ എളുപ്പമുള്ളതുമാണ് എന്നതത്രേ. ഒരാൾ ആദ്യത്തെ ലൈനിലെ പത്തെണ്ണം പഠിച്ചു കഴിയുമ്പോൾ അൻപതെണ്ണം മനസ്സിലാക്കി കഴിയുന്നു. രണ്ടാമത്തെ ലൈൻ ഉണ്ടാക്കിയിട്ടുള്ളത് ആദ്യത്തെ ലൈനിലെ താഴെ ഇടതുവശത്ത് ഒരു കുത്ത് കൂട്ടിയാണ്. മൂന്നാമത്തെ ലൈൻ താഴെ രണ്ടു കുത്തുകൾ വീതം കൂട്ടിയാണ് ഉണ്ടാക്കുന്നത്. നാലാമത്തെ വരിയിൽ താഴെ വലതുവശത്തായി ഒരു കുത്തു ചേർക്കുന്നു. അഞ്ചാമത്തെ ലൈൻ ചിഹ്നങ്ങൾ ആണ്. ആദ്യത്തെ ലൈനിന്റെ രൂപങ്ങൾ തന്നെ സെല്ലുകളുടെ താഴത്തെ ഭാഗത്തേയ്ക്ക് മാറ്റുമ്പോൾ ആ രൂപങ്ങൾ ലഭിക്കുന്നു. ഈ ബുദ്ധിപൂർവ്വകമായ ക്രമപ്പെടുത്തൽ പ്രായമെത്തിയശേഷം അന്ധരായവർക്കും അതുപോലെതന്നെ ബ്രയിൽ പഠിച്ച് സന്നദ്ധസേവനം ചെയ്യുന്ന കാഴ്ചയുള്ളവർക്കും വളരെ വേഗം ബ്രെയിൽ പഠിക്കുന്നതിനു സഹായകമാണ്. അടിസ്ഥാനവരിയിലെ കുത്തുകളും വേണ്ടത്ര ശ്രദ്ധയോടുകൂടിയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് അല്പം ശ്രദ്ധിച്ചാൽ മനസ്സിലാകും. ഈ 63 രൂപങ്ങൾ താഴെകാണും വിധമാണ്.




അറുപത്തിമൂന്നിലേറെ സംയോഗങ്ങൾ ആവശ്യമാണെന്ന് കരുതുന്നവർ ഉണ്ട്. എന്നാൽ ശാസ്ത്രീയമായി നോക്കുമ്പോൾ ഇടവേളകൂടാതെ 15 രൂപങ്ങൾ ആദ്യവരിയിൽ വേണമായിരുന്നു. പക്ഷേ ബ്രെയിൽ ഒരു ഗണിത ശാസ്ത്രജ്ഞനായിരുന്നില്ല. സർവോപരി അദ്ദേഹം ഒരു അന്ധനായിരുന്നു. കൈവിരലിന് യോജിച്ച ഒരു രീതി കണ്ടുപിടിക്കുവാനാണ് അദ്ദേഹം പരിശ്രമിച്ചത്. കൂടെ ഉപയോഗിക്കാറുള്ള അക്ഷരങ്ങളുടെ രൂപങ്ങൾക്ക് കുറച്ച് കുത്തുകൾ ഉപയോഗിച്ചില്ലെന്നൊരു വിമർശനമുണ്ട്. ഉദാഹരണമായി ഫ്രഞ്ചിൽ സാധാരണ ഉപയോഗിക്കാറുള്ള ‘ല’ എന്ന അക്ഷരത്തിന് ആറു കുത്തുകൾ ഉപയോഗിച്ചിരിക്കുന്നു. നേരത്തെ സൂചിപ്പിച്ചതുപോലെ ബ്രെയിൽ രീതിയുടെ സംവിധാനത്തിൽ ലൂയി ബ്രെയിലിന് മാർഗദർശനമായിരുന്നത് ശാസ്ത്രജ്ഞാനമായിരുന്നില്ല, പ്രത്യുത അദ്ദേഹത്തിന്റെ അന്ത:പ്രജ്ഞ ആയിരുന്നു. വിരൽത്തുമ്പുകൊണ്ട് ഏറ്റവും ശരിയായും വേഗത്തിലും തിരിച്ചറിയാവുന്ന സംയോഗങ്ങൾ കുറച്ച് കുത്തുകൾ കൊണ്ടുണ്ടാക്കിയവയല്ല. മറിച്ച് ഓരോ അക്ഷരത്തിന്റെയും ഘടന അല്ലെങ്കിൽ രൂപത്തോട് സാദൃശ്യമുള്ളവയാണെന്ന് അദ്ദേഹം അഭ്യൂഹിച്ചു. പിന്നീട് മന:ശാസ്ത്രജ്ഞന്മാർ നടത്തിയ പരീക്ഷണങ്ങൾ ഇതൊരു ശാസ്ത്ര

വസ്തുതയാണെന്ന് തെളിയിച്ചു. കാഴ്ചയില്ലാത്ത ഒരു വായനക്കാരൻ കുത്തുകൾ എണ്ണുകയില്ല, പ്രത്യുത രൂപങ്ങൾ മനസ്സിലാക്കുകയാണ്.

നവീന പ്രവണതകൾ

ലൂയി ബ്രെയിലിന്റെ മരണത്തിനുശേഷം ബ്രെയിൽ രീതിയുടെ ഉപയോഗം വളരെ വേഗം വ്യാപിച്ചു. 50 വർഷത്തിനുള്ളിൽ അത് ഫ്രാൻസിനെയും യൂറോപ്പിനെയും ലോകത്തെത്തന്നെയും കീഴടക്കി. 1837-ൽ പാരീസിലെ അന്ധയുവാക്കൾക്കുവേണ്ടിയുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഫ്രാൻസിന്റെ ചരിത്രസമാഹാരം ബ്രെയിലിൽ വലിയ മൂന്നു വാല്യങ്ങളായി പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അതുമായി ബന്ധപ്പെട്ട രണ്ടുകാര്യങ്ങൾ പ്രത്യേക ശ്രദ്ധ അർഹിക്കുന്നു. സാമ്പത്തിക വിഷമതകൾ മൂലം ആറു കുത്തുകളുടെ ഒരു രൂപം മാത്രമേ ഉണ്ടാക്കിയുള്ളൂ. അതുകൊണ്ട് സ്കൂളിലെ കുട്ടികൾതന്നെ അധികമുള്ള ഡോട്ടുകൾ ഉളികൊണ്ട് ചെത്തിയും രാകിയും മറ്റും പുതിയ രൂപങ്ങൾ ഉണ്ടാക്കി. ഈ ചരിത്ര വസ്തുത എത്രയോ ഹൃദയസ്പർശിയാണ്. തങ്ങളുടെ ജീവിതസരണിയിൽ തടസ്സങ്ങൾ സൃഷ്ടിച്ച അന്ധതയുടെ പിടിയിൽ നിന്ന് തങ്ങളെ മോചിപ്പിക്കേണ്ടുന്ന ആ പുതിയ കണ്ടുപിടുത്തത്തിൽ കാഴ്ചനഷ്ടപ്പെട്ട ചെറുപ്പക്കാർ കാണിച്ച താൽപ്പര്യം എത്ര ശ്ലാഘനീയമാണ്. ആ ചരിത്ര ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തിന്റെ ഒരു അനന്തരഫലം ബ്രെയിൽ പ്രിന്റിങിന്റെ താൽക്കാലിക തിരസ്കരണം ആയിരുന്നു. എന്നിരുന്നാലും വാലന്റൈൻ ഹാവി മ്യൂസിയം അക്കാലത്തെ കൈയ്യെഴുത്തു പ്രതികൾ സൂക്ഷിച്ചിട്ടുള്ളതിൽനിന്നും അന്ന് കാഴ്ചയില്ലാത്ത കുട്ടികളും പ്രൊഫസർമാരും അവരുടെ സ്വന്തം ഉപയോഗത്തിനായി ബ്രെയിലിൽ എഴുതിക്കൊണ്ടിരുന്നു എന്ന സൂചനയുണ്ട്.

ബ്രെയിൽ രീതിയുടെ നിരോധനം അധികകാലം നീണ്ടുനിന്നില്ല. 1847-ൽ പ്രസ്തുത രീതിയിൽ സാധാരണ പാഠപുസ്തകങ്ങൾ അച്ചടിക്കാൻ തുടങ്ങി. ലൂയി ബ്രെയിൽ മരിച്ച് 7 മാസങ്ങൾക്കു ശേഷം അദ്ദേഹംതന്നെ ഡയറക്ടറായിരുന്ന ഇൻസ്റ്റിറ്റ്യൂട്ട് വിദേശഭാഷയിലുള്ള ആദ്യത്തെ ഒരു ബ്രെയിൽ ഗ്രന്ഥം അച്ചടിച്ച് പ്രസിദ്ധപ്പെടുത്തി. പോർച്ചുഗീസ് ഭാഷയിലുള്ള ഒരു റീഡിംഗ് മാനുവൽ ആയിരുന്നു അത്. അതിന് ആവശ്യമായ ഫണ്ട് ബ്രസീൽ ചക്രവർത്തി വ്യക്തിപരമായി സംഭാവന ചെയ്തതായിരുന്നു.

ഇന്ത്യയിൽ അന്ധർക്കായുള്ള ആദ്യത്തെ വിദ്യാലയം 1887-ൽ അമൃതസറിൽ സ്ഥാപിതമായി. ആനിഷാർപ്പ് എന്ന മിഷനറി വനിതയായിരുന്നു സ്ഥാപക. തുടർന്ന് 1890-ൽ പാളയം കോട്ടയിലും 1897-ൽ കൽക്കത്തയിലും, 1900-ൽ ബോംബെയിലും ഓരോ സ്കൂൾ സ്ഥാപിക്കപ്പെട്ടു. കേരളത്തിൽ

ആദ്യത്തെ അന്ധവിദ്യാലയം 1934-ൽ കുന്നംകുളത്ത് ആരംഭിച്ചു.1947-ൽ ഇന്ത്യയിലാകെ അന്ധർക്കുവേണ്ടി അൻപതിലേറെ സ്ഥാപനങ്ങളുണ്ടായിരുന്നു. സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം സ്കൂളുകളുടേയും മറ്റു സ്ഥാപനങ്ങളുടേയും സംഖ്യ ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. ഒരു ഏകീകൃത ബ്രെയിൽ രീതിയുടെ അഭാവം അന്ധരുടെ വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം വലിയ ഒരു വിലങ്ങുതടിയായിരുന്നു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി എട്ടോളം ബ്രെയിൽ കോഡുകൾ പ്രചാരത്തിലിരുന്നു. വിവിധ ഭാഷകളും വ്യത്യസ്ത വിദ്യാഭ്യാസ പശ്ചാത്തലവുംമൂലം എല്ലാവർക്കും സ്വീകാര്യമായ ഒരു രീതി കണ്ടുപിടിക്കുക എളുപ്പമായിരുന്നില്ല. ഈ നൂറ്റാണ്ടിന്റെ ആരംഭം മുതൽതന്നെ ഒരു ഏകീകൃത ബ്രെയിൽ കോഡിനു വേണ്ടിയുള്ള പരിശ്രമം തുടങ്ങിയെങ്കിലും സർവസമ്മതമായി ഒരു തീരുമാനത്തിലെത്തുവാൻ ബന്ധപ്പെട്ടവർക്ക് സാധ്യമായിരുന്നില്ല. എല്ലാ ഭാരതീയ ഭാഷകൾക്കും ഒരുപോലെ അനുയോജ്യമായ ഒരു ബ്രെയിൽ കോഡിന് രൂപം നല്കുവാൻ 1949-ൽ ഇന്ത്യാ ഗവണ്മെന്റ് യുനെസ്കോയുടെ സഹായം അഭ്യർത്ഥിച്ചു. യുനെസ്കോയുടെ വിദഗ്ധ സഹായത്തോടെ 1951-ൽ ഒരു ഏകീകൃത ബ്രെയിൽ രീതി നിലവിൽ വന്നു. അത് 'ഭാരതി ബ്രെയിൽ' എന്നറിയപ്പെടുന്നു. എല്ലാ ഭാരതീയ ഭാഷകൾക്കും ഒന്നുപോലെ യോജിച്ച ഈ രീതിയാണ് ഇപ്പോൾ രാജ്യമൊട്ടുക്കുള്ള എല്ലാ സ്ഥാപനങ്ങളും റീജ്യണൽ ബ്രെയിൽ പ്രസ്സുകളും ഉപയോഗിക്കുന്നത്. ബ്രെയിലിൽ മലയാളത്തിൽ പ്രത്യേകിച്ചും നിലവിൽ ചുരുക്കെഴുത്തുകൾ ഉണ്ട്.

മലയാള അക്ഷരമാല ചുവടെ ചേർക്കുന്നു:



എഴുത്തിന്റെ വേഗത വർദ്ധിപ്പിക്കാൻ ഇംഗ്ലീഷിലെപ്പോലെ മലയാളത്തിലും ചുരുക്കെഴുത്തുകളുണ്ട്.

ഉദാ: ആ - ആവശ്യ



ഇ - ഇത്തര



ഈ - ഈശ്വര



ഉ - ഉദാഹര



ഊ - ഊർജ്ജം



കാലാനുസൃതമായി ബ്രെയിൽ എഴുതുന്ന ഉപകരണത്തിന് പല മാറ്റങ്ങളും വന്നിട്ടുണ്ട്. നാലു വരിയുള്ള പോക്കറ്റ് ബ്രെയിൽ, എട്ടുവരികളുള്ള ഡയറി ബ്രെയിൽ, 27 വരികളുള്ള ബ്രെയിൽ സ്ലേറ്റ്, കുട്ടികൾക്കു പഠിക്കാനുള്ള രണ്ടു വരികളുള്ള ബ്രെയിൽ ബോർഡ്, ടൈപ്പിങ് മാതൃകയിലുള്ള മാർബർഗ്, ബ്രെയിലർ എന്നിങ്ങനെയുള്ളവ. കൂടാതെ ഗണിതം കൈകാര്യം ചെയ്യുന്നതിനുള്ള ടെയിലർ ഫ്രെയിം, ടൈപ്പ് (ലോഹക്കട്ട) ജ്യോമടിക്കൽ കിറ്റ് എന്നിങ്ങനെയുള്ള ഉപകരണങ്ങളുമുണ്ട്. ഗണിതം കൈകാര്യം ചെയ്യുന്നതിന് ഗണിത ചുരുക്കെഴുത്ത് നിലവിലുണ്ട്. സാങ്കേതികവിദ്യയുടെ വരവ് ബ്രെയിലിൽ കൂടുതൽ ഗവേഷണങ്ങൾക്ക് വഴി തുറന്നു.

## സാങ്കേതിക വിദ്യയും സമൂഹ നിർമ്മിതിയും

കാഴ്ചയില്ലായ്മ പ്രധാനമായും ഒരു വ്യക്തിയിൽ മൂന്നു പരിമിതികൾ സൃഷ്ടിക്കുന്നു എന്നാണ് കരുതുന്നത്.

1. അനുഭവങ്ങളുടെ തോതിലും വൈവിധ്യത്തിലുമുള്ള കുറവ്
2. നിലനിൽക്കുന്ന അന്തരീക്ഷത്തിന്മേലുള്ള നിയന്ത്രണമില്ലായ്മ
3. സ്വതന്ത്ര സഞ്ചാരത്തിനുള്ള പരിമിതി.

ഈ വിധമുള്ള പരിമിതി പരിഹരിക്കേണ്ടതിനെക്കുറിച്ചുള്ള പഠനങ്ങൾ ആദ്യകാലത്തു തന്നെ നടന്നിട്ടുണ്ട്. എന്നാൽ ആധുനിക സാങ്കേതിക വിദ്യയുടെ വരവോടെ ഈ രംഗത്ത് ഒരു കുതിച്ചു ചാട്ടം തന്നെയാണുണ്ടായിട്ടുള്ളത്.

സ്ക്രീൻ റീഡറുകളുടെ വരവോടെ (ദർശനി വായന സഹായി) ആധുനിക സമൂഹം വളർച്ചയുടെ പടവുകൾ വളരെ വേഗം മറികടന്നു, OCR (Optical Character Recognition), Text to speech തുടങ്ങിയ സാങ്കേതിക വിദ്യ വന്നതോടെ അതുവരെ കാഴ്ച പരിമിതർക്ക് സങ്കല്പിക്കാൻ പോലും കഴിയാതിരുന്ന ഉൾച്ചേർക്കലുകൾ സാധ്യമായി. വിൻഡോസ്, ലിനക്സ് തുടങ്ങിയ ഓപ്പറേറ്റിംഗ് സിസ്റ്റത്തോടൊപ്പം വീനക്സ് എന്ന സംവിധാനംതന്നെ കാഴ്ച പരിമിതർക്കായി നിർമ്മിക്കപ്പെട്ടു. സ്ക്രീനിൽ കാണുന്ന ഐക്കണുകളെല്ലാം വായിച്ചുകേട്ട് കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തിയാക്കാൻ സാധിക്കുന്നു. NVDA (Non-Visual Desk Access) എന്ന സോഫ്റ്റ് വെയറിന്റെ സഹായത്തോടെ മലയാളമുൾപ്പെടെയുള്ള ഇന്ത്യൻ ഭാഷകൾ കൈകാര്യം ചെയ്യാൻ സാധിക്കുന്നു. വിരൽത്തുമ്പിലൂടെ ലോകത്തുള്ള വിവരങ്ങൾ വായിച്ചു കേൾക്കാനും തെരഞ്ഞു കണ്ടെത്താനും ഇതുവഴി അവസരം ലഭിച്ചു. ആൻഡ്രോയിഡും ഐ.ഒ.എസും എളുപ്പത്തിൽ സാധ്യമാക്കാൻ ഇന്ന് അവസരമുണ്ട്.

കമ്പ്യൂട്ടറിന്റെ വരവ് ബ്രെയിൽ ലിപിക്കും പുത്തനുണർവ് നൽകിയിട്ടുണ്ട്. കമ്പ്യൂട്ടറൈസ്ഡ് ബ്രെയിൽ പ്രസ്സുകൾ കണ്ടുപിടിച്ചതോടെ പാഠപുസ്തകങ്ങൾ എളുപ്പത്തിൽ അച്ചടിച്ച് വിതരണം ചെയ്യാനുള്ള വഴിതുറന്നു. കേരളത്തിൽ നിരവധി സംഘടനകളും സ്ഥാപനങ്ങളും പുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നുണ്ട്. കമ്പ്യൂട്ടറിലെ ആറു കീകളുപയോഗിച്ച് അതായത് ബ്രെയിൽ രീതിക്കനുസരിച്ച് ടൈപ്പ് ചെയ്യുവാൻ കഴിയുന്ന ശാരദ ബ്രെയിൽ റൈറ്റർ എന്ന ടൈപ്പിംഗ് ടൂൾ SCERT ന്റെ നേതൃത്വത്തിൽ നിർമ്മിച്ച് പോരുന്നു. വികലാംഗരായ വ്യക്തികൾക്കുപോലും ഈ രീതി ഉപയോഗിച്ച് ടൈപ്പ് ചെയ്യാൻ സാധിക്കും. കീബോർഡിലെ A S D F J K L കീകളുപയോഗിച്ചാണ് ശാരദ ബ്രെയിൽ റൈറ്റർ തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ ഐ-ബസ് ബ്രെയിൽ എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ടെക്സ്റ്റ് എഡിറ്ററുകളിൽ എവിടെയും ടൈപ്പു ചെയ്യാവുന്ന സൗകര്യമുണ്ട്. ഇവ കൂടാതെ അഡ്വാൻസ്ഡ് ബ്രെയിൽ കീ ബോർഡ് എന്ന മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ബ്രെയിലിന്റെ മാതൃകയിൽ ടൈപ്പ് ചെയ്യാം. കമ്പ്യൂട്ടറുകളെപ്പോലെ തന്നെ മൊബൈൽ ഫോണുകളും സ്ക്രീൻ റീഡറുടെ സഹായത്തോടെ കാഴ്ചപരിമിതർക്ക് യഥേഷ്ടം ഉപയോഗിക്കുവാൻ സാധിക്കുന്നു.

വായനാപ്രതിസന്ധി മറികടക്കുന്നതിനായി സമൂഹമാധ്യമങ്ങൾ ഇന്ന് സഹായമാകുന്നുണ്ട്. ഇന്റർനെറ്റിന്റെ സാധ്യതകൾ പൂർണ്ണമായും

ഉപയോഗപ്പെടുത്തിക്കൊണ്ട് വായന വേഗത്തിലാക്കാൻ സഹായിക്കുന്നു. ബ്ലോഗ്, ഫെയ്സ്ബുക്ക്, വാട്സ്ആപ്, ടെലിഗ്രാം തുടങ്ങിയ മാധ്യമങ്ങൾ വായനാപ്രതിസന്ധിയെ പരിഹരിക്കാൻ ധാരാളം സാധ്യതകൾ തുറന്നിടുന്നു. വായനാ ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ അതിൽ എടുത്തു പറയേണ്ടതാണ്. സമൂഹത്തിലെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന വ്യക്തികളുടെ സഹായത്തോടെ പുസ്തകങ്ങളും ആനുകാലികങ്ങളും മറ്റും വായിക്കുന്നതിനുള്ള അവസരമുണ്ട്. ശ്രവ്യം വായനാകൂട്ടായ്മ, ദ്യുതി കൂട്ടായ്മ, മാധുകം ലൈബ്രറി ദ്യുതി ന്യൂസ്, ഹൃദ്യം റഫറൻസ് ലൈബ്രറി, എന്നിങ്ങനെ വിവിധ സംഘങ്ങൾ ഈ രംഗത്ത് പ്രവർത്തിച്ചു വരുന്നു. ഓഡിയോ ലൈബ്രറി എന്ന സംവിധാനം സർക്കാർ ഏജൻസികളും മറ്റും നടപ്പാക്കിയിട്ടുണ്ട്. കൂടാതെ ഈ-പബ്ബ് ബുക്കുകൾ വായനയുടെ മറ്റൊരു സാധ്യതയാണ് തുറക്കുന്നത്, ഓഡിയോ ബുക്കുകൾ മറ്റൊരാളുടെ സഹായത്തോടു കൂടിയാണ് വായിക്കുന്നതെങ്കിൽ ഈ-പബ്ബ് സ്വയം വായിക്കുന്നതിനുള്ള അവസരമാണ് നൽകുന്നത്. ഇത് പരിമിതിയെ പൂർണമായും മറികടന്നുകൊണ്ട് തന്റെ വ്യക്തിത്വത്തെ നിലനിർത്താൻ കാഴ്ചപരിമിതരെ സഹായിക്കുന്നു എന്നതിൽ തർക്കമില്ല. ബ്രെയിലിന്റെ പ്രചാരണത്തിനായി പല പദ്ധതികൾ ഇന്നാവിഷ്കരിച്ചിട്ടുണ്ട്. ബ്രെയിലിന്റെ ഉപയോഗം കാര്യക്ഷമമാക്കാൻ ചില ശ്രമങ്ങളും നടക്കുന്നു. ട്രെയിനുകളിലും മറ്റു വാഹനങ്ങളിലും കോച്ച് നമ്പറൊക്കെ ബ്രെയിലിൽ രേഖപ്പെടുത്തുന്നു. ലിഫ്റ്റുകൾ, ATM എന്നിവയിലൊക്കെ ഇത് ലഭ്യമാണ്. സഞ്ചാരത്തിനുള്ള പരിമിതി മറികടക്കുന്നതിനായി വെള്ള വടി (white cane) വ്യാപകമായി ഉപയോഗിച്ചു പോരുന്നു. പുതിയ കാലത്ത് സെൻസറുകൾ ഘടിപ്പിച്ച smart cane-കൾ ലഭ്യമാണ്. ലൂയി ബ്രെയിലിന്റെ ജന്മദിനം ലോക ബ്രെയിൽ ദിനമായും വെള്ളവടിയുടെ പ്രചാരത്തിനായി അന്ധക്ഷേമപക്ഷാചരണം, ഹെലൻ കെല്ലറുടെ ജന്മദിനം അതിജീവന ദിനമായും സർക്കാർ തലങ്ങളിലും മറ്റും ആചരിച്ചു പോരുന്നു. അന്തർദേശീയ, ദേശീയ, പ്രാദേശിക തലത്തിൽ നിരവധി സംഘടനകളും ഈ യജ്ഞം ഏറ്റെടുത്തിട്ടുണ്ട്.

ഒരു സമൂഹമെന്ന നിലയ്ക്കുള്ള കാഴ്ചപരിമിതരുടെ വളർച്ച, സാമൂഹ്യവും സാംസ്കാരികവുമായ പുരോഗതി എന്നിവയെല്ലാം കൂടുതൽ പഠനങ്ങൾക്ക് വിധേയമാകേണ്ടതുണ്ട്. ഈ മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ കാഴ്ചപരിമിതരുടെ ജീവിതത്തെ ഏറെ മുന്നോട്ട് കൊണ്ടു പോയിട്ടുണ്ട്. കേവലം ഭിക്ഷാംദേഹികൾ എന്ന നിലയിൽനിന്നും അതിജീവനത്തിലൂടെ ഉയരങ്ങളിലെത്താൻ സാധിച്ചിട്ടുണ്ട്. ഇന്ന് സിവിൽ സർവീസും സോഫ്റ്റ് വെയർ എഞ്ചിനീയർമാരും

സ്കൂൾ കോളേജ് അധ്യാപകരുമൊക്കെയായി ഒട്ടേറെ വ്യക്തികൾ പ്രവർത്തിച്ചു വരുന്നു. ഈ നേട്ടങ്ങൾ കൈവരിക്കുമ്പോഴും പൊതുസമൂഹത്തിന്റെ അംഗീകാരം പൂർണ്ണമായും നേടിയെടുക്കാൻ ഇന്നും സാധിച്ചിട്ടില്ല. അനുഭവങ്ങൾക്ക് പ്രാമുഖ്യം ഇല്ലാത്ത പൊതുസമൂഹത്തിൽ സാങ്കല്പികമായി നിർവചിക്കപ്പെട്ട പൊതുബോധം പ്രവർത്തിക്കുന്നു എന്നു വേണം കരുതാൻ. സിനിമയിലും സാഹിത്യത്തിലുമെല്ലാം ഇത്തരം പൊതുബോധം പ്രവർത്തിക്കുന്നുണ്ട്. സംസ്കാരങ്ങളുടെ ഉദയം മുതൽ ഇന്നുവരെയുള്ള കാഴ്ചപരിമിതരെ സംബന്ധിക്കുന്ന മുഖ്യധാരാ വ്യാഖ്യാനങ്ങളിലെല്ലാം കാഴ്ചയില്ലായ്മ ഇരുട്ടാണ് എന്ന ധാരണയാണ് അടിയുറച്ചു കാണുന്നത്. പലപ്പോഴും കാഴ്ചയുള്ളവർ വെളിച്ചത്തിന്റെ അഭാവത്തിൽ കാണുന്ന ഇരുട്ടിനോടാണ് കാഴ്ചയില്ലാത്തവന്റെ ലോകത്തെ ബന്ധിപ്പിക്കുന്നത്. ഇത്തരം ധാരണ വേട്ടയാടുന്ന കാലം മുതൽ ഉണ്ടായതാകാമെന്ന് അമേരിക്കൻ ആക്ടിവിസ്റ്റ് കെന്നത്ത് ജേർണിക്കൽ നിരീക്ഷിക്കുന്നു. കാഴ്ചയുളളവർക്ക് വെളിച്ചത്തിൽ വേട്ടയാടാൻ കഴിയാത്തതുകൊണ്ടും കാഴ്ചപരിമിതർക്ക് പൊതുവിൽ വേട്ടയാടാൻ സാധിക്കാത്തതുകൊണ്ടുമാകാം ഇത്തരം നിഗമനത്തിലെത്തിയത്. യഥാർത്ഥത്തിൽ വെളിച്ചം എന്താണെന്ന് അറിഞ്ഞ ഒരാൾക്ക് മാത്രമേ ഇരുട്ടിനെ കൃത്യമായി നിർവചിക്കാനാവൂ. ജന്മനാ കാഴ്ചപരിമിതിയുള്ള ഒരാൾക്ക് ഇരുട്ടും വെളിച്ചവും തമ്മിലുള്ള വ്യത്യാസം പ്രാപ്യമല്ല. അതിനാൽ സമൂഹത്തിന്റെ പൊതുബോധത്തിന് യാതൊരു ജൈവിക സാധ്യതയുമില്ല. പാർശ്വവൽക്കരിക്കപ്പെട്ടവരെക്കുറിച്ചുള്ള സാമാന്യധാരണകളെ അവർ തിരുത്തിയത് അവരുടെതന്നെ സാഹിത്യ നിർമ്മിതികളിലൂടെയായിരുന്നു. അനുഭവങ്ങളുടെ അഭാവം ഒരു സാഹിത്യനിർമ്മിതിക്ക് കാഴ്ചപരിമിതരെ അനുവദിച്ചതുമില്ല. അല്ലെങ്കിൽ സ്ത്രീ-ദളിത് സാഹിത്യം പോലെ മറ്റൊന്ന് ഉരുത്തിരിഞ്ഞു വന്നേനെ. വൈകല്യപഠനം എന്ന മേഖലയുടെ ഗവേഷണശ്രമങ്ങൾ കാഴ്ചപരിമിതർക്ക് ഒരു സമൂഹം എന്ന നിലയിൽ കൂടുതൽ സാധ്യതകൾ തുറന്നിടുന്നു. വിഭവങ്ങൾ സൃഷ്ടിക്കുന്നതിനുള്ള സാങ്കേതികമായ പരിമിതിയും പൊതുഘടകങ്ങളിൽ ഇടപെടുന്നതിനുള്ള അവസരങ്ങൾ ഇല്ലാത്തതും മുഖ്യധാരാമാധ്യമങ്ങളുടെ ബോധപൂർവ്വമോ അബോധപൂർവ്വമോ ആയ അവഗണനയും ഇതിന് കാരണമായിട്ടുണ്ടാവാം. അംഗപരിമിതിപഠനം എന്ന സൈദ്ധാന്തിക പരിപ്രേഷ്യം നിലവിൽ വന്നതിന് ശേഷം പ്രത്യേകിച്ച് സാങ്കേതികവിദ്യ ഉപയോഗിച്ച് മുഖ്യധാരാ മാധ്യമങ്ങളിലും സാമൂഹ്യമാധ്യമങ്ങളിലും മറ്റും ലഭിച്ച പുതിയ ഇടം ആവിഷ്കാര സ്വാതന്ത്ര്യമെന്ന സാഹിത്യസാധ്യതകൾക്ക് ആക്കം കൂട്ടി.

മഹത്വവൽക്കരണവും ശൂന്യവൽക്കരണവും കാഴ്ചയില്ലാത്തവരുൾപ്പെടെയുള്ള അംഗപരിമിതരെ സംബന്ധിക്കുന്ന രണ്ടു പ്രതിനിധാന നിർമ്മാണ രീതികളായാണ് സാഹിത്യത്തിലും സിനിമയിലും ഇതര വ്യവഹാരങ്ങളിലും നമുക്ക് ദർശിക്കാൻ കഴിയുന്നത്. ഒന്ന് ദൈവികത കല്പിക്കുകയും മറ്റൊന്ന് നിരാകരിക്കുകയും ചെയ്യുക എന്ന അവസ്ഥയാണ്. ഒരു സാധാരണ വ്യക്തിയായി പരിഗണിച്ചുകൊണ്ട് സമൂഹത്തിന്റെ ഒപ്പം നിർത്തുക എന്നതു മാത്രമാണ് യഥാർത്ഥത്തിൽ വേണ്ടത്. സമൂഹ നിർമ്മിതിയുടെ ചരിത്രം പരിശോധിച്ചാൽ ഇതിനുള്ള ശ്രമങ്ങളും നടന്നിട്ടുണ്ട്. കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് പോലുള്ള സംഘടനകൾ ഇത്തരം ആശയം മുന്നിൽക്കണ്ട് പ്രവർത്തിച്ചവരാണ്. പരിമിതികളെ അംഗീകരിച്ചുകൊണ്ട് സമഭാവനയോടെ ജീവിക്കാനാകുന്ന സാഹചര്യം സാധ്യമാകുമെന്ന് നമുക്ക് പ്രത്യാശിക്കാം.

## കുറിപ്പുകൾ

1. പി.ഡബ്ല്യു.ഡി. ആക്ട്-1995 ഗവണ്മെന്റ് ഓഫ് ഇന്ത്യ, അനുഛേദം 8
2. RPWD Act, 2016 ഗവണ്മെന്റ് ഓഫ് ഇന്ത്യ, അനുഛേദം 4

## സഹായകഗ്രന്ഥങ്ങൾ

1. മാധ്യമം ആഴ്ചപതിപ്പ്- 2019 ഒക്ടോബർ 4 ഡോ. സി. ഹബീബ്.
2. ഭാഷാസാഹിതി, കേരളസർവകലാശാലാ മലയാളവിഭാഗത്തിന്റെ ത്രൈമാസികാ പ്രസിദ്ധീകരണം, പുസ്തകം 27-31, ലക്കം 1-20, പ്രസാധനം ഡിസംബർ 2020.
3. ലൂയി ബ്രെയിൽ ജീവചരിത്രം- ജോർജ്ജുകുട്ടി കാരേപ്പറമ്പിൽ, ഫസ്റ്റ് പബ്ലിഷ്ഡ് – സെപ്റ്റംബർ 1978, വിതരണം- കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ്.
4. ശാസ്ത്രഗതി- ലേഖനം- 2020 നവംബർ 16- ഡോ. സി. ഹബീബ്.

*Email: beena.s.krishnan @gmail.com*

# ഡിസെബിലിറ്റി നരേറ്റീവുകളും വൈരുധ്യങ്ങളും:
## 'ഷേപ്പ് ഓഫ് വാട്ടർ' എന്ന സിനിമയെ മുൻനിർത്തിയുള്ള പഠനം

ഫെൽബിൻ ആന്റണി
ഗവേഷകൻ, കെ.കെ.ടി.എം. ഗവ. കോളേജ്, പുല്ലൂറ്റ്.

### പ്രബന്ധസംഗ്രഹം

ഡിസെബിലിറ്റി നരേറ്റീവ് എന്ന നിലയിൽ ശ്രദ്ധിക്കപ്പെടുകയും 2018ൽ മികച്ച ചിത്രത്തിനുള്ള ഓസ്കാർ അവാർഡ് നേടുകയും ചെയ്ത 'ഷേപ്പ് ഓഫ് വാട്ടർ' എന്ന സിനിമയെ മുൻനിർത്തി ഡിസെബിലിറ്റി നരേറ്റീവുകളിലെ സാധ്യതകളെയും വൈരുധ്യങ്ങളെയും അപഗ്രഥിക്കുകയാണ് ഈ പഠനത്തിന്റെ ലക്ഷ്യം. നെഗറ്റീവ് സ്റ്റീരിയോടൈപ്പുകൾ സൃഷ്ടിക്കുന്ന പ്രതിസന്ധികൾ കണ്ടെത്താനും, ഡിസെബിൾഡായ വ്യക്തികളുടെ പ്രണയാനുഭവങ്ങളോടും ലൈംഗികവികാരങ്ങളോടും ആഖ്യാനരൂപങ്ങൾ പുലർത്തുന്ന സമീപനത്തെ പ്രശ്നവൽക്കരിക്കാനും പഠനത്തിലൂടെ ശ്രമിക്കുന്നു. ആഖ്യാനരൂപങ്ങളിൽ ഡിസെബിലിറ്റി മിമിക്രിയുടെ ഘടകങ്ങൾ കടന്നുവരുമ്പോൾ അതു സൃഷ്ടിക്കുന്ന സാമൂഹികചലനങ്ങളെക്കൂടി പഠനത്തിന്റെ ഭാഗമാക്കുന്നു.

**താക്കോൽ വാക്കുകൾ:** നെഗറ്റീവ് സ്റ്റീരിയോടൈപ്പുകൾ, ഡിസെബിലിറ്റി മിമിക്രി, ടോക്സിക് റൊമാന്റിക് ഫാന്റസി.

### ആമുഖം

ഡിസെബിൾഡായ വ്യക്തികളോടുള്ള സാമൂഹികമനോഭാവത്തെ രൂപപ്പെടുത്തുന്നതിൽ ചലച്ചിത്രാഖ്യാനങ്ങൾ വഹിക്കുന്ന പങ്കെന്താണെന്നത് പ്രസക്തമായ ചോദ്യമാണ്. ഡിസെബിൾഡായ വ്യക്തികളുടെ ശാരീരികവും മാനസികവുമായ അവസ്ഥകളെ കൃത്യതയോടുകൂടി അവതരിപ്പിക്കുക എന്നത് പ്രാധാന്യമർഹിക്കുന്നു. നല്ല ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയുള്ള

ആവിഷ്കാരങ്ങൾക്ക ഡിസെബിൾഡായ വ്യക്തികൾ കടന്നുപോകുന്ന പ്രതിസന്ധികളെ ശരിയായ രീതിയിൽ സമൂഹത്തിലേക്ക് എത്തിക്കാനും പൊതുബോധനിർമ്മിതികളെ ചോദ്യം ചെയ്യാനും കഴിയുന്നു. മാത്രമല്ല, ഡിസെബിൾഡായ കഥാപാത്രങ്ങൾ പ്രതിസന്ധികളെ തരണം ചെയ്യുന്നതും വിജയം നേടുന്നതുമായ അവതരണങ്ങൾ, യഥാർത്ഥജീവിതത്തിൽ സമാനമായ സാഹചര്യങ്ങളിലൂടെ കടന്നുപോകുന്ന വ്യക്തികളെ പ്രചോദിപ്പിക്കുന്നതിനും ജീവിതവീക്ഷണങ്ങളിൽ മാറ്റം വരുത്തുന്നതിനും ആത്മവിശ്വാസത്തോടെ മുന്നോട്ട് നീങ്ങുന്നതിനും സഹായിച്ചേക്കാം. ചരിത്രപരമായി ഡിസെബിൾഡായവർക്ക് വിനോദമേഖലയിൽ പ്രാതിനിധ്യം കുറവാണ്. ഡിസെബിൾഡായ അഭിനേതാക്കളുടെ മുഖ്യധാരയിലേക്കുള്ള കടന്നുവരവ് പ്രാതിനിധ്യത്തോടൊപ്പം കഴിവുകൾ പ്രകടിപ്പിക്കാനുള്ള അവസരങ്ങളും സൃഷ്ടിക്കുന്നു. ഡിസെബിലിറ്റിയുള്ളവർ വേറിട്ടതും പാർശ്വവൽക്കരിക്കപ്പെട്ടതുമായ ഒരു വിഭാഗമാണെന്ന പ്രബലമായ ആഖ്യാനത്തെ വെല്ലുവിളിക്കാനും പകരം അത് മനുഷ്യാനുഭവത്തിന്റെ സ്വാഭാവികതയാണെന്ന വസ്തുതയെ പ്രോത്സാഹിപ്പിക്കാനും ഇത് സഹായിക്കും. എന്നാൽ ഡിസെബിൾഡായവർക്ക് സമൂഹത്തിലേക്ക് സംഭാവന ചെയ്യാനോ സംതൃപ്തമായ ജീവിതം നയിക്കാനോ സാധിക്കില്ലെന്ന വിശ്വാസത്തെ ശക്തിപ്പെടുത്താൻ കഴിയുന്നതിനാൽ നെഗറ്റീവ് സ്റ്റീരിയോടൈപ്പുകൾ ദോഷകരമാണ്. ഡിസെബിലിറ്റി നരേറ്റീവ് എന്ന വിശേഷണത്തോടെ അവതരിപ്പിക്കപ്പെടുകയും എന്നാൽ വിപരീതമായ ഫലങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന ആഖ്യാനമാതൃകകൾ വിമർശിക്കപ്പെടേണ്ടതുണ്ട്.

ഡിസെബിലിറ്റിയെ ആഖ്യാനവിധേയമാക്കുന്ന ശ്രദ്ധേയമായ ചിത്രങ്ങളിൽ ഒന്നാണ് 'ഷേപ്പ് ഓഫ് വാട്ടർ'. മികച്ച ചിത്രത്തിനുള്ള ഓസ്കാർ അവാർഡ് നേടിയ ചിത്രമായിട്ടുകൂടി ഡിസെബിലിറ്റി നരേറ്റീവ് എന്ന ആശയത്തോട് സിനിമ എത്രമാത്രം നീതിപുലർത്തി എന്നത് പ്രസക്തമാണ്. വ്യത്യസ്തമായ അഭിപ്രായങ്ങൾ ഈ സിനിമയെക്കുറിച്ച് നിരൂപകർക്കിടയിൽ നിലനിൽക്കുന്നുമുണ്ട്. 'ഷേപ്പ് ഓഫ് വാട്ടർ' എന്ന സിനിമയുടെ ആഖ്യാനരീതികളെ ഡിസെബിലിറ്റി പഠനങ്ങളെ മുൻനിർത്തി വിമർശനാത്മകമായി അന്വേഷിക്കേണ്ടതുണ്ട്.

### ഷേപ്പ് ഓഫ് വാട്ടർ—സിനിമ

ഗുൽലെർമോ ഡെൽറ്റോറോ സംവിധാനം ചെയ്ത 2017-ൽ പുറത്തിറങ്ങിയ ഇംഗ്ലീഷ് ചലച്ചിത്രമാണ് 'ഷേപ്പ് ഓഫ് വാട്ടർ'. റൊമാന്റിക് ഫാന്റസി ഗണത്തിലാണ് ചിത്രം ഉൾപ്പെടുന്നത്. ആയിരത്തിത്തൊള്ളായിരത്തി അറുപതുകളുടെ

തുടക്കത്തിൽ, യു.എസ്.എ.യും യു.എസ്.എസ്. ആറും തമ്മിലുള്ള ശീതയുദ്ധകാലത്ത് ബാൾട്ടിമോറിൽ നടക്കുന്ന ഒരു സംഭവമാണ് സിനിമയുടെ ഇതിവൃത്തം. സംസാരശേഷിയില്ലാത്ത ഏകാകിയായ യുവതിയാണ് ഏലീസ. കുട്ടിയായിരുന്നപ്പോൾ വോക്കൽ കോഡുകൾ മുറിഞ്ഞുപോയതിനെത്തുടർന്നാണ് അനാഥയായ അവൾക്ക് സംസാരശേഷി നഷ്ടപ്പെട്ടത്. അമേരിക്കൻ സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഒരു രഹസ്യ ഗവേഷണകേന്ദ്രത്തിലെ തൂപ്പുകാരിയായ ഏലീസക്കു കൂട്ടായുള്ളത് സഹജീവനക്കാരിയായ സെൽഡയാണ്. സെൽഡ ഒരു ആഫ്രോ-അമേരിക്കൻ സ്ത്രീയാണ്. ഏലീസയുടെ ആംഗ്യഭാഷ മറ്റുള്ളവർക്ക് പരിഭാഷപ്പെടുത്തുന്നതും സെൽഡയാണ്. ജോലിസ്ഥലം വിട്ടാൽ ഏലീസയ്ക്ക് സുഹൃത്തായുള്ളത് ഏകാന്തവാസം ഇഷ്ടപ്പെടുന്ന, സ്വവർഗാനുരാഗിയായ, ജൈൽസ് ആണ്.

ഒരിക്കൽ ആമസോൺ നദിയിൽനിന്നും പാതി മനുഷ്യനും മത്സ്യവും ചേർന്ന ഒരു അത്ഭുതജീവിയെ ഈ രഹസ്യകേന്ദ്രത്തിൽ എത്തിക്കുന്നു. മത്സ്യത്തിനെപ്പോലെ ചെകിളകളുള്ള, വെള്ളത്തിലും കരയിലും ശ്വസിക്കാൻ സാധിക്കുന്ന ഒരു ജീവിയാണത്. അമേരിക്കൻ സയൻസ് ഫിക്ഷനുകളുടെ സ്ഥിരം ലക്ഷ്യങ്ങളായ ചാന്ദ്രപര്യവേഷണം, റഷ്യൻ ചാരന്മാർ, ശാസ്ത്രപുരോഗതി എന്നിവയാണ് ഈ ജീവിയെക്കൊണ്ട് നേടാനുള്ളത്. ക്രൂരനും സ്വേച്ഛാധിപതിയുമായ സ്ട്രിക് ലാൻഡിന്റെ നേതൃത്വത്തിലാണ് അത്ഭുതജീവിയെ ഗവേഷണകേന്ദ്രത്തിൽ എത്തിക്കുന്നത്. ആ ജീവിയോടുള്ള ക്രൂരമായ പ്രവർത്തികൾക്കിടെ അയാളുടെ രണ്ട് വിരലുകൾ ജീവി കടിച്ചെടുക്കുന്നുണ്ട്. അത് ഭാവവ്യത്യാസങ്ങളില്ലാതെ പെറുക്കിയെടുത്ത് തിരികെ ഏൽപ്പിക്കുന്നത് ഏലീസയാണ്. ആദ്യ കാഴ്ചയിൽ തന്നെ വിചിത്രമായ ഒരു അടുപ്പം ഏലീസയ്ക്ക് അത്ഭുതജീവിയോട് തോന്നുന്നു. പതുക്കെ ആ അടുപ്പം ആശയവിനിമയത്തിലേക്കും പ്രണയത്തിലേക്കും നീങ്ങുന്നു. അവളെപ്പോലെ ആംഗ്യങ്ങളിലാണ് ജീവിയും ആശയവിനിമയം നടത്തുന്നത്. ഏലീസ അത്ഭുതജീവിയുമായി ആശയവിനിമയം നടത്താൻ അമേരിക്കൻ ആംഗ്യഭാഷ ഉപയോഗിക്കുകയും ചെയ്യുന്നു. അമേരിക്കൻ സർക്കാർ അത്ഭുതജീവിയെ കൊല്ലാൻ തീരുമാനിക്കുമ്പോൾ, തന്നെ സ്നേഹിക്കുന്ന ജീവിക്കായി അവൾ എന്തിനും തയാറാകുന്നു. അവരുടെ പ്രണയമാണ് ‘ഷേപ് ഓഫ് വാട്ടർ’ എന്ന സിനിമയുടെ കേന്ദ്രം. ഏലീസ ഗവേഷണകേന്ദ്രത്തിൽ നിന്നും അത്ഭുതജീവിയെ സെൽഡയുടെയും മറ്റൊരു ശാസ്ത്രജ്ഞന്റെയും സഹായത്തോടെ കടത്തിക്കൊണ്ടുവന്ന് തന്റെ വീട്ടിൽ പാർപ്പിക്കുന്നു. പ്രണയബദ്ധരായ അവർ ലൈംഗികബന്ധത്തിലും

ഏർപ്പെടുന്നുണ്ട്. എന്നാൽ ഏലീസയുടെ പക്കലാണ് അത്ഭുതജീവി ഉള്ള തെന്നറിഞ്ഞ സ്ട്രിക് ലാൻഡിന്റ് അവിടെയെത്തി ജീവിയെ പിടികൂടാൻ ശ്രമിക്കുന്നു. ജീവിയെ കനാലിൽ ഒഴുക്കി രക്ഷപ്പെടുത്താൻ ശ്രമിക്കുന്നതിനിടെ ഏലീസക്ക് വെടിയേൽക്കുന്നു. ഏലീസയെ എടുത്തുകൊണ്ട് അത്ഭുതജീവി വെള്ളത്തിലേക്ക് പോവുകയും അവിടെ ഏലീസ ജീവിതത്തിലേക്ക് തിരിച്ചെത്തുന്നതുമായ കാല്പനിക ഭാവത്തിലാണ് സിനിമ അവസാനിക്കുന്നത്.

ഏലീസയായി അഭിനയിച്ച സാലി ഹോക്കിൻസാണ് 'ഷേപ് ഓഫ് വാട്ടറി'നെ നയിക്കുന്നത്. പ്രതിനായക വേഷത്തിൽ മൈക്കിൾ ഷാനൻറെയും സഹനടന്റെ വേഷത്തിൽ മൈക്കിൾ സ്റ്റൽബാർഗിന്റെയും മികച്ച അഭിനയമാണ് കാഴ്ചവെയ്ക്കുന്നത്. ഏലീസയെ സംരക്ഷിക്കുന്ന സെൽഡയായി ഓക്ടേവിയ സ്പെൻസറിന്റെ പ്രകടനവും മനോഹരമാണ്. മികച്ച ചിത്രമടക്കം നാല് അക്കാദമി അവാർഡുകൾ ഈ സിനിമ നേടിയിട്ടുണ്ട്. ഏലീസയുടെ സംസാരവൈകല്യവും അത്ഭുതജീവിയുമായുള്ള പ്രണയവുമാണ് സിനിമയിലെ പ്രധാന പ്രമേയമെങ്കിലും ഡിസെബിലിറ്റി നരേറ്റീവ് എന്ന നിലയിൽ സിനിമ പല മേഖലയിലും വിമർശനവിധേയമാകുന്നു. റൊമാന്റിക് ഫാന്റസി ഗണത്തിൽ ഉൾപ്പെടുമ്പോഴും വൈരുദ്ധ്യം നിറഞ്ഞ പ്രണായാഖ്യാനത്തിന്റെ പ്രതിഫലനമായി സിനിമ മാറുന്നു. ഡിസെബിലിറ്റി നരേറ്റീവുകളിൽ മികച്ചതെന്ന് അഭിപ്രായം നേടിയ 'ഷേപ്പ് ഓഫ് വാട്ടർ' എന്ന സിനിമയിലെ ആഖ്യാന വൈരുദ്ധ്യങ്ങളെ അന്വേഷിക്കുകയാണ് ലേഖനത്തിന്റെ വരുംഭാഗങ്ങളിൽ.

### നെഗറ്റീവ് സ്റ്റീരിയോടൈപ്പുകൾ

സിനിമകളിലെ നെഗറ്റീവ് സ്റ്റീരിയോടൈപ്പുകൾ എന്നത് ഒരു പ്രത്യേക കൂട്ടം ആളുകളുടെ സംസ്കാരം, വംശം, ലിംഗഭേദം, മതം അല്ലെങ്കിൽ ലൈംഗിക ആഭിമുഖ്യം തുടങ്ങിയവയെക്കുറിച്ചുള്ള ദോഷകരവും നിന്ദ്യവുമായ അനുമാനങ്ങൾ ഉറപ്പിക്കുന്ന വിധത്തിലുള്ള അവതരണങ്ങളെ സൂചിപ്പിക്കുന്നു. നിർഭാഗ്യവശാൽ, സമൂഹത്തിലെ വിവിധ വിഭാഗങ്ങളോടുള്ള ആളുകളുടെ ധാരണകളെയും മനോഭാവങ്ങളെയും സ്വാധീനിക്കുന്ന നെഗറ്റീവ് സ്റ്റീരിയോടൈപ്പുകളുടെ വ്യാപനത്തിനുള്ള ശക്തമായ മാധ്യമമാണ് സിനിമകൾ.

ഡിസെബിലിറ്റി ആഖ്യാനങ്ങളിൽ നെഗറ്റീവ് സ്റ്റീരിയോടൈപ്പുകൾ വലിയ അളവിൽ സ്വാധീനം ചെലുത്തുന്നു. ഈ സ്റ്റീരിയോടൈപ്പുകൾ പലപ്പോഴും ഡിസെബിൾഡായവരെക്കുറിച്ചുള്ള വൈരുദ്ധ്യം നിറഞ്ഞ അനുമാനങ്ങളും മിഥ്യാധാരണകളും നിലനിർത്തുന്നു. അവർക്ക് തൃപ്തികരമായ ജീവിതം നയിക്കാനോ സമൂഹത്തിന് സംഭാവന ചെയ്യാനോ സ്വന്തം തീരുമാനങ്ങൾ

എടുക്കാനോ കഴിയില്ലെന്ന തെറ്റായ സന്ദേശം നൽകാനും സ്റ്റീരിയോടൈപ്പുകൾ വഴിവയ്ക്കുന്നു. 'ഷേപ്പ് ഓഫ് വാട്ടർ' എന്ന സിനിമയിൽ ഇത്തരം സ്റ്റീരിയോടൈപ്പുകൾ പ്രകടമായി കാണാൻ കഴിയും.

ഡിസെബിൾഡായ ആളുകൾ തങ്ങളുടെ ജീവിതക്രമത്തിൽ മറ്റുള്ളവരെ ആശ്രയിക്കുന്നുവെന്നും സ്വയം പരിപാലിക്കാൻ കഴിയില്ലെന്നുമുള്ള വിശ്വാസമാണ് സാധാരണയായി കാണുന്ന സ്റ്റീരിയോടൈപ്പിൽ ഒന്ന്. ശാരീരിക പരിമിതിയുള്ള ചില ആളുകൾക്ക് സ്വതന്ത്രമായി ജീവിക്കാൻ പിന്തുണയും താമസസൗകര്യവും ആവശ്യമാണെന്നത് ശരിയാണെങ്കിലും, ഡിസെബിൾഡായ നിരവധി വ്യക്തികൾ സംതൃപ്തമായ ജീവിതം നയിക്കാനും സമൂഹത്തിന് അർത്ഥപൂർണ്ണമായ രീതിയിൽ സംഭാവന നൽകാനും പ്രാപ്തരാണെന്ന വസ്തുത ഈ വിവരണങ്ങൾ അവഗണിക്കുന്നു. ഏലീസ മേൽ സൂചിപ്പിച്ച സ്റ്റീരിയോടൈപ്പിനു പുറത്തു നിൽക്കുമെന്നു പ്രഥമദൃഷ്ടിയിൽ തോന്നുമെങ്കിലും സിനിമയിലെ ചില സന്ദർഭങ്ങൾ ഇതിന് അപവാദമായി നിൽക്കുന്നു. ജോലി ചെയ്തു വരുമാനം കണ്ടെത്തി തന്റെ കാര്യങ്ങൾ കൃത്യമായി നിർവ്വഹിക്കുന്ന ആളാണ് ഏലീസ. അവളുടെ ആശയങ്ങൾ മറ്റുള്ളവരിലേക്ക് എത്തിക്കാൻ സെൽഡ എന്ന കഥാപാത്രത്തെ സുഹൃത്തായി നിയോഗിച്ചിരിക്കുന്നു. യഥാർത്ഥത്തിൽ സെൽഡയുടെ കഥാപാത്രരൂപീകരണംതന്നെ ഒരു സ്റ്റീരിയോടൈപ്പായി മാറുന്നു. ഏലീസ ASL (അമേരിക്കൻ സൈൻ ലാംഗ്വേജ്) ഉപയോഗിച്ചാണ് ആശയവിനിമയം നടത്തുന്നത്. പ്രേക്ഷകനിൽ ഭൂരിഭാഗം ആളുകൾക്കും ആ ഭാഷ അറിയില്ല. ഇതിന് പരിഹരമായിട്ടുകൂടിയാണ് ഇത്തരം കഥാപാത്രരൂപീകരണം സംഭവിക്കുന്നത്. സംസാരശേഷി നഷ്ടപ്പെട്ട ആളുകൾ ആശയവിനിമയത്തിനായി ഉപയോഗിക്കുന്ന ഭാഷ സാർവ്വത്രികമാകേണ്ടതിന്റെ ആവശ്യകതയിലേക്ക് ഇത് വിരൽ ചൂണ്ടുന്നുണ്ട്. മാറ്റൊരു ഭാഷ പഠിക്കുന്നതു പോലെ തന്നെ സംസാരശേഷി നഷ്ടപ്പെട്ടവർ ആശയവിനിമയം നടത്താനുപയോഗിക്കുന്ന ഭാഷാരീതിയെക്കൂടി പൊതുയിടങ്ങളുടെ ഭാഗമാക്കുന്നിടത്താണ് മേൽ സൂചിപ്പിച്ച സ്റ്റീരിയോടൈപ്പുകൾ തകർക്കപ്പെടുന്നത്.

ഡിസെബിൾഡായവർ അവരുടെ അവസ്ഥ കാരണം അസന്തുഷ്ടരോ ദയനീയരോ ആണെന്ന അനുമാനമാണ് മറ്റൊരു സ്റ്റീരിയോടൈപ്പ്. ഡിസെബിൾഡായ ആളുകൾക്ക് അവരുടെ ജീവിതത്തിൽ സന്തോഷവും സംതൃപ്തിയും അനുഭവിക്കാൻ കഴിയുമെന്ന വസ്തുതയെ ഈ ആഖ്യാനപ്രവണത അവഗണിക്കുന്നു. അത്ഭുതജീവിയെ രക്ഷിക്കുന്നതിന്റെ പ്രാധാന്യം എന്താണെന്നു ഏലീസ ഗൈൽസിനോട് വിശദീകരിക്കുന്ന രംഗത്തിലെ സംഭാഷണം

ഇങ്ങനെയാണ്.

> "അവൻ എന്നെ നോക്കുമ്പോൾ, അവൻ എന്നെ നോക്കുന്ന രീതിയിൽ, എനിക്ക് എന്താണ് കുറവെന്നോ ഞാൻ എങ്ങനെ അപൂർണ്ണയാണെന്നോ അവനറിയില്ല."

ഡിസെബിൾഡ്ഡായവർ അരക്ഷിതരാണെന്ന ബോധത്തെ ആവർത്തിക്കുകയാണ് ഈ രംഗം. ഡിസെബിൾഡ്ഡായവർക്ക് പ്രണയിക്കാനുള്ള സാധ്യതകൾ പരിമിതമാണെന്നും തങ്ങളുടെ കുറവുകളാണ് അതിന് കാരണം എന്ന ചിന്തയും പേറിയാണ് അവർ ജീവിക്കുന്നതെന്ന തെറ്റിദ്ധാരണയെ ഊട്ടിയുറപ്പിക്കുകയാണിവിടെ. ഏലീസയെ പ്രണയിക്കാൻ അവളുടെ സ്വന്തം പരിസരത്തുനിന്നും ആരും ഇല്ലെന്നാണോ അതോ ശാരീരിക പരിമിതിയുള്ളതുകൊണ്ട് വിചിത്രരൂപമുള്ള ജീവികൾ മാത്രമേ അവളെ പ്രണയിക്കാൻ തയ്യാറാവുകയുള്ളു എന്നതാണോ ഈ ആഖ്യാനത്തിലൂടെ ലക്ഷ്യം വച്ചിരിക്കുന്നത് എന്ന് വ്യക്തമല്ല. ഏതു തന്നെയാണെങ്കിലും ഇത്തരം അവതരണങ്ങൾ പ്രശ്നവൽക്കരിക്കേണ്ടതു തന്നെയാണ്.

ഡിസെബിൾഡ്ഡായവർക്ക് വൈവിധ്യമാർന്ന താൽപ്പര്യങ്ങളോ അനുഭവങ്ങളോ ഉണ്ടാവുകയില്ലെന്ന ചിന്തയാണ് മറ്റൊരു സ്റ്റീരിയോടൈപ്പ്. ഡിസെബിലിറ്റിയോടുകൂടി ജീവിക്കുന്നത് ഒരു വ്യക്തിയുടെ അനുഭവങ്ങളെയും കാഴ്ചപ്പാടുകളെയും ബാധിക്കുമെന്നത് ശരിയാണെങ്കിലും, അവർ വൈവിധ്യമാർന്ന താൽപ്പര്യങ്ങളും അഭിനിവേശങ്ങളും അനുഭവങ്ങളുമുള്ള ബഹുമുഖ വ്യക്തികളാണെന്ന വസ്തുതയെ ഇത്തരം അവതരണങ്ങൾ അവഗണിക്കുന്നു. അത്ഭുതജീവിയും ഏലീസയും തമ്മിലുള്ള പ്രണയം അവതരിപ്പിക്കുന്ന ഒരു ഗാനരംഗം സിനിമയിലുണ്ട്. പാട്ടിന്റെ ആരംഭത്തിൽ ASL ഉപയോഗിച്ചു സംസാരിക്കുകയും പിന്നീട് ഏലീസ സംസാരശേഷി നേടി, പാട്ടുപാടുന്ന രംഗങ്ങളും സിനിമയിൽ കാണാം. ഏലീസ അത്ഭുതജീവിയോട് വാക്കാലുള്ള സ്നേഹം പ്രകടിപ്പിക്കുകയും ചെയ്യുന്നു. മാത്രമല്ല അവൾ പൂർണ്ണമായും സ്വതന്ത്രയായി എന്ന രീതിയിൽ ചിത്രീകരിക്കപ്പെടുന്ന സിനിമയിലെ ഒരു രംഗം കൂടിയാണിത്. അനുഭവസംബന്ധിയായ ഭാവങ്ങളെ അവതരിപ്പിക്കുന്നതിൽ ഡിസെബിലിറ്റി ഒരു പരിമിതിയായി നിൽക്കുന്നു എന്ന സൂചനകൾ ഈ അവതരണത്തിലൂടെ ഉണ്ടാകുന്നു.

ഏലീസയുടെ കഥാപാത്രം മറ്റുകഥാപാത്രങ്ങളെ പോലെതന്നെ ഏകമാനമാണ്. ഈ കഥാപാത്രത്തെ നെഗറ്റീവ് സ്റ്റീരിയോടൈപ്പുകളുടെ ഒരു കൂട്ടമായി പരിഗണിക്കാം. സമൂഹത്തിന്റെ പൊതുബോധ നിർമ്മിതിക്കു

പുറത്തു നിൽക്കുന്ന അപരത്വം ഏലീസയുടെ കഥാപാത്രത്തിൽ കാണാം. നെഗറ്റീവ് സ്റ്റീരിയോടൈപ്പുകൾ ഡിസെബിൾഡ്‌യ വ്യക്തികളിൽ കാര്യമായ സ്വാധീനം ചെലുത്തും. വികലാംഗരായ ആളുകളെ നിസ്സഹായരായി ചിത്രീകരിക്കുമ്പോൾ, അവർ സമൂഹത്തിന് സംഭാവന ചെയ്യാനോ സംതൃപ്തമായ ജീവിതം നയിക്കാനോ കഴിവില്ലാത്തവരാണെന്ന അനുമാനത്തിലേക്ക് നയിച്ചേക്കാം. വിദ്യാഭ്യാസം, തൊഴിൽ, സാമൂഹിക ഇടപെടലുകൾ തുടങ്ങിയ മേഖലകളിൽ ഇത് വിവേചനത്തിനും ഒഴിവാക്കലിനും ഇടയാക്കും. ഡിസെബിൾഡ്ഡായവർ പുറത്തുള്ളവരോ അപരരോ ആണെന്ന സങ്കൽപ്പം 'ഷേപ്പ് ഓഫ് വാട്ടറി'ൽ മാത്രമൊതുങ്ങുന്നതല്ല. ഇത് സമൂഹത്തിലെ മിക്കവരും പുലർത്തുന്ന ഒരു മനോഭാവമാണ്. അബോധത്തിലുള്ള ഈ മുൻവിധിയാണ് അത്യന്തം വെല്ലുവിളിക്കപ്പെടേണ്ടത്.

### ടോക്സിക് റൊമാന്റിക് ഫാന്റസി

നിയമമെന്തെന്നു പോലുമറിയാതെ ഭരണകൂടത്തിന്റെ മർദ്ദനോപകരണമാകുന്ന അവസ്ഥയാണ് കാണിക്കുന്നത്. ഹന്ന ഷ്മിറ്റ്സ് എന്ന കഥാപാത്രം ഓഷ്വിറ്റ്സിലെ മുൻ ഗാർഡാണ്. ന്യൂസ്റ്റാഡിൽ ട്രാം കണ്ടക്ടറായി ജോലി ചെയ്തുവരുന്നു. അധിനിവേശ പോളണ്ടിലെ ഓഷ്വിറ്റ്സിന്റെ ഒരു യൂണിറ്റിൽ എസ്എസ് ഗാർഡുകളായി സേവനമനുഷ്ഠിച്ച മധ്യവയസ്കരായ ഒരു കൂട്ടം സ്ത്രീകളെ അവരുടെ പ്രത്യക്ഷ 'സംരക്ഷണ'ത്തിൽ ഒരു പള്ളിയിൽ പൂട്ടിയിട്ട 300 യഹൂദ സ്ത്രീകളെ ബോംബെറിഞ്ഞു തീയിൽ വെന്തു മരിക്കാൻ അനുവദിച്ചതിന് വിചാരണ നടക്കുന്നു. അപ്പോഴാണ് ഹന്ന വംശഹത്യയുടെ ഭാഗമായിരുന്നു എന്ന് പലരും തിരിച്ചറിയുന്നത് തന്നെ. മറ്റു ഗാർഡുകളുടെ മേൽനോട്ടം നിർവഹിച്ചത് താനാണെന്ന് ഹന്ന കുറ്റം ഏൽക്കുന്നു. തീപിടിത്തത്തിന്റെ കണക്കുകൾ എഴുതിത്തയാറാക്കിയത് താനാണെന്ന് ആണയിടുന്ന അവർ യഥാർഥത്തിൽ നിരക്ഷരയാണ്. മറ്റുള്ള ഗാർഡുകൾ തുച്ഛമായ ശിക്ഷകൾ ഏറ്റുവാങ്ങുമ്പോൾ ഇവർ ജീവപര്യന്തത്തിനു വിധിക്കപ്പെടുന്നു. മൈക്കൽ-ഹന്ന പ്രണയത്തിനപ്പുറം ചെയ്തിട്ടുണ്ടാവാൻ ഒരു സാധ്യതയുമില്ലാത്ത തെറ്റുകൾ ഏറ്റെടുക്കാനും കുറ്റസമ്മതം നടത്താനും അവരെ പ്രേരിപ്പിച്ചതെന്ത് എന്ന ചോദ്യം സിനിമ അവശേഷിപ്പിക്കുന്നുണ്ട്.

പക്ഷേ ഇതിൽ നിന്ന് വ്യത്യസ്തമാണ് അഡോൾഫ് ഐക്മാന്റെ[16] വിചാരണ. 'ഐക്മാൻ ഇൻ ജെറുസലേം: എ റിപ്പോർട്ട് ഓൺ ദ് ബനാലിറ്റി ഓഫ് ഈവിൾ' (1963)[17] എന്ന പുസ്തകത്തിൽ ഹന്ന ആരണ്ട് സൂചിപ്പിക്കുന്നത് ഐക്മാന്റെ പ്രവൃത്തികൾ അയാളുടെ ദുഷ്ടതയാൽ നയിക്കപ്പെട്ടതായിരുന്നില്ല എന്നും മറിച്ച് സാമ്രാജ്യത്തോടുള്ള അന്ധമായ സമർപ്പണത്താലും പങ്കാളിയോ കൂട്ടാളിയോ ആകാനുള്ള അടങ്ങാത്ത ആഗ്രഹത്താലുമായിരുന്നു എന്നാണ്. "His actions were not driven by malice, but rather blind dedication to the regime and his need to belong, to be a joiner" (1994: 32-3).

രാഷ്ട്രത്തിന്റെ ഭാഗമായി പരിഗണിക്കപ്പെടാനുള്ള അഭിലാഷമായിരുന്നു ഐക്മാന് മുഖ്യമായുണ്ടായിരുന്നത്. അഥവാ, രാഷ്ട്രശരീരത്തിന്റെ ഭാഗമാകാൻ അത്തരം ദൗത്യങ്ങൾ ഏറ്റെടുത്ത് രാഷ്ട്രത്തോടുള്ള കടമ നിർവഹിക്കേണ്ടിയിരുന്നു. അതിനാൽ തന്നെയാണ് ഐക്മാൻ ശരാശരി വ്യക്തിയെക്കാൾ നോർമലാണെന്ന് സാക്ഷ്യപ്പെടുത്തുന്നതും. "One of seven psychologists remarked that the only unusual trait Eichmann displayed was being more 'normal' in his habits and speech than the average person. (1994:25-6)

Feb., 2024-Jan. 25
Volume 02: No. 2

## ആരാണ് നോർമൽ പൗരൻ?

ആരാണ് നോർമൽ എന്ന ചർച്ച ബാധിക്കുന്നത് വ്യതിരിക്തതകൾ മൂലം പാർശ്വവൽക്കരിക്കപ്പെടുന്ന വ്യക്തികളെയാണ്. നോർമൽ എന്നും അബ്നോർമൽ എന്നും രണ്ടായി ഒരേ രാജ്യത്തെ പൗരന്മാർ വിഭജിക്കപ്പെടുന്നു. അബ്നോർമൽ എന്ന് മുദ്രകുത്തപ്പെടുന്ന ജനതയുടെ പൗരത്വം തന്നെ തുലാസിലാകുന്നു. വ്യതിരിക്തതകൾ ഉള്ള വ്യക്തിയാണെങ്കിൽ നോർമൽ എന്നത് വിധേയത്വത്തിലൂടെ രേഖാപരമായി തെളിയിച്ച എടുക്കേണ്ട ഒന്നാണ് എന്ന സമീപനം പ്രബലമാകുന്നു. ശേഷീവാദം മൂലം ചില ജനവിഭാഗങ്ങൾക്ക് നോർമൽ എന്നത് ആർജിച്ചെടുക്കേണ്ട ഒന്നാണെന്ന് വന്നിരിക്കുന്നത്, അഭികാമ്യമല്ലാത്തത് എല്ലാം നോർമൽ അല്ലെന്നും നോർമൽ അല്ലാത്തതെല്ലാം ഒഴിവാക്കപ്പെടേണ്ടതുമാണ് എന്ന സമീപനത്തിൽ നിന്നാണ്. വ്യതിരിക്തതകളെ രോഗലക്ഷണമായി കരുതുന്ന (pathologise) ഭരണകൂടത്തിനു കീഴിൽ ഐക്മാനെപ്പോലെയുള്ളവരുടെ മനോനില സ്വാഭാവികമായും നോർമൽ ആയി പരിഗണിക്കപ്പെടും. അങ്ങനെ നോർമൽ എന്നതിന് ഭരണകൂടം തങ്ങൾക്കനുയോജ്യമായ ഒരു നിർവചനം കൂടി ഡിസൈൻ ചെയ്യുന്നു. പി. എൻ. ഗോപീകൃഷ്ണൻ ഗാന്ധിജിയുടെ രക്തസാക്ഷിത്വദിനത്തിൽ പയ്യന്നൂർ കോളേജിൽ നടത്തിയ 'The Last Days of Gandhi' എന്ന പ്രഭാഷണത്തിൽ ഇന്ത്യാവിഭജനത്തെപ്പറ്റി പറയുന്ന നിരീക്ഷണം ചിന്തനീയമാണ്. വിഭജനാനന്തരം ഇന്ത്യയിൽ തുടരേണ്ടി വരികയോ തുടരാൻ തീരുമാനിക്കുകയോ ചെയ്ത മുസ്ലീങ്ങൾക്കു മാത്രമാണ് തങ്ങൾക്ക് ഇന്ത്യയോടുള്ള ദേശസ്നേഹം തെളിയിക്കേണ്ടി വന്നത്. ഭാരതീയൻ എന്നതിൽ അഭിമാനം കൊള്ളുന്നു എന്ന് ഉറക്കെപ്പറയേണ്ടത് അവരുടെ ബാധ്യതയായി മാറി. മറ്റുള്ളവർ സ്വാഭാവികമായിത്തന്നെ ദേശസ്നേഹമുള്ളവരായി കരുതപ്പെട്ടെങ്കിലും ഒരു വിഭാഗത്തിന് തങ്ങളും നോർമലാണെന്ന്, തങ്ങളും മനുഷ്യരാണെന്ന്, തങ്ങളും ദേശസ്നേഹികളാണെന്ന് നിരന്തരം പറഞ്ഞുകൊണ്ടേയിരിക്കേണ്ടി വരുന്നു. രോഗഗ്രസ്തമായ, രോഗവ്യാപനം തടയാൻ മുറിച്ചുമാറ്റേണ്ട ഒരു ഭാഗമല്ല തങ്ങളെന്നവർക്ക് ആവർത്തിച്ച് പറയേണ്ടി വരുന്നത് ആ വിഭാഗത്തെ പതോളജൈസ് ചെയ്യുന്നതിനാലാണ്.

## രോഗം, വൈകല്യം എന്നീ രൂപകങ്ങൾ

രോഗമെന്ന നിലയ്ക്കുള്ള പ്രചരണം രോഗശമനത്തിന്റെ ശാസ്ത്രീയതയിലൂന്നിയല്ല എന്നത് ശ്രദ്ധേയമാണ്. രോഗത്തെക്കുറിച്ചുള്ള ചിത്രീകരണം സമൂഹത്തിൽ വൈകാരിക പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്നും അത് മാറ്റിനിർത്തലിനും

വെറുപ്പിനും ഇന്ധനമാകുമെന്നുമുള്ള അജണ്ടയാണ് നടപ്പാക്കപ്പെടുന്നത്.

"രോഗങ്ങൾ ജീവിതത്തിന്റെ ഇരുണ്ട ഭാഗമാണ്, ദുർവഹമായ പൗരത്വം. പിറവികൊണ്ടവർക്കെല്ലാം രോഗികളുടെയും അരോഗികളുടെയും നാടുകളിൽ ഇരട്ട പൗരത്വമുണ്ട്. അരോഗികളുടെ നാട്ടിലെ പാസ്പോർട്ടിലാണ് ഏവർക്കും താല്പര്യമെങ്കിലും മറ്റേ നാട്ടിലെ പൗരന്മാർ കൂടിയാണ് നാമെന്ന് എപ്പോഴെങ്കിലുമൊരിക്കൽ തിരിച്ചറിയാതെ പറ്റില്ല" (1978: 21) എന്ന് സൂസൻ സൊണ്ടാഗ് നിരീക്ഷിച്ചത് രോഗത്തിന്റെ പേരിലുള്ള വിമതവൽക്കരണത്തിന്റെ പശ്ചാത്തലത്തിലാണ്. രോഗത്തിന്റെ ഇത്തരത്തിലുള്ള രൂപകവൽക്കരണത്തിനെതിരെയാണ് നിരൂപകയായ സൂസൻ സൊണ്ടാഗ് 'രോഗമെന്ന രൂപകം' (Illness as metaphor) എന്ന പുസ്തകമെഴുതിയത്. രൂപകങ്ങൾ സമൂഹം തനിക്കെതിരാണെന്ന് രോഗിക്ക് തോന്നാൻ കാരണമാകുന്നു. അത് രോഗത്തിന് മറ്റു പല കാരണങ്ങൾ തേടുന്നു. അവയിൽ പലതും രോഗിയെത്തന്നെ കാരണമായി കണ്ടെത്തുന്നവയാവും. ഇതിനെ ആയുധമാക്കിക്കൊണ്ടാണ് രോഗേതര സന്ദർഭങ്ങളിലും രോഗനിർണയം നടത്തുന്നത്. ക്ഷയം, ക്യാൻസർ, എയ്ഡ്സ് എന്നീ രോഗങ്ങളെ ആസ്പദമാക്കിയാണ് രൂപകവൽക്കരണം എന്ന ആശയം സൊണ്ടാഗ് വിശദീകരിക്കുന്നത്. പൊതുവ്യവഹാരങ്ങളിൽ അഹിതമായവയെ വിശേഷിപ്പിക്കാൻ അത് സമൂഹത്തെ കാർന്നുതിന്നുന്ന ക്യാൻസറാണ് എന്ന് വ്യാപകമായി പ്രയോഗിച്ചുവരുന്നു. അല്ലെങ്കിൽ മാനസിക വൈകല്യം എന്നും. സാധാരണക്കാർ ഏറ്റവും കൂടുതൽ സ്റ്റിഗ്മ വെച്ചുപുലർത്തുന്ന രോഗങ്ങളുമായി, ശാരീരിക-മാനസിക അവസ്ഥകളുമായാണ് താരതമ്യം നടത്തുന്നത് എന്നതും ശ്രദ്ധിക്കേണ്ടതുണ്ട്.

## നീതിയും നിയമവും

ചിന്തകരിലും അക്കാദമിക് സമൂഹത്തിന്റെ ആദരം ലഭിക്കുന്നവരിലുമൊക്കെ ഈ സ്വേച്ഛാടിമത്തത്തിന്റെ ലക്ഷണങ്ങൾ കണ്ടുവരാറുണ്ട്. സോക്രട്ടീസ് വിചാരണയിൽ വധശിക്ഷയ്ക്ക് വിധിക്കപ്പെടുമ്പോൾ രക്ഷപ്പെടാനുള്ള പഴുതുകൾ പറഞ്ഞുകൊടുക്കുന്ന സുഹൃത്തിന്റെ നിർദ്ദേശങ്ങൾ അനുസരിക്കാത്തതും ശിക്ഷ സർവാത്മനാ സ്വീകരിക്കുന്നതും താൻ കുറ്റം ചെയ്തു എന്നു സമ്മതിക്കുന്നതിനാലല്ല.[18] ചുമത്തിയ കുറ്റങ്ങൾ നിഷേധിക്കുന്ന സോക്രട്ടീസ് താൻ കൂടി ചേർന്നുണ്ടാക്കിയ വ്യവസ്ഥ അനീതി നിറഞ്ഞതാണെങ്കിൽക്കൂടി അതിനെ അനുസരിക്കുകയാണ് നീതി എന്ന നിലപാടാണ് സ്വീകരിക്കുന്നത്. പതോളജൈസ് ചെയ്യപ്പെടുന്ന വിഭാഗം പോലും തങ്ങൾ രോഗസാധ്യതയുള്ളവർ തന്നെ എന്ന് അംഗീകരിക്കുന്നതിന് സമാനമായ സാഹചര്യമാണത്.

ഫൂക്കോ മുന്നോട്ടുവയ്ക്കുന്ന ചിത്തരോഗാശുപത്രി, ഭ്രാന്ത്[19] എന്നീ സങ്കൽപ്പനങ്ങളുടെ വെളിച്ചത്തിൽ സ്വന്തം ശരീരത്തിൽ ചങ്ങല എടുത്തണിയുന്നതിനു തുല്യമായി സ്വേച്ഛാധിമത്തത്തെ വിലയിരുത്തേണ്ടി വരുന്നു. ജൈവരാഷ്ട്രീയം[20] എന്ന സങ്കൽപ്പനം മൃത്യുരാഷ്ട്രീയത്തിന് (necropolitics)[21] വഴിമാറുന്ന പോസ്റ്റ് ഹ്യൂമൻ ഘട്ടത്തിലും ഭരണകൂടം ആദർശശരീരത്തെ കാലാനുസൃതമായ പരിഷ്കാരങ്ങളോടെ മുന്നോട്ടു കൊണ്ടുപോകുന്നുണ്ട്. മനുഷ്യനെ സൈബർനെറ്റിക്ക് ഓർഗാനിസം[22] എന്നുകൂടി വിശേഷിപ്പിക്കാവുന്ന ഈ കാലഘട്ടത്തിൽ ശേഷീവാദം ഇതരരാക്കപ്പെടുന്ന മനുഷ്യരുടെ സാങ്കേതികവിദ്യാസംബന്ധമായ വിഹായസ്സിനും പരിമിതി കൽപ്പിക്കുന്നു.

പാർശ്വവൽക്കരണമെന്നത് നീതിനിഷേധം തന്നെയാണ്. എന്നാൽ നീതിയെ നിയമം വഴി പുന:സ്ഥാപിക്കാനാകുമോ എന്നതാണ് പ്രസക്തമായ ചോദ്യം. വിശേഷിച്ചും ഭരണകൂടം ഡിസൈൻ ചെയ്യുന്ന പെർഫെക്റ്റ് മെൻ സങ്കല്പമാണ് നീതി നിഷേധിക്കുന്നത് എന്ന് വരുമ്പോൾ. കാരണം നിയമത്തിന്റെ വിലങ്ങും താക്കോലും ഭരണകൂടത്തിന്റെ കൈയ്യിലാണല്ലോ. സമത്വപൂർണ്ണമായ തത്ത്വത്തിന്റെ സ്ഥാപനവൽകൃത രൂപമാണ് നിയമം എന്ന് നിർവചിക്കുമ്പോഴും സമത്വപൂർണമായ തത്ത്വത്തിന്റെ പരാവർത്തിത രൂപമാണ് നിയമം എന്ന് പറയാൻ കഴിയുന്നുണ്ടോ എന്നതാണ് കാതലായ ചോദ്യം. സ്വാഭാവികമായി നീതി വിതരണം ചെയ്യപ്പെടാത്തയിടത്ത് ഭരണഘടനാനുസൃതമായി നിയമം നിർമ്മിച്ച് നീതിയുറപ്പാക്കുന്നു എന്ന് വിവക്ഷിക്കുന്നു. അങ്ങനെ സംഭവിക്കാത്ത പക്ഷം പോരാട്ടത്തിന്റെയും പ്രബോധനത്തിന്റെയും (morale realisation) വഴികൾ മാത്രമാണ് അവശേഷിക്കുന്നത്. സ്വാഭാവിക നീതിയെന്നത് പ്രകൃത്യാ തുല്യനീതിയല്ല. അങ്ങനെയാണെങ്കിൽ അത് സംസ്കൃതചിത്തരായ സമൂഹം നിർമിച്ചെടുത്തത് മാത്രമാണ്. ദുർബലർക്ക് മേൽ ശക്തരുടെ ജയമാണ് പ്രകൃതിനിയമം. അതിനാൽ തന്നെ നീതിയെ നടപ്പാക്കാനുള്ള നിയമത്തിന്റെ വഴി അനിവാര്യമായും നൈതികമാകേണ്ടതുണ്ട് (ethical). കാരുണ്യമെന്ന നൈതികമൂല്യം ഉൾച്ചേരേണ്ടതുണ്ട്. എന്നാൽ, അപകടകരമായ വിധം ഔദാര്യം എന്ന് തെറ്റിദ്ധരിക്കപ്പെട്ട വാക്കാണിന്ന് കാരുണ്യം. ഡിസേബിൾഡ് മനുഷ്യരോട് സമൂഹം പുലർത്തുന്ന വിവിധ സമീപനങ്ങൾ യാക്കോബ് തോമസ് രചിച്ച അധികാര ഘടനയും ഭിന്നശേഷിയും: ഡിസെബിലിറ്റി ചിന്തകൾക്ക് ഒരാമുഖം എന്ന ലേഖനം അക്കമിട്ട് ചർച്ച ചെയ്യുന്നുണ്ട്. അവയിലെ സൂചനകൾ അവലംബിച്ചുകൊണ്ട് ചില നിരീക്ഷണങ്ങൾ നടത്താൻ കഴിയുന്നു: ഡിസെബിലിറ്റി പഠനങ്ങൾ ഡിസേബിൾഡ് മനുഷ്യരോട്

പുലർത്തുന്ന വിധി/കർമചിന്തയുടേയും (moral/fate model) ആതുരസഹായ/ക്ഷേമ മാതൃകയുടേയും (charity/welfare model) കാരുണ്യത്തിലധിഷ്ഠിതമാണ് എന്ന ധാരണ പ്രബലമാണ്. പക്ഷെ, സഹതാപം മാത്രമാണത് എന്നതിനാലാണ് വിധി/കർമചിന്തയിൽ അനിവാര്യമായ ശിക്ഷ ഏറ്റുവാങ്ങിയാണ് ഒരാൾ ഡിസേബിൾഡ് ആകുന്നത് എന്നു സമൂഹം ഉറപ്പിക്കുന്നത്. പ്രചോദനഭോഗത്തിന്റെ (inspiration porn)[23] ഭാഗമായി സഹതാപം പ്രദർശിപ്പിക്കാമെന്നുള്ള ചിന്ത ഉടലെടുക്കുന്നത്. ദയ കാണിച്ചാൽ അതും 'ഉത്തമവ്യക്തിക്ക്' മോക്ഷത്തിനുപകരിക്കുമല്ലോ എന്ന ചിന്തയും ഇവിടെ ഉടലെടുക്കുന്നു. ഡിസെബിലിറ്റി സ്റ്റഡീസ് ശുപാർശ ചെയ്യുന്നത് സാമൂഹിക മാതൃകയും (the social model) മനുഷ്യാവകാശ മാതൃകയും (the rights based model) ആണ്. സാമൂഹിക രാഷ്ട്രീയ ഏബിളിസത്തിന്റെ പശ്ചാത്തലത്തിൽ മനുഷ്യാവകാശ മാതൃകയോട് ഉന്നയിക്കാനുള്ള ചോദ്യം രാഷ്ട്രവ്യവസ്ഥയ്ക്കുള്ളിൽ മനുഷ്യാവകാശം എന്നത് തന്നെ രണ്ടാംകിടയല്ലേ എന്നതാണ്. രാഷ്ട്രത്തിനുള്ളിൽ പൗരാവകാശമാണ് പ്രാഥമികം. മൗലികാവകാശങ്ങൾ പൗരന്മാർക്കാണ് ഉറപ്പു നൽകുന്നത്. പൗരന്റെ അന്തസ്സും വ്യക്തിത്വവും സ്വാതന്ത്ര്യവുമാണ് മൗലികാവകാശങ്ങൾ ഉറപ്പു നൽകുന്നത്. ആ അവകാശങ്ങൾ ധ്വംസിക്കപ്പെട്ടാൽ കോടതി മുഖേന സംരക്ഷിച്ചുകിട്ടുന്നതും പൗരൻമാർക്കു മാത്രംതന്നെ.

പൗരന്മാരിൽ നിന്നുവിട്ട് അഭയാർഥികളിലേക്കെത്തുമ്പോൾ പാർശ്വവൽകൃത സമൂഹമെന്ന ഈ പാർശ്വവൽകൃത ശരീരത്തിന് കൽപ്പിക്കപ്പെടുന്ന അഭയാർത്ഥിത്വം പൗരജീവിതത്തിന്റെ ദ്വന്ദ്വമായാണ് നിലനിൽക്കുന്നത്. പാർശ്വവൽകൃതശരീരം എന്നതിൽ പാർശ്വവൽകൃത ഇടത്തിൽ നിന്നും വിഭാഗത്തിൽ നിന്നുമുള്ള ശരീരം കൂടി ഉൾപ്പെടുന്നു എന്നത് രാഷ്ട്രാധികാരമാനങ്ങളുടെ പ്രസക്തി വർധിപ്പിക്കുന്നുണ്ട്. അടിച്ചമർത്തപ്പെട്ട ജനതയുടെ സാമൂഹ്യ ഇടവും സാമൂഹ്യഭാവനയുമായി മാറാൻ രാഷ്ട്രത്തിനു കഴിയുന്നുണ്ടോ എന്ന ചോദ്യമവശേഷിക്കുന്നു. 'അസ്പൃശ്യ ശരീരങ്ങൾ മിഥ്യയാകുന്നു' (untouchable bodies become mirage) എന്ന സണ്ണി എം. കപിക്കാടിന്റെ വാദത്തെ മുൻനിർത്തി പരിശോധിക്കുമ്പോൾ ആദർശശരീരത്തിനു പുറത്തു നിൽക്കുന്ന ശരീരങ്ങളുടെ എല്ലാവിധ പ്രകടനങ്ങളും (expression) രാഷ്ട്രശരീരത്തിന് മിഥ്യയും അപരിചിതവുമാകുന്നു. അത്തരം മിഥ്യകളായി കരുതപ്പെടുന്നവ ഒരു കാരണവശാലും പെർഫെക്ടിൽ ഉൾച്ചേർക്കപ്പെടില്ല. വിഭിന്ന ജനതകൾ വിഭിന്നസംസ്കൃതികളുമായി ജീവിക്കുന്ന ഒരു റിപ്പബ്ലിക്കിൽത്തന്നെ ചില ജനതതികളെ അവരുടെ ഭാഷയുടെയും ജാതിയുടെയും ലിംഗത്തിന്റെയും

ജോലിയുടെയും നിറത്തിന്റെയും പ്രദേശത്തിന്റെയും പേരിൽ അസ്പൃശ്യരോ അധമരോ എന്ന് മാറ്റിനിർത്തുന്നു. തന്മൂലം മൗലികാവകാശങ്ങളോ രാഷ്ട്രത്തിന്റെ നിയമവാഗ്ദാനങ്ങളോ ലഭിക്കാതെ ഡിസേബിൾഡ് സമൂഹമായി കഴിയേണ്ടിവരികയും ചെയ്യുമ്പോൾ ഒരു അഭയാർഥിസമൂഹത്തിന് ലഭിച്ചേക്കാവുന്ന പരിഗണന ചിന്തനീയം പോലുമല്ലാതാകുന്നു.

ഡിറ്റൻഷൻ ക്യാമ്പുകളും സ്വകാര്യ ജയിലുകളുമെന്നാൽ ഊഴിയംവേല ചെയ്യിച്ചിരുന്ന പഴയ അടിമപ്പാളയങ്ങളുടെ നവീനമാതൃകകൾ തന്നെയാണ്. മാനവശേഷിയുടെ വിൽപന കൂടി അവിടെ നടക്കുന്നുണ്ട്. ഓഹരിവിപണിയിൽ വമ്പിച്ച നിക്ഷേപമുള്ള സ്വകാര്യ ജയിൽ കമ്പനികൾ ലോകത്തുണ്ട്. ഭരണകൂട ചലനങ്ങൾ അവയുടെ ഓഹരി നേട്ടത്തെ സ്വാധീനിക്കുന്നു. അമേരിക്കൻ പ്രസിഡണ്ടായി ഡോണൾഡ് ട്രമ്പ് ഭരണമേറ്റെടുത്തതിന്റെ പിറ്റേദിവസം കറക്ഷൻസ് കോർപ്പറേഷൻ അറുപതു ശതമാനവും ജി.ഇ.ഒ. ഗ്രൂപ്പ് പതിനെട്ടു ശതമാനവും കുതിപ്പ് ഓഹരിവിപണിയിൽ രേഖപ്പെടുത്തി. (അവലംബം എൻബിസി ന്യൂസ്). തടങ്കലിൽ വെച്ചവരുടെ ചെലവിനായി ലഭിക്കുന്ന ഗവൺമെൻറ് വിഹിതം മാത്രമല്ല ഓഹരിവിപണിയെ സ്വാധീനിച്ചത്. ക്രിമിനൽ നീതിയുടെ സ്വകാര്യവൽക്കരണത്തിന് ആക്കം കൂട്ടുന്നതും വർദ്ധനയ്ക്ക് കാരണമാണ്.

അതായത്, ഭരണകൂടം ഒരു നിർദ്ദിഷ്ട സമൂഹത്തെ രോഗം പരത്തുന്ന പരാന്നഭോജികളായും തങ്ങളെ രോഗശാന്തി ശുശ്രൂഷ ചെയ്യുന്ന ആതുരസേവകനായും കാണുമ്പോൾ സാമൂഹികരാഷ്ട്രീയ ഡിസെബിലിറ്റിയുടെ ചിത്രം കൂടുതൽ വ്യക്തമാകുന്നു. സോഷ്യൽ ഡാർവിനിസത്തിന്റെ[24] സഹായത്തോടെ വളർത്തിയെടുത്ത ഏകജാതീയമായ മനുഷ്യൻ (ഹോമോജീനസ് മാൻ) എന്ന ആശയത്തെ, പരിപൂർണ്ണമായി, ഏകജാതീയമായ സമൂഹം (പെർഫെക്റ്റഡ് ഹോമോജീനസ് കമ്മ്യൂണിറ്റി) എന്നാക്കി പരിവർത്തിപ്പിച്ച് വളർത്തിയെടുത്ത് രാഷ്ട്രമെന്നാൽ അതാണ് എന്ന നിലയിലേക്ക് വിഭാവനം ചെയ്യുമ്പോൾ വ്യതിയാനം (deviance) സമമിതി (symmetry) എന്ന ആത്യന്തിക ലക്ഷ്യത്തിനുള്ള വെല്ലുവിളിയാണെന്ന് വരുന്നു. ഇടത്തിനുമേലുള്ള കൂട്ടായ ഉന്നയനം (collective claim) നഷ്ടപ്പെടുന്നു. എന്ന് മാത്രമല്ല, അപരശരീരനിർമിതി വേരൂന്നി നിൽക്കുന്നതുതന്നെ പരിപൂർണ്ണ ഏകജാതീയ സമൂഹം (perfected homogeneous community) എന്ന ആശയത്തിലാണ്.

ജനാധിപത്യമെന്നത് ആത്യന്തിക അഭയമാണോ എന്ന ചോദ്യമുന്നയിക്കേണ്ടി വരുന്നത് ജനാധിപത്യത്തിനുള്ളിൽ കേന്ദ്രീകൃതവും ദൃഢീകൃതവുമായ

ബലിഷ്ഠരാഷ്ട്രം വലവിരിക്കുമ്പോഴാണ്. ബഹുസ്വരതയിൽ ഊന്നിയ സമീപനം സാകല്യ ദേശീയതയിലൂടെ സാധ്യമാവുകയാണ് ഒരു പ്രതിരോധമാർഗം. സ്വതന്ത്ര ഇച്ഛയുള്ള (free will) പൗരൻ എന്നത് ലിബറൽ മൂല്യങ്ങളുടെ നിർമിതിയാണെന്ന് വാദിക്കാമെങ്കിലും രാഷ്ട്രത്തിലെ ഒന്നാംകിടശരീരങ്ങളാണ് യഥാർത്ഥ പൗരൻ എന്ന ഭരണകൂടകൽപ്പന അസ്തമിക്കാതെ, പ്രതിദിനം പ്രബലമാകവേ ഭരണകൂട പ്രേരിതമായ സാമൂഹ്യരാഷ്ട്രീയ ഏബിളിസത്തെപ്പറ്റിയുള്ള ചർച്ചകൾ വിപുലമാകേണ്ടതുണ്ട്.

## കുറിപ്പുകൾ

1 Law for the Prevention of Hereditary Diseased Offspring (German: Gesetz zur verhiitung erbkranken Nacheuchses) അഥവാ വന്ധ്യംകരണനിയമം 1934 ജൂലൈ 14 ന് നാസി ജർമ്മനിയിൽ നടപ്പാക്കി. 'ജനിതകാരോഗ്യകോടതി' ശുപാർശ ചെയ്യുന്ന ഏതൊരു വ്യക്തിയെയും നിർബന്ധവന്ധ്യംകരണം നടത്താൻ അനുവദിക്കുന്ന നിയമം.

2 വംശശുദ്ധിസിദ്ധാന്തത്തിലധിഷ്ഠിതമായ ആക്ഷ്യൺ T4 വംശീയശത്രുക്കൾ, മാനസിക- ശാരീരിക വൈകല്യമുള്ളവർ എന്നിവരെ തുടച്ചുനീക്കാനായി രൂപപ്പെടുത്തിയ നാസി-ജർമൻ ദേശീയനയമാണ്.

3 ആക്ഷ്യൺ T4 നടപ്പാക്കാനാവശ്യമായ ഉദ്യോഗസ്ഥരെ റിക്രൂട്ട് ചെയ്യുകയും നിയന്ത്രിക്കുകയും ചെയ്ത ജർമൻ ചാൻസലറി ഡിപ്പാർട്ട്മെന്റിന്റെ സ്ട്രീറ്റ് അഡ്രസിൽ നിന്നാണ് ടിയാഗർട്ടനേസ് 4 എന്ന പേര് രൂപപ്പെടുന്നത്.

4 lebensunwertes Leben (ജീവിക്കാൻ യോഗ്യതയില്ലാത്ത) ഡിസേബിൾഡ് വ്യക്തികളായി ഭരണകൂടം പരിഗണിക്കുന്നവരെ വധിക്കുന്നതിനായി പുനരധിവാസത്തിനെന്ന പേരിൽ T4 ചാരിറ്റബിൾ ആംബുലൻസിൽ മെഡിക്കൽ യൂണിഫോം ധരിച്ച എസ് എസ് ഉദ്യോഗസ്ഥർ ഈ കേന്ദ്രങ്ങളിലേക്ക് മാറ്റുന്നു. എത്തിച്ച് 24 മണിക്കൂറിനകം വധിച്ച് വ്യാജമായ ഒരു മരണകാരണം കുടുംബത്തെ അറിയിക്കുന്നു.

5 ഹോളോക്കോസ്റ്റ് എൻസൈക്ലോപീഡിയയിൽ നിന്നുള്ള വിവരങ്ങൾ.

6 German Reich എന്ന് ഔദ്യോഗികമായി വിളിക്കപ്പെട്ട വെയ്മർ റിപ്പബ്ലിക് 1918 മുതൽ 1933 വരെയുള്ള കാലയളവിലെ കോൺസ്റ്റിറ്റ്യൂഷണൽ ഫെഡറൽ റിപ്പബ്ലിക്കായ ജർമനിയെ സൂചിപ്പിക്കുന്നു.

7 ജർമൻ അല്ലാത്തവരെപ്പോലും ഹിറ്റ്ലറുടെയും നാഷണൽ സോഷ്യലിസത്തിന്റെയും വംശശുദ്ധിവാദത്തിൽ ആകൃഷ്ടരാക്കി മാറ്റിയ പ്രത്യയശാസ്ത്രവീക്ഷണമാണ് ട്രാൻസ്നാഷണൽ നാസിസം.

8 അഭിലഷണീയമായ പാരമ്പര്യ സ്വഭാവങ്ങളുള്ള ആളുകളെ തെരഞ്ഞെടുത്ത് ഇണചേരൽ നടത്തി മനുഷ്യവർഗ്ഗത്തെ മെച്ചപ്പെടുത്തുന്നതിനുള്ള മുന്നേറ്റവും അതിനാവശ്യമായ പരിശീലനപദ്ധതിയുമാണ് യൂജെനിക്സ്.

9 അമേരിക്കൻ ചരിത്രകാരിയായ ബാർബറ കീയ്സ് 2009- ൽ എഴുതിയ 'The body as a political space: Comparing physical education under Nazism and Stalinism' എന്ന ലേഖനത്തിൽ നിന്ന്.

10 ഡിസേബിൾഡ് അല്ലാത്ത വ്യക്തികൾ ഡിസേബിൾഡ് ആയവരേക്കാൾ ശ്രേഷ്ഠമെന്ന ചിന്ത.

11 ആൾക്കൂട്ട മർദ്ദനത്തിനിരയായി കൊല്ലപ്പെട്ട അട്ടപ്പാടി കടുകുമണ്ണ ആദിവാസി ഊരിലെ യുവാവ്.

12 മോഷണക്കുറ്റമാരോപിച്ച് ആൾക്കൂട്ടവിചാരണ നേരിടേണ്ടി വന്നതിൽ മനം നൊന്ത് ആത്മഹത്യ ചെയ്ത കൽപ്പറ്റ സ്വദേശിയായ ആദിവാസിയുവാവ്.

13 കശ്മീരി പണ്ഡിറ്റുകളുടെ പലായനവും കൂട്ടക്കൊലയുമാധാരമാക്കിയെടുത്ത വിവാദ ബോളിവുഡ് സിനിമയാണ് വിവേക് അഗ്നിഹോത്രി സംവിധാനം ചെയ്ത കശ്മീർ ഫയൽസ്.

14 ഗവൺമെന്റോ അതിന്റെ നയങ്ങളോ അമിതസംരക്ഷണത്തിന്റെ പേരിൽ വ്യക്തിസ്വാതന്ത്ര്യം ഹനിക്കുന്നതിനെ സൂചിപ്പിക്കുന്ന സംജ്ഞ.

15 1995- ൽ ബെർണാഡ് ഷ്ലിങ്ക് രചിച്ച 'ദ റീഡർ' എന്ന പുസ്തകത്തെ ആധാരമാക്കി വന്ന ഈ ചിത്രം നാസി കോൺസൻട്രേഷൻ ക്യാമ്പിൽ ഗാർഡായി ജോലി ചെയ്ത സ്ത്രീയുടെ വിചാരണ ചിത്രീകരിക്കുന്നുണ്ട്.

16 ഒട്ടോ അഡോൾഫ് ഐച്ച്മാൻ നാസി പാർട്ടിയുടെ ജർമ്മൻ-ഓസ്ട്രിയൻ ഉദ്യോഗസ്ഥനും ഷുറ്റ്സ്സ്റ്റാഫലിനിലെ ഓഫീസറും ഹോളോകോസ്റ്റിന്റെ പ്രധാന സംഘാടകരിൽ ഒരാളുമായിരുന്നു.

17 Eichmann in Jerusalem: A Report on the Banality of Evil 1963-ൽ രാഷ്ട്രീയ ചിന്തകയായ ഹന്ന ആരണ്ട് എഴുതിയ ഒരു പുസ്തകമാണ്. അഡോൾഫ് ഹിറ്റ്ലർ അധികാരത്തിലെത്തിയ സമയത്ത് ജർമ്മനിയിൽ നിന്ന് പലായനം ചെയ്ത ജൂതയായ ആരണ്ട്, ഹോളോകോസ്റ്റിന്റെ പ്രധാന സംഘാടകരിലൊരാളായ അഡോൾഫ് ഐക്ക്മാന്റെ വിചാരണയെക്കുറിച്ച് ദി ന്യൂയോർക്കറിന് വേണ്ടി റിപ്പോർട്ട് ചെയ്തു. 1964-ൽ പരിഷ്കരിച്ചതും ബൃഹത്തുമായ ഒരു പുസ്തകമായി പ്രസിദ്ധീകരിച്ചു.

18 ഐക്മാന്റെ വിചാരണയെ പറ്റി ചർച്ചചെയ്യുന്ന സന്ദർഭത്തിൽ സോക്രട്ടീസിന്റെ വിചാരണ കൂടി ആലോചനാവിധേയമാക്കാം എന്ന ആശയത്തിന് ഡോ. ടി. വി മധുവിനോട് കടപ്പാട്. (കാലടി സംസ്കൃത സർവകലാശാല ഇംഗ്ലീഷ് വിഭാഗത്തിൽ നടന്ന സെമിനാറിൽ അദ്ദേഹം നടത്തിയ പ്രസംഗം)

19 മാഡ്നെസ് ആൻഡ് സിവിലൈസേഷൻ എന്ന പുസ്തകത്തിലെ സർവൈലൻസ് ആൻഡ് ജഡ്ജ്മെൻറ് എന്ന അധ്യായത്തിൽ ഫൂക്കോ ഭരണീയത അഥവാ ഗവൺമെന്റാലിറ്റിയുമായി ബന്ധപ്പെടുത്തിയാണ് ചിത്തരോഗാശുപത്രി, ഭ്രാന്ത് എന്നീ സങ്കൽപ്പനങ്ങളെ അവതരിപ്പിക്കുന്നത്.

20 ഫൂക്കോയും അഗംബനും മറ്റും ജൈവരാഷ്ട്രീയത്തിനെ ജൈവാധികാരം (power as potestas) എന്ന അർഥത്തിലാണ് നിർവചിക്കുന്നത്. ജീവിതത്തിനുമേൽ പ്രയോഗിക്കപ്പെടുന്ന അധികാരത്തെ, രാഷ്ട്രീയത്തെ സൂചിപ്പിക്കുന്നു.

21 രാഷ്ട്രീയ അധികാരമുപയോഗിച്ച് ഒരു രാജ്യത്തുള്ള ജനങ്ങളെ കൊല്ലുകയോ അല്ലെങ്കിൽ മൃതപ്രാണരായി ജീവിക്കാൻ അനുവദിക്കുകയോ ചെയ്യുന്ന രാഷ്ട്രസങ്കല്പമാണ് നെക്രോപൊളിറ്റിക്സ് അഥവാ മൃത്യരാഷ്ട്രീയം. ആഫ്രിക്കൻ ചിന്തകനായ അഷീൽ ബെമ്ബെ (Achille Mbembe) ആണ് ഈ സങ്കല്പനം മുന്നോട്ടു വെച്ചത്.

22 സൈബർനെറ്റിക് ഓർഗാനിസം അഥവാ സൈബോർഗ് ജീവശാസ്ത്രപരവും സാങ്കേതികവിദ്യാപരവുമായ സംലയനത്തിലൂടെ കടന്നുവന്ന മനുഷ്യരെ സൂചിപ്പിക്കാനാണ് പോസ്റ്റ് ഹ്യൂമൻ പശ്ചാത്തലത്തിൽ ഉപയോഗിക്കുന്നത്.

23 ഇൻസ്പിരേഷൻ പോൺ എന്നത് ഡിസേബിൾഡ് വ്യക്തികളെ കഴിവുള്ള ആളുകൾക്ക് പ്രചോദനമായി ചിത്രീകരിക്കുന്നതാണ്. (പ്രചോദന അശ്ലീലം) അശ്ലീലസാഹിത്യവുമായി സാമ്യമുള്ള ഈ

പ്രയോഗം കഴിവുള്ളവരുടെ പ്രയോജനത്തിനോ സംതൃപ്തിക്കോ വേണ്ടി ഡിസേബിൾഡ് വ്യക്തികളെ വസ്തുവൽക്കരിക്കുന്നതിനെ സൂചിപ്പിക്കുന്നു. ഇൻസ്പിരേഷൻ പോൺ എന്നത് ഏബിളിസത്തിന്റെ ഒരു രൂപമാണ്.

24 സോഷ്യൽ ഡാർവിനിസ്റ്റുകൾ വിശ്വസിക്കുന്നത് ചില ആളുകൾ സമൂഹത്തിൽ ശക്തരാകുന്നത് അവർ ജന്മനാ മികച്ചവരായതുകൊണ്ടാണെന്ന ആശയത്തിലാണ്.

## ഗ്രന്ഥ- ലേഖനസൂചി

യാക്കോബ് തോമസ്, 2022, അധികാരഘടനയും ഭിന്നശേഷിയും: ഡിസെബിലിറ്റി ചിന്തകൾക്ക് ഒരാമുഖം, ശാസ്ത്രഗതി, മാർച്ച് 2022 ലക്കം 56, നമ്പർ 8.

Arendt, Hannah, 1994, Eichmann in Jerusalem : a Report on the Banality of Evil. Penguin Books, New York, U.S.A.

Foucault, Michel, 1984, The History of Sexuality: An Introduction, Penguin, Harmondsworth.

Kabeer, Naila (ed.), 2005, Inclusive Citizenship, Zubaan, New Delhi.

Kevles D J, 1985, In the Name of Eugenics: Genetics and the uses of Human heredity, Knopf, New York.

Silvers A, 2016, Disability and Normality, In Miriam Solomon, Jeremy R. Simon & Harold Kincaid (eds.), The Routledge Companion to Philosophy of Medicine, Routledge, New York.

## ഓൺലൈൻ അവലംബങ്ങൾ

അവിഹിത്രൻ കണ്ണൻ മേലോത്ത്, 2018, ജിഷ: നിയമവിദ്യാർഥിയായ ദളിത് പെൺകുട്ടിയുടെ പൈശാചിക കൊലപാതകം, കിൻഡിൽ, ആമസോൺ, https://www.amazon.in/dp/B07J21KVD8?ref_=cm_sw_r_apann_dp_P7X1ZGBVYDRJWN7AR9VE.

മുഹമ്മദ് റാഷിദ്, 2022, കാശ്മീർ ഫയൽസ്: പ്രോപഗണ്ടയും യാഥാർഥ്യവും, https://campusalive.net/propaganda-reality-kashmir-files/, accessed on 16.02.2023

ഷിബി പീറ്റർ, 2018, സവർണ ക്രൈസ്തവദേശത്തിന്റെ പുറമ്പോക്കിലായിരുന്നു ജിഷയുടെ ജീവിതമെന്നത് മറക്കരുത്, https://azhimukham.com/jisha-rape-murder-perumbavoor-dalit-discrimination-jacobite-church-shibi/, accessed on 27.02.2023.

സണ്ണി എം കപിക്കാട്, സമരസന്ദർഭങ്ങളിലെ ശരീരത്തിന്റെ ഇടപെടലുകൾ, https://youtu.be/HB2LSTZDw0A, accessed on 24.01.2023.

സുനിൽകുമാർ, കെ, 2021, അതിഥികൾ അന്യരായി മാറുമ്പോൾ, https://www.southlive.in/editors-pick/when-guests-become-strangers, accessed on 24.01.2023.

Bengtsson, Staffan, 2018, The nation's body: disability and deviance in the writings of Adolf Hitler, https://www.tandfonline.com/share/IAHJUB66NGNVV3PKK3WE?target=10.1080/09687599.2018.1423955, accessed on 08.02.2023.

Gopikrishnan, K P, https://www.youtube.com/watch?v=t2oqIWN5Okc, accessed on

20.02.2023.

Keys. B, 2009, The Body as a Political Space: Comparing physical education under Nazism and Stalinism, German History, 27(3): 395-413, https://doi.org/10.1093/gerhis/ghp033, accessed on 08.02.2023.

Standjofski, Alexander, What happened during the trial of Socrates?, https://www.thecollector.com/the-famous-trial-of-socrates/, accessed on 17.01.2023.

Sontag, S, 1978, Illness as Metaphor, McGraw-Hill Ryerson Ltd., Toronto.

https://monoskop.org/images/4/4a/Susan_Sontag_Illness_As_Metaphor_1978.pdf.

https://www.nbcnews.com/business/markets/corrections-corp-geo-group-prison-stocks-surge-trump-win-n681661, accessed on 21.02.2023.

https://encyclopedia.ushmm.org/, accessed on 09.02.2023.

https://www.theweek.in/news/world/2020/04/23/un-chief-pandemic-is-fast-becoming-human-rights-crisis.html, accessed on 09.02.2023.

*jayasreesreenivasan96@gmail.com*

# ചിന്തകളുടെ അസാധ്യതകളും വാൻഗോഘ് ചിത്രങ്ങളുടെ സാധ്യതകളും—ഒരു ഡല്യൂസിയൻ വീക്ഷണം

ഡോ. ജുബിൻ മറ്റപ്പള്ളിൽ
അസിസ്റ്റന്റ് പ്രൊഫസർ, ഓറിയന്റൽ ലാംഗ്വേജ് (മലയാളം), സെന്റ്. ഗ്രീഗോറിയോസ് കോളേജ്, കൊട്ടാരക്കര

പ്രബന്ധ സംഗ്രഹം

ഫ്രഞ്ച് തത്വചിന്തകനായ ഡല്യൂസിന്റെയും കൂട്ടാളിയായ ഫെലിക്സ് ഗോത്താരിയുടെയും തത്വചിന്തകൾ ഏറെ ശ്രദ്ധയാകർഷിച്ചവയും തുടർപഠനങ്ങൾക്ക് വഴിയൊരുക്കിയവയുമായിരുന്നു. കലയെയും സാഹിത്യത്തെയും താത്വികമാക്കിയ ഇവർ ആഗ്രഹം, വ്യത്യാസം, ഇന്ദ്രിയം, സ്കിസോഫ്രീനിയ തുടങ്ങിയ വ്യത്യസ്ത വിഷയങ്ങളെ ആധികാരികമാക്കി. ഇവരുടെ പഠനങ്ങളിലൂടെ പ്രത്യക്ഷപ്പെട്ട അവയവങ്ങളില്ലാത്ത ശരീരം (Body without organ) എന്ന ആശയം ഇന്നും പഠനങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നു. അവയവങ്ങളില്ലാത്ത ശരീരത്തിന്റെ അർത്ഥതലങ്ങൾ അന്വേഷിക്കുകയും വിൻസെന്റ് വില്യം വാൻഗോഘിന്റെ വൈയക്തികതയിലും കലാസൃഷ്ടികളിലും അവയവങ്ങളില്ലാത്ത ശരീരത്തിനുള്ള സാധ്യതകൾ വിലയിരുത്തുകയുമാണ് ഈ പ്രബന്ധത്തിന്റെ ലക്ഷ്യം.

**താക്കോൽ വാക്കുകൾ:** അവയവങ്ങളില്ലാത്ത ശരീരം, സ്കിസോഫ്രീനിയ, അബ്സിന്ത, മെനിയേർസ്, ഇമ്പ്രഷണിസം, പോസ്റ്റ് ഇമ്പ്രഷണിസം.

## ആമുഖം

തത്വചിന്തയെ ആശയങ്ങളുടെ ഉത്പാദനമായി വിഭാവനം ചെയ്ത ഫ്രഞ്ച് തത്വചിന്തകനായിരുന്നു ഡല്യൂസ്.സ്വയം ഒരു ശുദ്ധമായ മെറ്റാ ഫിസിഷ്യൻ എന്ന വിശേഷണം നടത്തിയ ഡല്യൂസ് തത്വചിന്തയിലെന്നപോലെ സാഹിത്യ

സിദ്ധാന്തങ്ങളിലും കലയിലും സൂക്ഷ്മ പഠനങ്ങൾ നടത്തി. 1968-ൽ റാഡിക്കൽ സൈക്കോ അനലിസ്റ്റും രാഷ്ട്രീയ പ്രവർത്തകനുമായ ഫെലിക്സ് ഗോത്താരിയെ കണ്ടുമുട്ടാനിടയായത് ഡല്യൂസിന്റെ കർമ്മമണ്ഡലത്തിലെ പുതിയ വഴിത്തിരിവായിരുന്നു. അന്നുമുതൽ അവരിരുവരുടെയും ചിന്തകളും കണ്ടെത്തലുകളും സംയുക്ത രചനകളുടെ സൃഷ്ടിക്കു നിദാനമായി. ആന്റി ഈഡിപ്പസും (1972) ആയിരം പീഠഭൂമികളും (1980) ഉൾക്കൊള്ളുന്ന രണ്ടു വാല്യങ്ങളുള്ള 'മുതലാളിത്തവും സ്കിസോഫ്രീനിയയും' ഏറെ ശ്രദ്ധേയമാണ്.

ജോർജ് കാംഗ്വിൽഹെം, ജീൻ ഹൈപ്പോലൈറ്റ്, ഫെർഡിനാൻഡ് ആൻക്വി, മൗറിസ് ഗാർഡിലാസ് പോലെയുള്ള തത്വജ്ഞാനികളുടെ ശിക്ഷണം ഡല്യൂസിലെ തത്വചിന്തകനെ രൂപപ്പെടുത്തുന്നതിൽ ഗണ്യമായിട്ടുണ്ട്. ജീവിതത്തെക്കുറിച്ചുള്ള ഡല്യൂസിന്റെ വീക്ഷണം സഹാനുഭൂതി നിറഞ്ഞതായിരുന്നു. സ്പിനോസയുടെ ചായ്‌വുകൾ അദ്ദേഹത്തിന്റെ തത്വചിന്തകളിൽ കാണാൻ കഴിയും. ഡല്യൂസ് തന്റെ കൃതികളിലൂടെ രണ്ടു തരം സമീപനങ്ങൾ പ്രകടിപ്പിച്ചു. സ്പിനോസ, വിൽഹെം, ലൈബിനിഡ്, ഡേവിഡ് ഹ്യൂം, ഇമ്മാനുവൽ കാന്ത്, നീഷേ, ഫൂക്കോ എന്നിവരുടെ സൃഷ്ടികളെ വ്യാഖ്യാനിക്കുവാനുള്ള ശ്രമമായിരുന്നു ഒന്ന്. വിശ്വാസം, സംഭവം, ഇന്ദ്രിയം, സ്കിസോഫ്രീനിയ, സമ്പദ് വ്യവസ്ഥ, സിനിമ, ആഗ്രഹം തുടങ്ങിയ വ്യത്യസ്ത തലങ്ങൾക്ക് താത്വികമാനം നൽകാനുള്ള ശ്രമമായിരുന്നു മറ്റൊന്ന്.

1981-നു ശേഷം അദ്ദേഹം എഴുതിയ കൃതികളിൽ കല, തത്വചിന്ത, ശാസ്ത്രം എന്നിവയെ മൂന്നു വ്യത്യസ്ത വിഭാഗങ്ങളായി വേർതിരിക്കുന്നു. ഓരോന്നും യാഥാർഥ്യത്തെ വ്യത്യസ്ത രീതികളിൽ വിശകലനം ചെയ്യുന്നു. തത്വചിന്ത സങ്കൽപ്പങ്ങൾ സൃഷ്ടിക്കുമ്പോൾ കലകൾ സംവേദനത്തിന്റെയും വികാരത്തിന്റെയും നൂതനവും ഗുണപരവുമായ സംയോജനങ്ങൾ സാധ്യമാക്കുന്നു. ശാസ്ത്രമാകട്ടെ പ്രകാശത്തിന്റെ വേഗത അല്ലെങ്കിൽ കേവല പൂജ്യം പോലുള്ള നിശ്ചിത പോയിന്റ്കളെ അടിസ്ഥാനമാക്കി അളവ് സിദ്ധാന്തങ്ങൾ രൂപപ്പെടുത്തുന്നു.

വ്യത്യസ്ത ആശയങ്ങൾക്ക് താത്വിക മാനം നൽകിയ ഡല്യൂസ് സ്കിസോഫ്രീനിയയുടെ വിശകലനത്തിനായി ഉപയോഗിച്ച ആശയമാണ് അവയവങ്ങളില്ലാത്ത ശരീരം (Body without organs). മുതലാളിത്തവും സ്കിസോഫ്രീനിയയും, ലോജിക് ഓഫ് സെൻസ്, ക്രിട്ടിക് അറ്റ് ക്ലിനിക് തുടങ്ങിയ കൃതികളിൽ അവയവങ്ങളില്ലാത്ത ശരീരത്തെ അദ്ദേഹം നിർവചിക്കുവാനും പുനർവിചിന്തനത്തിനു വിധേയമാക്കുവാനും ശ്രമിച്ചിട്ടുണ്ട്.

ആന്റോണിന് ആർട്ടോഡിന്റെ റേഡിയോ നാടകമായ ‘ടു ഹാവ് ഡൺ വിത്ത് ദി ജഡ്ജ്മെന്റ് ഓഫ് ഗോഡ്’ (1940) ൽ നിന്നും എടുത്തതാണ് ഈ ആശയം. “നിങ്ങൾ അവനെ അവയവമില്ലാത്ത ശരീരമാക്കുമ്പോൾ, അപ്പോൾ നിങ്ങൾ അവന്റെ എല്ലാ യാന്ത്രിക പ്രതികരണങ്ങളിൽ നിന്നും വിടുവിക്കും......” 1947 നവംബർ 28-ന് ആർട്ടോഡ് ആത്മഹത്യ ചെയ്തപ്പോൾ ആർട്ടോഡ് സ്വയം അവയവമില്ലാത്ത ശരീരമായി തീർന്നുവെന്ന് ഡല്യൂസും ഗോത്താരിയും അഭിപ്രായപ്പെട്ടു. സർറിയലിസ്റ്റ് കവിതകളുടെ അച്ചിൽ സജ്ജീകരിച്ചിരിക്കുന്ന ഈ നാടകം ആദർശങ്ങൾക്കും ധാർമ്മികതക്കും എതിരായ ആക്രോശമായിരുന്നു.

## അവയവങ്ങളില്ലാത്ത ശരീരം (Body Without Organs )

1947 നവംബർ 28-ന് ആർട്ടോഡ് തന്റെ റേഡിയോ നാടകത്തിൽ അവയവങ്ങളോട് യുദ്ധം പ്രഖ്യാപിച്ചു. യഥാർത്ഥത്തിൽ ഇത് ശരീരത്തിന്റെ ബാഹ്യസംഘടനക്ക് എതിരായ യുദ്ധമാണ്. കുട്ടിക്കാലം മുതൽ വൈയക്തികതയ്ക്കു മേൽ അടിച്ചേല്പിക്കപ്പെട്ട നിയമങ്ങൾക്കും നിയന്ത്രണങ്ങൾക്കും എതിരായ യുദ്ധം. ഇത്തരം നിയമങ്ങളും നിയന്ത്രണങ്ങളും പലപ്പോഴും യഥാർത്ഥ സ്വഭാവത്തിന് എതിരായിരിക്കും.ഫ്രഞ്ച് പോസ്റ്റ് സ്ട്രക്ച്ചറലിസ്റ്റ് തത്വചിന്തകരായ ഡെല്യൂസിന്റെയും ഗോത്താരിയുടെയും കാഴ്ചപ്പാടിൽ ഓരോ യഥാർത്ഥ ശരീരത്തിനും സ്വഭാവഗുണങ്ങൾ, ശീലങ്ങൾ, ചലനങ്ങൾ, സ്വാധീനങ്ങൾ എന്നിവ ഉണ്ട്. ഒപ്പം ഓരോ ശരീരത്തിനും വെർച്വൽ മാനവുമുണ്ട്. സാധ്യതയുള്ള സ്വഭാവസവിശേഷതകൾ, കണക്ഷനുകൾ, സ്വാധീനങ്ങൾ, ചലനങ്ങൾ മുതലായവയുടെ വലിയ സംഭരണി. ഈ പൊട്ടൻഷ്യൽ ശേഖരത്തെയാണ് ഡെല്യൂസ് അവയവങ്ങളില്ലാത്ത ശരീരം എന്നു വിളിക്കുന്നത് (Body Without Organs-Esoteric Body: Alan Ti-Zariguin). ആദ്യം അവയവങ്ങളില്ലാത്ത ശരീരം ഉണ്ടാക്കുക. തുടർന്ന് വെർച്വൽ പൊട്ടൻഷ്യലുകൾ പുറത്തെടുക്കുവാനും സജീവമാക്കാനും അതുവഴി സ്വയം സജീവമാകാനും കഴിയുക. ഇത് അവയവങ്ങളുടെ സംയോജനത്തിലൂടെയാണ് സാധ്യമാകുക. ഡെല്യൂസിന്റെയും ഗോത്താരിയുടെയും വീക്ഷണത്തിൽ രണ്ടു സ്വതന്ത്ര തലങ്ങളാണ് ഒരു അസ്തിത്വത്തിലുള്ളത്. ഒന്ന് മാംസം, രക്തം, അസ്ഥികൾ ഇവയാൽ സംയോജിതമായ ഭൗതിക ശരീരം. മറ്റൊന്ന് ഞാനെന്ന ഭാവം. ഫ്രഞ്ച് സൈക്കോ അനലിസ്റ്റും സൈക്യാർട്ടിസ്റ്റും ആയ ജാക് ലെകാന്റെ കാഴ്ചപ്പാടിൽ ഈഗോ ആഗ്രഹങ്ങളുടെയും പ്രതീക്ഷകളുടെയും പ്രൊജക്ഷനിൽ നിന്നാണ് രൂപപ്പെടുന്നത്. അത് നമ്മുടേതല്ല. വലിയ മറ്റൊന്നിൽ നിന്നും രൂപപ്പെടുന്നതാണ്. ബിഗ് അദർ എന്ന സാങ്കല്പികതയുടെ മിഥ്യാധാരണയെ

മറികടക്കുന്ന സമൂലമായ അപരത്വത്തെ സൂചിപ്പിക്കുന്നു (Body Without Organs–Esoteric Body: Alan Ti -Zariguin).

അപ്പോൾ നമ്മുടെ ശരീരം ഭൗതികവും നിഗൂഢവുമായ മേഖലയാണ്. ശരീരത്തിനുള്ളിലെ ശക്തികളുടെ സംഘാടനവും ഊർജ്ജവിതരണവും നമ്മുടെ ശരീരത്തെ നിലനിർത്തുന്നു. നമ്മുടെ അസ്തിത്വത്തിന്റെ നിർമ്മാണ ഘടകം പ്രകാശമാണ്. പ്രകാശം എല്ലാ സൃഷ്ടിയുടെയും നിർമ്മിതിയുടെ ഇടം കൂടിയാണ്. വെളിച്ചവും ഇരുട്ടും തമ്മിലുള്ള പ്രതിപ്രവർത്തനം കോസ്മിക് സ്പന്ദനമായി മാറുകയും മനുഷ്യനിൽ ശ്വാസം കൊണ്ട് ആവർത്തിക്കുകയും ചെയ്യുന്നു. ശ്വാസം ജീവിതത്തിനും മരണത്തിനും ഇടയിലുള്ള പാരസ്പര്യമാണ്. ഒരു കോസ്മിക് സ്കെയിലിൽ ഇത് വെളിച്ചത്തിന്റെയും ഇരുട്ടിന്റെയും രൂപമെടുക്കുന്നു. ഡെല്യൂസിന്റെയും ഗോത്താരിയുടെയും പ്രധാന ആശയങ്ങളിൽ ഏറ്റവും പ്രശ്നകരമായത് അവയവങ്ങളില്ലാത്ത ശരീരമാണ്. ഭൗതിക ശരീരം രൂപമെടുക്കുന്നത് ഭൗതികമല്ലാത്ത മറ്റൊന്നിന്റെ അടിസ്ഥാനത്തിലാണ്. അത് പ്രകാശ ശരീരമെന്നോ ആത്മീയ ശരീരമെന്നോ വിവക്ഷിക്കപ്പെടുന്നു. കോസ്മോസിലെ എല്ലാ വസ്തുക്കളും ആത്മാവിനാൽ വേഗത്തിലാക്കപ്പെടുന്നുവെന്ന് മീഡ് സിദ്ധാന്തിക്കുന്നു (The Body of Light and The Body Without Organs–Willian Behun-127). ഭൗതിക ശരീരത്തെ ജനിപ്പിക്കുന്നത് പ്രകാശ ശരീരമാണ്. പ്രകാശ ശരീരത്തെ വ്യത്യസ്ത പാരമ്പര്യങ്ങളിൽ ഉടനീളം തിരിച്ചറിയാൻ മീഡ് ചില പ്രത്യേക പദങ്ങൾ പട്ടികപ്പെടുത്തുന്നു-സ്വർഗീയ അഥവാ ലൂസിഫോ ബോഡി, പ്രകാശത്തിന്റെ ഓര്ഗാനോൻ, ഒഗോയ്ഡുകൾ. പ്രകാശത്തിന്റെ രൂപീകരണം സ്വയം അവസാനിക്കുന്നില്ല. അത് പലതരം മാന്ത്രിക ശക്തികൾ നേടുന്നതിനുള്ള ഉപാധിയാണ്. ഉള്ളിലുള്ള പ്രവർത്തനത്തിന്റെ സാധ്യതയെ അത് തുറന്നുകാട്ടുന്നു. അത് ബോധവും ശക്തിയും കൊണ്ട് നിർമ്മിക്കപ്പെട്ടതാണ്. സൂക്ഷ്മശരീരത്തിന്റെ വികാസത്തിലൂടെ മാത്രം ഒരുവന് നേടിയെടുക്കാൻ കഴിയുന്ന അനുഭവം എന്നാണ് ഇവോളയുടെ സാക്ഷ്യം. (The Body of Light and The Body Without Organs–Willian Behun-128). അവയവങ്ങളില്ലാത്ത ശരീരം ലോകത്തെ അനുഭവിക്കുന്നതിനുള്ള മാർഗമാണ്. അവയവങ്ങളില്ലാത്ത ശരീരം നിർമ്മിക്കുന്ന പ്രക്രിയയിൽ ഒരാൾ മോളാർ വ്യക്തിയായിട്ടല്ല മറിച്ച് തന്മാത്ര സംഭവമായി ഉടലെടുക്കുന്നു. തീവ്രതകളും പ്രവാഹങ്ങളും നിയന്ത്രണമോ പരിമിതികളോ ഇല്ലാതെ തന്നെ കടന്നുപോകുന്ന സുഗമമായ തലം. മീഡ് ഭൗതിക ശരീരത്തിന് അവയവങ്ങൾ കല്പിക്കുമ്പോൾ സൂക്ഷ്മ ശരീരത്തിന് അവയവങ്ങൾ

കല്പിച്ചിട്ടില്ല. ഡെല്യൂസിന്റെയും ഗോത്താരിയുടെയും അഭിപ്രായത്തിൽ അവയവങ്ങളില്ലാത്ത ശരീരം മതപരമോ ദൈവശാസ്ത്രപരമോ ആയ ആത്മീയ പ്രതിഭാസമല്ല. ഭൗതികതക്കെതിരായ ആത്മീയതയാണ്. ഇവർ ചൂണ്ടിക്കാണിക്കുന്നതും ഞാൻ എന്ന ബോധത്തെയാണ്. എല്ലാ സാധ്യതകളുടെയും ഉറവിടം. നമ്മെക്കാൾ വലുതാകാനുള്ള സാധ്യത. അവയവങ്ങളില്ലാത്ത ശരീരം ആഗ്രഹത്തിന്റെ അന്തർലീനതയുടെ മേഖലയാണ്. ആഗ്രഹത്തിന് പ്രത്യേകമായ സ്ഥിരതയുടെ തലം എന്നെഴുതുന്നു. ദാർശനികമോ നിഗൂഢമോ മാന്ത്രികമോ ആയ പദങ്ങളിൽ മനസിലാക്കിയാലും ഈ ശരീരങ്ങളുടെ രൂപീകരണത്തിന്റെ ഉദ്ദേശ്യം ഒരാളുടെ പരിധി വികസിപ്പിക്കുക എന്നതാണ്. സാധ്യതകളുടെ വലിയ ഇടം രൂപപ്പെടുത്തുക. അവയവങ്ങളില്ലാത്ത ശരീരം ഒരു ശരീരം എന്താണെന്നും അത് എങ്ങനെ ഉപയോഗപ്പെടുത്തണമെന്നും ഉള്ള പരമ്പരാഗത ബോധത്തെ തകർക്കുന്നു (A Body Without Organs–A Users Manual–Manu Bazzaus).ചിന്തകളുടെ അസാധ്യതകളിലേക്കും തുടർന്നുള്ള സാധ്യതകളിലേക്കും ഉള്ള പരിണാമമാണ് ഓരോ അവയവങ്ങളില്ലാത്ത ശരീരവും.

അവയവങ്ങളില്ലാത്ത ശരീരം ഒരു സാധ്യതയാണ്. അത് ആഗ്രഹങ്ങളുടെ അനിയന്ത്രിതമായ പ്രകടനമാണ്. നേടാനാകാത്ത ലക്ഷ്യത്തെ സമീപിക്കുന്ന വ്യത്യസ്തമായ പ്രവർത്തനങ്ങളായി അവർ അവയവങ്ങളില്ലാത്ത ശരീരത്തെ നോക്കിക്കാണുന്നു. യഥാർത്ഥത്തിൽ അവയവങ്ങളില്ലാത്ത ശരീരം കലയും ശരീരവും തമ്മിലുള്ള സംയോജനത്തെക്കുറിച്ചുള്ള ചിന്തയ്ക്ക് വഴിതുറക്കുന്നു. ഈ ഒരു തലത്തിൽ നിന്നുകൊണ്ടാണ് ഡെല്യൂസ് ഇത്തരമൊരു ആശയത്തെ വിശകലനം ചെയ്തത്. അവയവങ്ങളില്ലാത്ത ശരീരത്തിന്റെ ആദ്യ നിർണയം ചിന്തകളുടെ അസാധ്യതകളിലേക്കാണ് കടന്നു ചെല്ലുന്നത്. സൃഷ്ടിയെ അസാധ്യമെന്നും പരിധിയുടെ കായിക ക്ഷമതയെന്നും അദ്ദേഹം നിർണയിക്കുന്നു. അസാധ്യതയാണ് ചിന്തകളുടെ സാധ്യതകളിലേക്ക് വഴി തുറക്കുന്നത്. വിൻസെന്റ് വില്യം വാൻഗോഘിന്റെ വൈയക്തിക ചിന്തകളും സൃഷ്ടികളും ഇത്തരമൊരു സാധ്യതയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

### വാൻഗോഘ് -സർഗ്ഗതാളം ജീവതാളമാക്കിയ കലാകാരൻ

1853 മാർച്ച് 30-നായിരുന്നു നെതർലണ്ടിൽ വാൻഗോഘ് ജനിച്ചത്. ഇന്ന് ലോകത്തിലെ ശ്രദ്ധേയരായ ചിത്രകാരന്മാരെക്കുറിച്ച പരാമർശിക്കുമ്പോൾ വാൻഗോഘിനെ ഒഴിച്ചുനിർത്തിക്കൊണ്ടുള്ള പരാമർശത്തിന് ആരും മുതിരുകയില്ല. മുപ്പത്തിയേഴ് വർഷവും നാലു മാസവും മാത്രം ഈ ലോകത്തു ജീവിച്ച

വാൻഗോഘ് കലാസ്നേഹികളുടെ കണ്ണിൽ എന്നും ഒരു അത്ഭുതപ്രതിഭാസ മാണ്. 1890-ൽ വാൻഗോഘ് സ്വയം ജീവിതം അവസാനിപ്പിച്ചപ്പോൾ ഇന്ന് ലോകം നോക്കിക്കാണുന്ന ശ്രേഷ്ഠതയിലേക്ക് അദ്ദേഹം ഉയർന്നിരുന്നുവോ എന്നത് സംശയമാണ്. അന്ന് അദ്ദേഹത്തെ അംഗീകരിച്ചത് സുഹൃത്തുക്കളും അനുയായികളും മാത്രം അടങ്ങുന്ന ചെറുസംഘമായിരുന്നു.

വാൻഗോഘ് ചിത്രങ്ങൾ മരണാനന്തരം ലോക ശ്രദ്ധയാകർഷിച്ചവ യാണ്. അദ്ദേഹത്തിന്റെ അസാധാരണതകളെയാണ് ലോകം ഉറ്റുനോക്കി യത്. ഭാഗ്യഹീനമായ പ്രണയങ്ങളുടെ ഇടവേളകൾ, സ്വയം അംഗഭംഗം വരുത്തുന്ന എപ്പിസോഡുകൾ, തളർത്തുന്ന രോഗത്തിന്റെ പ്രതിസന്ധികൾ എന്നിവ അദ്ദേഹത്തിന്റെ ജീവിതത്തിന്റെ അടയാളപ്പെടുത്തലുകളായി. വാൻഗോഘിന്റെ ജീവിതത്തിലുടനീളം ഗുരുതരമെന്നു തോന്നിപ്പോകുന്ന മാന സികവിഭ്രാന്തിയുടെ അസാധാരണത്വം ദൃശ്യമായിരുന്നു. അത് അദ്ദേഹത്തിന്റെ സർഗാത്മകതയിലോ കലാസൃഷ്ടികളിലോ കടന്നു കൂടിയിട്ടുണ്ടോ എന്നതി നെപ്പറ്റി മെഡിക്കൽ പഠനങ്ങൾ വൻതോതിൽ നടന്നിട്ടുണ്ട്. വാൻഗോഘ് അനുജൻ തിയോയ്ക്ക് അയച്ച കത്തുകളിൽ അദ്ദേഹത്തിന്റെ മാനസിക സംഘർ ഷങ്ങൾ പ്രകടമായിട്ടുണ്ട്.

വാൻഗോഘ് അനുദിനം പലതരം പരിമിതികളോടെയാണ് ജീവിച്ചത്. 19ആം നൂറ്റാണ്ടിൽ ഇന്നത്തേത് പോലെ ഫലപ്രദമായി ചികിത്സ ലഭ്യമല്ലാത്ത മാനസിക അസ്വസ്ഥതകളോട് മല്ലിട്ടുകൊണ്ടുള്ള ജീവിതം. എന്നിട്ടും പോസ്റ്റ് ഇമ്പ്രെഷണിസ്റ്റ് പ്രസ്ഥാനത്തിന്റെ മാത്രമല്ല കലയുടെ തന്നെ ചരിത്രത്തിൽ ശ്രദ്ധേയമായ ഇടം നേടിയെടുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു.

വാൻഗോഘിന്റെ ജീവിതാവസ്ഥകളുടെ ചില വശങ്ങൾ വ്യത്യസ്ത പരിമി തികളുടെ സൂചകങ്ങളായി ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ മാനസി കാവസ്ഥയിൽ വിഷാദം, സ്കീസോഫ്രേനിയ, മാനസിക വിഭ്രാന്തി, ഉത്കണ്ഠ എന്നീ രൂപങ്ങളാണ് ഏറ്റവുമധികം കാണപ്പെട്ടത്.ശാരീരികമായി അദ്ദേഹ ത്തിന് അപസ്മാരവും മേനിയേർസവും ബാധിച്ചിരുന്നതായി കാണാം. ഇത്തരം ശാരീരിക മാനസിക വെല്ലുവിളികൾ കലാസൃഷ്ടികളെ സ്വാധീനിച്ചിട്ടുണ്ട്. പുതിയ ചില പഠനങ്ങൾ വെളിപ്പെടുത്തുന്നത് വാൻഗോഘിന് അപസ്മാരത്തോ ടൊപ്പം മേനിയേഴ്സും ഉണ്ടായിരുന്നതായാണ്. അദ്ദേഹത്തിന് ഉത്തേജകങ്ങ ളോടുള്ള കടുത്ത സംവേദനക്ഷമതക്കു ഇവ ഒരുപക്ഷേ, കാരണങ്ങളായേ ക്കാം. തീവ്രമായ തലകറക്കം, ചെവിക്കുള്ളിലെ മുഴക്കം, കാഴ്ച സംബന്ധമായ പ്രശ്നങ്ങൾ എന്നിവ മേനിയേർസ് ഉള്ളവരിൽ പ്രകടമാകാറുണ്ട്. വെളിച്ചം,

ശബ്ദം, സുഗന്ധം എന്നിവ ഇത്തരക്കാരിൽ ട്രിഗറുകളായി പ്രവർത്തിക്കും. ഈ രോഗികൾക്ക് തിരക്കുള്ള മെട്രോപോലിത്തൻ സിറ്റികൾ, തിരക്കേറിയ നഗര പ്രദേശങ്ങൾ അഭിഗാമ്യമല്ല. നാട്ടിൻപുറങ്ങളിലേക്ക് ചേക്കേറാനുള്ള ത്വര വാൻഗോഘിനുണ്ടായത് ഒരുപക്ഷേ, ഇതുകൊണ്ടാകാം. തിയൊയ്ക്കെഴുതിയ കത്തുകളിൽ ഇതിന്റെ സൂചന ലഭിക്കുന്നുണ്ട് (The Illness of Vincent Vangogh-Wilfred Niels Arnold).

മേനിയേഴ്സും അപസ്മാരവും കൊണ്ടുണ്ടാകുന്ന കാഴ്ച്ചക്കുറവ് വാൻഗോഘിന്റെ ദൃശ്യബോധത്തെ സാരമാക്കി. മറ്റ് ഇമ്പ്രഷണിസ്റ്റ് ചിത്രകാരന്മാരിൽ നിന്നും വ്യത്യസ്തമായി ചുറ്റുപാടുകളെ മറ്റൊരുതരത്തിൽ നോക്കിക്കണ്ടു. റെനോയർ, മോനേ, ഗോഗാൻ എന്നിവരിൽ നിന്നും വാൻഗോഘ് ശൈലീപരമായി വേറിട്ടു നിന്നു. ഇവരുടെ സൃഷ്ടികളിൽ കാണാൻ കഴിയാത്ത ഒരു ധൃതി വാൻഗോഘിലുണ്ട്. അദ്ദേഹത്തിന്റെ ബ്രഷ്വർക് കൂടുതൽ ഭാരമേറിയതും കൂടുതൽ വേഗതയാർജിച്ചതുമായിരുന്നു. കനത്ത സ്ട്രോക്കുകൾ ഊർജ്ജസ്വലങ്ങളായ നിറങ്ങളാൽ സമ്പന്നമാണ്. ശാരീരികതീവ്രതകളിലൂടെ മുന്നേറിയ വാൻഗോഘ് അനുനിമിഷം താൻ അനുഭവിച്ചറിഞ്ഞ ലോകത്തെയാണ് ചിത്രീകരിച്ചത്. അദ്ദേഹത്തിന്റെ വർണ്ണ സ്കീമാറ്റിക്സിന്റെ കാഠിന്യവും ബ്രഷ് വർക്കിന്റെ രേഖീയ നിലവാരവും മാറിയ ധാരണകളെ സൂചിപ്പിക്കുന്നു.

വാൻഗോഘിന്റെ ചിത്രങ്ങളിൽ മഞ്ഞനിറം പലപ്പോഴും വസ്തുക്കളെ ആവരണം ചെയ്യുന്നതായി കാണാം. അത് അദ്ദേഹത്തിന്റെ സൃഷ്ടികളിൽ മേൽക്കൈ നേടുകയും ചെയ്തു. അദ്ദേഹം കഴിച്ചിരുന്ന ചില മരുന്നുകൾ കാഴ്ച്ചയിൽ മഞ്ഞയുടെ അതിപ്രസരം സൃഷ്ടിച്ചിരുന്നതായി കരുതുന്നു. മാനസിക പ്രശ്നങ്ങളാൽ ബുദ്ധിമുട്ടനുഭവിച്ച വാൻഗോഘ് മദ്യത്തോട് അഭിനിവേശം കാട്ടിയതും ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ അബ്സീന്തയുടെ ഉപയോഗവും ചെറുതായിരുന്നില്ല. ഇത്തരം പാനീയങ്ങൾ അമിതമായി ഉപയോഗിക്കുമ്പോൾ ഉപഭോക്താവിന് എല്ലാം മഞ്ഞനിറത്തിൽ കാണുന്നതിന് കാരണമാകുന്നതായി നിരീക്ഷിക്കപ്പെട്ടിട്ടുണ്ട് (The Illness of Vincent Vangogh–Wilfred Niels Arnold).

തിയോ അവന്റെ സഹോദരിക്ക് എഴുതിയ കത്തിൽ വാൻഗോഘിന്റെ മാനസികാവസ്ഥ രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം രണ്ടു വ്യക്തികളാണെന്നു തോന്നിപ്പോകും. ഒരാൾ പ്രതിഭാധനനും ആർദ്രതയുള്ളവനും പരിഷ്കൃതനും ആണെങ്കിൽ മറ്റൊരാൾ അഹംഭാവിയും കഠിനഹൃദയനുമാണ്... ... അവൻ മറ്റുള്ളവർക്ക് മാത്രമല്ല സ്വയവും ജീവിതം ബുദ്ധിമുട്ടാക്കുന്നു.

'എനിക്ക് എന്താണ് സംഭവിക്കുന്നത് എന്ന് എനിക്കു തന്നെ അറിയാൻ കഴിയുന്നില്ലെ'ന്ന് വാൻഗോഘ് തന്നെ പ്രസ്താവിച്ചിട്ടുണ്ട്. തന്റെ അകാരണമായ ഉത്കണ്ഠ വാൻഗോഘ് പലപ്പോഴും തുറന്നുകാട്ടിയിട്ടുമുണ്ട്. അബ്സീന്തയുടെ ലഹരിയിൽ മുഴുകി തന്റെ ചെവി മുറിച്ച് വേശ്യക്ക് സമ്മാനിച്ചതിനു പിന്നിൽ ഇത്തരമൊരു മാനസികാവസ്ഥയും നിഴലിക്കുന്നുണ്ട്. വാൻഗോഘിന്റെ രചനകൾ അദ്ദേഹത്തിന്റെ വിവിധ പരിമിതികളുടെ ഉത്പന്നങ്ങളായി തോന്നുമെങ്കിലും അവ സർഗാത്മക സൃഷ്ടികൾ തന്നെയായിരുന്നു. അദ്ദേഹത്തിന്റെ ചിത്രങ്ങളിൽ ഇമ്പ്രഷണിസ്റ്റ്-പോസ്റ്റ് ഇമ്പ്രെഷണിസ്റ്റ് ചിത്രകാരന്മാരുടെ സ്വാധീനം കാണാം. ഭാരമുള്ളതായി തോന്നുന്ന ചെറിയ ബ്രഷ് സ്ട്രോക്കുകൾ കൊണ്ടുള്ള കട്ടിയുള്ള പെയിന്റ് പ്രയോഗത്തിലും നിറങ്ങളുടെ ശ്രദ്ധാപൂർവമുള്ള വിനിയോഗത്തിലും ക്ളോഡ് മോനെയുടെ സ്വാധീനം പ്രകടമാണ്. വർണങ്ങളുടെയും പരോക്ഷമായ രൂപത്തിന്റെയും വിനിയോഗത്തിലൂടെ ചുറ്റുപാടുകളോട് മതിപ്പുണ്ടാക്കുകയായിരുന്നു മോനെയുടെ ലക്ഷ്യം. വാൻഗോഘിന്റെ കലാസൃഷ്ടികളിലും ഇത്തരമൊരു സമീപനം ഇടം പിടിച്ചിട്ടുണ്ട്. ചിന്തകളുടെ അസാധ്യതകളും തുടർന്നുള്ള സാധ്യതകളുമാണ് യഥാർത്ഥത്തിൽ വാൻഗോഘിനെ ചലിപ്പിച്ചത്. വാൻഗോഘ് വിവിധ വൈകല്യങ്ങളുമായുള്ള നിരന്തര പോരാട്ടത്തിൽ നിന്നോ ജീവിതത്തിന്റെ ദുഃഖകരമായ നിസ്സാരതയിൽ നിന്നോ രക്ഷപെടാൻ കലയെ ഉപയോഗിച്ചിരിക്കാം. അവിടെ വാൻഗോഘ് അവയവമില്ലാത്ത ശരീരമായിത്തീരുകയുമായിരുന്നു. വാൻഗോഘ് മനുഷ്യന്റെ നിലനില്പിനെക്കുറിച്ച് രസകരമായ വീക്ഷണങ്ങൾ വികസിപ്പിച്ചെടുത്തു. വാൻഗോഘ് പൂർണഹൃദയത്തോടെ കലയിൽ സ്വയം സമർപ്പിതനായ കലാകാരനായിരുന്നു. ചിത്രകലയോട് തീവ്രമായ അഭിനിവേശം പുലർത്തിയ ആൾ. ജീവിതത്തിന്റെ താളം നഷ്ടപ്പെട്ട് ക്ലിനിക്കിൽ കഴിയേണ്ടിവന്നപ്പോഴും സർഗാത്മകതയുടെ താളത്തിലൂടെ ജീവിതതാളം ശരിപ്പെടുത്താൻ ശ്രമിച്ച കലാകാരൻ. അതിഗംഭീരമായ ഒരു ജോലിയുടെ പൂർത്തീകരണത്തിന് വേണ്ടി താൻ കഠിനമായ കാലാവസ്ഥയെപ്പോലും നേരിട്ടുന്നെന്ന് തിയൊക്കെഴുതിയ കത്തിൽ അദ്ദേഹം വിവരിക്കുന്നുണ്ട് (The Illness of Vincent Vangogh- Wilfred Niels Arnold).

വാൻഗോഘ് ചിത്രങ്ങളിലെ അവയവങ്ങളില്ലാത്ത ശരീരം ജീവിതത്തിൽ അനുഭവിച്ച വന്യമായ ഏകാന്തതയെ ഭാവതീഷ്ണമായ ചിത്രങ്ങളിലൂടെ അതിജീവിച്ച ചിത്രകാരനായിരുന്നു വാൻഗോഘ്. ചാപിള്ളയായി

പിറന്ന ജ്യേഷ്ഠന്റെ ആത്മാവാണ് താനെന്ന ചിന്ത ജീവിതാന്ത്യം വരെ വാൻഗോഘിനെ അലട്ടിയിരുന്നു. കുട്ടിക്കാലം മുതൽ വാൻഗോഘിന്റെ വൈയക്തികതക്കുമേൽ അടിച്ചേല്പിക്കപ്പെട്ട നിയമവും നിയന്ത്രണവുമായിരുന്നു ഈ പരാമർശം. ശരീരത്തിന്റെ ബാഹ്യസംഘടനക്കു എതിരെയുള്ള വാന്ഗോഘിന്റെ യുദ്ധപ്രഖ്യാപനം അവിടെ തുടങ്ങുന്നു. ഇത്തരം അടിച്ചമർത്തലുകൾ അദ്ദേഹത്തിന്റെ സ്വഭാവരൂപീകരണത്തെ പ്രതികൂലമായി ബാധിച്ചു. ബാല്യം മുതൽ തന്നിഷ്ടക്കാരനും നിഷേധാത്മക നിലപാടുകൾ കൈക്കൊള്ളുന്നവനുമായി വാൻഗോഘ് വളർന്നു. മുതിർന്നപ്പോൾ സ്റ്റോക്കിന്റെ റാംസ്ഗേറ്റിലെ വിദ്യാലയത്തിലും സുവിശേഷ പ്രസംഗകനായ ഫാദർ ജോൺസിനൊപ്പം ലണ്ടനിലെ ചേരികളിലും ഡോർഡ്രെഷത്തിലെ പുസ്തകശാലയിലും സ്ഥിരതയോടെ നിൽക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നില്ല. വൈയക്തികതക്ക് മേൽ അടിച്ചേല്പിക്കപ്പെട്ട നിയമങ്ങളോടും നിയന്ത്രണങ്ങളോടുമുള്ള തുറന്ന യുദ്ധപ്രഖ്യാപനം കൂടിയായിരുന്നു ഈ ചാഞ്ചല്യം. ആംസ്റ്റർഡാമിൽ ദൈവശാസ്ത്രപഠനം പാതിവഴിയിൽ ഉപേക്ഷിച്ചതും ബോറിനാഴിയിലെ ഖനിത്തൊഴിലാളികൾക്കിടയിൽ പ്രേക്ഷിതനായി ഏറെക്കാലം നിലകൊള്ളാൻ കഴിയാതെ പോയതും ഇതേ മനോഭാവം കൊണ്ടുതന്നെ.

1880-ൽ ചിത്രകാരനാകുക എന്ന ലക്ഷ്യത്തോടെ ബ്രൂസ്സൽസിലെ അക്കാദമി ഓഫ് ഫൈൻ ആർട്സിലേക്ക് പോയപ്പോൾ വാൻഗോഘ് സ്വയമൊരു അവയവമില്ലാത്ത ശരീരമായിതീരുകയായിരുന്നു. 1885-ൽ വരച്ച 'പൊട്ടറ്റോ ഈറ്റേഴ്സ്' (റിജ് ക്സ് മ്യൂസിയം-ആംസ്റ്റർഡാം) യൂറോപ്പിലെ ദാരിദ്ര്യവും തൊഴിലില്ലായ്മയും ജീവിതത്തിന്റെ ദൈന്യതയും പ്രത്യക്ഷമാക്കി. പരോക്ഷതയിൽ ഈചിത്രം വാൻഗോഘിന്റെ ചിന്തകളുടെ അസാധ്യതകളിലേക്കും അതു വഴിതുറക്കുന്ന സാധ്യതകളിലേക്കും സഞ്ചരിക്കുന്നു. വെളിച്ചത്തിന്റെയും ഇരുട്ടിന്റെയും പ്രതിപ്രവർത്തനം ചിത്രത്തിൽ ഒരു കോസ്മിക് സ്പന്ദനമായി നിറയുന്നു. ജീവിതത്തിനും മരണത്തിനും ഇടയിലുള്ള ശ്വാസത്തിന്റെ പാരസ്പര്യം പരോക്ഷതയിൽ വെളിപ്പെടുന്നു. ഇവിടെ അവയവങ്ങളില്ലാത്ത ശരീരമായി തീരുന്നു 'പൊട്ടറ്റോ ഈറ്റേഴ്സ്'.

1886-ലും 1887-ലുമാണ് വാൻഗോഘ് തന്റെ ചിത്രങ്ങളിലേക്ക് സൂര്യകാന്തികളെ പ്രതിഷ്ഠിച്ചത്. അവയോരോന്നും നിശ്ചലജീവിതത്തിന്റെയോ ദൃശ്യത്തിന്റെയോ ഭാഗമായിരുന്നു. 1887ലെ വേനല്ക്കാലത്തിന്റെ അവസാനത്തോടെ അദ്ദേഹത്തിന്റെ മുഴുവൻ ക്യാൻവാസുകളും സൂര്യകാന്തികളുടെ ചിത്രണത്തിനു വഴിമാറി. പാരീസിലായിരുന്നപ്പോൾ അദ്ദേഹം സൂര്യകാന്തിപ്പൂക്കളുടെ നാല്

നിശ്ചലദൃശ്യങ്ങൾ വരച്ചു. നാലു വാടിപ്പോയ സൂര്യകാന്തിപ്പൂക്കൾ, സൂര്യകാന്തി എന്ന പേരിൽ രണ്ടു ചിത്രങ്ങൾ, വിത്തുകൾ പോയ സൂര്യകാന്തിയുടെ ഓയിൽ ചിത്രം എന്നിവയാണവ. മുറിച്ച പൂക്കൾ തറയിലോ മേശയിലോ കിടക്കുന്ന മട്ടിലാണ് പലതിന്റെയും ചിത്രീകരണം. 1888-ൽ വാൻഗോഘ് തിയൊക്കെഴുതിയ കത്തിൽ സൂര്യകാന്തിപ്പൂക്കൾ വരക്കുമ്പോഴുണ്ടാകുന്ന ആഹ്ലാദം അദ്ദേഹം പങ്കുവയ്ക്കുന്നുണ്ട്. ഈ ആഹ്ലാദം അദ്ദേഹത്തിന്റെ ആർലെസ് സൺഫ്ലവർ പരമ്പരയിൽ അവസാനിക്കുന്നു. പാരീസ് പരമ്പരയിൽനിന്നും വ്യത്യസ്തമായി ആർലെസിൽ സൂര്യകാന്തികൾ മഞ്ഞയുടെ വകഭേദത്താൽ നിറഞ്ഞിരിക്കുന്നു. വാൻഗോഘിന്റെ സൂര്യകാന്തികൾ കാഴ്ചയെ പുനർനിർമ്മിക്കുവാനുള്ള ശ്രമത്തിന്റെ ഭാഗമായിരുന്നില്ല. സൂര്യകാന്തിപ്പൂക്കളുടെ വർണക്രമത്തിലും രൂപവിന്യാസത്തിലും ചിത്രകാരൻ വഴിമാറി സഞ്ചരിച്ചത് ചിന്തകളുടെ അസാധ്യതകളിലൂടെ സാധ്യതകളിലേക്കായിരുന്നു. വാടിപ്പോയ സൂര്യകാന്തിയും വിത്തുകൾ അറ്റുപോയ സൂര്യകാന്തിയും അവയുടെ വേറിട്ട കിടപ്പും ജീവിതാവസ്ഥയുടെ ചാക്രികതയെ ഓർമ്മപ്പെടുത്തുന്നു. ഇത് സാധ്യമായ ചലനങ്ങളെയും സവിശേഷതകളെയും അടയാളപ്പെടുത്തുന്നു. വാൻഗോഘിന്റെ മനസികാരോഗ്യത്തിന്റെ ശിഥിലീകരണം അദ്ദേഹത്തിന്റെ ആത്മ ഛായാചിത്രങ്ങളിൽ പ്രതിഫലിച്ചിട്ടുണ്ട്. അവയുടെ വിശകലനത്തിലൂടെ ഗോഘിന്റെ കലാസൃഷ്ടികളുടെ പിന്നിലെ കലാപരവും മാനസികവുമായ പ്രചോദനങ്ങളെക്കുറിച്ച് തിരിച്ചറിയാൻ കഴിയും. ഇവ അദ്ദേഹത്തിന്റെ മൂന്ന് ആത്മഛായാചിത്രങ്ങളിലൂടെ വ്യക്തമാക്കാം.

1. സെല്ഫ് പോർട്രേറ്റ് വിത്ത് ഡാർക്ക് ഫെൽറ്റ് ഹാറ്റ് (1886)
2. ബാൻഡേജ്ഡ് ഇയർ വിത്ത് സെല്ഫ് പോർട്രേറ്റ് (1889),
3. സെല്ഫ് പോർട്രേറ്റ് (1889)

എന്നിവയാണ് ആ ചിത്രങ്ങൾ.

ആദ്യ ചിത്രത്തിൽ വാൻഗോഘ് ഒരു ഇരുണ്ട ഭിത്തിക്കു മുൻപിലുള്ള സ്ഥലമാണ് തിരഞ്ഞെടുത്തത്. ക്യാൻവാസിന്റെ ഭൂരിഭാഗവും ഈ പ്രതലം നിലനിൽക്കുന്നതിനാൽ ഇത് ചിത്രത്തെ സ്വതവേ ഇരുണ്ടതാക്കിയിരിക്കുന്നു. കറുത്ത തൊപ്പിയും ഇരുണ്ട പച്ച ഓവർകോട്ടുമാണ് ചിത്രത്തിലെ വേഷം. അദ്ദേഹത്തിന്റെ ഭൗതികദേഹത്തേക്കാൾ മുഖഭാവവും സവിശേഷതകളും ചിത്രത്തിൽ മേൽക്കൈ നേടിയിരിക്കുന്നു. നിഗൂഢ ഭാവവും ഇരുണ്ട കണ്ണുകളും മുഖരോമങ്ങളും ദുഃഖം പ്രകടമാക്കുന്നു. ഈ രചന യാഥാർഥ്യത്തിന്റെ പ്രതിനിധാനമാണെങ്കിലും ആഴമേറിയതും വിശാലവുമായ

സന്ദേശം പകരാൻ ചിത്രം ശ്രമിക്കുന്നുണ്ട്. ഒരാൾ അനുഭവിക്കുന്ന ഇരുട്ടും സങ്കടവും വ്യക്തമാക്കുന്ന ചിത്രം മാറിക്കൊണ്ടിരിക്കുന്ന വ്യക്തിത്വത്തെയും മനസികാവസ്ഥയെയും കുറിച്ച് ചിത്രകാരൻ ബോധവാനായിരുന്നു എന്നും ഓർമ്മപ്പെടുത്തുന്നു. ചിത്രത്തിൽ ചിത്രകാരന് ചുറ്റും പ്രഭാവലയം തീർത്തി ട്ടുണ്ട്. അതുല്യവും തനതുമായ ശൈലി വികസിപ്പിച്ചെടുക്കുന്നതിന് തനിക്കു കഴിയുമെന്നുള്ള പ്രതീക്ഷയുടെ സൂചകമാണിത്. ദാരിദ്ര്യം, സാമ്പത്തിക അസ്ഥിരത പോലെയുള്ള പരുക്കൻ യാഥാർഥ്യങ്ങളുടെ പ്രതിഫലനവും വാൻഗോഘിന്റെ ചിന്താപരമായ ചലനങ്ങളുടെ ദൃഷ്ടാന്തവുമാണ് ഈ ചിത്രം. ബാന്ഡേജ്ഡ് ഇയർ വിത്ത് സെല്ഫ് പോർട്രേറ്റിലെത്തുമ്പോൾ വാൻഗോഘി ന്റെ ശകലീകൃത മാനസികാവസ്ഥ കൂടുതൽ വ്യക്തമാകും. 1888ൽ വാൻഗോഘ് തിയോക്കെഴുതിയ കത്തിൽ ഇങ്ങനെ പ്രസ്താവിച്ചു കാണുന്നു. എന്റെ കണ്ണിനു മുന്നിലുള്ളത് കൃത്യമായി പുനർനിർമ്മിക്കുന്നതിനു പകരം എന്നെ തന്നെ ശക്തിയോടെ പ്രകടിപ്പിക്കുന്നതിനു ഞാൻ നിറം കൂടുതൽ ഏകപ ക്ഷീയമായി ഉപയോഗിക്കുന്നു. ഈ ചിത്രത്തിൽ ചിത്രകാരന്റെ മുഖഭാവം നിശ്ചലവും ശാന്തവുമാണ്. ഒരു കലാകാരനെന്ന നിലയിൽ അദ്ദേഹത്തിന്റെ മൂല്യത്തെക്കുറിച്ചുള്ള അനിശ്ചിതത്വവുമായി ഇത് ബന്ധപ്പെട്ടിരിക്കുന്നുവെന്ന് എഴുത്തുകാരി മാർഗരറ്റ് ഡ്രാബിൾ സൂചിപ്പിക്കുന്നു (Analysis of Vincent Vangogh–Northern Michigan University https://nmu.edu>houston). വാൻ ഗോഘിന്റെ പക്വമായ പെയിന്റിംഗ് ശൈലി ഇതിൽ പ്രതിഫലിച്ചിട്ടുണ്ട്. മുഖത്തും തൊപ്പിയിലും ഉള്ള ബ്രഷ് സ്ട്രോക്കുകൾ വ്യത്യാസപ്പെട്ടിരിക്കുന്നത് പ്രക്ഷുബ്ധതയുടെ സൂചകമാകാം. ചിത്രത്തിൽ വാൻഗോഘിന്റെ തോളിനു മുകളിൽ ശൂന്യമായ ക്യാൻവാസാണ്. താൻ ഭൂതകാലത്തെ മറന്നു പുതിയ ഇടം സൃഷ്ടിക്കുവാൻ ആഗ്രഹിക്കുന്നുവെന്ന ചിന്തയുടെ സാധ്യതയായി ചിത്രം വായിക്കപ്പെടുന്നു. മാനസികമായ സ്ഥിരതയെ ഉയർത്തിക്കാട്ടാ നുള്ള ശ്രമം ചിത്രത്തെ അവയവങ്ങളില്ലാത്ത ശരീരമാക്കിത്തീർക്കുന്നു. 1889ൽ വരച്ച അവസാന ആത്മഛായാചിത്രങ്ങളിൽ ഒന്ന് മറ്റ് ചിത്രങ്ങളിൽ നിന്നും കാര്യമായി വ്യത്യാസപ്പെട്ടിരിക്കുന്നു. ചിത്രത്തിലെ വർണ്ണ സ്കീമും കലാ പരമായ സാങ്കേതികതയും വേറിട്ടതാണ്. ഒരു കലാകാരനെന്ന നിലയിൽ അദ്ദേഹം ഏറെ അഭിമാനിച്ചിരുന്നതിന്റെ ദൃഷ്ടാന്തമാണ് ചിത്രത്തിന്റെ താഴെ സ്ഥാനം പിടിച്ചിരിക്കുന്ന ബ്രഷും പാലറ്റും. സാധാരണ ആത്മഛായാചിത്രങ്ങ ളിൽ ഇരുട്ടിന്റെ ആധിക്യമാണെങ്കിൽ ഇത് നീലയുടെ അതിപ്രസരത്താൽ സൗകുമാര്യത തീർക്കുന്നു. ഒരു അംഗീകൃത കലാകാരനായി സമൂഹത്താൽ

ഏറ്റെടുക്കപ്പെടണമെന്നുള്ള വ്യഗ്രത വാൻഗോഘിന്റെ ചിന്താമണ്ഡലത്തിൽ ഇടം നേടിയിട്ടുള്ളതായി ബോധ്യമാകും. പ്രകൃതിയുമായി വളരെയധികം ഇണങ്ങിച്ചേരാൻ വാൻഗോഘിന് കഴിഞ്ഞിരുന്നു. വാൻഗോഘ് ചുറ്റുമുള്ള ലോകത്തിന്റെ ക്ഷണികനിമിഷങ്ങൾ പകർത്താൻ ശ്രമിച്ചു. ഭാവന തീർച്ചയായും നാം തന്നെ വികസിപ്പിച്ചെടുക്കേണ്ട ഒരു ഫാക്കൽറ്റിയാണ്. യാഥാർഥ്യത്തിലേക്കുള്ള ഒറ്റനോട്ടത്തെക്കാൾ കൂടുതൽ ശ്രേഷ്ഠവും ആശ്വാസകരവുമായ ഒരു സ്വഭാവം സൃഷ്ടിക്കുന്നതിലേക്ക് നമ്മെ നയിക്കാൻ പര്യാപ്തമായ ഒന്ന്.ഇത്തരം കാഴ്ചപ്പാടുകൾ ക്ഷണികമായത് നേടിയെടുക്കാനുള്ള പരിശ്രമമായിരുന്നു വാൻഗോഘിന് രചനകൾ എന്ന് ഓർമ്മപ്പെടുത്തുന്നു. തന്റെ അസ്തിത്വത്തിന്റെ അർത്ഥം നിരന്തരം അന്വേഷിക്കുന്ന വാൻഗോഘിന്റെ (വാൻഗോഘിന്റെ നിരവധിയായ ആത്മഛായാചിത്രങ്ങൾ )യാഥാർഥ്യം അദ്ദേഹത്തിന്റെ കല തന്നെയായിരുന്നു. ലോകത്തിന്റെ ക്ഷണിക നിമിഷങ്ങളെ ഒരു ചിത്രകാരൻ എങ്ങനെ നോക്കിക്കാണുന്നു എന്നതാണ് പ്രധാനം. സാധാരണ കാര്യങ്ങൾ പോലും ഗൗരവമായി എടുത്തു. അദ്ദേഹം 'സ്റ്റാറി നൈറ്റ്' എന്ന ചിത്രത്തിൽ തനിക്കു പരിചിതമായ പ്രകൃതി ദൃശ്യങ്ങൾ തന്നെയെടുത്തു. ഏതാണ്ട് അസാധ്യമായ നിമിഷങ്ങളെ സാധ്യമാക്കാനുള്ള പരിശ്രമം. രാത്രിയിലെ ആകാശത്തിന്റെ മാറിക്കൊണ്ടിരിക്കുന്ന സ്വഭാവം അദ്ദേഹത്തെ ആകർഷിച്ചു. ഈ ചിത്രത്തിൽ രാത്രിയിലെ ആകാശമാണ് പ്രതിപാദ്യം. ഫ്രാൻസിലെ ഒരു പള്ളിയുടെയും മരങ്ങളുടെയും ലാൻഡ്സ്കേപ്പിന്റെയും ഡെറിവേറ്റിവുകളാണ് ചിത്രത്തിലുള്ളത്. സെന്റ്. റെമിയിലെ പള്ളി പോലെയുള്ളവ അടിസ്ഥാനമായി നിലകൊള്ളുമ്പോൾ അവയിൽ നിന്നെല്ലാം വേറിട്ട രൂപങ്ങളാണ് സ്റ്റാറി നൈറ്റിനെ ശ്രദ്ധേയമാക്കിയത്. ഇവയെല്ലാം വാൻഗോഘിന്റെ ക്രമക്കേടുകളുടെ ഏകപക്ഷീയമായ പ്രത്യാഘാതങ്ങളെക്കാൾ തിരഞ്ഞെടുത്തവയായിരുന്നു.

ഉപസംഹാരം

അവയവങ്ങളില്ലാത്ത ശരീരം എന്ന ഡല്യൂസിയൻ കാഴ്ചപ്പാടിന്റെ അർത്ഥതലങ്ങളുടെ അന്വേഷണവും അവയെ മുൻനിർത്തിയുള്ള വാൻഗോഘ് എന്ന ചിത്രകാരനെ കുറിച്ചുള്ള പഠനവുമായിരുന്നു ഈ പ്രബന്ധലക്ഷ്യം. അവയവങ്ങളില്ലാത്ത ശരീരം ചിന്തകളുടെ അസാധ്യതകളും തുടർന്നുള്ള സാധ്യതകളുമാണ് വെളിപ്പെടുത്തുന്നത്. വാൻഗോഘ് എന്ന ചിത്രകാരനിൽ ഈ പ്രയോഗം ചേർന്നുനിൽക്കുന്നു. മതിഭ്രമം മൂത്ത് സ്വയംഹത്യ ചെയ്ത വാൻഗോഘ് എന്ന് ലോകം അദ്ദേഹത്തെ മുദ്രകുത്തുമ്പോൾ താളപ്പിഴവ് ബാധിച്ച മനസിന്റെ സൃഷ്ടികൾ മാത്രമായിരുന്നു അദ്ദേഹത്തിന്റെ ചിത്രങ്ങൾ എന്നു പറയാതിരിക്കാൻ ഈകാഴ്ചപ്പാട് വഴി തുറക്കുന്നു. വാൻഗോഘ് ചിത്രങ്ങൾ ചിന്തകളുടെ

അസാധ്യതകളിലേക്കും തുടർന്നുള്ള സാധ്യതകളിലേക്കുമാണ് സഞ്ചരിക്കുന്നത്. വിശാലമായ ഭാവന, നിറത്തിലും രചനയിലുമുള്ള അത്യപാരമായ ഗ്രാഹ്യം, ഇവയോരോന്നും കൈകാര്യം ചെയ്യാനുള്ള തന്മയത്വം വാൻഗോഘിന്റെ സാധ്യതകൾക്ക് മാറ്റ് കൂട്ടി.

ഈ പഠനത്തിലെ കണ്ടെത്തലുകളെ ഇങ്ങനെ ക്രോഡീകരിക്കാം.

1. ഭൗതികതക്കപ്പുറം സാധ്യമായ ചിന്തകളുടെ ചലനങ്ങളുടെ സ്വാധീനങ്ങളുടെ പൊട്ടൻഷ്യൽ ശേഖരമാണ് അവയവങ്ങളില്ലാത്ത ശരീരം.
2. വൈയക്തികതക്ക് മേൽ അടിച്ചേല്പിക്കപ്പെട്ട നിയമങ്ങൾക്കും നിയന്ത്രണങ്ങൾക്കും എതിരെയുള്ള യുദ്ധപ്രഖ്യാപനമായിരുന്നു വാൻഗോഘിനും അവയവങ്ങളില്ലാത്ത ശരീരം (ആർട്ടോഡിനെപ്പോലെ).
3. 'ഉരുളക്കിഴങ്ങുതിന്നുന്നവർ' ജീവിതത്തിനും മരണത്തിനും ഇടയിലുള്ള ശ്വാസത്തിന്റെ പാരസ്പര്യം വിളംബരം ചെയ്യുന്നു.
4. 'സൂര്യകാന്തിപ്പൂക്കൾ മനുഷ്യാവസ്ഥയുടെ ചാക്രികതയെ ഓർമ്മപ്പെടുത്തുന്നു.
5. ആത്മഛായാചിത്രങ്ങൾ മാനസിക ഉത്തേജനത്തിനുള്ള അടയാളങ്ങളാണ്.
6. വാൻഗോഘ് ചിത്രങ്ങളിൽ ചിന്തകളുടെ അസാധ്യതകൾ സാധ്യതകൾക്ക് വഴിതുറക്കുകയും അവയുടെ പൊട്ടൻഷ്യൽ ശേഖരം അദ്ദേഹത്തെ അവയവങ്ങളില്ലാത്ത ശരീരമാക്കിത്തീർക്കുകയും ചെയ്യുന്നു.

## സഹായക ഗ്രന്ഥങ്ങൾ

1. Bassano Manu: The Body Without Organs: A Users Manual, European Journal of Psychotherapy & Counselling. https//doi.org/10.1080/13642537.2021,1961833
2. Natalie P Roglitz -Van Gogh: An Exploration of Disorder and Aesthetics. Eastern Eastern Kentucky University University spring spring-4-25-2016.
3. Nathan Jun and Daniel. W. Smith (ed): Deleuze and Ethics Edinburgh University Press 2011.
4. Wilfred Niels Arnold: The Illness of Vincent Vangogh Journal of the History of the Neurosciences 2004, vol-13, no-1(page 22-43)
5. William Behun: The Body of Light and the Body Without Organs, DOI-10/1353/sub 0.0069 Project Muse, substance issue 121 (vol-39 No-1) 2010.
6. Zariguin Alan Ti: Body Without Organs-Esoteric Body. https://www.academia.edu
7. Analysis of Vincent Vangogh -Northern Michigan University. https ://nmu. edu >houston

*email:*

# അംഗപരിമിതിയുടെ പ്രതീകവത്ക്കരണം വേദേതിഹാസമാനകങ്ങളിൽ

ഡോ. കെ.എസ്. ലത
അസ്സോസിയേറ്റ് പ്രൊഫസർ, സർക്കാർ സംസ്കൃത കോളേജ്, തൃപ്പൂണിത്തുറ.

## പ്രബന്ധ സംഗ്രഹം:

ഭിന്നശേഷിയുള്ളവരുടെ അരികുവത്കരണം ഈ ദശകത്തിൽ ഏറെ വിശകലനം ചെയ്യപ്പെട്ടിട്ടുണ്ട്. അംഗപരിമിതരുടെ സമഗ്രസത്തയെപ്പറ്റി ചിന്തിക്കാതെ അവരുടെ സാമൂഹിക അപര്യാപ്തതകളെപ്പറ്റിയുള്ള ചർച്ചകളാണ് കൂടുതലായും നടക്കുന്നത്. ഭാരതീയ വൈദിക ഇതിഹാസ സാഹിത്യങ്ങളിൽ കേന്ദ്രസ്ഥാനത്ത് നില്ക്കുന്ന അവരുൾപ്പെടുന്ന ചരിത്രത്തെ മുന്നോട്ടു നയിക്കുന്ന ഭിന്നശേഷിക്കാരായ പ്രധാന കഥാപാത്രങ്ങൾ ഒട്ടേറെയുണ്ട്. മിക്കവാറും നിർഭാഗ്യമെന്നും ദുരന്തമെന്നും വൈകല്യമെന്നും വ്യവഹരിക്കപ്പെടുന്ന ഈ അവസ്ഥാവിശേഷം സമൂഹമനസ്സിനെ സ്വാധീനിക്കുകയും ഒരു സ്റ്റീരിയോടൈപ്പ് നിർമ്മിതിയ്ക്ക് കാരണമാകുകയും ചെയ്തിട്ടുണ്ട്. ഈ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് ചില വൈദിക ഇതിഹാസ കഥാപാത്രങ്ങളെ ഇവിടെ വിശകലനം ചെയ്യുന്നു.

**താക്കോൽ വാക്കുകൾ:** പുരുഷസൂക്തം, അരുണൻ, അഷ്ടാവക്രൻ, ധൃതരാഷ്ട്രർ, ശകുനി, മന്ഥര.

ഋഗ്വേദം പുരുഷസൂക്തം ആയിരം ശിരസ്സും ആയിരം കണ്ണുകളും ആയിരം കാലുകളുമുള്ള ഒരു പുരുഷനെപ്പറ്റി വർണ്ണിക്കുന്നുണ്ട്[1]. അസാധാരണ സ്വരൂപം സൃഷ്ടിക്കുന്ന ആദരവും ഭയവും അജയ്യതയും സ്വീകരിച്ചു കൊണ്ട് പ്രപഞ്ചത്തിന് ഒരു കാരണദേവതയെ സൃഷ്ടിക്കുകയാണ് ഈ സൂക്തം ചെയ്യുന്നത്. മറ്റൊരു ഋഗ്വേദസൂക്തത്തിൽ അന്ധനായി പിറന്ന ദീർഘതമസ്സ്

ദേവതയാകുന്നുണ്ട്[2] ദീർഘകാലം അജ്ഞാന തമസ്സിൽപ്പെട്ടുഴന്നതിനെപ്പറ്റി ദീർഘതമസ്സ് പാടുന്നുണ്ട്. സൂര്യന്റെ വിശേഷണമായ ഹിരണ്യപാണി എന്ന പദം വ്യാഖ്യാനിയ്ക്കുമ്പോൾ സായണാചാര്യൻ സൂര്യന്റെ കൈ മുറിഞ്ഞുപോയതുകൊണ്ട് പകരം ഒരു പൊൻകൈ വച്ചുപിടിപ്പിച്ചു എന്നു ഭാഷ്യത്തിൽ പറയുന്നുണ്ട്. ബിസി അഞ്ചാം നൂറ്റാണ്ടിൽ രൂപപ്പെട്ടതെന്നു കരുതപ്പെടുന്ന കഠോപനിഷത്തിൽ "അന്ധേനൈവ നീയമാനാ യഥാന്ധാ"[3] (അന്ധനാൽ നയിക്കപ്പെടുന്ന അന്ധന്മാരെ പോലെ) എന്നൊരുപമയുണ്ട്. അംഗ പരിമിതിയിലൂന്നുകയും മറ്റൊരു തരം വ്യാഖ്യാനത്തിനും വഴങ്ങാതിരിക്കുകയും ചെയ്യുന്ന ഈ വിശേഷണം പ്രാചീന ജനത ഭിന്നശേഷിക്കാരെ എങ്ങനെയാണ് ഉൾക്കൊണ്ടിരുന്നത് എന്നതിന്റെ വിശദീകരണമാണ്. സാംസ്കാരിക പാഠ നിർമ്മിതികളിലും സാഹിത്യരചനകളിലും അംഗപരിമിതി നേരിടുന്നവർ പ്രത്യക്ഷത്തിൽ നിസ്സഹായതയും വിവേചനവും അനുഭവിക്കുന്ന സഹതാപമുണർത്തുന്ന കഥാപാത്രങ്ങളാണ്, മറ്റൊരു വീക്ഷണകോണിൽ ധീരനായകന്മാരും.

മനുസ്മൃതിയിലും കൗടില്യന്റെ അർത്ഥ ശാസ്ത്രത്തിലും ഭിന്നശേഷി വിഭാഗത്തെ എങ്ങനെ പരിഗണിക്കണം എന്നതിനുള്ള നിർദ്ദേശങ്ങളുണ്ട്. വിവാഹ ബന്ധത്തിന് അംഗവൈകല്യമില്ലാത്ത സ്ത്രീയെ തിരഞ്ഞെടുക്കണമെന്നും ഭിന്നശേഷിക്കാരെ പ്രാണികൾക്കും നായ്ക്കൾക്കുമൊപ്പം മാറ്റി നിർത്തണമെന്നും പ്രാചീന നിയമ വിധാതാവായ മനു ഉപദേശിക്കുന്നുണ്ട്.[4] അർത്ഥശാസ്ത്രത്തിൽ കൂനൻമാർക്കും കുള്ളൻമാർക്കും ശ്രദ്ധേയമായ ശാരീരിക പരിമിതി നേരിടുന്ന വ്യക്തികൾക്കും ചാരന്മാരായും രഹസ്യാന്വേഷകരായും പ്രവർത്തിക്കാനുള്ള പരിശീലനം നല്കാൻ നിർദ്ദേശിക്കുന്നുണ്ട്.[5] മഹാഭാരതത്തിൽ പരാമർശിക്കപ്പെടുന്ന ശിശുപാലൻ എന്ന ചേദി രാജാവ് ജനിക്കുന്നത് മൂന്നു കണ്ണുകളോടും നാലു കൈകളോടും കൂടിയാണ്. അതിശക്തനായ മഗധ രാജാവ് ജരാസന്ധനും നിർജ്ജീവമായ അർദ്ധ ശരീരമായിട്ടാണ് പിറന്നതെന്ന് ഐതിഹ്യം. നിഷധ രാജാവായ നളൻ പൂർവ്വ കർമ്മപാപം കൊണ്ട് വിരൂപനായി മാറുന്നുണ്ട്. ഇതിൽ വിവരിയ്ക്കപ്പെടുന്ന മറ്റൊരു കഥാപാത്രം അരുണൻ അർദ്ധ ശരീരത്തിനുടമയാണ്.[6] ശരീരമദ്ധ്യം മുതൽ താഴേക്ക് പാതിശരീരവും കാലുകളും ഇല്ലാത്ത ഈ ദേവൻ ചിലയിടത്ത് ഉഷസ്സെന്നും വ്യവഹരിക്കപ്പെടുന്നുണ്ട്. ലിംഗഭേദം വ്യക്തമായി പ്രസ്താവിക്കപ്പെടാത്തതുകൊണ്ടുതന്നെ ഈ ദേവത ട്രാൻസ്ജെൻഡർ സ്റ്റഡീസിൽ ഒരു സ്പെസിമെനായി തീരുന്നുണ്ട്. മനുഷ്യന്റെ ഉടലും സിംഹത്തിന്റെ ശിരസുമുള്ള നരസിംഹാവതാരം, എട്ടു കൈകളുള്ള ലക്ഷ്മീ രൂപം, വാമനാവതാരം ഇവയൊക്കെ പൊതു

ബോധത്തെ രൂപപ്പെടുത്തിയ ജൈവ സങ്കല്പനങ്ങളാണ്. അംഗ പരിമിതിയും അമാനുഷികതയും കൂട്ടിച്ചേർത്തു സൃഷ്ടിക്കപ്പെട്ട ഇത്തരം പ്രതീകങ്ങൾ സമൂഹ മനോഭാവത്തെ സ്വാധീനിച്ചിട്ടുണ്ട്.

### അഷ്ടാവക്രൻ: വിജ്ഞാനവും ഭിന്നശേഷിയും

ഭിന്നശേഷിയെ വിജ്ഞാനം കൊണ്ട് മറികടന്ന് സമൂഹത്തിന്റെ അംഗീകാരം നേടിയെടുക്കുന്ന വൈദിക ഋഷി അഷ്ടാവക്രൻ സ്വേച്ഛയുടെയും ആത്മ ബലത്തിന്റെയും പ്രതീകമാണ്. മഹാഭാരതത്തിലും ഛാന്ദോഗ്യോപനിഷത്തിലും പദ്മപുരാണത്തിലും ഈ ഋഷിയെക്കുറിച്ചുള്ള സൂചനകളുണ്ട്[7] അമ്മയുടെ ഗർഭത്തിൽ കിടന്ന് പ്രമാതാമഹൻ വേദമന്ത്രങ്ങൾ ഉരുവിടുന്നത് കേട്ടുപഠിച്ച ശിശു, പിതാവ് വേദം ഉച്ചരിച്ചപ്പോൾ വരുത്തിയ എട്ടു തെറ്റുകൾ തിരുത്തുകയും കുപിതനായ പിതാവ് നീ എട്ടു വളവുകളോടെ പിറക്കട്ടെയെന്നു ശപിക്കുകയും ചെയ്തു. എട്ടു വളവുകളോടെ പിറന്ന ആ കുട്ടി അഷ്ടാവക്രൻ എന്ന പേരിൽ അറിയപ്പെടുകയും വിജ്ഞാനിയായി വളരുകയും ചെയ്തു. സമൂഹത്തിൽ നിന്ന് അപമാനവീകരണങ്ങളും തിരസ്കാരങ്ങളും നേരിടുന്നുണ്ടെങ്കിലും ബ്രഹ്മർഷി പദവിയിലെത്തുകയും അഷ്ടാവക്രസംഹിത (ഗീത) രചിച്ച് താൻ സമാഹരിച്ച യഥാർത്ഥ ജ്ഞാനത്തെ ലോകത്തിനു പങ്കുവെയ്ക്കുകയും ചെയ്തു അഷ്ടാവക്രൻ. അംഗപരിമിതിയെന്ന ന്യൂനതകൊണ്ട് നിർമ്മിയ്ക്കപ്പെട്ട, ഭീതിയും അന്യഥാത്വവും ജനിപ്പിയ്ക്കുന്ന സ്ഥിരം ആദിപ്രരൂപമാതൃകയ്ക്ക് പുറത്തുനില്ക്കുന്ന കഥാപാത്രമാണ് അഷ്ടാവക്രൻ. അളവില്ലാത്ത വിജ്ഞാനംകൊണ്ട് ലോകത്തിന്റെ ആദരം നേടുമ്പോൾ സമൂഹത്തിന്റെ കേന്ദ്രസ്ഥാനത്തു പ്രതിഷ്ഠിയ്ക്കാവുന്ന ഒരു സജീവ ചാലകശക്തിയായി അഷ്ടാവക്രൻ മാറുന്നുണ്ട്.

### ധൃതരാഷ്ട്രർ: ഭരണനിപുണതയും കാഴ്ചപരിമിതിയും

അംബികക്ക് വ്യാസനിയോഗത്തിൽ ജനിച്ച പുത്രൻ കുരുവംശ രാജാവായ ധൃതരാഷ്ട്രർ ജന്മനാ അന്ധനായിരുന്നു. നൂറ് ആനകളുടെ കരുത്തുള്ള ആ രാജാവാണ് മഹാഭാരതത്തിലെ കേന്ദ്ര സ്ഥാനത്തു നിന്നുകൊണ്ട് രാഷ്ട്രനീതിയ്ക്കും പ്രജാപരിപാലന തന്ത്രങ്ങൾക്കും പുതിയ വ്യാഖ്യാനങ്ങൾ സൃഷ്ടിച്ച് ഗ്രന്ഥത്തെ ഇതിഹാസ പദവിയിലേയ്ക്ക് ഉയർത്തിയത്. പക്ഷേ, പ്രതിലോമമായി ചിത്രീകരിക്കപ്പെട്ട കഥാപാത്രമാണ് ധൃതരാഷ്ട്രർ. പുത്രന് രാജ്യം ലഭിക്കുക എന്ന സ്വതാത്പര്യസംരക്ഷണത്തിനു വേണ്ടി മഹായുദ്ധത്തിനു ഹേതുവായവൻ എന്ന പഴി കേൾക്കുന്നയാൾ. എന്നാൽ രാജപദവിയിലെത്തുന്നതുവരെയുള്ള ധൃതരാഷ്ട്രരുടെ വളർച്ചയുടെ ചരിത്രം പരിശോധിച്ചാൽ അന്ധതയുടെ

പേരിൽ സിംഹാസനം നഷ്ടപ്പെട്ട ഒരു പിൻചരിത്രം കൂടി ഉണ്ടതിൽ. ഭീഷ്മരുടെ ശിക്ഷണത്തിൽ വ്യക്തമായ കണക്കുകൂട്ടലുകളോടെ രാജവാകുന്നതിനു യോജിച്ച പരിശീലനങ്ങൾ ധൃതരാഷ്ട്രർക്കും സൈന്യാധിപനാകുന്നതിനുള്ള പരിശീലനങ്ങൾ പാണ്ഡുവിനും നല്കിയിരുന്നു. ഭരണ നിർവ്വഹണം, നീതി നിർവ്വഹണം, തീരുമാനമെടുക്കൽ, കാര്യ നിർവ്വഹണം ഇവയിലൊക്കെ നിപുണനായിരുന്നു ധൃതരാഷ്ട്രർ. യുദ്ധകാര്യങ്ങളിൽ പാണ്ഡുവും. ഭീഷ്മരുടെ സഹായത്തോടെ ഒരു കെട്ടുറപ്പുള്ള സംഘമായി അവർക്ക് അത്ഭുതങ്ങൾ കാഴ്ചവയ്ക്കാനാകുമായിരുന്നു. രാജാവായി അഭിഷിക്തനാകാനിരിക്കേ മന്ത്രി പദവിയിലുണ്ടായിരുന്ന വിദുരരുടെ 'എങ്ങനെയാണ് ഒരു അന്ധൻ രാജ്യം ഭരിക്കുക' എന്ന ചോദ്യത്തിനു മുന്നിൽ രാജ്യം നഷ്ടപ്പെട്ടയാളാണ് ധൃതരാഷ്ട്രർ. അന്ധൻ രാജ്യം ഭരിച്ച മുൻചരിത്രമുണ്ടായിട്ടില്ല. അങ്ങനെ ധൃതരാഷ്ട്രർക്ക് രാജ്യം നഷ്ടപ്പെട്ടു. കാഴ്ചപരിമിതി കഴിവുകേടായി വിലയിരുത്തപ്പെട്ടു. കുറച്ചു കാലത്തിനു ശേഷം രാജാവായ പാണ്ഡു യാദൃച്ഛികമായി മരണമടയുകയും വീണ്ടും രാജപദവി ധൃതരാഷ്ട്രർക്കു വന്നുചേരുകയും ചെയ്തു. നിർബ്ബന്ധത്തിനു വഴങ്ങി തന്റെ പരിമിതികളെപ്പറ്റി ഉറച്ച ബോധ്യത്തോടെ താല്പര്യമില്ലാതെയാണ് അദ്ദേഹം രാജാവാകുന്നത്. പക്ഷേ, ധൃതരാഷ്ട്രരുടെ രാജവാഴ്ച ഭരണപരമായി ദുർബ്ബലമെന്നോ ജനങ്ങളിൽ അസന്തുഷ്ടി ഉണ്ടാക്കിയെന്നോ ക്രമസമാധാന പാലനത്തിൽ വീഴ്ച ഉണ്ടായെന്നോ ഒന്നും സൂചിപ്പിക്കപ്പെട്ടിട്ടില്ല. പക്ഷേ, കാഴ്ചയില്ലായ്മ എന്ന പരിമിതിയെ മുൻനിർത്തി ധൃതരാഷ്ട്രരുടെ പരമാധികാരം ചോദ്യം ചെയ്യപ്പെടുന്നുണ്ട്. ദുര്യോധനനും അത്ര നല്ലതല്ലാത്ത ഒരു മനോഭാവം ഈ ആന്ധ്യത്തോട് പുലർത്തുന്നുണ്ട്. അംഗപരിമിതർക്കു വേണ്ടി സമൂഹനിർമ്മിതമായ തടവുകൾക്കുള്ളിൽ നില്ക്കുന്ന നിസ്സംഗനായ കഥാപാത്രമാണ് ധൃതരാഷ്ട്രർ (മഹാഭാരതം, ആദിപർവ്വം, ഭാഗം: 67, 109, 136, വനപർവ്വം: ഭാഗം, 49).

### ശകുനി: ബുദ്ധികുർമ്മതയും കൌശലവും

ധൃതരാഷ്ട്രരുടെ സ്യാലനായിരുന്ന ഗാന്ധാര രാജാവ് ശകുനി (സൗബലൻ) മുടന്തനായിരുന്നു. ഒപ്പം കോങ്കണ്ണ് എന്ന കാഴ്ച പരിമിതിയും നേരിട്ടിരുന്നു. കുരുവംശചരിത്രത്തെ നിർണ്ണയിക്കുന്നതിൽ പ്രധാന പങ്കു വഹിച്ചു. ദോഷൈകദൃക്കും തന്ത്രജ്ഞനുമായ സൗബലൻ ഒരു ഉപജാപകനായാണ് ഗ്രന്ഥത്തിൽ ഉടനീളം ചിത്രീകരിക്കപ്പെട്ടിട്ടുള്ളത്. സമർത്ഥനായ ചൂതുകളിക്കാരനും കുരുവംശത്തോട് ഒടുങ്ങാത്ത പക സൂക്ഷിക്കുന്നവനുമായ ശകുനിയുടെ കള്ളച്ചൂതുകളിയാണ് കുരുക്ഷേത്ര യുദ്ധത്തിനു നാന്ദി കുറിച്ചത്. ശകുനിയെന്ന പദം ഉപജാപകൻ

എന്ന അർത്ഥത്തിലാണ് സമൂഹമനസ്സിൽ പ്രതിഷ്ഠിതമായത് എന്ന വസ്തുത ആദിപ്രരൂപനിർമ്മിതിയെ വെളിപ്പെടുത്തുന്നു.

### മന്ഥര : ഭിന്നശേഷിയും രാജഭക്തിയും

രാമായണത്തിൽ കൈകേയിയുടെ പ്രിയപരിചാരികയായ മന്ഥരയും അംഗപരിമിതി നേരിടുന്ന ഒരു കഥാപാത്രമാണ്. രാമന്റെ വനവാസത്തിന് ഹേതുവാകുന്നത് ഗുണ ദോഷ വിചാരങ്ങൾകൊണ്ട് കൈകേയിയെ മാറ്റിമറിയ്ക്കാൻ കഴിവുള്ള മന്ഥരയുടെ സാന്നിദ്ധ്യമാണ്. രാജ്ഞിയുടെ പരിചാരകരുടെ നേതൃസ്ഥാനം വഹിച്ചിരുന്നത് മന്ഥരയാണ്. ബാല്യകാലം മുതൽ തന്നെ കൈകേയിയുടെ സംരക്ഷണത്തിനു നിയുക്തയായ അതിബുദ്ധിമതിയായ മന്ഥര എന്ന സഖിയാണ് വികലയും ദുർബുദ്ധിയുമായ ഉപജാപകയായി ചരിത്രത്തിൽ ഇടം പിടിച്ചത്.

### ത്രിവക്ര: ഭക്തിയും പ്രണയവും ഭിന്നശേഷിയും

മധുരയിലെ കൂനിയായ ദാസി, കുബ്ജയെന്നും അറിയപ്പെട്ടിരുന്ന ത്രിവക്ര കൃഷ്ണപ്രണയം കൊണ്ട് ശ്രദ്ധ നേടിയ പുരാണകഥാപാത്രമാണ്. കംസനുവേണ്ടി സുഗന്ധദ്രവ്യങ്ങളും കുറിക്കൂട്ടുകളും ഉണ്ടാക്കിയിരുന്ന ആ പരിചാരിക തന്റെ കയ്യിലുണ്ടായിരുന്ന ഏറ്റവും മികച്ച സൌന്ദര്യവസ്തുക്കൾകൊണ്ട് കൃഷ്ണനെ അഭിഷേകം ചെയ്ത് ആത്മസമർപ്പണത്തിലൂടെ സുന്ദരിയായി മാറുന്ന കഥ ഭാഗവതം ദശമസ്കന്ദത്തിലുണ്ട്. ശരീരത്തിൽ മൂന്നിടത്തായി കൂനുകളുള്ള വിരൂപസത്തയെ കൃഷ്ണൻ മനോജ്ഞാംഗിയാക്കി മാറ്റുന്നതിൽ അംഗപരിമിതിയിലും സാദ്ധ്യതകൾ കണ്ടെത്തുന്നുവെന്നൊരു സന്ദേശം സന്നിവേശിപ്പിച്ചിട്ടുണ്ട്.

മഹാകവി കാളിദാസനും ശുക്രാചാര്യരും ച്യവനമഹർഷിയുമൊക്കെ അംഗപരിമിതരുടെ ഗണത്തിലുണ്ട്. കാളിദാസൻ മാനസിക വെല്ലുവിളികൾ നേരിടുന്ന വ്യക്തി ആയിരുന്നുവെന്നൈതിഹ്യം. ച്യവനമഹർഷിയും ശുക്രാചാര്യരും അന്ധരാക്കപ്പെട്ട പുരാണകഥാപാത്രങ്ങളാണ്. ആന്ധ്യം സ്വയം വരിച്ച് പതിയോട് സാധർമ്മ്യം പുലർത്തിയ ഗാന്ധാരിയും സാന്ദർഭികമായി സൂചിതാർഹയാണ്. വ്യാസനിയോഗത്തിലുള്ള അതൃപ്തികൊണ്ട് അംബിക കണ്ണിറുകെയടച്ചതാണ് ധൃതരാഷ്ട്രർ അന്ധനായി പിറക്കാൻ കാരണമെന്ന പരാമർശത്തിലൂടെ ശാരീരികപരിമിതികൾക്ക് കാരണം തിരഞ്ഞ് വേണമെങ്കിൽ മനഃശാസ്ത്രവിജ്ഞാനീയത്തോളം ചെന്നെത്താം. പക്ഷേ, അത്തരം വിശകലനങ്ങൾ പൂർണ്ണമായും യുക്തിബോധത്തെ തൃപ്തിപ്പെടുത്തുന്നവയല്ല.

ഈ കഥാപാത്രങ്ങളൊക്കെ കർമ്മസിദ്ധാന്തത്തിന്റെ ചരടിൽ

കൊരുക്കപ്പെട്ടവരാണ്. പൂർവ്വജന്മ കർമ്മാർജ്ജിതമാണ് ഈ ജന്മം. പൂർവ്വകർമ്മങ്ങൾ വർത്തമാനകാല ഫലങ്ങളായി മാറും. ഈ കാര്യകാരണ സിദ്ധാന്തം ഭാരതത്തിൽ രൂപപ്പെട്ട പ്രാചീന ദർശനങ്ങളിൽ പ്രതിഫലിക്കുന്നുണ്ട്. ബുദ്ധിസം, ജൈനിസം, സിഖിസം തുടങ്ങിയ പൗരസ്ത്യ ദർശനങ്ങൾ ഈ ആശയം ഉയർത്തിപ്പിടിക്കുകയും ഭിന്നശേഷി വിഭാഗങ്ങളെ ഒരു പ്രതിലോമ വീക്ഷണത്തിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ശാരീരിക പരിമിതി ഉള്ളവർ അനുഭവിക്കുന്ന അവഗണനകളും മുഖ്യധാരയിൽ നിന്നുള്ള പാർശ്വവത്ക്കരണവും പഴികളും പരിഹാസങ്ങളുമെല്ലാം അവരുടെ കഴിവുകേടിലൂന്നിത്തന്നെയാണ് ക്ലാസിക്കൽ സാഹിത്യത്തിലും വിവരിക്കപ്പെട്ടിട്ടുള്ളത്. രാഷ്ട്രതന്ത്രങ്ങളെ പറ്റി ഹനുമാൻ ഭീമനു നല്കുന്ന കാര്യോപദേശത്തിലും മാർക്കണ്ഡേയ മഹർഷി യുധിഷ്ഠിരനു നല്കുന്ന രാജ്യതന്ത്ര നിർദ്ദേശങ്ങളിലും അംഗപരിമിതരെ അകറ്റി നിർത്തണമെന്നും അവർക്കു മേലൊരു ശ്രദ്ധ വേണമെന്നും പറയുന്നു (ഭാഗം: 169) മറ്റൊരിടത്ത് കർമ്മഫലങ്ങളാണ് മരമായും മൃഗമായും ഹിംസ്രജന്തുക്കളായും പാമ്പായും പുഴുവായും കൃമിയായും പക്ഷിയായും പ്രാണിയായും അന്ധനായും ബധിരനായും മൂകനായും മനോരോഗിയായും മാറാവ്യാധിയുള്ളവരായും പിറക്കാൻ കാരണമെന്നു പ്രസ്താവിക്കുന്നു (ഭാഗം: 36). യുധിഷ്ഠിരന്റെ രാജസദസ്സിൽ മുക്കണ്ണ്, നെറ്റിക്കണ്ണ്, ഒറ്റക്കാൽ എന്നീ സവിശേഷതകളുള്ളവർക്ക് പ്രവേശനമുണ്ടായിരുന്നില്ല (ഭാഗം: 50). ചരകസംഹിതയും ഡിസെബിലിറ്റിയെ കർമ്മ സിദ്ധാന്തവുമായി ബന്ധപ്പെടുത്തുന്നു. പൂർവ്വകർമ്മഫലങ്ങളെ അംഗപരിമിതിയും ശാരീരികവൈകല്യവുമായി പ്രതീകവത്ക്കരിക്കുമ്പോൾ അത് സമൂഹ മനോഭാവത്തെ വിപരീതമായി സ്വാധീനിക്കുന്നുണ്ട്. അങ്ങനെയാണ് ഭിന്നശേഷി ഒരു ആർക്കിടൈപ്പായി മാറുന്നത്. സാമൂഹികമായ കൊടുക്കൽ വാങ്ങലുകളിലും സാംസ്കാരിക നിർമ്മിതികളിലും വ്യക്തിനിഷ്ഠമായ പുനർവിചിന്തനങ്ങളിലും ഇപ്പോഴും സജീവമായി നിലനില്ക്കുന്ന ഇന്ത്യയുടെ വേദപുരാണപാരമ്പര്യം ഭിന്നശേഷി എന്ന അവസ്ഥയെ ഒരു ആർക്കിടൈപ്പാക്കി സമൂഹബോധത്തിൽ ആഴത്തിൽ സംസ്കരിച്ചിട്ടുണ്ട്.

## ഡിസെബിലിറ്റി: വർത്തമാനകാലസമീപനങ്ങൾ

വികലാംഗരുടെ അവകാശങ്ങൾ സംബന്ധിച്ച ഐക്യരാഷ്ട്രസഭയുടെ കൺവെൻഷൻ വൈകല്യത്തെ ഇങ്ങനെ നിർവ്വചിക്കുന്നു. "ഒരു വ്യക്തിക്ക് ചില പ്രവർത്തനങ്ങൾ ചെയ്യുന്നതിനോ ഒരു നിശ്ചിത സമൂഹത്തിനുള്ളിൽ തുല്യമായ പ്രവേശനം ലഭിക്കുന്നതിനോ കൂടുതൽ ബുദ്ധിമുട്ടാക്കുന്ന ഏതൊരു അവസ്ഥയുടെയും അനുഭവമാണ് ഭിന്നശേഷിത്തം." ഇത് വൈജ്ഞാനികമോ

വികാസപരമോ ബൗദ്ധികമോ മാനസികമോ ശാരീരികമോ ഇന്ദ്രിയപരമോ ആയ ഒന്നിലധികം ഘടകങ്ങളുടെ സംയോജനമാകാം. ഈ നിർവ്വചനപ്രകാരം ചരിത്രപരമായ ഒരു ഇടുങ്ങിയ മാനദണ്ഡത്തെ അടിസ്ഥാനമാക്കി മാത്രമേ ഭിന്നശേഷിത്തം സംവദിയ്ക്കപ്പെട്ടിട്ടുള്ളൂ. ഭിന്നശേഷിത്വം ചരിത്രത്തിലുടനീളം വ്യത്യസ്തമായ സൈദ്ധാന്തിക പദ്ധതികളിലൂടെ മനസ്സിലാക്കപ്പെടുന്നുണ്ടെങ്കിലും അതിനെ വിശദീകരിക്കാൻ ശ്രമിക്കുന്ന രണ്ട് പ്രധാന മാതൃകകളാണ് മെഡിക്കൽ മാതൃകയും സാമൂഹിക മാതൃകയും. ഈ മാതൃകകളും ഭിന്നശേഷിത്തത്തിന്റെ ആന്തരികസമസ്യകളെ ഉൾക്കൊള്ളുന്നില്ല. മറ്റൊരു വസ്തുത വൈകല്യവുമായി ബന്ധപ്പെട്ട പ്രതിഭാസങ്ങളെ വിവരിക്കാൻ മാത്രമായി ഉപയോഗിയ്ക്കുന്ന ചില പദങ്ങൾ അവരെ അപകീർത്തിപ്പെടുത്തുന്നതിനും പൊതുധാരയിൽ നിന്നകറ്റിനിർത്തുന്നതിനും കാരണമാകുന്നുവെന്നുള്ളതാണ്. കൂടാതെ ഭിന്നശേഷിക്കാരെ അടിച്ചമർത്തുന്ന തരത്തിലുള്ള അല്ലെങ്കിൽ അവരുടെ പുരോഗതിയെ തടസ്സപ്പെടുത്തുന്ന തരത്തിലുള്ള രാഷ്ട്രീയ പ്രശ്നങ്ങൾ എപ്പോഴും സമൂഹത്തിൽ ഉളവാകുന്നുണ്ട്.

വികലാംഗ പ്രവർത്തകർ നിയമപ്രകാരം തുല്യമായ അവകാശങ്ങൾ ലഭിക്കാൻ പോരാടുന്നുണ്ട്. ഡിസെബിലിറ്റി ആക്ടിവിസം പാരമ്പര്യ സംവിധാനങ്ങളെ തകർക്കാൻ സഹായിക്കുന്നുണ്ടെങ്കിലും , വൈകല്യങ്ങളെക്കുറിച്ചുള്ള ധാരണയുമായി ബന്ധപ്പെട്ട സാമൂഹിക മാനദണ്ഡങ്ങൾ ശക്തിയോടെ നിലനിൽക്കുന്നു. ആധുനിക സമൂഹത്തിൽ വൈകല്യത്തേക്കുറിച്ചുള്ള നിഷേധാത്മക ധാരണ വ്യാപകമായതിനാൽ, ഭിന്നശേഷിക്കാർ മുഖ്യധാരയിൽ ഉൾച്ചേർന്നു പോകാനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടു വരുന്നുണ്ട്. വ്യക്തിസത്തയുടെ ബഹുമുഖ മാനങ്ങളെ അംഗീകരിക്കാതെ ഭിന്നശേഷിത്തമെന്ന പരിമിതിയിൽ രൂപപ്പെടുന്ന പൊതുബോധത്തെ അന്യഥാ ഭാവത്തോടെയാണ് ഭിന്നശേഷിക്കാർ സമീപിക്കുന്നത്. വികലാംഗരായ ആക്ടിവിസ്റ്റുകൾ ഇപ്പോഴും വികലാംഗരെ മുഖ്യധാരാസമൂഹത്തിലേക്ക് സമന്വയിപ്പിക്കാൻ പ്രോത്സാഹിപ്പിക്കുന്നുണ്ട്. കൂടാതെ കല, സോഷ്യൽ മീഡിയ, സ്പോർട്സ് തുടങ്ങിയ മേഖലകളിൽ ഭിന്നശേഷിക്കാർക്കു മാത്രമുള്ള നിരവധി ഇടങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.[8]

മാനുഷ്യകത്തെ പൂർണ്ണമായും പഠനവിഷയമാക്കുന്ന നരവംശശാസ്ത്രത്തിന്റെ ഉപവിഭാഗമായ കൾച്ചറൽ ആന്ത്രപ്പോളജിയിൽ മനുഷ്യന്റെ സാമൂഹികവും സാംസ്കാരികവുമായ പരിതോവസ്ഥകളും പരിണാമങ്ങളും മതവും നിയമങ്ങളും സ്റ്റിഗ്മകളും ആണ് പ്രധാന അന്വേഷണ മേഖല. ഡിസെബിലിറ്റിയ്ക്ക് ഊന്നൽ

നല്കുന്ന 'Twisty mind in a twisted body' എന്ന വാക്യം തിന്മയെ കുറിക്കാനുപയോഗിക്കുന്ന ഒരു സാഹിത്യ സങ്കേതമാണ്. സാർവ്വലൌകികമായി ഭിന്നശേഷിക്കാരോടു പുലർത്തിയിരുന്ന മനോഭാവമാണ് ഈ ശൈലിയ്ക്കു പിന്നിൽ. രോഗാവസ്ഥ പോലെ വസ്തുനിഷ്ഠമായി ഡിസെബിലിറ്റിയെ നിർവ്വചിക്കാനാവില്ല. അതിന്റെ മാനകങ്ങൾ കാഴ്ചപ്പാടുകളേയും തിരിച്ചറിവുകളേയും സാംസ്കാരിക സങ്കല്പങ്ങളേയും സാമൂഹിക-കുടുംബ ചുറ്റുപാടുകളേയും അനുസരിച്ച് മാറുന്നുണ്ട്. 2016-ലെ ആക്ട് നമ്പർ 49 അനുസരിച്ചാണ് ഇൻഡ്യയിൽ ഡിസെബിലിറ്റിയുള്ളവരുടെ അവകാശങ്ങൾ നിർവ്വചിക്കുന്നത്.[9] എന്നാൽ നരവംശ ശാസ്ത്രജ്ഞർ വളരെമുമ്പേ ഡിസെബിലിറ്റിയെ സാമൂഹിക വിനിമയങ്ങളുടെ കാഴ്ചപ്പുറങ്ങളിൽ നിന്നുകൊണ്ട് എത്തനൊഗ്രഫിയുടേയും ഫിനൊമിനോളജിയുടേയും സാംസ്കാരപ്പകർച്ചകളുടെയും ഉപോത്പന്നങ്ങളായി നിർവ്വചിച്ചിരുന്നു. അമേരിയ്ക്കൻ നരവംശ ശാസ്ത്രജ്ഞൻ റൂത്ത് ബെനിഡിക്റ്റ് 1934-ൽ പ്രസിദ്ധീകരിച്ച 'ക്രോസ് കൾച്ചറൽ കൺസെപ്ഷൻസ് ഓഫ് എപ്പിലെപ്സി' എന്ന റിസേർച്ച് പേപ്പറാണ് നരവംശശാസ്ത്രശാഖയിൽ ഉണ്ടായ ആദ്യത്തെ പ്രധാന ഡിസെബിലിറ്റി പഠനം. അദ്ദേഹത്തിന്റെ ശിഷ്യയായ നരവംശ ശാസ്ത്രജ്ഞ മാർഗരറ്റ് മീഡ് 1950-കളിൽ നടത്തിയ പൊതുപ്രസ്താവനയിൽ ഡിസെബിലിറ്റി വിഭാഗത്തേയും മുഖ്യധാരയിൽപ്പെടുത്തണമെന്നാവശ്യപ്പെട്ടു. ഇതാണ് ഡിസെബിലിറ്റി വിഭാഗത്തിനുവേണ്ടി ഉയർന്ന ആദ്യത്തെ ശബ്ദം. 1960–70-കളിലാണ് ഭിന്നശേഷിക്കാരുടെ അവകാശങ്ങളും സ്വാതന്ത്ര്യവും ചർച്ചാവിഷയമാകുന്നത്. അതുവരെ അംഗപരിമിതി എന്ന നിർഭാഗ്യം അതനുഭവിയ്ക്കുന്ന കുടുംബത്തിന്റെ, അതാതു വ്യക്തികളുടെ, സ്വകാര്യപ്രശ്നമായിരുന്നു. ഡിസെബിലിറ്റി പഠനങ്ങൾ ഈ വിഷയത്തിന്റെ യഥാർത്ഥ സ്വഭാവത്തെ പ്രത്യക്ഷവത്ക്കരിച്ചു. ഭിന്നശേഷി വിഭാഗം നേരിടുന്ന വൈയക്തിക പരിമിതികളേയും ചിന്താശേഷി കുറഞ്ഞ പൊതുസമൂഹം അവരിൽ അടിച്ചേല്പിയ്ക്കുന്ന സ്റ്റിഗ്മകളേയും മറികടക്കാൻ പ്രേരകമാകുന്ന നിഗമനങ്ങളിലേയ്ക്ക് അവ എത്തിച്ചേർന്നു. ഈ അവസ്ഥാവിശേഷം നിലവിലുള്ള സാമൂഹിക-രാഷ്ട്രതന്ത്ര സാഹചര്യത്തിൽ അവരെയും ഉൾക്കൊണ്ടുകൊണ്ട് പരിഹരിയ്ക്കേണ്ടതാണ്, ആരോഗ്യപരിരക്ഷകൾ നല്കി രോഗിയെന്ന വിവേചനബുദ്ധിയോടെ മാറ്റിനിർത്തേണ്ടവരല്ല ഭിന്നശേഷിക്കാർ എന്നതാണ് അവ നല്കുന്ന പാഠം.. "From a historical perspective, there are four distinct stages of social attitudes towards physical handicapped, these are exposure and destruction, care and protection, training and education, and social absorption" എന്ന്

ഡിസെബിലിറ്റി പഠനവിദഗ്ധ ഉഷ ഭട്ട് അഭിപ്രായപ്പെടുന്നു. ഭരണാധികാരികൾ ദുഷിക്കുമ്പോഴാണ് വിരൂപരും അന്ധരും മൂകരും തളർവാതം പിടിപെട്ടവരും ആയ പ്രജകളെക്കൊണ്ട് രാജ്യം നിറയുന്നതെന്ന് (അനുശാസനപർവ്വം, ഭാഗം 206) പറയുന്നുണ്ട്. ലോക സഞ്ചാരിയായ നാരദൻ "സമൂഹത്തിൽ പരിത്യക്തരായ അന്ധരേയും മൂകരേയും ബധിരരേയും ഭിന്നശേഷിക്കാരെയും നീ പിതാവ് പുത്രനെ എന്നപോലെ സംരക്ഷിക്കുന്നുണ്ടോ" എന്ന് യുധിഷ്ഠിരനോടു ചോദിക്കുന്നുണ്ട് (2: സഭാപർവ്വം, ഭാഗം: 5) രാജപത്നിയായ ദ്രൗപദി എന്നും സമൂഹത്തിലെ അവശതയനുഭവിക്കുന്നവരുടെ (അംഗപരിമിതിയുള്ളവരും കുള്ളൻമാരും ഉൾപ്പെടെ) ക്ഷേമത്തിൽ ശ്രദ്ധ പുലർത്തിയിരുന്നു. ഈ പരാമർശങ്ങൾകൊണ്ട് മാനുഷിക പരിഗണനകളെ പൂർണ്ണമായും തള്ളിക്കളഞ്ഞുകൊണ്ടല്ല, അവരോട് ഒരു മൃദുസമീപനം സ്വീകരിച്ചുകൊണ്ടാണ് വൈദികസമൂഹം നിലനിന്നിരുന്നത് എന്ന നിഗമനത്തിൽ എത്തിച്ചേരാം.

അടുത്തയിടെ അന്തരിച്ച അമേരിക്കൻ ഭിന്നശേഷി അവകാശപ്പോരാളി ജൂഡി ഹ്യൂമാൻ ഭിന്നശേഷിക്കാർക്കായുള്ള ചരിത്ര പ്രധാനമായ നിയമനിർമാണങ്ങൾക്കു പിന്നിലെ മുഖ്യപ്രേരക ശക്തിയായിരുന്നു. കൊച്ചിയിൽ 2023 ഏപ്രിലിൽ അവതരിപ്പിച്ച 'പ്രേരണ' എന്ന നൃത്തപരിപാടി ഓട്ടിസം ബാധിച്ച മകൾക്കു വേണ്ടിയുള്ള അമ്മയുടെ ജീവിതത്തിലെ പോരാട്ടങ്ങളെ ചിത്രീകരിക്കുന്നതായിരുന്നു. മലേഷ്യ സ്വദേശി ജഗദീശ്വരി കൃഷ്ണൻ മകൾ ഭാർഗ്ഗവിയ്ക്കു വേണ്ടി ജീവിച്ച നാൾവഴികൾ മുദ്രകളിലൂടെ ആവിഷ്കരിയ്ക്കുവാൻ നർത്തകി സന്ധ്യ മനോജിനെ സഹായിച്ചത് ഓട്ടിസം ബാധിച്ച കുട്ടികൾക്കായുള്ള മലേഷ്യയിലെ സ്കൂളിലെ യോഗ തെറാപ്പി പരിശീലകയായി പ്രവർത്തിച്ച അനുഭവമാണ്.

ഈ കഴിഞ്ഞ വർഷങ്ങളിൽ അക്കാഡമിയ എന്ന എഡ്യൂക്കേഷണൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച എൺപത്തിനാലോളം ഗവേഷണപ്രബന്ധങ്ങളിൽ ഡിസെബിലിറ്റി എന്ന അവസ്ഥ പ്രത്യേകപഠനവിഷയമാണ്. സുഭാഷ് ചന്ദ്രൻ എഴുതിയ 'സമുദ്രശില' എന്ന നോവലും കെ.ആർ. മീരയുടെ 'ഖബർ' എന്ന നോവലും ഓട്ടിസം ബാധിച്ച കുട്ടികളെ കേന്ദ്രകഥാപാത്രങ്ങളാക്കുന്നുണ്ട്. ഇപ്രകാരം സാമൂഹ്യപ്രവർത്തനവും കലാപ്രവർത്തനവും സാഹിത്യപ്രവർത്തനവും മുഖ്യധാരയിലേയ്ക്ക് അംഗപരിമിതരേയും കൂടി ഉൾപ്പെടുത്തിക്കൊണ്ട് നിർവ്വചിക്കപ്പെടുന്നുണ്ട്. തുറന്ന മനോഭാവത്തോടെയുള്ള പഠനങ്ങളും ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനങ്ങളും ഈ ദശകത്തിൽ ഭിന്നശേഷിക്കാരുടെ ജീവിതത്തെ പ്രശ്നവത്ക്കരിയ്ക്കുകയും യാഥാർത്ഥ്യബോധത്തോടെ പ്രതീകവത്ക്കരിയ്ക്കുകയും ചെയ്തിട്ടുണ്ട്.

## കുറിപ്പുകൾ

1 ഋഗ്വേദം,പുരുഷസൂക്തം, മണ്ഡലം10, സൂക്തം 96.

2 ഋഗ്വേദം, ദീർഘതമസ്സൂക്തം, മണ്ഡലം 1, സൂക്തം 164 – 189.

3 കഠോപനിഷത്ത്, വല്ലി : II, ശ്ലോകം: 12

4 മനുസ്മൃതി, ശ്ലോകം, 61, 203.

5 അർത്ഥശാസ്ത്രം, ഭാഗം, 50.

6 മഹാഭാരതം, ആദിപർവ്വം, ആദ്ധ്യായം16, ശ്ലോകം 5 – 7

7 The Rights of persons with Disabilities Act, 2016. P.05. (Net Edition)

8 അവലംബം, വൈകല്യം വിക്കിപ്പീഡിയ. https://en.wikipedia.org.Disability

9

## ആധാരസൂചി

1. Aravind Sharma (Editor), 'Essays on the Mahabharata' MLBD, Delhi, 2007.

2. Christian Laes (Editor), 'Disability in Antiquity, Journal of Disability & Religion, Routledge, Tylor and Francis group, London and New York, 2020

3. Dr. Sadashiv Ambadas Dange, Legends in Mahabhara with a brief survey of folk- tales, MLBD, 1969.

4. Neha Kumari, 'Karmic Philosophy and the Model of Disability in Ancient India', (article), International Journal of Arts, Science and Humanities, Vol.7, Issue: 1, 2019.5

5. 5. Ranjita Dawn, Role of Culture and Media in Disability Studies: A Medium of Social Construction of Disability', Journal of Disability & Religion, Routledge.

6. Somdev Banik, ' Representation of Disabled Characters in Literature ', (article), International Journal of English Language, Literature and Translation Studies, Vol.3, Issue 2, 2016.

7. Tulasi Acharya, 'Gender, Disability, And Literature In The Global South', Thesis, Florida Atlantic University, Boca Raton, FL, August 2012.

8. സുകുമാർ അഴീക്കോട്, തത്ത്വമസി, ഡി.സി.ബി, 2012.

9. മഹാഭാരതം (ഗദ്യാഖ്യാനവും കിളിപ്പാട്ടും), യൂണിവേഴ്സൽ പ്രസ്സ് &പബ്ളിക്കേഷൻസ്, തിരുവനന്തപുരം, 2012.

10. ഡോ. എസ്.രാധാകൃഷ്ണൻ, ഭാരതീയദർശനം, ഒന്നാം വാള്യം, മാതൃഭൂമി, 1996.

11. ഋഗ്വേദസംഹിത: പരിഭാഷ. വള്ളത്തോൾ, വള്ളത്തോൾ ഗ്രന്ഥാലയം, 1955.

*lethasanthosh1@gmail.com*

# രോഗം തുറന്നിട്ടുന്ന മനോചലനങ്ങൾ

## രാസിത്ത് അശോകന്റെ നന്ദി ഗില്ലൻബാരി സിൻഡ്രോം എന്ന പുസ്തകത്തെ അടിസ്ഥാനമാക്കിയുള്ള മനോചലന വിശകലനം

ഡോ. എം.ബി. മനോജ്

അസി. പ്രൊഫസർ, മലയാള കേരള പഠന വിഭാഗം, കാലിക്കറ്റ് സർവകലാശാല.

**താക്കോൽ വാക്കുകൾ:** ഗില്ലൻബാരി സിൻഡ്രോം, സഹപാഠികൾ, ഐ.സി.യു, മാലാഖമാർ, റൈൽസ് ട്യൂബ്, കാനുല, വെന്റിലേറ്റർ, ശ്വാസം, ട്രക്കിയോസ്റ്റമി, FM റേഡിയൊ, ശബ്ദം, ബ്രോങ്കോസ്കോപ്പി, കുളി, ഫിസിയോ തെറാപ്പി, സ്മാർട്ട്ഫോൺ

### ആമുഖം

ഗില്ലൻബാരി സിൻഡ്രോം എന്ന രോഗത്തിന്റെ പിടിയിലമർന്ന രാസിത്ത് അശോകൻ എന്ന യുവാവിന്റെ ആസ്പത്രി അനുഭവങ്ങളാണ് നന്ദി ഗില്ലൻബാരി സിൻഡ്രോം എന്ന പുസ്തകം.രോഗത്തിന്റെ പിടിയിലമരുന്ന ഏതൊരാളും അതിനു മുമ്പുള്ള മനുഷ്യനിൽ നിന്നും വ്യത്യസ്തനാവുന്നു. രോഗത്തിൽ നിന്നും കരകയറുന്നതിനും രോഗത്തിന്റെ സന്ദർഭങ്ങളെയും അവർ മറ്റൊരു തരത്തിൽ നോക്കിക്കാണുന്നു. ഈ മനോതലം എന്ത് എന്ന് ഉദാഹരണപ്പെടുത്തുന്നുണ്ട് ഈ പുസ്തകം. മുൻപുകണ്ട ലോകത്തെ പുനർവിശകലനം ചെയ്യുന്ന ഒരു രണ്ടാം കാഴ്ച അതാകുന്നു ഏറ്റവും വലിയ പ്രത്യേകത. രാസിത്തിന്റെ ജീവിതത്തിനു സംഭവിക്കുന്ന ഈ ചലനംപോലെ പ്രധാനപ്പെട്ടതാണ് വൈദ്യശാസ്ത്രത്തിന്റ വളർച്ചയും. വൈദ്യശാസ്ത്രത്തിന്റെ വികാസം രോഗങ്ങളിൽ നിന്നും മനുഷ്യരെ രക്ഷിക്കുവാൻ കൂടുതൽ സഹായകമാവുന്നു എന്ന് ഈ കൃതി വ്യക്തമാക്കുന്നു ണ്ട്.

അടഞ്ഞ ധമനികളിൽ
നിറമരുന്നു കടത്തണം
ഇടിച്ചു നിന്നാൽ
വഴി തുറക്കാനൊരു വഴി
ബൈപാസ്
അതിനു മുന്നോടി
കഠിനനോവിൻ
കാൽവരി
(ഉയിർപ്പ്–എൽ. തോമസ്കുട്ടി )

രാസിത്ത് ഇങ്ങനെ എഴുതുന്നു. “വായിലേയ്ക്ക് ഇറക്കിവച്ച കുഴലിലൂടെ എന്തോ ദ്രാവകം വലിച്ചെടുക്കുമ്പോലെ തോന്നി. കണ്ണ് തുറിച്ചു നില്ക്കുകയാണ്. ശരീരവും മനസ്സും മാലാഖമാരും ആസ്പത്രിയും എല്ലാം കറങ്ങുകയാണ്. ശരീരത്തിന്മേലുള്ള മനസ്സിന്റെ നിയന്ത്രണം പൂർണമായും നഷ്ടപ്പെട്ടിരിക്കുന്നു. രക്തസമ്മർദ്ദം 220-ഉം കടന്ന് അതിന്റെ പാരമ്യത്തിലെത്തി. തല പൊട്ടിത്തകരുന്നു. മാലാഖമാർ തിരക്കിലാണ്. ബി.പി., ഷുഗർ, ഇ.സി.ജി. ഇങ്ങനെ പോവുന്നു അവരുടെ പരിശോധന. ഒരു പ്രകാശഗോളം വലുതായി വലുതായി പെട്ടെന്ന് അപ്രത്യക്ഷമായി. എങ്ങും കൂരിരുട്ട്. നിശബ്ദത. ഞാൻ അസുഖത്തിന്റെ നിർണ്ണായക ഘട്ടത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുന്നു. അബോധാവസ്ഥ. പിന്നീടുള്ള ദിവസങ്ങൾ ഒന്നുമറിയാതെ കടന്നുപോയി” (പുറം-34, രാസിത്ത്അശോകൻ).

ജീവൻ നിലനിർത്തുവാൻ, ജീവിക്കുവാൻ നന്നേ ആഗ്രഹിച്ച ഒരു യുവാവിനെ നാമിവിടെ കാണുന്നു. “ജീവൻ നിലനിർത്താൻ ട്യൂബ് വേണം എന്ന ബോധം ഉള്ളതു കൊണ്ടായിരിക്കും ഞാൻ റൈൽസ് ട്യൂബിനെ ഇഷ്ടപ്പെട്ടു തുടങ്ങിയത്” എന്നാണ് രാസിത്ത് എഴുതുന്നത്. ജീവൻ തിരിച്ചുകിട്ടുവാൻ എത്ര വേദനയും സഹിക്കുവാൻ മനുഷ്യർ തയ്യാറാവുന്നു. ഒരു വിവരണം ഇങ്ങനെയാണ്. “ആറുമണിയായി,സ്റ്റെഫി വന്ന് എന്റെ ഇടതു കയ്യിൽ ‘കാനുല’ എന്നൊരു സൂചി, രക്തധമനി കണ്ടുപിടിച്ച് അവിടെ സ്ഥാപിച്ചു. സ്ഥിരമായി ഇഞ്ചക്ഷൻ എടുക്കേണ്ടിവരുന്നവർക്കുള്ളത്. എനിക്കു നല്ലവണ്ണം വേദനിച്ചുവെങ്കിലും ഒന്നും പറഞ്ഞില്ല. ഒരു തുടക്കം മാത്രമായിരുന്നു അത്. അവിടന്നങ്ങോട്ട് എത്ര സൂചികൾ എന്റെ ശരീരത്തിലേയ്ക്ക് കുത്തിയിറക്കിയെന്ന് ഓർമയില്ല. എന്തു തന്നെയായാലും എല്ലാം ചേർത്ത് മുന്നൂറിനു മുകളിൽ വരും.” (പുറം-40, രാസിത്ത്അശോകൻ)

വെന്റിലേറ്ററിന്റെ സഹായത്താൽ ശ്വാസം എടുക്കേണ്ടതായുണ്ട്.

സാധാരണ മനുഷ്യന് കഴിയുന്ന ഒന്നാണല്ലോ ശ്വാസമെടുക്കുക എന്നത്. അത് കഴിയാതെ വരുന്ന അവസ്ഥ ആലോചിച്ചു നോക്കൂ. ശ്വാസമെടുക്കുക എന്നത് ഒരു ഭാരിച്ച കാര്യമാണെന്ന് രാസിത്തിന് പലപ്പോഴും തോന്നി. ശ്വാസം എടുക്കാൻ കഴിയാത്ത അവസ്ഥയെക്കുറിച്ച് പറയുന്നതിങ്ങനെയാണ്. "ഏതോ ഗുഹയിൽ നിന്നും കട്ടിയുള്ള എന്തോ വാതകം വലിച്ചെടുക്കുന്നതു പോലെയുള്ള അനുഭവമായിരുന്നു അത്. ഒരേയൊരു ശ്രദ്ധ ടി പീസിൽ നിന്നും ശ്വാസമെടുക്കുക എന്നതുമാത്രമായിരുന്നു. സ്വന്തം നിലയ്ക്ക് ശ്വാസം എടുക്കു വാൻ കഴിയുമ്പോൾ കൃത്രിമ ശ്വാസം ഒഴിവാക്കിയിരുന്നു. ഈ ഘട്ടത്തിലെല്ലാം അബോധാവസ്ഥയിലാവുകയും ചെയ്തിരുന്നു." ശ്വാസം എടുക്കുക എന്നത് ലളിതമായ ഒരു കാര്യമല്ല എന്ന് ഇത് വ്യക്തമാക്കുന്നു.

*പുതിയ ഒരു തരം ശബ്ദം:* മനുഷ്യർക്ക് ശബ്ദിക്കുവാൻ കഴിയുന്നതും ശബ്ദത്തിലൂടെ വിനിമയം നടത്തുന്നതും മനുഷ്യോല്പത്തിയുടെ കാലം മുതൽ ഉണ്ടല്ലോ. സംസാ രിക്കുവാൻ കഴിയാത്തതുകൊണ്ട് ആളുകളെ വിളിക്കുവാൻ പുതിയ തരം ഒരു ശബ്ദം കണ്ടെത്തുകയായിരുന്നു രാസിത്ത്. ട്രക്കിയോസ്റ്റമി ഒഴിവാക്കുന്നതു വരെ ഈ ശബ്ദമായിരുന്നു ആശയ വിനിമയോപാധി.

*മരുന്നും മന്ത്രവും:* പൊതു സമൂഹത്തിൽ തമ്മിൽ മത്സരിക്കുകയും ഏറ്റുമുട്ടുകയും ചെയ്യുന്ന മതങ്ങൾ മറിച്ച്രോഗികളുടെ കാര്യത്തിൽ അത്ര പ്രസക്തമല്ല എന്നു തോന്നുന്നു. "ആശുപത്രിയിൽ എത്തിയതു മുതൽ ചലനമറ്റ എന്റെ കയ്യിൽ ബന്ധുക്കളും സുഹൃത്തുക്കളും ജപിച്ചു കെട്ടിയ ചരടുകൾ കൊണ്ടു നിറഞ്ഞിരുന്നു. ഏതോ അമ്പലത്തിൽ നിന്നു പൂജിച്ചുനല്കിയ നെയ്യ് എല്ലാ ദിവസവും രാവിലെ നാവിൽ തൊട്ടു തരാറുണ്ടായിരുന്നു. ക്രിസ്ത്യൻ പള്ളികളിൽ എനിക്കുവേണ്ടി പ്രാർത്ഥിക്കുന്ന മാലാഖമാർ. അവസാനം മക്കയിൽ നിന്നും കൊണ്ടുവന്ന പുണ്യതീർത്ഥം 'സംസം' വെള്ളവും റൈൽസ് ട്യൂബുവഴി നല്കി. എന്റെ തൊട്ടു ടുത്തു കിടക്കുന്ന രോഗി റുക്കിയാത്തയുടെ മകൾആബിദാത്തയാണ് എനിക്കു വേണ്ടി സംസം വെള്ളം കൊണ്ടുവന്നത്" (പുറം-67, രാസിത്ത്അശോകൻ).

## തെറാപ്പിയും കൈകളുടെ ചലനവും

കൈകൾ ചലിച്ചുതുടങ്ങിയതിനെക്കുറിച്ച് ഇങ്ങനെ എഴുതുന്നു. അന്നുരാത്രി തെറാപ്പിയൊക്കെ കഴിഞ്ഞു വെറുതെ സീലിങ്ങിൽ നോക്കിയിരിക്കുമ്പോൾ രണ്ടു കൈകളും വെറുതെയൊന്നു ശക്തമായി ചലിപ്പിക്കുവാൻ ശ്രമിച്ചു. ഇടതുക യ്യുടെ പത്തി അത്ഭുതംപോലെ ഒരു വശത്തേയ്ക്കു ചരിഞ്ഞുവീണു. ആദ്യമെനിക്കു വിശ്വസിക്കുവാൻ കഴിഞ്ഞില്ല. വീണ്ടും ശ്രമിച്ചു, സത്യമാണ്. കൈ ചലിക്കുവാൻ തുടങ്ങി. മനസ്സിൽ സന്തോഷത്തിന്റെ ഉന്മാദത്തിരയിളകി. ആരോടും ഒന്നും

പറയാതെ അരണ്ട വെളിച്ചത്തിൽ വീണ്ടും വീണ്ടും ചലിപ്പിച്ചു. വലതു കൈപ്പത്തിയും ചെറുതായി ചലിക്കുന്നു. പുറത്തു തുലാവർഷം തകർത്തുപെയ്യുന്നു. ശക്തിയായി മിന്നലിടി വെട്ടി. കാറ്റും കോളും നിറഞ്ഞ പേമാരിതന്നെ. പ്രകൃതി ആഹ്ലാദനൃത്തം ചവിട്ടുന്നതുപോലെ.

**ഭീകരജോലിയായിമാറുന്ന കുളിയും എഫ്. എം. റേഡിയോയും:**
രോഗത്തിന്റെ പിടിയിലായ ശേഷം കുളി സാധ്യമല്ലാത്ത ഒന്നായി മാറിയിരുന്നു. കഴുത്തിലെ ട്രക്കിയോസ്റ്റമി ചെയ്ത ഭാഗം നനയ്ക്കാൻ പാടില്ലാത്തതിനാൽ, മറ്റു രോഗങ്ങൾ ഉണ്ടാകുവാൻ പാടില്ലാത്തതിനാൽ, മാസങ്ങൾക്കുശേഷം കുളിച്ചപ്പോൾ കുളി ഒരു ഭീകര ജോലിയായിത്തോന്നി. ശരീരത്തിൽ വെള്ളം വീണപ്പോൾ പരിഭ്രാന്തിതോന്നി. ശ്വാസതടസ്സം അനുഭവപ്പെടുന്നതായി തോന്നി. ഒരു കൊച്ചുകുട്ടിയുടെ കുളിക്കു സമാനമായിരുന്നു തന്റെ കുളിയനുഭവം. തനിക്കു ആശ്വാസം നൽകിയ രണ്ടുപകരണങ്ങളായി എഫ്.എം. റേഡിയോയും മൊബൈലും മാറിത്തീരുന്നതിനെ അദ്ദേഹം പ്രാധാന്യത്തോടെ കാണുന്നു.
*പ്രകൃതിയെത്ര സുന്ദരം:* രോഗാവസ്ഥയിൽ നിന്നും മോചിതമാകുമ്പോൾ ഏറ്റവും ആദ്യം ബോധ്യപ്പെട്ടത് പ്രകൃതി സൗന്ദര്യമായിരുന്നു. ഏറ്റവും ലളിതവും സൂക്ഷ്മവുമായി പ്രകൃതി നമ്മോടൊപ്പമുണ്ട്. ഒരുപക്ഷേ, ആരോഗ്യവാനായ ഒരാൾ അത് ശ്രദ്ധിക്കുന്നുണ്ടാവില്ല. ജനലിനുള്ളിലൂടെ പുറത്തേയ്ക്കുള്ള നോട്ടം. ഇലകൾ, സൂര്യാസ്തമയം, മൂടൽമഞ്ഞ്, ചാറ്റമഴ, പക്ഷികൾ, അങ്ങനെ പലതും. അതിൽ ഒരു വണ്ണാത്തിപ്പുള്ള് മരിച്ചുപോയ അച്ഛന്റെ ആത്മാവാണെന്ന് കരുതിയിരുന്നു. രോഗവും വിടുതിയും മനസ്സിന്റെ വിടുതിയുമായി അടുപ്പമുണ്ടായിരുന്നു.

**ഓർമകൾ കടപ്പാടുകൾ:**
ഒരു രോഗിയെ സംബന്ധിച്ചിടത്തോളം കടപ്പാട് പ്രധാനമായിത്തീരുന്നു. രോഗത്തിൽ നിന്നും ജീവിതത്തിലേയ്ക്കുള്ള തിരിച്ചുവരവിൽ കൂടെ നിന്നവരോടുള്ള കടപ്പാട് പ്രധാനമാകുന്നു. ഡോക്ടർമാർ, നേഴ്സുമാർ, സുഹൃത്തുക്കൾ, സഹോദരങ്ങൾ, ഓർമകൾ, അങ്ങനെ ഓരോന്നും പ്രധാനപ്പെട്ടതായി മാറുന്നു. ഒരു രോഗി അയാളുടെ പരിസരത്തെ ഏതെങ്കിലും കക്ഷിരാഷ്ട്രീയത്തിന്റെ ഭാഗമായി വീക്ഷിക്കുന്നുണ്ടോ? മതപരതയുടെ ഭാഗമായി കാണുന്നുണ്ടോ? ഇല്ല എന്നാണ് രാസിത്ത് തന്റെ അനുഭവത്തിലൂടെ വ്യക്തമാക്കുന്നത്.
*രോഗശരീരവും വ്യവസ്ഥാപിത ശരീരവും:* രോഗം അതൊരവസ്ഥയാണ്. അവിടെ മറ്റൊരവസ്ഥയിലെ പല കാര്യങ്ങളും നിർജ്ജീവമായിപ്പോകുന്നു. ഉദാഹരണത്തിന് ശരീരം, നഗ്നത, ജെന്റർ ശരീരങ്ങൾ, ഇങ്ങനെ പലതും നമ്മൾ

ചർച്ച ചെയ്യാറുണ്ട്. എന്നാൽ ഒരു രോഗിയുടെ ശരീരത്തെ ഒരു ഡോക്ടർ എങ്ങനെയാണ് കാണുന്നത്. അത് നഗ്നമാകുമ്പോഴും നഗ്നമാകുന്നില്ല. അത് ജെന്റർ ആകുമ്പോഴും ജെന്റർ ആകുന്നില്ല. അത് രതിയുടെ ശരീരത്തിനപ്പുറത്ത് ഒരു ശരീരമാണ്. ആന്തരീകാവയവങ്ങൾ ശരീരം മാത്രമാണ്. ഇങ്ങനെയൊരു ശരീരദർശനം മുന്നോട്ടുവയ്ക്കുവാൻ വൈദ്യശാസ്ത്രത്തിനു സാധിക്കുന്നു.

## സുഹൃത്തുക്കളും സഹോദരങ്ങളും

രോഗിയ്ക്ക് ഏറ്റവും അടുപ്പമുള്ളവരായി ചിലർ മാറിത്തീരുന്നു. ലിനൂപ് എന്ന സുഹൃത്തും ജേഷ്ഠനും ഇവിടെ ഏറ്റവും പ്രധാനപ്പെട്ടവരാണ്. ആത്മവിശ്വാസത്തോടെ അടുത്തുനില്ക്കുന്ന നേഴ്സുമാർ, വ്യക്തമായ നിരീക്ഷണമുള്ള ഡോക്ടർമാർ. അവരുടെ സ്നേഹവും പരിചരണവും സമയോചിതമായ ഇടപെടലുകളും എത്രയും പ്രധാനമെന്ന് ഓരോ നിമിഷത്തെയും വിവരിച്ചുകൊണ്ട് രാസിത്ത് വ്യക്തമാക്കുന്നുണ്ട്. ഡോക്ടർമാരേക്കാൾ ഒരു പടികൂടി മുകളിലാണ് നേഴ്സുമാർ എന്ന സമീപനമാണ് രാസിത്തിനുള്ളത്. അവർ എപ്പോഴും തിരക്കിലായിരിക്കും. തിരിച്ചുകിടത്തുക, മുണ്ടുടുപ്പിക്കുക, പുതപ്പിക്കുക, എഴുന്നേല്പിച്ചിരുത്തുക, റൈൽസ് ട്യൂബ് ശ്രദ്ധിക്കുക, പുതിയ രോഗികളെ സഹായിക്കുക, ഇഞ്ചക്ഷന്റെയൊ, ട്യൂബ് ഇടുന്ന ഘട്ടത്തിലൊ, മറ്റൊരിടത്തേയ്ക്ക് മാറ്റുമ്പോഴൊ ഒരിക്കലും ടെൻഷൻ കാണിക്കാതെ അതു ചെയ്യുക, ഒരു രോഗിയുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഘടകമായി നേഴ്സുമാർ മാറുന്നതായി രാസിത്ത് വിലയിരുത്തുന്നു.

## രോഗിയും നോട്ടവും

രോഗിയുടെ നോട്ടം രോഗത്തിൽ നിന്നുള്ള ഉയിർപ്പിന്റെ നോട്ടം തന്നെയാണ്. തനിക്ക് ജീവിതത്തിലേയ്ക്ക് തിരിച്ചുവരുവാനുള്ള നോട്ടം. ഭ്രാന്തമായ മാനസീകാവസ്ഥ, ഉറക്കം വരാത്ത അവസ്ഥ, കൃത്രിമ ശ്വാസം സ്വീകരിക്കുന്ന അവസ്ഥ, പലതരം ട്യൂബുകളും ഉപകരണങ്ങളും മൂക്കിലൂടെയും വായിലൂടെയും ശരീരം തുളച്ചും കടത്തുമ്പോഴും അത് ശരീരത്തിന്റെ ഭാഗമാകുമ്പോഴും അതുമായി പൊരുത്തപ്പെടുന്ന അവസ്ഥ, ജലം ഇറക്കാനാവാത്ത, ഖരഭക്ഷണം ശരീരം സ്വീകരിക്കാത്ത അവസ്ഥ, അടുത്തുള്ള രോഗി മരിക്കുന്നത് കാണുന്ന അവസ്ഥ, ചിരിച്ചുകൊണ്ട് അടുത്തുനില്ക്കുന്ന വേണ്ടപ്പെട്ടവരിലും നിഴലിക്കുന്ന ഭയം വായിച്ചെടുക്കുന്ന അവസ്ഥ, ഇങ്ങനെ രോഗിയുടെ നോട്ടം വിവരണാതീതവും യാദൃച്ഛികതകളുമാണ്. അടുത്ത ബെഡ്ഡിൽ കിടന്ന ഒരു രോഗിയുടെ മരണത്തെ നേരിൽ കാണുന്നുണ്ട് രാസിത്ത്. “ഞാൻ അയാളുടെ മുഖത്തു നോക്കിക്കിടന്നു. വയറിലെന്തോ കുത്തിക്കയറുന്നതുപോലെ പുളയുകയാണയാൾ. ശ്വാസം

ലഭിക്കാത്ത പോലെ. മൂക്കിലൂടെയും വായിലൂടെയും കട്ടപിടിച്ച രക്തം അരിച്ചിറങ്ങുന്നതുകണ്ടു. ദയനീയമായി അയാൾ നേഴ്സുമാലാഖമാരെ നോക്കി. അയാൾക്കു സി.പി.ആർ. കൊടുക്കുന്നുണ്ട്. മൂക്കിലൂടെ രക്തം ചീറ്റി. വേദന കൊണ്ടു പുളഞ്ഞുപുളഞ്ഞ് കണ്ണുതള്ളി, വിയർത്തുകുളിച്ച്, ഒരു വശത്തേയ്ക്ക് വില്ലുപോലെ വളഞ്ഞ് കാലുകൾ മുന്നോട്ടേക്കാഞ്ഞ് പെട്ടെന്ന് അയാൾ നിശ്ചലമായി.

*വെളിച്ചത്തിന്റെ അപ്രത്യക്ഷമാവൽ:* ഏതോ അപരിചിതമായ അജ്ഞാത കേന്ദ്രം എന്നാണ് പോസ്റ്റ് ഒടിയെ രാസിത്ത് വിളിക്കുന്നത്. നീലയൂണിഫോമുകാർ, ഇനി എപ്പോഴാണ് അവർ തല്ലാൻ വരിക എന്നാണ് തെറാപ്പിസ്റ്റ് പോയിക്കഴിഞ്ഞപ്പോൾ സിസ്റ്ററോടു ചോദിച്ചത്. സിറിഞ്ചുകൾ മാംസവും ധമനിയും തുളഞ്ഞുകയറി, ചെസ്റ്റ് ഇടിച്ചു കലക്കിയിട്ട് തെറാപ്പിസ്റ്റ് പോയി, എന്നിങ്ങനെ രാസിത്ത് പ്രയോഗിക്കുന്നു. വെളിച്ചം എന്ന പ്രതീക്ഷയും വെളിച്ചം കെട്ടു പോകുന്ന അവസ്ഥയും അയാളുടെ ഭാഗമാകുന്നു. രാസിത്ത് പറയും പോലെ "എല്ലാം കറങ്ങി കറങ്ങി ഒരു ഗോളത്തിൽ എത്തിച്ചേരുന്നു. അവിടെ ചെറിയ ഒരു പ്രതീക്ഷയുടെ പ്രകാശം മങ്ങിയ നിഴൽപോലെ എന്തൊക്കെയോ ചലിക്കുന്നു. പെട്ടെന്ന് പ്രകാശം നിലച്ചു. എങ്ങും കൂരിരുട്ട്. രോഗവിമുക്തിക്ക് വേണ്ടി ഞാൻ കാത്തു കിടന്നത് ആശുപത്രി എന്ന രോഗത്തിന്റെ കോൺസെൻട്രേഷൻ ക്യാമ്പിൽ. എന്നിലും വലിയ പീഡമുറകൾ കൊണ്ട് നിറഞ്ഞ ആശുപത്രി. അവിടെ വേദന മാത്രം." അതിലൂടെ പാദം ഊന്നി ഒരു ദൈവദൂതനെ പോലെ ജീവിതത്തിലേക്ക് മന്ദം മന്ദം കാലുറപ്പിച്ച് തിരിച്ചുവരുന്ന രാസത്തിന്റെ മുമ്പിൽ ശിരസ് നമിക്കാം. രാസിത്ത് എന്ന യുവാവിന്റെ തിരിച്ചുവരവാണ് ഈ പുസ്തകത്തിന്റെ അടിസ്ഥാന വിഷയം. രോഗം എന്നത് മനുഷ്യന് തിരിച്ചു വരുവാനുള്ള ഒന്നു കൂടിയാണ് എന്ന് ഇത് വ്യക്തമാക്കുന്നു. രോഗത്തിനു മുമ്പുള്ള ഒരു മനുഷ്യന്റെ കാഴ്ചയും രോഗിയായി കഴിയുമ്പോഴുള്ള അയാളുടെ കാഴ്ചയും രണ്ടാകുന്നു എന്ന് ഈ പുസ്തകത്തിലെ പല അനുഭവങ്ങളും വ്യക്തമാക്കുന്നു. ഒരുപക്ഷേ രോഗി അല്ലാത്ത ഒരാൾക്ക് അവരുടെ ചുറ്റുപാടിലുള്ള കാഴ്ചകൾ ചിലപ്പോൾ അപ്രധാനമായി തീർന്നേക്കാം. എന്നാൽ അയാൾ ഒരു രോഗിയായി മാറുമ്പോൾ അയാൾക്ക് കാഴ്ചകൾ കുറച്ചുകൂടി പ്രാധാന്യമുള്ളതായി മാറുന്നു. ഈ രണ്ടു തരത്തിലുള്ള കാഴ്ചകളാണ് ഇവിടെ പ്രതിപാദ്യ വിഷയമാകുന്നത്.

### ചികിത്സാ ഉപകരണങ്ങളും വാക്കുകളും

നിരവധി ചികിത്സാ ഉപകരണങ്ങളും വാക്കുകളും ഉപയോഗിക്കുന്നുണ്ട്

രാസിത്ത്: ന്യൂറോ ഐ.സി.യു, വി.ജി.പി. പരിശോധന, റൈൽസ് ട്യൂബ്, കാനുല, പ്ലാസ്മാഫറിസിസ്, ബാക്ക് കെയർ, സി പാപ്പ്, എക്സ്റേ കാസറ്റ്, ട്രക്കിയോസ്റ്റമി, എക്സ്റ്റ്യൂബേറ്റ്, ഇൻറ്റ്യൂബേറ്റ്, റൂം എയർ, ആംബു ബാഗ്, ബ്രോങ്കോസ്കോപ്പി, തെറാപ്പി, സാച്ചുറേഷൻ, ഇങ്ങനെ പോകുന്ന ചികിത്സാ സംബന്ധമായ വാക്കുകൾ. ഇത് ആധുനിക ചികിത്സയുടെ വികാസത്തെ ക്കാണിക്കുന്നു. ഒപ്പം നവീന ചികിത്സയുടെ പ്രാധാന്യത്തെയും കാണിക്കുന്നു.

## സഹായക ഗ്രന്ഥങ്ങൾ :

1. നന്ദി ഗില്ലൻബാരി സിൻഡ്രോം, ഇങ്ക് ബുക്ക്സ്, 24th എഡിഷൻ 2022.
2. The patient history,an evidence -based approach to differential diagnosis,Mark c Henderson,Lawrence M.Tiernoy.In,Gerald W Smetana,academia.edu/39928567/the-patient history
3. The patient experience book,a collection of the NHS Institute for innovation and improvements guidance and support,isbn,978-907805-28-8,NHS institute for innovation and improvement-2013

# അന്ധതയുടെ ആവിഷ്കാരം ജി. ശങ്കരപ്പിള്ളയുടെ നാടകങ്ങളിൽ

ഡോ. നിഷ അക്കരത്തൊടി
അസി. പ്രൊഫസർ, മലയാളവിഭാഗം, ഗവ. കോളേജ്, മലപ്പുറം

## പ്രബന്ധ സംഗ്രഹം

ഭരതവാക്യം, സബർമതി ദൂരെയാണ് എന്നീ നാടകങ്ങളിലെ ഭിന്നശേഷിക്കാരായ കഥാപാത്രങ്ങളുടെ പ്രതിനിധാനത്തെ പഠനവിധേയമാക്കുന്നു. കാഴ്ചശക്തി നഷ്ടപ്പെട്ട പ്രധാന കഥാപാത്രങ്ങൾ മുൻകാലങ്ങളിലെ സിനിമ, നോവൽ, മറ്റു സാഹിത്യരൂപങ്ങൾ എന്നിവയിൽ അവതരിപ്പിക്കപ്പെട്ടിട്ടുള്ള ഭിന്നശേഷിക്കാരായ കഥാപാത്രങ്ങളിൽ നിന്ന് എപ്രകാരം വ്യത്യാസപ്പെടുന്നു എന്നതാണ് ഈ പഠനത്തിന്റെ ആലോചന. അംഗീകൃത വ്യവസ്ഥയിൽ പുതിയ ആശയങ്ങൾക്ക് വേരുറയ്ക്കുവാൻ എത്ര സംഘർഷാത്മകമായ പരിതസ്ഥിതികളെ മറികടക്കേണ്ടതുണ്ട് എന്നതിന്റെ ആവിഷ്കാരമാണ് 'ഭരതവാക്യം'. ഉൾക്കാഴ്ചയില്ലാത്ത ഒരു സമൂഹത്തിൽ വ്യത്യസ്തമായി ചിന്തിക്കുന്നവർ സകലയിടങ്ങളിൽ നിന്നും ബഹിഷ്കൃതരാവുന്നു. അവരെ സമൂഹം അന്ധരെന്ന് പുറംതള്ളുന്നു. കാഴ്ച നഷ്ടപ്പെട്ട 'നടൻ' എന്ന കഥാപാത്രത്തെ വിശകലനം ചെയ്തുകൊണ്ട് പൊതുബോധത്തിൽനിന്ന് ഭിന്നമായ എല്ലാത്തിനെയും നിരാകരിക്കുന്നതിലൂടെ ഒരു സമൂഹം കാണിക്കുന്ന പ്രതിലോമ മനോഭാവം ആവിഷ്കരിക്കുകയാണ് 'ഭരതവാക്യം' എന്ന് ഈ ലേഖനം നിരീക്ഷിക്കുന്നു. കാഴ്ചയും കാഴ്ചപ്പാടും ഒന്നല്ല. നേരനുപാതത്തിലുമല്ല. കാഴ്ച പരിമിതി ശാരീരികമായ ഒരവസ്ഥ മാത്രമാണ്. യഥാർത്ഥത്തിൽ അത് പരിമിതിയാകുന്നത് ഈ ലോകം കാഴ്ചശേഷിയുള്ളവരുടെ സൗകര്യാർത്ഥം വിന്യസിക്കപ്പെട്ടിരിക്കുന്നതിനാലാണ്. എന്നാൽ കാഴ്ചപ്പാടിലെ വൈകല്യമാണ് വ്യക്തിത്വത്തെ പ്രകാശരഹിതമാക്കുന്നത് എന്ന് സബർമതി ദൂരെയാണ് എന്ന നാടകത്തെ

അടിസ്ഥാനമാക്കി ചിന്തിക്കുന്നു.
**താക്കോൽ വാക്കുകൾ:** ഭരതവാക്യം, ശങ്കരപ്പിള്ള, സബർമതി ദൂരെയാണ്, ഭിന്നശേഷി, പ്രൊഫഷണൽ നാടകം, റിയലിസ്റ്റിക് നാടകം, തിയേറ്റർ ഓഫ് ക്രൂവൽറ്റി.

നാട്യശാസ്ത്രത്തിൽ നാടക കഥാപാത്രങ്ങളെ ലക്ഷണം ചെയ്യുമ്പോൾ പുരുഷപ്രകൃതികളെയും സ്ത്രീപ്രകൃതികളെയും മൂന്നായി തിരിക്കുന്നുണ്ട്. ഉത്തമൻ, മധ്യമൻ, അധമനെന്ന് പുരുഷപ്രകൃതിക്ക് പേര്. പേരിൽ ഒരു ശരികേടുണ്ടെങ്കിലും ശരീരഭംഗിയോ ആരോഗ്യസ്ഥിതിയോ അംഗപ്രത്യംഗ സവിശേഷതകളോ അല്ല ഈ തരംതിരിവിന് നിയാമകം. മനോഗുണങ്ങളും ആർജ്ജിത സിദ്ധികളുമാണ്. ഇന്ദ്രിയജയം, ജ്ഞാനം, പല ശില്പവേലകളിലും പരിചയം, നിസ്വാർത്ഥ സ്നേഹം, സൗഭാഗ്യം, ചൊറുചൊറുക്ക്, ദീനാനുകമ്പ, പല ശാസ്ത്രങ്ങളിലും പാണ്ഡിത്യം, ഹൃദയഗാംഭീര്യം, ദാനശീലം, ധൈര്യം, ത്യാഗമനോഭാവം എന്നീ ഗുണങ്ങൾ ഉത്തമനും, ജനങ്ങൾക്ക് ഉപകാരം ചെയ്യുന്ന സ്വഭാവം, ശില്പ ശാസ്ത്രങ്ങളിൽ പാണ്ഡിത്യം, ലോകജ്ഞാനം, വാങ്മാധുര്യം എന്നിവ മധ്യമനും, കടുത്ത വാക്ക്, ദുശ്ശീലം, ദുഷ്ടഹൃദയം, ബുദ്ധിക്കുറവ്, ക്രോധം, കൊല്ലുന്ന സ്വഭാവം, ബന്ധുദ്രോഹം, പഴുതു നോക്കിയിരിക്കൽ, നിഷ്ഫല പ്രവർത്തികളിലേർപ്പെടൽ, തോന്നിയതു പറയൽ, അൽപത്വം, ഏഷണി, വീമ്പിളക്കൽ, ഉപകാരസ്മരണയില്ലായ്മ, മാന്യന്മാരെയും അമാന്യന്മാരെയും തിരിച്ചറിയായ്മ, സ്ത്രീലമ്പടത്വം, കലഹരസം, ദോഷാരോപം, പാപകർമ്മങ്ങൾ, പരദ്രവ്യമോഷണം ഇങ്ങനെയുള്ള ദോഷങ്ങൾ ഉള്ളവർ അധമപ്രകൃതികളായ മനുഷ്യരുമാകുന്നു. സങ്കീർണ്ണ പ്രകൃതികളായി നപുംസകങ്ങളെക്കുറിച്ചും പറയുന്നുണ്ട്. ധീരോദ്ധതൻ, ധീരലളിതൻ, ധീരോദാത്തൻ, ധീരശാന്തൻ എന്നിങ്ങനെ നായകന്മാരെ നാലായി തിരിക്കുന്നുണ്ട്. ദേവന്മാർ, രാജാക്കന്മാർ, സേനാപതി, മന്ത്രി, ബ്രാഹ്മണർ, കച്ചവടക്കാർ എന്നിവർക്ക് നായകസ്ഥാനം കൊടുക്കാം എന്നും പറയുന്നുണ്ട്. എന്നാൽ ശരീരപ്രകൃതിയിൽ ഏതെങ്കിലും അവയവത്തിന് ശേഷിക്കുറവ്/വ്യത്യസ്തത ഉള്ളവരെ മാറ്റി നിർത്തുവാൻ എവിടെയും പറയുന്നില്ല. കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന അഭിനേതാക്കളെ തിരഞ്ഞെടുക്കേണ്ടി വരുമ്പോൾ യാതൊരു വൈകല്യവും ഇല്ലാത്തവരെ തിരഞ്ഞെടുക്കണമെന്ന് പറയുന്നു. സഹകഥാപാത്രങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള ശാരീരിക ഭിന്നതയോ വക്രതയോ കുറവോ ഉള്ളവരായാലും കുഴപ്പമില്ല എന്നാണ് നാട്യശാസ്ത്രം നിഷ്കർഷിക്കുന്നത്. ഇതിനർത്ഥം, അംഗവൈകല്യമുള്ള ഒരാളെ നായകനാക്കി നാടകം രചിക്കാൻ യാതൊരു

വിലക്കുമില്ല എന്നു തന്നെയാണ്. ഇനി, അഥവാ വിലക്കിയാൽത്തന്നെ അതു പാലിച്ചേ തീരൂ എന്ന് എന്താണ് നിർബന്ധം? പക്ഷേ അറിയപ്പെടുന്ന സംസ്കൃതനാടകങ്ങൾ പരിശോധിച്ചാൽ അംഗവൈകല്യം ഉള്ളവർ നായകസ്ഥാനത്തുള്ള ഒന്നുംതന്നെ കണ്ടെത്താൻ കഴിയുകയില്ല. ഭാസന്റെ ഊരുഭംഗത്തിൽ ധൃതരാഷ്ട്രർ കടന്നു വരുന്നുണ്ടെങ്കിലും നായകൻ ദുര്യോധനനാണ്. തകർന്ന ഊരുക്കളോടു കൂടിയ ദുര്യോധനനെയും കാഴ്ചശേഷിയില്ലാത്ത ധൃതരാഷ്ട്രരെയും രംഗത്ത് അവതരിപ്പിക്കുന്ന ദുരന്തനാടകം നിർമ്മിച്ചുകൊണ്ട് സംസ്കൃതനാടകരംഗത്ത് ഭാസൻ ഒരു വിപ്ലവം തന്നെയാണു സൃഷ്ടിച്ചത്. മലയാളനാടകരംഗത്ത് കുഷ്ഠരോഗികളെയും യാചകരെയുമെല്ലാം കെ.പി.എ.സി.ക്കാലം മുതൽതന്നെ നായകസ്ഥാനത്ത് കൊണ്ടുവരുന്നുണ്ട്. പക്ഷേ, കാഴ്ചശേഷിയില്ലാത്ത ഒരാളെ കേന്ദ്ര കഥാപാത്രമാക്കിയത് ജി.ശങ്കരപ്പിള്ളയാണ്.

ജി. ശങ്കരപ്പിള്ളയുടെ കഥാപാത്രസൃഷ്ടി

ശങ്കരപ്പിള്ളയുടെ ജീവിതകാലത്ത് മലയാളനാടകം റിയലിസ്റ്റിക് നാടകങ്ങളുടെ പുഷ്കല കാലമായിരുന്നു. സാമൂഹിക പരിഷ്കരണം ലക്ഷ്യംവെച്ചുള്ള രാഷ്ട്രീയ അജണ്ടകളും മുദ്രാവാക്യ സമാനമായ സംഭാഷണങ്ങളുംകൊണ്ട് ആവർത്തന വിരസമായിത്തീർന്ന ഈ നാടകരംഗത്ത് സമ്പൂർണ്ണമായ ഒരു മാറ്റത്തിന് വൈകിയിരിക്കുന്നു എന്ന് അക്കാലത്ത് ഗൗരവതരമായി നാടകത്തിൽ പ്രവർത്തിച്ച മനുഷ്യരെല്ലാം ചിന്തിച്ചു. കേരളത്തിൽ മാത്രമല്ല ഇന്ത്യയിലൊട്ടാകെ നാടകം പുതിയൊരു വഴിച്ചാലുവെട്ടിയ 1970-കളിൽ കേന്ദ്ര സംഗീത നാടക അക്കാദമിയുടെ ആഭിമുഖ്യത്തിൽ നടന്ന സെമിനാറിൽ ഈ വിഷയമായിരുന്നു പ്രധാനമായി ചർച്ചചെയ്തത്. പരമ്പരാഗത രംഗവേദിയും പ്രാദേശിക അവതരണ കലകളിൽ നിന്നുള്ള അംശങ്ങളും ചേർന്ന് പുതിയൊരു നാടകാവതരണ സമ്പ്രദായത്തിന് രൂപം കൊടുക്കുന്നതിന്റെ ഭാഗമായി കാവാലം നാരായണപ്പണിക്കർ, ശ്രീകണ്ഠൻ നായർ, ജി. ശങ്കരപ്പിള്ള തുടങ്ങിയ നാടകപ്രവർത്തകർ സജീവമായ ഇടപെടൽ നടത്തുകയുണ്ടായി. ലോകനാടകവേദിയിലെ ശ്രദ്ധേയമായ പല അംശങ്ങളെയും സ്വാംശീകരിക്കുന്നതോടൊപ്പംതന്നെ മറ്റാരും തൊട്ടിട്ടില്ലാത്ത മേഖലകൾക്കായുള്ള അന്വേഷണവുമായിരുന്നു ശങ്കരപ്പിള്ളയുടെ നാടക പ്രവർത്തനം. മുൻകാലങ്ങളിൽ നിഷിദ്ധമായിരുന്ന മേഖലകളിൽനിന്നു തിരഞ്ഞു കണ്ടെടുത്ത ശങ്കരപ്പിള്ളയുടെ കഥാപാത്രങ്ങൾ പല കാരണങ്ങളാൽ ഒറ്റപ്പെടൽ അനുഭവിക്കുന്നവരാണ്. അഭയാർത്ഥികൾ, മൃഗതൃഷ്ണ, റെയിൽപാളങ്ങൾ, ഭരതവാക്യം, ഏകാകി, ബന്ദി തുടങ്ങിയ നാടകങ്ങളിലെല്ലാം ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ

ഒറ്റപ്പെടൽ അനുഭവിക്കുന്നവരാണ് നായകസ്ഥാനത്തുള്ളത്. അനാഥർ, വൃദ്ധർ, രോഗികൾ, തുടങ്ങിയവരുടെ കൂട്ടത്തിൽ ശാരീരിക വൈകല്യമുള്ള മനുഷ്യരെയും ശങ്കരപ്പിള്ള നായകസ്ഥാനത്തേക്ക് പരിഗണിക്കുന്നുണ്ട്.

ഭരതവാക്യത്തിൽ നാടകസംഘത്തിൽനിന്നും പുറത്താക്കിയതിനാൽ ഒറ്റപ്പെട്ട നടനെയാണ് നായക കഥാപാത്രമായി അവതരിപ്പിക്കുന്നത്. പുറത്താക്കാനുള്ള കാരണമാകട്ടെ നടന്റെ കണ്ണുകൾക്ക് കാഴ്ച നഷ്ടപ്പെട്ടു എന്നതും. ‘കറുത്ത ദൈവത്തെ തേടി’യെന്ന നാടകത്തിൽ ഊമ എന്ന കഥാപാത്രത്തിന് മറ്റൊരു പേരില്ല. മറ്റുള്ളവരുടെ ആട്ടും തുപ്പുമേറ്റ് അവർക്കുവേണ്ടി വിഴുപ്പു ചുമക്കുന്ന നിശ്ശബ്ദ സാന്നിദ്ധ്യമാണ് ഊമ. സബർമതി ദൂരെയാണ് എന്ന നാടകത്തിൽ കാഴ്ച നഷ്ടപ്പെട്ട വേണു എന്നയാളാണ് പ്രധാന കഥാപാത്രം. നഷ്ടപ്പെട്ട ശാരീരികശേഷി മൂന്നു നാടകങ്ങളിലും ഏതു വിധത്തിലാണ് പ്രശ്നവല്ക്കരിക്കപ്പെടുന്നത് എന്നത് സൈദ്ധാന്തിക വിശകലനത്തിനു വിധേയമാക്കുമ്പോൾ ഡിസെബിലിറ്റി എന്നത് ഒരു സമൂഹനിർമ്മിത പദവിയാണെന്ന് തിരിഞ്ഞു കിട്ടും.

### കളിനിയമങ്ങളും കാഴ്ചക്കാരും

ശാരീരിക ഭിന്നത എന്ന അവസ്ഥയെ ഉൾക്കൊള്ളുന്നതിൽ പൊതുസമൂഹത്തിനു സംഭവിച്ച വിലക്ഷണതകളോടുള്ള പ്രതികരണവും അതോടൊപ്പം ഡിസെബിലിറ്റിയുടെ നൂതനമായ ചിന്താതലത്തിലേക്കുള്ള ചൂണ്ടുപലകയുമാണ് ഭരതവാക്യം എന്ന് കാണാം. നാടകത്തിലെ പ്രധാന പ്രതിപാദ്യം കാഴ്ചയുടെ ആഴപ്പരപ്പുകൾ തന്നെയാണ്. നാടകം എന്ന കലയെ മനസ്സിലാക്കേണ്ടത് എങ്ങനെയെന്ന ചിന്തയുള്ള ക്രിയാവസ്തുവാണ് ഭരതവാക്യം. തന്റെ നാടകങ്ങളുടെ പ്രേക്ഷകർ എങ്ങനെയുള്ളവർ ആയിരിക്കണം എന്ന് ശങ്കരപ്പിള്ള നാടകദർശനത്തിലെ പല ലേഖനങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. നാടകം ഒരു സമ്പൂർണ്ണവും സങ്കീർണവുമായ കലയാകയാൽ നാടകം വായിച്ചും കണ്ടും പഠിച്ചും ചിന്തിച്ചും ബോധോദയം വന്നിട്ടുള്ളവർക്കു മുന്നിൽ വേണം തന്റെ നാടകങ്ങൾ അവതരിപ്പിക്കുവാൻ എന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. നാടകപ്രേക്ഷകരും ജീവിതപ്രേക്ഷകരും എത്രമാത്രം കാഴ്ചപരിമിതി ഉള്ളവരാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞിരുന്നു. എല്ലാത്തരം മനുഷ്യരെയും ഉൾക്കൊള്ളാൻ പാകമല്ലാത്ത വിധം സംവിധാനം ചെയ്യപ്പെട്ടിരിക്കുന്ന ഇക്കാലത്തെ ലോകക്രമത്തിനാണ് യഥാർത്ഥ വൈകല്യം എന്നതാണ് ഡിസെബിലിറ്റി തിയറിയുടെ ഏറ്റവും പുതിയ തിരിച്ചറിവ്. ഭരതവാക്യം എന്ന നാടകത്തിലെ നായകൻ തിരസ്കൃതനാകുന്നത് അയാളുടെ കാഴ്ചയ്ക്ക് പരിമിതി

വരുന്നതോടെയാണ്. നാടകത്തിന്റെ തുടക്കത്തിൽത്തന്നെ കാഴ്ചയില്ലായ്കയാൽ തിരസ്കൃതനായ നടനെയാണ് അവതരിപ്പിക്കുന്നത്. അയാൾ ജീവിതത്തിൽ അന്നേവരെ കാഴ്ചയുള്ളവനായി പരിഗണിക്കപ്പെട്ടവനായിരുന്നു. പുറംകാഴ്ചകൾ മങ്ങുന്നതോടെ അയാളുടെ അകംകാഴ്ചകൾക്ക് പ്രസക്തി ഇല്ലാതെയാകും എന്ന് കരുതുന്ന ഒരു സമൂഹത്തെയാണ് നാടകം പ്രതിസ്ഥാനത്തുനിർത്തുന്നത്. ഭിന്നശേഷിക്കാരനെ (രിയെ) യഥാർത്ഥത്തിൽ ഒരു വ്യക്തിയായി കാണാതെ അവസരങ്ങളിൽ നിന്നെല്ലാം തിരസ്കൃതമാക്കാവുന്ന ഒരു വസ്തു എന്ന സ്ഥിതിയിലേക്ക് നീക്കിനിർത്തുന്ന ലോകസ്വഭാവത്തെയാണ് ശങ്കരപ്പിള്ള പ്രശ്നവൽക്കരിക്കുന്നത്. ഭിന്നശേഷിക്കാരെ അവർക്ക് അർഹമായ ഭരണഘടനാപരവും സാമൂഹികവും തൊഴിൽപരവും വ്യക്തിപരവുമായ അവകാശങ്ങളിൽ നിന്ന് മാറ്റി നിർത്തുന്ന മനുഷ്യാവകാശ ലംഘകരായ നാടക സംഘമാണ് പൊതുജനമെന്ന് ശങ്കരപ്പിള്ള മനസ്സിലാക്കുന്നു.

### ഭിന്നശേഷിയും വികലധാരണകളും

ഡിസെബിലിറ്റി എന്ന പദത്തിന് തുല്യമായ മലയാള പദത്തിനു വേണ്ടിയുള്ള അന്വേഷണത്തിൽ ഭിന്നശേഷി എന്ന പദം സാമാന്യം യോജിക്കുന്നതുതന്നെയാണ്. എന്നാൽ ഈ പദത്തെ പൊതുസമൂഹം ഉൾക്കൊള്ളുന്നത് ജന്മനാതന്നെ സവിശേഷമായ മറ്റേതോ ശേഷിയോടുകൂടിയാണ് ഇവർ ജനിക്കുന്നത് എന്നപോലെയാണ്. മലയാളത്തിലെ മാത്രമല്ല ഇതര ഭാഷകളിലെയും സാഹിത്യകൃതികളും സിനിമകളും ഇത്തരത്തിൽ ഘ്രാണശേഷി, ചലന ശബ്ദങ്ങളെ പിടിച്ചെടുക്കുന്നതിനുള്ള അസാമാന്യമായ കഴിവ്, അമാനുഷമായ കൈക്കരുത്ത്, ഭ്രാന്തമായ മെയ്‌വഴക്കം തുടങ്ങി വിവിധ ശേഷീസാമർത്ഥ്യങ്ങളെ അതിഭാവുകത്വപരമായാണ് അവതരിപ്പിക്കാറുള്ളത്. സംഘട്ടന രംഗങ്ങളിലും മറ്റും യുക്തിക്ക് നിരക്കാത്ത സന്ദർഭങ്ങളെ സൃഷ്ടിക്കുന്നത് ഈ വിശ്വാസത്തിന്റെ ഫലമായാണ്. അതുകൊണ്ടുതന്നെയാണ് ഭിന്നശേഷി എന്ന പദമോ ദിവ്യാംഗം എന്ന പൊള്ളവാക്കോ ഡിസെബിലിറ്റി എന്ന പദത്തിന് പകരമായ മലയാളപദമായി ഉപയോഗിക്കുന്നതിനോട് വിയോജിക്കുന്നത്. വികലാംഗം എന്ന പദമാകട്ടെ പ്രതിലോമകരവും നിഷേധാത്മകവുമായ ഒരു അർത്ഥബോധമായി ഉറച്ചുപോവുകയും ചെയ്തിരിക്കുന്നു. യഥാർത്ഥത്തിൽ മറ്റൊരു വിധത്തിൽ സംവിധാനം ചെയ്യപ്പെട്ട ഒരു ലോകത്തിൽ സാധാരണപോലെ പെരുമാറാൻ കഴിയുന്ന മനുഷ്യരാണ് ഇവർ. ഒരു ന്യൂനപക്ഷം ആകയാൽ ഭൂരിപക്ഷത്തിന്റെ ലോകത്ത് അവഗണിക്കപ്പെടുകയും മാറ്റിനിർത്തപ്പെടുകയും ചെയ്യുന്നവർ. ശങ്കരപ്പിള്ളയുടെ കഥാപാത്രങ്ങളെല്ലാം ഈ

അർത്ഥത്തിൽ വ്യത്യസ്തമായ കാഴ്ചപ്പാടുള്ളവരാണ്. പൊതുബോധത്തിന്റെ കാഴ്ചകൾക്ക് വികലമെന്നോ വിരുദ്ധമെന്നോ തോന്നാവുന്നതാണ് ഈ കഥാ പാത്രങ്ങൾ ഉൾക്കൊള്ളുന്ന ജ്ഞാനമണ്ഡലം.

ജീവിതത്തിൽ ഒരാൾ നിരന്തരം ഇടപെടുന്ന വീട്, പരിസരം, വഴി, കടകൾ, വാഹനങ്ങൾ, തൊഴിലിടങ്ങൾ എന്നിവയെല്ലാം കാഴ്ചയില്ലാത്തവർക്കും തിരിച്ചറിയാനാവുകയും കാര്യസിദ്ധിക്ക് സമർത്ഥമാവുകയും ചെയ്യാറുണ്ട്. കാഴ്ചയുള്ളവരുടെ സൗകര്യാർത്ഥം വിന്യസിക്കപ്പെട്ടുകയാലാണ് കാഴ്ചയില്ലാത്തവർക്ക് അവിടം പ്രയാസകരമാവുന്നത്. കാലുകൾ ഉള്ളവരുടെ സൗകര്യാർത്ഥം വിന്യസിക്കപ്പെട്ടുകയാലാണ് കാലില്ലാത്തവർക്ക് ഒരിടം അപ്രാപ്യമാകുന്നത്. കേൾവിയുള്ളവരെ മാത്രം അഭിസംബോധന ചെയ്യത്തക്കവിധം തയ്യാറാക്കിയ ഒരിടമാണ് ബധിരനായ ഒരാൾക്ക് അഗമ്യമാകുന്നത്. എല്ലാവർക്കും തുല്യപരിഗണനയോടെ വിന്യസിക്കപ്പെട്ട ഒരു ലോകത്ത് ഒരാളും ശേഷിയില്ലാത്തവരായി ഉണ്ടാവുകയില്ല. ശാരീരികമായ ഏതെങ്കിലും അവയവത്തിന്റെ ക്ഷമതക്കുറവ് മറ്റു സംവിധാനങ്ങൾ വഴി നികത്താവുന്നതേയുള്ളൂ. ശ്രവണം, സ്പർശം തുടങ്ങിയ കാഴ്ചഭിന്നമായ മറ്റു ശേഷികൾ സ്വാഭാവികമായോ പരിശീലനത്തിലൂടെയോ വളർത്തിയെടുത്തുകൊണ്ട് കാഴ്ചാപരിമിതിയെ മറികടക്കുന്നതുപോലെ. ഭൂരിപക്ഷത്തിന്റെ ക്ഷമതയ്ക്കനുസൃതമായി വിന്യസിക്കപ്പെട്ടു എന്നതുകൊണ്ട് അതാണ് ലോകത്തിന്റെ ഒരേയൊരു രീതി എന്നു കരുതുന്ന ബുദ്ധിശൂന്യതയാണ് പോപ്പുലർ നാടകപ്രവർത്തകർ ശങ്കരപ്പിള്ളയോടു കാണിച്ചത്.

കാഴ്ചശേഷി നഷ്ടപ്പെടുന്നതോടെ ഒരാളെ തന്റെ പ്രവർത്തനമണ്ഡലം പൂർണമായും പിന്തള്ളുന്ന അവസ്ഥയാണ് ഈ നാടകം പ്രശ്നവൽക്കരിക്കുന്ന മറ്റൊരു സമസ്യ. അത് അംഗവൈകല്യം, അംഗപരിമിതി, ഭിന്നശേഷി, ദിവ്യാംഗത്വം എന്നിങ്ങനെ പല വാക്കുകൾ പരീക്ഷിച്ച് ഒടുവിൽ ശാരീരിക ഭിന്നത എന്ന വാക്കിൽ എത്തി നിൽക്കുന്ന സിദ്ധാന്തത്തെ വിവിധ തരത്തിൽ പ്രതിനിധീകരിക്കുന്നുണ്ട്.

## നാടകലോകത്തെ ഭിന്നശേഷിക്കാരൻ

മലയാള നാടകത്തിൽ ശങ്കരപ്പിള്ള സൃഷ്ടിക്കാൻ ശ്രമിച്ച പുതുവഴികളെ പോപ്പുലർ നാടക വേദി കണ്ടത് തീർത്തും വികലമായ പരിഷ്കാരമായിട്ടാണ്. ജീവിതത്തിന്റെ ഛായാചിത്രപ്പതിപ്പുകൾ മനസ്സിലാകുന്നതുപോലെ പ്രത്യക്ഷമായ കാര്യകാരണ ബന്ധത്തിന്റെ അഭാവത്തിൽ ഈ പുതിയ നാടകമാർഗ്ഗങ്ങൾ പിന്തുടരുവാൻ സാധാരണ മനുഷ്യന് പ്രയാസം നേരിട്ടു.

അവിടെ ശങ്കരപ്പിള്ള ധാരാളം എതിർപ്പും പരിഹാസവും ഏറ്റുവാങ്ങേണ്ടിവന്നു. “ദുർഗ്രഹതയുടെ മേച്ചിൽ സ്ഥലങ്ങളിൽ ഏകാന്തമായി അലയാനുള്ള കലാകാരന്റെ എസ്കേപിസ്റ്റ് മനഃസ്ഥിതിയെ പരിഹസിക്കുകയും അയാൾ പുതിയ ദന്തഗോപുരങ്ങൾ പണിത് അവയിൽ അഭയം തേടാനാഗ്രഹിക്കുന്ന പ്രവണതയെ പരിഹസിക്കുകയും ചെയ്യുന്നത് റിയലിസത്തിന്റെ ഭക്തന്മാർക്കും പൂജാരിമാർക്കും ഒരാവശ്യമായി തീർന്നു” എന്ന് ശങ്കരപ്പിള്ള നാടകദർശനം എന്ന കൃതിയിലെ പുതിയ നാടകവേദി എന്ന ലേഖനത്തിൽ രേഖപ്പെടുത്തുന്നുണ്ട് (പുറം 76). ഭരതവാക്യത്തിന്റെ ഒരു തലം നാടകത്തിൽ ശങ്കരപ്പിള്ള നേരിട്ട ഈ പ്രതിസന്ധിഘട്ടത്തിന്റെ അവതരണമാണ്.

നാടകം സ്ഥലമാനങ്ങളെ കൃത്യമായി പ്രയോജനപ്പെടുത്തുന്ന ഒരു കലയാണ്. അവതരണ സ്ഥലത്തിന്റെ ഇടത്/വലത്, താഴെ/മേലെ, മുന്നിൽ/പിന്നിൽ, ഇറക്കം/കയറ്റം, അരങ്ങ്/വേദി, വിസ്തൃതി/ഇടുക്കം തുടങ്ങിയവയെല്ലാം സ്വയമേ തന്നെ നാടകത്തിൽ അർത്ഥസൃഷ്ടി നടത്തുന്നുണ്ട്. അത് കാഴ്ചയിലൂടെയാണ് സംവേദനം ചെയ്യപ്പെടുന്നത്. നാടകാവതരണം ഇവയെ സൂക്ഷ്മമായ സംവേദന സാധ്യതയായി ഉപയോഗപ്പെടുത്താറുണ്ട്. അത്തരം ഒരു അവതരണത്തിൽ കാഴ്ചശേഷിയില്ലാത്ത ഒരാൾക്ക് വിജയിക്കാനാവില്ല എന്ന പൊതുബോധമാണ് ഭരതവാക്യത്തിലെ നടനെ നാടകരംഗം പുറന്തള്ളുവാൻ കാരണം. പോപ്പുലർ നാടകങ്ങൾ കാലാകാലമായി പിൻതുടർന്നു വന്ന നിയമസംഹിതകളിൽ നിന്നും മാറി നടന്ന ശങ്കരപ്പിള്ളയുടെ നാടകങ്ങൾ സംവേദനക്ഷമമല്ല എന്ന അഭിപ്രായം അക്കാലത്തെ പോപ്പുലർ നാടക പ്രവർത്തകർക്കുണ്ടായിരുന്നു. ഭിന്നമാർഗ്ഗത്തിലൂടെ സഞ്ചരിച്ച ശങ്കരപ്പിള്ളയെ അവർ അകറ്റിനിർത്താൻ ബദ്ധശ്രദ്ധരായി. അപവാദങ്ങളും കുപ്രചരണങ്ങളും ശങ്കരപിള്ളയെ മാനസികമായി അലട്ടിയിരുന്നു. നാടകത്തെക്കുറിച്ചുള്ള ശങ്കരപ്പിള്ളയുടെ കാഴ്ചപ്പാടുകളെ മനസ്സിലാക്കാൻ കഴിയാത്തവരായിരുന്നു എണ്ണത്തിൽ കൂടുതൽ. അവർ ശങ്കരപ്പിള്ളയ്ക്ക് നാടകത്തെ കാണാൻ ശേഷിയില്ലാത്തതുകൊണ്ടാണ് ഇത്തരം വികലപരിഷ്കാരങ്ങളുമായി നടക്കുന്നത് എന്ന് പരിഹസിച്ച് മാറ്റിനിർത്തിപ്പോന്നു.

കാഴ്ചശേഷിയില്ലാത്ത ഒരു നടന് നാടകലോകത്തിൽ തുടർന്നുള്ള ഭാവി എന്താണ് എന്നതിനെക്കുറിച്ച് ചർച്ച ചെയ്യുകയല്ല ഭരതവാക്യത്തിലെ പ്രമേയം ചെയ്യുന്നത്. മറിച്ച് ഇത്ര നിഷ്ഠൂരമായി പുറന്തള്ളപ്പെടുന്നതിനു മുമ്പ് അയാൾ നാടകത്തിനുവേണ്ടി ചെയ്ത എല്ലാ കാര്യങ്ങളെയും ആദ്യം മുതൽ അവസാനം വരെ വിലയിരുത്തുകയാണ്. അതാകട്ടെ അന്ധനായതിനു ശേഷം അയാളും

അയാളുടെ മനസ്സാക്ഷിയും തമ്മിലോ, അല്ലെങ്കിൽ അയാളും അയാൾ നേടി യെടുത്ത പുതിയ നാടകലോകവും തമ്മിലോ, അയാളും അയാളെ നിരന്തരം എതിർക്കുകയും പരിഹസിക്കുകയും ചെയ്തുകൊണ്ടിരുന്ന നാടകചരിത്രവും തമ്മിലോ ഒക്കെയുള്ള സംഘർഷമായിട്ടാണ് അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്.

ശങ്കരപ്പിള്ളയുടെ പ്രവർത്തനമണ്ഡലം നാടകമാണ്. നിരന്തരമായ അന്വേഷണം, ചിന്ത, അഭ്യാസം, പരിശീലനം, തിരുത്തലുകൾ, പുതുക്കലുകൾ എന്നിവയിലൂടെ ജീവന്റെ ഭാഗമായിത്തീർന്ന കർമ്മക്ഷേത്രം. അതുകൊണ്ടുത ന്നെ അദ്ദേഹത്തിന്റെ നാടകപരീക്ഷണങ്ങൾ അക്കാലത്തെ പ്രൊഫഷണൽ നാടക സംഘങ്ങൾക്കോ ഉത്സവപ്പറമ്പിലെ കാണികൾക്കോ ഉൾക്കൊള്ളാ നായില്ല. അവർ അദ്ദേഹത്തിന്റെ നാടകപരിശ്രമങ്ങളെ പുച്ഛിക്കുകയും കളിയാ ക്കുകയും ചെയ്തു. അനുശീലനമോ അഭ്യാസമോ ഇല്ലാത്ത വെറും കാണികളെ ഉദ്ദേശിച്ചല്ല നാടകം സൃഷ്ടിക്കുന്നത് എന്ന് അദ്ദേഹം വെളിപ്പെടുത്തിയ പ്പോൾ പൊതുജനം അത് അഹങ്കാരമായാണ് വരവ് വച്ചത്. നാടകത്തെ സാധാരണ മനുഷ്യരിൽ നിന്നും അകറ്റുവാനേ ഇത്തരം പ്രസ്താവനകളും പ്രവർത്തികളും ഉപകരിക്കു എന്നവർ വിധിയെഴുതി. പോപ്പുലർ പ്രൊഫഷ ണൽ രംഗത്തെ നാടക പ്രവർത്തകരുടെയും വിമർശനങ്ങൾക്ക് ശങ്കരപ്പിള്ള പാത്രമായി. ഇത്തരം എല്ലാ വിമർശനങ്ങൾക്കുമുള്ള മറുപടിയുടെ രംഗഭാഷയും കൂടിയാണ് ഭരതവാക്യം. കൃത്യമായും രണ്ടോ അതിലധികമോ അടരുകളുടെ അർത്ഥസാധ്യത അത് മുന്നോട്ടുവയ്ക്കുന്നുണ്ട്. കാഴ്ച ശക്തി നഷ്ടപ്പെട്ടതിനാൽ നാടകരംഗം കയ്യൊഴിഞ്ഞ നടൻ ഊരുഭംഗത്തിലെ ദുര്യോധനനെപ്പോലെ തന്റെ ശ്രമങ്ങളെല്ലാം പാഴായി പിന്തിരിയേണ്ടി വരുമ്പോഴും ഇത്ര ധീരമായ ഒരന്ത്യം മറ്റാർക്കുള്ളൂ എന്ന് ആത്മാഭിമാനത്താൽ വിജൃംഭിതനാകുന്നത് ഇന്ന് കാണുമ്പോൾ ആ ക്രാന്തദർശിത്വത്തിനു മുന്നിൽ നമിച്ചു പോവുക തന്നെ ചെയ്യും. അയാൾ സ്വന്തം മനഃസാക്ഷിയുടെ കുറ്റവിചാരണയിൽ ചിലപ്പോഴൊ ക്കെ തളർന്നു പോകുന്നുവെങ്കിലും മറ്റു ചിലപ്പോൾ സർവ്വശക്തിയോടെയും ഉയർത്തെഴുന്നേൽക്കുന്നുണ്ട്. നാടകത്തെക്കുറിച്ച് തനിക്കുള്ള കാഴ്ചപ്പാടും അക്കാലത്തെ പൊതുബോധവും തമ്മിലുള്ള ഏറ്റുമുട്ടലാണ് ഈ വിചാരണാ വേളകളോരോന്നും.

### പരിമിതരുടെ ഭരണകാലം

ഭരതവാക്യത്തിലെ നടൻ എന്ന കഥാപാത്രത്തെ വിലയിരുത്തുമ്പോൾ ദാർശ നികവും ഭൗതികവുമായ ഒന്നിലേറെ തലങ്ങളിൽ നിന്നുകൊണ്ടുള്ള വിശകലനം ആവശ്യമായി വരുന്നു. നടനെന്ന കഥാപാത്രത്തെ നിരന്തരം വേട്ടയാടുന്ന അപരമാണ് മിത്രം. അകത്തു പതിച്ചിരിക്കുന്ന കണ്ണാടിയിൽ തന്റെതന്നെ

രൂപത്തിൽ കാണപ്പെട്ടുമ്പോൾ അത് തന്നിൽ നിന്ന് അകന്നുനിന്ന് തന്നെ വിചാരണ ചെയ്യുന്ന, സാന്ത്വനിപ്പിക്കുന്ന, ഭയപ്പെടുത്തുന്ന, കൈപിടിച്ച് നടത്തുന്ന, തന്റെ മനസ്സാക്ഷിയാകുന്നു. എന്നാൽ പുറത്ത് പല്ലിളിച്ച് കറുത്ത നിശാവസ്ത്രം ധരിച്ച നിൽക്കുന്ന രാത്രിഞ്ചരന്മാർ ഇതേ മനസ്സാക്ഷിയുടെ അപരമാണ്. ഒരു വ്യക്തിയുടെ മനസ്സാക്ഷി രൂപീകരിക്കപ്പെടുന്നത് ചുറ്റുപാടുകളുടെയും സമൂഹത്തിന്റെയും അറിവിന്റെയും പഠനത്തിന്റെയും മറ്റനേകം സൂക്ഷ്മവും സ്ഥൂലവുമായ ഘടകങ്ങളുടെയും ഫലമായിട്ടാകയാൽ ചിലപ്പോളൊക്കെ മനസ്സാക്ഷിയും ബാഹ്യലോകവും ഒന്നായിച്ചേർന്ന് സ്വത്വത്തെ പ്രതിസ്ഥാനത്ത് നിർത്തുന്നു. പുറംലോകത്തിന്റെ പരിമിതികളിലേക്ക് സ്വയം ഒതുങ്ങിക്കൂടാൻ മനസ്സാക്ഷി സ്വത്വത്തെ നിർബന്ധിക്കുന്നത് ഈ സമയത്താണ്. അത് സ്വത്വത്തെ അതിന്റെ യഥാർത്ഥ വാഞ്ഛകളിൽ തുടരാനനുവദിക്കാതെ ഞെരുക്കുന്നു. ഒരു വ്യക്തിയെ സമഗ്രമായി കാണാൻ കഴിയാത്ത ലോകം സ്വന്തം പരിമിതികൾക്കകത്തു നിന്നുകൊണ്ട് അയാളെ വികലമായി വിലയിരുത്തുകയും അന്ധനെന്നു അടയാളപ്പെടുത്തുകയും ചെയ്യുന്നത് ഈ നാടകത്തിലെ ഓരോ രംഗത്തിന്റെയും സൂക്ഷ്മമായ വിശകലനത്തിലൂടെ കാണാൻ സാധിക്കും.അയാളുടെ ചിന്തയിലെയും പ്രവൃത്തിയിലെയും വ്യത്യസ്തതകളെ വൈകല്യം എന്ന് വിളിച്ച് അവഹേളിക്കുകയും മാറ്റി നിർത്തുകയും ചെയ്യുന്നു. സ്വന്തം പരിമിതികൾക്കകത്തു നിന്നുകൊണ്ട് വിലയിരുത്തുമ്പോൾ ഏത് കള്ളിക്കകത്താണോ ഒരാളെ കയറ്റി നിർത്തുവാനാകുക അതായിരിക്കും അയാൾക്ക് പതിച്ച നൽകപ്പെടുന്ന വിശേഷണം. ചിലപ്പോഴത് അന്ധനെന്ന്, മറ്റു ചിലപ്പോൾ ഭ്രാന്തനെന്ന്, വേറെ ചിലപ്പോൾ മണ്ടനെന്ന്, മന്ദബുദ്ധിയെന്ന്. ഈ കള്ളിവൽക്കരണത്തിലൂടെ പഠിക്കുവാനോ തൊഴിലെടുക്കുവാനോ കുടുംബജീവിതം നയിക്കുവാനോ ഉള്ള അവകാശങ്ങളിൽ നിന്നുപോലും ഇവരെ മാറ്റിനിർത്തുവാൻ ശ്രമിക്കുന്നതാണ് സമൂഹത്തിന്റെ പൊതുരീതി.

കാഴ്ചശേഷിയില്ലായ്മയല്ല വീക്ഷണങ്ങളിലെ ഭിന്നതയാണ് നടന്റെ അന്ധത പ്രതിനിധീകരിക്കുന്നത്. കാഴ്ചപ്പാടുകളിൽ വൈകല്യം സംഭവിച്ചുവോ എന്നു സന്ദേഹിക്കുന്ന ചില സന്ദർഭങ്ങളെ ശങ്കരപ്പിള്ളയ്ക്ക് നേരിടേണ്ടി വന്നിട്ടുള്ളതായി നാടക ദർശനത്തിലെ ലേഖനങ്ങളിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്. അപ്പോഴൊക്കെയും തന്റെ കാഴ്ചപ്പാടുകൾ അംഗീകരിക്കപ്പെടുന്ന, വിലമതിക്കപ്പെടുന്ന ഒരു കാലം വരുമെന്ന് അദ്ദേഹം ഉറച്ച് വിശ്വസിക്കുന്നുണ്ട്. നടൻ എന്ന കഥാപാത്രം രംഗത്തെത്തുന്നത് ശാരീരികമായ ക്ഷമത നഷ്ടപ്പെട്ട വ്യക്തി ആയിട്ടാണെങ്കിലും നാടകത്തിന്റെ പ്രത്യയശാസ്ത്രപരമായ വിശകലനത്തിൽ അത് സാമൂഹികക്ഷമതാപരമായ വ്യതിയാനത്തെയാണ്

പ്രതിനിധീകരിക്കുന്നത്. ചിന്താപരവും നൈതികവും ജ്ഞാനപരവുമായ ക്ഷമതക്കുറവിനെ ബാഹ്യാന്ധതകൊണ്ട് പ്രതിനിധീകരിക്കുന്ന രീതി ഇതിഹാസകാലം മുതലേ നിലവിലുള്ളതാണ്. എന്നാൽ ശങ്കരപ്പിള്ളയുടെ കഥാപാത്രം ഈ നിരയിൽനിന്ന് വ്യത്യസ്തമാവുന്നത് ശാരീരികക്ഷമതയിൽ വ്യത്യാസമുള്ളവരോട് പൊതുസമൂഹത്തിനുള്ള കാഴ്ചപ്പാടാണ് അവരെ പാർശ്വവൽക്കരിക്കപ്പെട്ടവരാക്കുന്നത് എന്ന സിദ്ധാന്തത്തെ അത് പിൻപറ്റുന്നു എന്നതുകൊണ്ടാണ്. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ ഈ സിദ്ധാന്തത്തെയാണ് നാടകീയമായ സാഹചര്യത്തിൽ പുനസൃഷ്ടിച്ച് വാദപ്രതിവാദങ്ങളിലൂടെ ചിന്താമണ്ഡലത്തിലേക്ക് ആനയിക്കുന്നത്.

### ഭരതവാക്യം ചൊല്ലിയാടുന്നത്

ക്ലോക്കിൽ 12 മണി അടിക്കുന്നതോടെയാണ് നാടകം തുടങ്ങുന്നത്. അതുവരെ നിലനിന്ന ദിവസം അവസാനിക്കുകയും പുതിയൊരു ദിവസം ആരംഭിക്കുകയും ചെയ്യുന്നതിന്റെ സൂചന ഈ മണിയടിയിൽ ഉണ്ട്. മിത്രവും നടനും തമ്മിലുള്ള സംഭാഷണം തുടങ്ങുന്നത് ഭൂതകാലത്തെ കുറിച്ചുള്ള പരാമർശത്തിലാണ്: "എനിക്കോ നിനക്കോ ആർക്കാണ് ഭ്രാന്ത്?" എന്ന നടന്റെ ചോദ്യത്തിന് "പ്രപഞ്ചത്തിന്" എന്ന ഉത്തരത്തിൽ അവർ സമവായത്തിൽ എത്തുന്നുണ്ട്. നടനോട് സംസാരിക്കുന്ന മിത്രം ശങ്കരപ്പിള്ളയോട് സംവദിക്കുന്ന, ശങ്കരപ്പിള്ളയുടെ സന്തതസഹചാരിയായ നാടകചിന്ത തന്നെയാണ്. ആ ചിന്ത നയിക്കുന്ന വഴിയെയാണ് ഭരതവാക്യം എന്ന നാടകവും നടൻ എന്ന കഥാപാത്രവും മുന്നോട്ടു നീങ്ങുന്നത്. ആ നാടക സങ്കൽപ്പത്തെ പുറംലോകത്തിന് കൃത്യമായി ഉൾക്കൊള്ളാനാവാത്തതിന്റെ അസ്വാസ്ഥ്യമാണ് കണ്ണിൽ മൂടിയ തിരസ്കരണി. ഭൂതകാല നാടക വഴികളാണ് താൻ ക്രൂരമായി ഉപേക്ഷിച്ചു പോന്ന അമ്മയും സഹോദരിയും പ്രതിനിധീകരിക്കുന്നത്. റിയലിസ്റ്റിക് നാടകസമ്പ്രദായവും പ്രൊഫഷണൽ നാടക സംഘങ്ങളും ഈ പ്രാതിനിധ്യത്തിന്റെ കർമ സ്ഥാനത്തേക്ക് കടന്നുവരണമെങ്കിൽ നാടകാസ്വാദകർക്ക് ശങ്കരപ്പിള്ള എന്ന അടിമുടി നാടകക്കാരനായ മനുഷ്യൻ നടന്ന വഴികൾ പരിചയമുണ്ടായേ പറ്റൂ. പുതിയൊരു നാടകസംസ്കാരം സൃഷ്ടിച്ചെടുക്കാനുള്ള ഓട്ടത്തിൽ എപ്പോഴൊക്കെയോ അപവാദങ്ങളും കുറ്റപ്പെടുത്തലുകളും ഏറ്റുവാങ്ങി തളർന്നുപോയ ഒരു നിമിഷത്തിൽ താൻ പിന്നിട്ട വഴികളെ അവലോകനം ചെയ്യുകയാണ് നടൻ. "എന്റെ വീട് ഞാൻ മറന്ന എന്റെ വീട് വർഷങ്ങൾക്കു ശേഷം ഞാൻ പടിയിറങ്ങിയ എന്റെ വീട്" എന്ന നടന്റെ ഓർമ്മയെ മിത്രം ഇങ്ങനെ പൂരിപ്പിക്കുന്നു "തളർന്നു കിടക്കുകയായിരുന്നു. നിന്റെ കണ്ണുകൾ പാതി വിടർന്നിരുന്നുവെങ്കിലും പനി കൊണ്ട് നീ ഒന്നും കണ്ടിരുന്നില്ല.

സജലങ്ങളായ രണ്ടു വൃദ്ധനേത്രങ്ങൾ നിന്റെ മുഖത്തോട് അടുത്തുണ്ടായിരുന്നു. അങ്ങനെ പാതി മരിച്ച് നീ കിടന്നപ്പോൾ ഞാൻ വന്നു. പഴകിദ്രവിച്ച ഓലമേച്ചിലിന്റെ അനേകം സുഷിരങ്ങളിൽകൂടി അരിച്ചു വീഴുന്ന സൂര്യരശ്മികളുടെ അകമ്പടിയോടെ നീ എന്നെ ആലിംഗനം ചെയ്തു. നമ്മൾ സല്ലപിച്ചു. നീ രസിച്ചു. നീ ചിരിച്ചു. നിന്നെ ഞാൻ കാട്ടുകളിലേക്കും മേഘമാർഗ്ഗത്തിലേക്കും കൊണ്ടുപോയി. കാട്ടുതെച്ചിപ്പഴം പറിച്ചു തിന്ന് ആമ്പൽക്കുളങ്ങളിൽ നീരാടി. നാം ആട്ടുകൾ മേച്ച് മേട്ടുകളിൽ ഒളിച്ചുനടന്നു. ഞാൻ പോകുമ്പോൾ നിനക്ക് പനി വിട്ടിരുന്നു. പുതുമഴ കഴിഞ്ഞ് വെളിച്ചം പോലെ അമ്മ മന്ദഹസിച്ചിരുന്നു." ഇവിടെ ആദ്യം കണ്ണുനീർ പൊഴിച്ച അമ്മയും പിന്നീട് ചിരിച്ച അമ്മയും നാടകം എന്ന കലാരൂപമാണ്. അവർ സഞ്ചരിച്ച വഴികൾ നാടകത്തിൽ ശങ്കരപ്പിള്ള സഞ്ചരിച്ച വിവിധ വിവിധങ്ങളായ സമ്പ്രദായങ്ങളുടെ അന്വേഷണങ്ങളല്ലാതെ മറ്റെന്താണ്?

പ്രൊഫഷണൽ നാടകരംഗത്ത് പ്രവർത്തിക്കുന്നവരിൽ അധികം പേർക്കും ശങ്കരപ്പിള്ളയോട് ഇഷ്ടമുണ്ടായിരുന്നില്ല (പുറം 8, ജി ശങ്കരപിള്ളയും മലയാള നാടകവും) എന്ന് ഡോ. എ.കെ. നമ്പ്യാർ നിരീക്ഷിക്കുന്നതിൽ നിന്നും, ധാരാളം വിമർശനങ്ങൾ ഏറ്റുവാങ്ങുകയും അത്തരത്തിൽ മനഃപ്രയാസം അനുഭവിക്കുകയും ചെയ്തിട്ടുള്ള ആളാണ് ശങ്കരപ്പിള്ള എന്നു മനസ്സിലാക്കാം.

"അവൾ, എന്റെ സഹനടി. എന്നെ പരിഹസിക്കുന്നവൾ. എനിക്കെതിരായി ഉപജാപം നടത്തി, അവൾ..." എന്ന് നടൻ പറയുന്നു. എന്നാൽ നടി നടനുമായി സന്ധിചെയ്യാൻ സന്നദ്ധയാണ്.

"ഞങ്ങൾ സഹപ്രവർത്തകരായിരുന്നു" എന്ന് അവൾ പറയുന്ന അതേ വാക്യമാണ് "പിണങ്ങി പിരിഞ്ഞു മത്സരത്തിൽ നിൽക്കുന്ന രണ്ട് സമാന്തരൻമാരല്ല, അവർ സഖികളും പരസഹായികളുമാണ്" എന്ന് നാടക ദർശനത്തിൽ പ്രൊഫഷണൽ നാടകത്തെയും അമച്വർ നാടകത്തെയും കുറിച്ച് ശങ്കരപ്പിള്ള രേഖപ്പെടുത്തുന്നത്.

മലയാളനാടകത്തിന്റെ മണ്ണടിഞ്ഞ ഭൂതകാലത്തെയാണ് മരണക്കിടക്കയിൽ ഉപേക്ഷിച്ചു പോന്ന അമ്മ, മരണ ശയ്യയിൽ കിടന്ന സഹോദരിയുടെ മാല, നടനെ പുറമെ പരിഹസിച്ചിരുന്നു എങ്കിലും ഉള്ളാലെ പ്രണയിക്കുകയും പിൻതുടരുകയും ചെയ്യുന്ന നടി, നിറഞ്ഞ സദസ്സിൽ വച്ച് നടന്റെ പരിഹാസമേറ്റ ആദ്യകാല നടൻ എന്നിവരെല്ലാം പ്രതിനിധീകരിക്കുന്നത്. തന്റെ നാടകലക്ഷ്യത്തിലേക്കുള്ള യാത്രയിൽ മുതൽക്കൂട്ടാക്കിയിട്ടുള്ള ഓരോന്നും നടൻ ഓർക്കുന്നു. പിൽക്കാലത്ത് താൻ ചവിട്ടിക്കയറിപ്പോന്ന പടവുകളിൽ റിയലിസ്റ്റിക് നാടകസമ്പ്രദായങ്ങൾക്കും പ്രൊഫഷണൽ നാടകക്കാഴ്ചകൾക്കും

തുച്ഛമായതെങ്കിലും ഒരു മൂല്യം അദ്ദേഹം കൽപ്പിക്കുന്നുണ്ട്. തന്റെ മൂലധനമാണ് അതെന്ന് അദ്ദേഹം കരുതുന്നു. പക്ഷേ ആ മൂലധനമുപയോഗിച്ച് താൻ പുതുതായി പ്രവർത്തിക്കുന്ന നാടക രംഗത്തിന് ഏതെങ്കിലും തരത്തിലുള്ള പ്രയോജനം ഉണ്ടാക്കുവാൻ അദ്ദേഹം ആഗ്രഹിക്കുന്നില്ല,സഹോദരിയുടെ തിരിച്ചുകൊടുക്കുവാൻ ഉദ്ദേശിക്കുന്ന സ്വർണ്ണമാല പോലെ. ആ സ്വർണമാല തിരികെ വാങ്ങുവാൻ സഹോദരി ജീവിച്ചിരുന്നില്ല, "ഓപ്പറേഷൻ തീയേറ്ററിൽ നിന്ന് അവൾ തിരികെ വന്നില്ല", എന്ന ഭരതവാക്യത്തിലെ ഡയലോഗു പോലെ ശങ്കരപ്പിള്ളയുടെ പ്രയത്നഫലമായി മലയാള നാടക രംഗത്തുണ്ടായ പുതിയ പ്രവണതകൾ സ്ഥിരപ്രതിഷ്ഠ നേടിയതോടെ ഓപ്പറേഷൻ തിയേറ്ററിൽ കിടന്നിരുന്ന റിയലിസ്റ്റിക് നാടക രംഗം പരിപൂർണ്ണമായി മരിച്ചു കഴിഞ്ഞിരുന്നു. "ശങ്കരപ്പിള്ള ഒറ്റയ്ക്ക് ഇത്തരം കാര്യങ്ങൾ ചെയ്തുകൊണ്ടിരുന്ന കാലത്ത് മലയാളത്തിലെ പോപ്പുലർ നാടകവേദിയുടെ വക്താക്കൾ നാടകം പഠിക്കേണ്ടതായ ഒരു കലയല്ല എന്ന് പറഞ്ഞുനടന്നു. പലപ്പോഴും അദ്ദേഹത്തിന്റെ ശില്പശാലകൾ വ്യാപാരനാടക വേദിക്കാരുടെ പരിഹാസത്തിന് ഇരയായിക്കൊണ്ടിരുന്നു" എന്ന് ടി.എം. എബ്രഹാം 'ജി. ശങ്കരപ്പിള്ള' എന്ന പുസ്തകത്തിൽ പറയുന്നുണ്ട്.

"അന്ന് കളിയാക്കിയവർ പിന്നെ അനേകം കളരികൾ വ്യത്യസ്ത വിഷയങ്ങളിൽ സ്വയം സംഘടിപ്പിച്ചു" എന്നു പറയുമ്പോൾ താൻ കൈവശം വെച്ച സഹോദരിയുടെ സ്വർണമാല തിരികെ ഏല്പിക്കാൻ പോയ നടന് ആ സഹോദരിയെ കാണാൻ കഴിയാത്തതിന്റെ പൊരുൾ പിടികിട്ടുമല്ലോ. ഒരുവേള വിമർശനങ്ങളിൽ തളർന്നു പോയേക്കുമായിരുന്ന ശങ്കരപ്പിള്ളയെ പിടിച്ചുനിർത്തിയത് തനിക്കൊപ്പം ഓടിയെത്താൻ കഠിനശ്രമം ചെയ്യുന്ന പ്രൊഫഷണൽ നാടകവേദിയുടെ വളർച്ച തന്നെയാണ്. അവതരണപരമായും ഭാവുകത്വപരമായും ശങ്കരപ്പിള്ള കൈവരിച്ച നേട്ടങ്ങൾ അപ്പോഴേക്കും സ്ഥിരപ്രതിഷ്ഠ നേടിക്കഴിഞ്ഞിരുന്നു.

"ഞാൻ തളർന്നു ഞാൻ വീണുപോയി" എന്നു നടൻ പറയുമ്പോൾ "അതുകൊണ്ട് ഞാൻ ശക്തനായില്ലേ ഞാൻ വിജൃംഭിതനായില്ലേ" എന്നു മിത്രം തിരിച്ചു ചോദിക്കുന്നുണ്ട്. തന്റെ ജീവിതം തന്നെയാണ് നാടകത്തിന്റെ മാറ്റത്തിനും വളർച്ചക്കുമായി പകരം കൊടുത്തത് എന്ന് നടൻ ഓർക്കുന്നു.

"ജീവിതം, എന്താണത്? നിറവേറാത്ത പ്രതീക്ഷകൾ, നടക്കാത്ത സ്വപ്നങ്ങൾ, സാധിക്കാൻ അസാധ്യമായ ഭാവനകൾ," എന്നു മിത്രം പറഞ്ഞു തീരുമ്പോൾ നടൻ വീണ്ടും തന്റെ കാഴ്ച നഷ്ടപ്പെട്ട കണ്ണുകളെക്കുറിച്ച് ബോധവാനാകുന്നു. ഒരു പ്രവചനം പോലെ മിത്രം മറുപടി പറയുന്നു:

> "ഇവിടെ നിന്റെ കണ്ണുകൾ നക്ഷത്രം പോലെ ജ്വലിക്കും. നിന്നെക്കാൾ സുന്ദരനാവും നീ. ലോകത്തിന്റെ കേന്ദ്രബിന്ദുവാകും. സർവ്വാധിപതി. അപ്ര തിമമായ ശക്തിയോടെ നീ നിന്റെ രാജ്യം ഭരിക്കും. നീണ്ടുനിൽക്കുന്ന വിജ യഘോഷയാത്ര."

നാടകത്തെക്കുറിച്ച് മാത്രമല്ല ജീവിതത്തെക്കുറിച്ചും ഇത്തരത്തിൽ പുതുമ യുള്ള കാഴ്ചപ്പാടാണ് ശങ്കരപ്പിള്ളയ്ക്ക് ഉണ്ടായിരുന്നത്. കണ്ണില്ലാത്തവർക്ക് കണ്ണായി, കയ്യില്ലാത്തവർക്ക് കൈയായി, തൊഴിലില്ലാത്തവർക്ക് തൊഴിലായി ഫ്യൂഡൽ വ്യവസ്ഥിതി കണ്ടെത്തിയ പരിഹാരമാർഗമാണ് വിവാഹം എന്ന് ശങ്കരപ്പിള്ള പറയുന്നുണ്ട്. "ഭർത്താവുദ്യോഗം" എന്ന് അദ്ദേഹം അമ്മാവനോട് പുച്ഛത്തോടെ പറയുന്നു. എണ്ണി കണക്കുപറഞ്ഞു സ്ത്രീധനം വാങ്ങി വിവാഹം ചെയ്യുന്നതിനെയാണ് ജീവിതം എന്നു വിളിക്കുന്നത് എന്നു പറയുന്ന അമ്മാവൻ ഒരു കാലത്തെ സാമൂഹികബോധം തന്നെയാണ്. ആ ബോധത്തോട് പുറം തിരിഞ്ഞു നിൽക്കുന്നു എന്നതാണ് ഈ രംഗത്ത് നടനെ അന്ധനാക്കുന്നത്. വെട്ടിയിട്ട പെരുവഴിയിലൂടെ സഞ്ചരിക്കാതെ സ്വന്തം വഴിവെട്ടി നീങ്ങുന്നവരെ മുഴുവൻ അന്ധർ എന്ന് വിളിക്കുന്ന സാമൂഹികബോ ധത്തെ ശങ്കരപ്പിള്ള വിമർശിക്കുന്നു.

> "ഇതാണ് എന്റെ ജീവിതം. എനിക്ക് ഈ ജീവിതം മതി. മരിക്കുന്നെങ്കിൽ രംഗത്തുവച്ച് അഭിനയിച്ചഭിനയിച്ച് മരിക്കണം. ഏറ്റവും വലിയ ഒരു മുഹൂർ ത്തത്തിൽ... ഏറ്റവും ഗംഭീരമായി നടിച്ച്... അതിന്റെ ആനന്ദ മൂർച്ഛയിൽ കാണികൾ അമർന്നിരിക്കുമ്പോൾ... ഒരു നിശ്വാസം പോലും കേട്ടുപോ കുന്ന നിശബ്ദതയിൽ... തളർന്ന് ജീവനെടുക്കാൻ കഴിഞ്ഞാൽ! ഹായ്!! ഞാൻ ജീവിച്ചു എന്നർത്ഥം."

എന്ന് മരുമകനായ നടൻ പറയുമ്പോൾ "ഭ്രാന്ത് തന്നെ" എന്നാണ് അമ്മാ വന്റെ മറുപടി. ഇതിന് മരുമകൻ കൊടുക്കുന്ന ഉത്തരം, "അതമ്മാവന്. അമ്മാവന്റെ ജീവിതം എന്റെ ദൃഷ്ടിയിൽ ചക്കുകാളയുടെ വിധിയെക്കാൾ കഷ്ടം" എന്നാണ്. അഭിനയരംഗത്തെ സത്യസന്ധമായ ജീവിതമാണ് ജീവി തത്തിലെ കപട വേഷംകെട്ടലിനേക്കാൾ എത്രയോ ഭേദമെന്ന് ശങ്കരപ്പിള്ള ഉറക്കെപ്പറയുന്നു. കാഴ്ചക്കുറവിന് പരിഹാരമായി വിവാഹം എന്ന മരുന്നു സേവിച്ച് ചക്കുകാളയെപ്പോലെയുള്ള ജീവിതം ജീവിക്കുവാൻ താൻ തയ്യാറല്ല എന്നും തുടർന്നുള്ള കാലവും, ഒരുപക്ഷേ, നാടകവേദി തന്നെ എത്രമേൽ ഒറ്റപ്പെടുത്തിയാലും, ഒറ്റയ്ക്ക് തന്നെ തുഴഞ്ഞ് ഇരുട്ടിന്റെ കയങ്ങളിലേക്ക് ആഴ്ന്നാഴ്ന്ന പോകേണ്ടി വന്നാലും, ഇതാണ്, ഇതു മാത്രമാണ് തന്റെ കർമ്മരംഗം എന്ന്

നടൻ ദൃഢമായി പറഞ്ഞുവെക്കുന്നു. തുടർന്ന് ഭരതവാക്യം എക്സ്പ്രഷണലിസ്റ്റ് സ്വഭാവത്തിലേക്ക് കടന്നു പോവുകയും വിവിധ അർത്ഥമാനങ്ങളുള്ള ഒരന്ത്യം നാടകത്തിൽ ഉണ്ടായിത്തീരുകയും ചെയ്യുന്നു. തത്വചിന്താപരവും ദാർശനികവുമായ ഒരു തലത്തിലേക്ക് ചെന്നെത്തുന്ന കാഴ്ചയുടെ വിസ്തൃത ഭൂഖണ്ഡങ്ങളാണ് ഭരതവാക്യം എന്ന നാടകത്തിന്റെ പ്രമേയം.

### ദിശാസൂചകങ്ങൾ

മലയാളനാടകം കടന്നുപോയ വഴികളുടെയെല്ലാം അടയാളത്തുണ്ടുകൾ ഭരതവാക്യത്തിൽ പലയിടത്തായി കാഴ്ചയ്ക്ക് വെച്ചിട്ടുണ്ട്. നളചരിതം, ശാകുന്തളം, ഊരുഭംഗം, ഷേക്സ്പിയർ നാടകങ്ങൾ, ഗ്രീക്ക് നാടകങ്ങൾ ഇങ്ങനെ താൻ പരിചയപ്പെട്ടിട്ടുള്ള നാടകങ്ങളിൽ നിന്നെല്ലാം സ്വാംശീകരിച്ച അംശങ്ങൾ ചേർത്തുവച്ച് പണിത ഒരു മനോഹര ശില്പമാണ് ഭരതവാക്യം. അത് ആസ്വദിക്കണമെങ്കിൽ സ്രഷ്ടാവിനു സമാനമായ പ്രതിഭയും വ്യുൽപ്പത്തിയും അഭ്യാസവും ഉള്ള സഹൃദയർക്കേ സാധിക്കൂ. സ്വർഗ്ഗലോകത്തിലേക്ക് കയറിപ്പോവുകയും പിന്നീട് ദാർശനികമായ, അനാദിയായ ഇരുട്ടിലേക്ക് സധൈര്യം ഒറ്റയ്ക്ക് ദുര്യോധനനെപ്പോലെ അഭിമാനിയായി കടന്നു പോവുകയും ചെയ്യുന്ന നടൻ എന്ന കഥാപാത്രം ഒരു ജീവിതം ഉരുക്കി നാടകം എന്ന കലയെ വാർത്തെടുത്ത ശില്പി തന്നെയാണ്. ശില്പി അനാദിയായ ഇരുട്ടിലേക്കു സ്വയം കാലെടുത്തു വയ്ക്കുമ്പോൾ അനാഥമായിത്തീരുന്നത് ശില്പമാണ്. പ്രശസ്തിയുടെയും നേട്ടങ്ങളുടെയും എല്ലാ ആഭരണങ്ങളും കുടഞ്ഞെറിഞ്ഞ് വ്യക്തി ഇരുളിൽ മറയുകയും പ്രയത്നഫലം ചിരകാലം കൂടുതൽക്കൂടുതൽ പ്രകാശമാനമായി നിലനിൽക്കുകയും ചെയ്യുന്ന ഒരു അന്ത്യമാണ് മിത്രത്തിന്റെ പാട്ടിൽ പ്രതിഫലിക്കുന്നത്. നാടകം അവിടെയും അവസാനിക്കുന്നില്ല. ഒരുപക്ഷേ തനിക്കുശേഷം താൻ വളർത്തിയ ഈ നാടകസങ്കേതം, അപവാദക്കാരായ രാത്രിഞ്ചരന്മാരാൽ വ്യാപാരവസ്തുവാക്കപ്പെട്ട് ലാഭം കൊയ്തേക്കാം എന്ന സൂചനയോടെയാണ് നാടകം അവസാനിക്കുന്നത്. രാത്രിഞ്ചരന്മാരിൽ ചിലർ 'ഫോർ ഹയർ' എന്ന ബോർഡ് ഉയർത്തിപ്പിടിച്ച് നിൽക്കേ ഇരുട്ടുചുറ്റും വന്നുമൂടുന്നു. പൂർണമായ അന്ധകാരത്തിൽ നാടകം അവസാനിക്കുന്നു. ജീവൻ പകരം വച്ച് വളർത്തിയെടുത്ത നാടകം കച്ചവട നാടകക്കാർക്ക് പോലും സ്വീകാര്യമായിത്തീരുകയും അതിന്റെ പിന്നിലെ ഒരു മനുഷ്യായുസ്സ് തമസ്കരിക്കപ്പെടുകയും ചെയ്തേക്കാം എന്ന ദീർഘദൃഷ്ടിത്വം ഈ അന്ത്യത്തിലൂടെ ശങ്കരപ്പിള്ള ഉദ്ദേശിച്ചിട്ടുണ്ടായിരിക്കണം.

### വൻമതിലുകൾ കാണപ്പെടുന്നത്

ശങ്കരപ്പിള്ളയുടെ ആത്മാംശം കലർന്ന നാടകമാണ് 'ഭരതവാക്യം' എന്ന് നിരൂപകർ അവകാശപ്പെടാറുണ്ടെങ്കിലും ശങ്കരപ്പിള്ളയുടെ മാത്രമല്ല ലോകനാടക വേദിയിൽ പിൽക്കാലത്ത് കൊണ്ടാടപ്പെട്ട പലരുടെയും നാടകജീവിതം ഇതിനു സമാനമാണ്. തിയേറ്റർ ഓഫ് ക്രൂവൽറ്റിയുടെ ഉപജ്ഞാതാവായ ആന്റൺ അർത്താഡിനെക്കുറിച്ച് ശങ്കരപ്പിള്ള എഴുതുന്നത് നോക്കുക:

> "അന്ന് അദ്ദേഹത്തെ ഏകാകിയായ സ്വപ്നദർശി എന്നോ ഭ്രാന്തൻ എന്നോ മുദ്രകുത്തിയിരുന്ന യൂറോപ്യൻ നാടകവേദി പിന്നീട് അർത്ഥാൽ പിന്തുടർന്നത് ആ മാർഗം തന്നെയാണ്."

എപ്പിക് തിയേറ്ററിന്റെ പ്രമുഖ വക്താവായ ബ്രഹ്തിന്റെയും സ്ഥിതി ഏറെയൊന്നും ഭിന്നമല്ല. തന്റെ നാടക സിദ്ധാന്തത്തെ സ്വന്തം നാടകത്തിലൂടെ കൃത്യമായി രംഗപ്രയോഗം ചെയ്തു കാണിക്കാൻ കഴിഞ്ഞതിനാൽ അതിനെക്കുറിച്ചുള്ള ധാരണാവൈകല്യം ഒരു പരിധിവരെ കുറവായിരുന്നു എന്നു മാത്രം. പാരമ്പര്യ ഭിന്നമായ സ്വതന്ത്ര സമീപനത്തിലൂടെ സങ്കേതങ്ങളെ ഉടച്ചു വാർക്കുകയും ദുരന്ത-ശുഭാന്തങ്ങളുടെ വരമ്പുകൾ ഇടിച്ചു കളയുകയും ചെയ്തവരാണ് ഈ നാടക പ്രവർത്തകരെല്ലാം. തൊലിപ്പുറത്തെ ദൃശ്യങ്ങൾ മാത്രം കണ്ടു ശീലിച്ചവർക്ക് യഥാർത്ഥ ജീവിതത്തോടുള്ള പൊരുത്തക്കേടുകൾ പോലും അവ്യക്ത മധുരമായ ഒരു സൗന്ദര്യമായി പരിണമിക്കുന്ന കലയുടെ വൈഭവത്തിലേക്ക് കണ്ണു തുറക്കാൻ സമയമേറെ വേണ്ടി വന്നേക്കും. അതുവരെ അവർക്ക് ശരികേട് എന്ന് തോന്നുന്ന ഭാവമേഖലകൾ ആവിഷ്കരിക്കുന്ന കലാകാരനെ അന്ധനെന്നു വിളിക്കും. അതുവരെ അവർ അന്ധവും ജുഗുപ്സ നിറഞ്ഞതുമായ നിഷേധത്തിന്റെ ദൃഷ്ടികൾ കലാപ്രവർത്തകർക്ക് നേരെ തുറന്നു വയ്ക്കും. ഇങ്ങനെ ബഹിഷ്കൃതനാക്കപ്പെട്ട ഒരു കലാകാരനെയാണ് നടൻ പ്രതിനിധീകരിക്കുന്നത്.

### സബർമതിയിലേക്കുള്ള ദൂരം

ഭരതവാക്യത്തോളം സങ്കീർണതയില്ലാത്തതും ഏറെക്കുറെ യഥാതഥ രീതിയിൽ എഴുതപ്പെട്ടതുമായ ഒരു നാടകമാണ് 'സബർമതി ദൂരെയാണ്' എന്ന നാടകം. ഇതിലെ പ്രധാന കഥാപാത്രമായ വേണു സ്വാതന്ത്ര്യസമര പ്രവർത്തനങ്ങൾക്കിടയിൽ കാഴ്ചശക്തി നഷ്ടപ്പെട്ട ആളാണ്. എന്നാൽ യഥാർത്ഥത്തിൽ വേണുവിന്റെ കാഴ്ചപ്പാടുകളോട് താരതമ്യം ചെയ്യുമ്പോൾ കാഴ്ചയുള്ളവർ എന്ന് കരുതുന്ന ഒരു ഫ്യൂഡൽ ലോകം എത്ര വികലമായ രീതിയിലാണ് കാര്യങ്ങളെ കാണുന്നത് എന്ന് വ്യക്തമാകും. ഡിസെബിലിറ്റി

എന്ന പദത്തിനു തുല്യമായി മലയാളത്തിൽ പ്രയോഗിച്ചിരുന്ന അംഗവൈകല്യം എന്ന പദം പ്രതിലോമകരമായ അർത്ഥമാണ് മനുഷ്യമനസ്സിൽ പ്രതീതമാക്കുന്നത് എന്ന് നേരത്തെ പറഞ്ഞിരുന്നുവല്ലോ. പ്രത്യേകിച്ചും അന്ധതയെ. വെറുമൊരു ശാരീരിക ശേഷിക്കുറവ് മാത്രമായ അന്ധതയെ കാഴ്ചപ്പാടിലെ എല്ലാതരം വിലക്ഷണതകളുടെ സന്ദർഭത്തിലും എടുത്തു പ്രയോഗിക്കുന്ന ഒരു പ്രവണത സാഹിത്യവും കലയും വച്ചുപുലർത്താറുണ്ട്. പത്രമാധ്യമങ്ങളും പലപ്പോഴും ഈ അർത്ഥത്തിലുള്ള പ്രയോഗങ്ങൾ ഉപയോഗിക്കാറുണ്ട്. മഹാഭാരതത്തിൽ ധൃതരാഷ്ട്രർ നീതിരഹിതനും, പക്ഷപാതിയും, അധികാരനഷ്ടത്തിൽ അസംതൃപ്തനുമാണ്. ദുഷ്ടത, ക്രൂരത, സ്വാർത്ഥത തുടങ്ങിയ പ്രതിലോമതകളുടെ പ്രതീകമാണ് അയാളിലെ അന്ധത. ശാരദയിലെ വൈത്തിപ്പട്ടർ കുടില ബുദ്ധിയും കുതന്ത്രക്കാരനും സ്വാർത്ഥനുമാണ്. അയാളിലെ ജീർണ്ണ വികാരങ്ങളാണ് സർപ്പദൃഷ്ടി എന്ന കാഴ്ചവൈകല്യം. കാക്കക്കുയിൽ, സത്യം ശിവം സുന്ദരം തുടങ്ങിയ സിനിമകളിലൊക്കെ കാഴ്ചവൈകല്യത്തെ ബുദ്ധി ശൂന്യതയായും ചിന്താശേഷിയില്ലായ്മയായും, വിവേചന സാമർത്ഥ്യമോ വിവേകമോ ഇല്ലാത്ത ക്രൂരതയായും, വിഡ്ഢിത്തമായും ഒക്കെയാണ് അവതരിപ്പിച്ചിരിക്കുന്നത്. ഇവിടെയെല്ലാം കാഴ്ചയും കാഴ്ചപ്പാടും നേരനുപാതത്തിലാണ്. ഈ വിശ്വാസത്തെയാണ് ശങ്കരപ്പിള്ള പൊളിച്ചെഴുതുന്നത്. അത് പക്ഷേ, ഒപ്പം എന്ന സിനിമയിൽ മോഹൻലാൽ അവതരിപ്പിക്കുന്ന ജയരാമൻ എന്ന കഥാപാത്രത്തെപ്പോലെ, നേത്രോന്മീലനം എന്ന നോവലിലെ പ്രകാശനെപ്പോലെ, അതിഭാവുകത്വമുള്ളവരെ അവതരിപ്പിച്ചു കൊണ്ടല്ല. ഒപ്പം പോലെയുള്ള സിനിമകളിൽ അമാനുഷ ശേഷിയുള്ളവരെപ്പോലെയാണ് കാഴ്ചശേഷിയില്ലാത്തവരെ അവതരിപ്പിച്ചിരിക്കുന്നത്. ആൾക്കൂട്ടത്തിനിടയിൽ നിന്ന് ഘ്രാണശേഷി കൊണ്ട് ഒരാളെ തിരിച്ചറിയുക, മുമ്പ് ഒരിക്കലും പരിചയപ്പെട്ടിട്ടില്ലാത്ത ഒരു കെട്ടിടത്തിനകത്ത് കയറി വൈദ്യുതിബന്ധം വിച്ഛേദിക്കുക, അസാമാന്യമായ രീതിയിൽ സംഘട്ടനത്തിൽ ഏർപ്പെടുക തുടങ്ങിയ അവിശ്വസനീയമായ പ്രകടനം കാഴ്ചവയ്ക്കുന്നതിനെയാണ് ഭിന്നശേഷി എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത് എന്ന് തോന്നിപ്പിക്കുന്നതാണ് ഇത്തരം നിർമ്മിതികൾ. അസത്യാത്മകമായ ഈ രണ്ടു ധ്രുവങ്ങളെയും ഒഴിവാക്കി കാഴ്ചശേഷിയില്ലായ്മയുടെ സത്യസന്ധമായ അവതരണമാണ് 'സബർമതി ദൂരെയാണ്' എന്ന നാടകത്തിൽ കാണിക്കുന്നത്. കാഴ്ചയില്ലായ്മ കാഴ്ചപ്പാടില്ലായ്മയല്ല എന്ന് വേണു എന്ന കഥാപാത്രം വ്യക്തമാക്കിത്തരുന്നുണ്ട്. കണ്ണിനു ശേഷിയുണ്ട് എന്നതുകൊണ്ട് ആഴമോ മൂല്യമോ ഉള്ള കാഴ്ചപ്പാട് ഒരാൾക്കുണ്ടാവുകയില്ല എന്ന് മാധവൻ എന്ന കഥാപാത്രവും കാണിച്ചുതരുന്നു.

നാടക പ്രവർത്തകരെക്കുറിച്ച്, ഫ്യൂഡൽ വ്യവസ്ഥിതി വച്ചുപുലർത്തിയിരുന്ന കാഴ്ചപ്പാടിനെ കുറിച്ച്, മനില സി. മോഹനുമായുള്ള ഒരു അഭിമുഖത്തിൽ ദീപൻ ശിവരാമൻ പറയുന്നുണ്ട്, "നാടകക്കാരനായ മകൻ മുടിയനായ പുത്രനാണ് എന്ന് വിശ്വസിക്കുന്നതാണ് ഫ്യൂഡൽ കുടുംബ വ്യവസ്ഥ" എന്ന്. അതേസമയംതന്നെ സമൂഹത്തിൽ വരുന്ന കാതലായ മാറ്റങ്ങൾക്ക് ചുക്കാൻ പിടിക്കുന്നതിൽ നാടകത്തിനുള്ള പങ്ക് നിസ്സീമമാണ്. പണക്കണക്കിൽ മനുഷ്യമൂല്യം അളക്കുന്ന ഒരു സമൂഹത്തിൽ സ്വാർത്ഥത്തിനു വേണ്ടി പ്രവർത്തിക്കാത്ത ഒരാളെ കാഴ്ചയില്ലാത്തവൻ എന്നുതന്നെ പൊതുജനം കാണുന്നു. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കുകയും ജാതിവ്യവസ്ഥക്കെതിരെ പോരാടുകയും ചെയ്യുന്ന വേണു, അടിയാന്മാരെക്കൊണ്ട് ക്രൂരവും കഠിനവുമായി പണിയെടുപ്പിക്കുകയും കാരണവരായി സ്വയം അവരോധിക്കുകയും ചെയ്യുന്ന മാധവന്റെ ദൃഷ്ടിയിൽ ജീവിത വീക്ഷണമില്ലാത്തവനാണ്. സ്ഥാനമാനങ്ങൾക്കോ ധനാർജ്ജനത്തിനോ കണ്ണു വയ്ക്കാതെ നിസ്വാർത്ഥമായ രാഷ്ട്രീയ പ്രവർത്തനത്തിന് ഇറങ്ങുന്നവരെ ഫ്യൂഡൽ വ്യവസ്ഥിതി അന്ധൻ എന്നാണ് വിളിച്ചത്. മുതലാളിത്തത്തിന്റെ കാഴ്ചപ്പാടും ഇതിൽനിന്ന് ഭിന്നമല്ല. ജാതി, പണം, ഭൂസ്വത്ത്, കുടുംബപാരമ്പര്യം, തുടങ്ങിയ ഫ്യൂഡൽ മൂല്യങ്ങളെ എല്ലാം പൂർണമായും ഉപേക്ഷിച്ചുകൊണ്ട് പാടത്തു പണിയുന്ന തേവനെന്ന പുലയനൊപ്പം ഇറങ്ങിപ്പോകുന്ന വേണു സ്വന്തം സഹോദരിയെയും കൂടെ കൂട്ടുന്നു. ഈ നാടകത്തിൽ വേണുവിന് അമാനുഷ പരിവേഷങ്ങളില്ല. ഇതര അവയവങ്ങൾക്ക് അസാമാന്യമായ ഒരു ശേഷിയും ഇല്ല. കണ്ണിന് ക്ഷമതയുള്ളവർക്കായി വിന്യസിക്കപ്പെട്ട ലോകത്ത് കായികമായ അവശത വേണു അനുഭവിക്കുന്നുണ്ട്. എന്നാൽ ജാതി, മതം, ഭൂപ്രദേശം തുടങ്ങിയ അതിർവരമ്പുകൾക്കകത്ത് കുടുങ്ങിയ ഒരു മഹാജനതയുടെ മുഴുവൻ ബുദ്ധിയിൽ മൂടിയ അന്ധതാമിശ്രം വേണുവിനെ ബാധിച്ചിട്ടില്ല. ശാന്തിതീരമായ സബർമതിയിൽ എത്താൻ ഈ ജനതയ്ക്ക് ഇനിയും ഒരുപാട് ദൂരം നടക്കേണ്ടതുണ്ട് എന്നും, കാഴ്ചപ്പാടിൽ വിദ്വേഷത്തിന്റെ ഇരുട്ട് ബാധിച്ചവർക്ക് തെളിച്ചമുള്ള കണ്ണുകൾ കുത്തിപ്പൊട്ടിക്കുന്ന നവഖാലിയാണ് സമീപസ്ഥം എന്നും വേണു പറയുന്നു. ബാഹ്യനേത്രങ്ങളുടെ നഷ്ടംകൊണ്ട് ഒരിക്കലും ഒരാളുടെ ഉള്ളിൽ ജ്വലിക്കുന്ന ജ്യോതി തല്ലിക്കെടുത്താനാവില്ല. യഥാർത്ഥ കാഴ്ച എന്നത് ഉൾക്കാഴ്ചയാണ്. അതിന് കണ്ണിന്റെ ആവശ്യമില്ല എന്ന് ശങ്കരപ്പിള്ള പറയുന്നുണ്ട്. അയാൾ വടി ഉപയോഗിച്ചാണ് നടക്കുന്നത്. ഒരിക്കൽ മാധവൻ ആ വടി ചവിട്ടി ഒടിച്ചു കളയുന്നുണ്ട്. കാഴ്ചയുള്ളവന്റെ വികലമായ കാഴ്ചപ്പാടിന്റെ ദൃഷ്ടാന്തം.

"നടക്ക് തമ്പ്രാ, ഇനി തേവനാ തമ്പ്രാന്റെ വടി. ഈ വടി ഒടിഞ്ഞിട്ടേ

തമ്രാ വീഴത്തൊള്ള്” എന്ന് തേവൻ വേണുവിന് പ്രകാശമാവുന്നുണ്ട്. ഈ രണ്ടുനാടകങ്ങളിലും പ്രതീകാത്മകമായ അന്ധതയെയാണ് കഥാപാത്രങ്ങളുടെ നേത്രരാഹിത്യം പ്രതിനിധീകരിക്കുന്നത്. എങ്കിലും സബർമതിയിൽ കാഴ്ചയില്ലായ്മ എന്ന പ്രശ്നത്തെ യഥാതഥമായിത്തന്നെ രംഗത്ത് ദൃശ്യവൽക്കരിക്കുന്നുണ്ട്. കാഴ്ചയുടെ അഭാവത്തെ ശബ്ദംകൊണ്ട് മറികടക്കുകയും ചലന സൗകര്യത്തിനായി ബദൽ മാർഗ്ഗങ്ങൾ ഉപയോഗിക്കുകയും ചെയ്ത് ശാരീരിക ഭിന്നതയെ വളരെ എളുപ്പം മറികടക്കാവുന്നതേ ഉള്ളൂ എന്നും ഉള്ളിൽ ഇരുട്ടു മൂടിയ ഒരു ജനതയുടെ മനസ്സിന്റെ ആന്ധ്യമാണ് പ്രതിവിധിയില്ലാത്ത പ്രശ്നമെന്നും ഈ നാടകം നിസ്സംശയം വെളിപ്പെടുത്തുന്നു. ഒരാളെ അന്ധനെന്നോ ബധിരനെന്നോ ഊമയെന്നോ കണ്ട് മാറ്റി നിർത്തുന്നത്, ആട്ടിയോടിക്കുന്നത്, അടിമയാക്കി വയ്ക്കുന്നത് അങ്ങനെ ചെയ്യുന്ന മനുഷ്യരുടെ മാനസിക വളർച്ചയിലുള്ള വൈകല്യമാണെന്ന, വീക്ഷണത്തിലുള്ള വിലക്ഷണതയാണെന്ന, രാഷ്ട്രീയമായ തമസ്കരണമാണെന്ന തന്റെ നിലപാടുകളെ ശങ്കരപ്പിള്ള ഈ നാടകങ്ങളിലൂടെ വെളിപ്പെടുത്തുന്നുണ്ട്.

## സഹായകഗ്രന്ഥങ്ങൾ

1. ജി.ശിങ്കരപ്പിള്ളയും മലയാളനാടകവും, അലിയാർ ( സമ്പാ ) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. 2021

2. ജി ശങ്കരപ്പിള്ള ഒരന്വേഷണം. കൊച്ചു നാരായണപിള്ള കെ.സി.സി ബുക്സ് കോട്ടയം 1992

3. ജി.ശങ്കരപ്പിള്ളയുടെ ലേഖനങ്ങൾ, ശങ്കരപ്പിള്ള ജി, കേരള സാഹിത്യ അക്കാദമി 1993

4. നാടക ദർശനം, ശങ്കരപ്പിള്ള ജി, ഡിസി. കോട്ടയം 1990

5. ജി ശങ്കരപ്പിള്ള, എബ്രഹാം ടി.എം, സാഹിത്യ അക്കാദമി. 2015

6. ഭരതമുനിയുടെ നാട്യശാസ്ത്രം, നാരായണപ്പിഷാരടി കെ.പി. (വിവ) കേരള സാഹിത്യ അക്കാദമി.

7. ഭാസനാടക സർവ്വസ്വം, ഡോ.സുധാംശു ചതുർവേദി, കറൻറ് ബുക്സ്. 1990

8. മലയാള നാടക സർവ്വസ്വം, മടവൂർ ഭാസി, ചൈതന്യ പബ്ലിക്കേഷൻസ്, തിരുവനന്തപുരം. 1990

9. മലയാള സാഹിത്യം 3 കാലിക്കറ്റ് സർവ്വകലാശാല ബിഎ, ബിഎസ്‌സി, ഡിസി 2020

10. https://m.facebook.com/story.php?story_fbid=pfbid02cfywGs6BfR9Qn3UrmVTAr2F4vRjssC32T4c5yVgiPc6sTWCbBWWLdTHMjUrmas1ql&id=100006461947083&sfnsn=wiwspwa&mibextid=RUbZ1f

11. https://youtu.be/4uyxC8MMgHI

12. സത്യം ശിവം സുന്ദരം റാഫി മെക്കാട്ടിൽ 2000

13 കാക്കക്കുയിൽ, പ്രിയദർശൻ 2001

14 ഒപ്പം, പ്രിയദർശൻ 2016

# ഭിന്നശേഷി:
# ശേഷീവാദ കാഴ്ചപ്പാടും പൊതുബോധ നിർമ്മിതിയും
## വിനയന്റെ തെരഞ്ഞെടുത്ത സിനിമകളെ മുൻനിർത്തിയുള്ള പഠനം

**രഞ്ജിത് വി.**
ഗവേഷകൻ, മലയാളവിഭാഗം, കേരളകേന്ദ്രസർവകലാശാല, കാസറഗോഡ്

### പ്രബന്ധസംഗ്രഹം

പിതൃ അധികാര വ്യവസ്ഥിതി നിലനിൽക്കുന്ന കേരളീയ സമൂഹത്തിൽ ഭിന്നശേഷിയെ സംബന്ധിച്ച് നിരവധിയായ മാമൂൽ ധാരണകളും വാർപ്പ് മാതൃകകളും നിലനിൽക്കുന്നുണ്ട്. പൂർണ്ണ ശരീരങ്ങളുമായി താരതമ്യം ചെയ്ത് അപൂർണ്ണ ശരീരത്തിന്റെ പരിമിതികളെ സഹതാപത്തോടെ കാണുന്നതാണ് മലയാളി പൊതുബോധത്തിന്റെ സാമാന്യ സ്വഭാവം. ഭിന്നശേഷിവിഭാഗത്തെ സംബന്ധിച്ച പൊതുബോധം നിർമ്മിക്കുന്നതിൽ ജനപ്രിയ സിനിമകൾ വലിയ പങ്കുവഹിക്കുന്നതായി കാണാം. വിനയന്റെ തെരഞ്ഞെടുത്ത സിനിമകളെ മുൻനിർത്തി ഭിന്നശേഷിയോടുള്ള ശേഷീവാദ സമൂഹത്തിന്റെ കാഴ്ചപ്പാടും ഭിന്നശേഷി സമൂഹത്തെക്കുറിച്ച് ജനപ്രിയ സിനിമ ഉല്പാദിപ്പിക്കുന്ന പൊതുബോധവും വിശകലനവിധേയമാക്കുകയാണ് ഈ പ്രബന്ധത്തിലൂടെ ചെയ്യുന്നത്.

**താക്കോൽ വാക്കുകൾ:** ഭിന്നശേഷി, ശേഷീവാദം, പൊതുബോധം, പിതൃ അധികാരം

### ആമുഖം

സാഹിത്യവും സംസ്കാരവും ഉൾപ്പെടെയുള്ള മനുഷ്യ വ്യവഹാരത്തിന്റെ സമസ്ത മേഖലയിലെയും ഇന്ദ്രിയപരതയെ മനുഷ്യ ബന്ധങ്ങളുടെ അടിസ്ഥാനത്തിൽ വ്യാഖ്യാനിക്കുന്ന വൈജ്ഞാനിക മേഖലയെയാണ് പരിമിതി പഠനം അഥവാ

ഭിന്നശേഷി പഠനം എന്ന സംജ്ഞ കൊണ്ട് കുറിക്കുന്നത്. പിതൃ അധികാര വ്യവസ്ഥ ഉത്പാദിപ്പിക്കുന്ന പൂർണ്ണ ശരീരമെന്ന വാർപ്പ് മാതൃകയുടെ പിൻബലത്തിലാണ് പൂർണ്ണ ശരീരങ്ങളിൽ നിന്ന് ഭിന്നമായ അപൂർണ ശരീരങ്ങളെ സംബന്ധിച്ചുള്ള താരതമ്യം നടത്തിവരുന്നത്. വ്യക്തിയുടെ ശാരീരികവും മാനസികവുമായ പരിമിതിയെ സമൂഹത്തിന്റെ ഘടനാപരമായ പ്രശ്നമായി വിശകലനം ചെയ്യുന്ന പഠനങ്ങളാണ് ഭിന്നശേഷി പഠനങ്ങളിൽ കൂടുതലായി നടന്നു വരുന്നത്. വിദ്യാഭ്യാസപരമായും സാംസ്കാരികമായും ഏറെ പുരോഗമിച്ച മലയാളി സമൂഹത്തിനകത്തും ഭിന്നശേഷിയെ സംബന്ധിച്ച് അബദ്ധജടിലമായ ധാരണകളാണ് കാലങ്ങളായി നിലനിന്നു പോരുന്നത്. ഭിന്നശേഷി എന്നത് അച്ഛന്റെയും അമ്മയുടെയും പാപത്തിന്റെ ഉൽപ്പന്നമാണെന്ന് 2022-ൽ പുറത്തിറങ്ങിയ മലയാള സിനിമയിലെ നായകന്റെ സംഭാഷണം ഭിന്നശേഷിയെ സംബന്ധിച്ചുള്ള അബദ്ധധാരണകളിൽ മലയാളി എത്രമാത്രം മുന്നിലാണെന്ന് കാണിച്ചുതരുന്നു. മാനസികവും ശാരീരികവുമായ പരിമിതി നേരിടുന്ന ആളുകളെ പൂർണ്ണ ശരീരങ്ങളായി അംഗീകരിക്കാൻ മലയാളികളിൽ ബഹുഭൂരിപക്ഷവും ഇക്കാലത്തും തയ്യാറായിട്ടില്ല. പൊതുഇടങ്ങളിൽ എല്ലാവരെയും പോലെ ഇടപെടാനുള്ള അവസരം നിഷേധിക്കപ്പെടുകയും സഹതാപത്തോടെ പ്രത്യേകമായി പരിഗണിക്കുകയും ചെയ്യുന്ന പൊതുബോധമാണ് ഭിന്നശേഷിയെ സംബന്ധിച്ച് മലയാളികൾ പിന്തുടരുന്നത്. ഇത്തരം പൊതുബോധത്തെ ഊട്ടിയുറപ്പിക്കുന്നതിൽ ജനപ്രിയ സിനിമകൾ വലിയ പങ്കുവഹിക്കുന്നതായി കാണാം. വിനയന്റെ ഊമപ്പെണ്ണിന് ഉരിയാടാപ്പയ്യൻ, വാസന്തിയും ലക്ഷ്മിയും പിന്നെ ഞാനും, മീരയുടെ ദുഃഖവും മുത്തുവിന്റെ സ്വപ്നവും എന്നീ സിനിമകളെ മുൻനിർത്തി ശേഷീവാദ സമൂഹത്തിന്റെ ഭിന്നശേഷിയെ കുറിച്ചുള്ള കാഴ്ചപ്പാടുകളും ഇത്തരം സിനിമകൾ ഭിന്നശേഷിയെ കുറിച്ച് നിർമിക്കുന്ന പൊതുബോധവും വിശകലനവിധേയമാക്കാനാണ് ഈ പ്രബന്ധം ശ്രമിക്കുന്നത്.

### ഭിന്നശേഷി,ശേഷീവാദം: നിർവചനവും പൊരുളും

ഒരു വ്യക്തിയുടെ കഴിവുകളോ സ്വഭാവസവിശേഷതകളോ നിർണയിക്കപ്പെടുന്നത് വൈകല്യങ്ങളെ മുൻനിർത്തിയാണെന്നും വൈകല്യമുള്ള ആളുകൾ വൈകല്യമില്ലാത്തവരേക്കാൾ താഴ്ന്ന നിലയിലാണ് പരിഗണിക്കപ്പെടുന്നതെന്നുമുള്ള കാഴ്ചപ്പാട് കാലങ്ങളായി നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്നുണ്ട്. ഈ കാഴ്ചപ്പാടാണ് ശേഷീവാദം (Ableism) എന്ന പേരിൽ അറിയപ്പെടുന്നത്. സാമൂഹിക സാംസ്കാരിക നിർമ്മിതിയായ പൂർണ്ണ ശരീരവുമായി താരതമ്യം

ചെയ്ത് അപൂർണ്ണ ശരീരമെന്ന അപരത്തെ നിർമ്മിക്കുകയും ഈ അപരത്തിന് വിലകുറഞ്ഞ പദവി കൽപ്പിച്ചു നൽകുകയും ചെയ്യുകയാണ് ശേഷീവാദം ചെയ്യുന്നത്. ആയതിനാൽത്തന്നെ ശേഷീവാദത്തിന്റെ ഉൽപ്പന്നമാണ് ഭിന്നശേഷി (Disability) യെന്ന് പറയാം.ശാരീരികമോ, മാനസികമോ, ബുദ്ധിപരമോ, ഇന്ദ്രിയ സംബന്ധിയോ, വൈകാരികമോ, വികസനപരമോ ആയ കുറവുകളോ, അവയുടെ കൂടിച്ചേരലുകളോ കാരണം വ്യക്തിയിലോ സമൂഹങ്ങളിലോ സൃഷ്ടിക്കപ്പെടുന്ന പ്രശ്നങ്ങളുടെ പരിണിതഫലമാണ് ഭിന്നശേഷി (2001, P 28) യെന്ന് ലോകാരോഗ്യ സംഘടന ഭിന്നശേഷിയെ നിർവചിക്കുന്നു.

ഭിന്നശേഷിയെന്നത് ഒരു വ്യക്തിയുടെ സ്വഭാവഗുണമല്ല, മറിച്ച് സങ്കീർണ്ണമായ അവസ്ഥകളുടെ ഒരു ശേഖരമാണെന്ന് പറയാം. ഇത്തരം സങ്കീർണ്ണ അവസ്ഥകൾ പലതും സാമൂഹിക അന്തരീക്ഷത്തിന്റെ സൃഷ്ടിയാണ്. ശേഷീവാദം രൂപപ്പെടുത്തിയ പൂർണ്ണ ശരീരങ്ങളുമായുള്ള താരതമ്യത്തിന്റെ ഫലമായിട്ടാണ് ഭിന്നശേഷി എന്ന സങ്കല്പം രൂപപ്പെടുന്നത്. ഭിന്നശേഷി സാമൂഹിക നിർമ്മിതിയായതിനാൽത്തന്നെ ഭിന്നശേഷി എന്ന സങ്കല്പം ഉത്പാദിപ്പിക്കുന്ന വിവിധങ്ങളായ പ്രശ്നത്തിന്റെ നിയന്ത്രണത്തിന് സാമൂഹിക പ്രവർത്തനം ആവശ്യമായി തീരുന്നു. കൂടാതെ സാമൂഹിക ജീവിതത്തിന്റെ എല്ലാ മേഖലകളിലും പരിമിതിയുള്ളവരുടെ പൂർണ്ണ പങ്കാളിത്തത്തിന് ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടത് സമൂഹത്തിന്റെ കൂട്ടായ ഉത്തരവാദിത്തമാണെന്നു ആധുനികമായ പഠനങ്ങൾ തെളിയിക്കുന്നു.

ഭിന്നശേഷി സംബന്ധിച്ച് ഏറെ തെറ്റിദ്ധാരണകൾ നമ്മുടെ പൊതുബോധത്തിൽ നിലവിലുണ്ട്. ഇത്തരത്തിലുള്ള ആളുകളെ പൂർണ്ണ പൗരന്മാരായി അംഗീകരിക്കാൻ നമ്മുടെ സമൂഹം ഇതുവരെയും തയ്യാറായിട്ടില്ല. സഹതാപവും കാരുണ്യവും അർഹിക്കുന്ന ആളുകളായിട്ടാണ് ഇത്തരക്കാരെ പരിഗണിച്ചു പോകുന്നത്. സാമൂഹികമായ തുല്യത നൽകാതിരിക്കുകയും പൊതു ഇടങ്ങളിലെ പങ്കാളിത്തത്തിന് തടസ്സങ്ങളും പ്രതിബന്ധങ്ങളും സൃഷ്ടിക്കുകയും ചെയ്യുന്നതിലൂടെ ശേഷീവാദ സമൂഹം തങ്ങളുടെ അധികാരം ബലപ്പെടുത്തുന്നതായി കാണാം. പൂർണ്ണശരീരമെന്ന വ്യാജനിർമ്മിതിയിൽ നിന്നാണ് ഭിന്നശേഷിയെന്ന സങ്കല്പം രൂപപ്പെടുത്തിയതെന്ന കാഴ്ചപ്പാട് ഭിന്നശേഷി പഠനങ്ങൾക്ക് പുതിയ ദിശാബോധം നൽകുകയുണ്ടായി. ഇത്തരം കാഴ്ചപ്പാടുകളുടെ അടിസ്ഥാനത്തിൽ വിനയന്റെ തെരഞ്ഞെടുത്ത ചലച്ചിത്രങ്ങളെ വിശകലനം ചെയ്യാനാണ് ഇവിടെ ശ്രമിക്കുന്നത്.

Feb., 2024-Jan. 25
Volume 02: No. 2

ഭിന്നശേഷിയും മലയാളസിനിമയും

മനുഷ്യവംശം ഉണ്ടായ കാലം മുതൽതന്നെ പൂർണ്ണ ശരീരങ്ങളിൽ നിന്നും ഭിന്നമായ ശരീര മാതൃകകൾ ഈ ലോകത്തിന്റെ ഭാഗമായിരുന്നു. ആയതിനാൽ തന്നെ മനുഷ്യന്റെ എല്ലാ സർഗാത്മക വ്യവഹാരങ്ങളിലും ഇത്തരം കഥാപാത്രങ്ങളുടെ പ്രാതിനിധ്യം കടന്നുവരുന്നത് സ്വാഭാവികമാണ് താനും. ക്ലാസിക് കാലഘട്ടത്തിലെ കൃതികൾ മുതലിങ്ങോട്ട് സമകാലിക വ്യവഹാരങ്ങളിൽവരെ നിരവധിയായ ഭിന്നശേഷി പ്രതിനിധാനങ്ങൾ കാണാൻ സാധിക്കും. കാലഘട്ടത്തിനനുസരിച്ച് പ്രതിനിധാനത്തിന്റെ രാഷ്ട്രീയത്തിലും പ്രത്യയശാസ്ത്രത്തിലും വലിയ രീതിയിലുള്ള മാറ്റങ്ങൾ സംഭവിച്ചതായി കാണാം. മറ്റെല്ലാ സർഗാത്മക വ്യവഹാരങ്ങളെയും പോലെ സിനിമയിലും നിരവധിയായ ഭിന്നശേഷി പ്രതിനിധാനങ്ങൾ കാണാൻ സാധിക്കും. മാനസികമായ വെല്ലുവിളി, കാഴ്ചപരമായ വെല്ലുവിളി, ശാരീരികമായ വെല്ലുവിളികൾ തുടങ്ങിയവയുള്ള ഭിന്നശേഷി വിഭാഗങ്ങളെ പ്രതിനിധാനം ചെയ്യുന്ന ധാരാളം മലയാള സിനിമകളുണ്ട്. ഭിന്നശേഷി കഥാപാത്രങ്ങൾ സിനിമയിലെ മുഖ്യ കഥാപാത്രങ്ങളായി പ്രത്യക്ഷപ്പെടുന്ന സിനിമകൾ പലപ്പോഴും സഹതാപപരമായ മുതലെടുപ്പ് നടത്തുന്നതായി കാണാം. കാഴ്ച പരമായ വെല്ലുവിളി പ്രമേയമായി വരുന്ന കാവ്യമേള(1965), നിന്നിഷ്ടം എന്നിഷ്ടം (1986), വാരഫലം (1994), ഗുരു (1997), വാസന്തിയും ലക്ഷ്മിയും പിന്നെ ഞാനും (1999), കുഞ്ഞിക്കൂനൻ (2002), കറുത്ത പക്ഷികൾ (2006), ആത്മകഥ (2010), ആർട്ടിസ്റ്റ് (2013), ഒപ്പം (2016), കാമുകി (2018) തുടങ്ങിയ സിനിമകൾ ശ്രദ്ധേയമാണ്. കുഷ്ഠരോഗം പ്രമേയമാകുന്ന അശ്വമേധം (1967), ബധിരതയെ ആവിഷ്കരിക്കുന്ന ഓർമ്മയ്ക്കായി, അണ്ണൻ തമ്പി, വാരഫലം തുടങ്ങിയ സിനിമകളിലും പച്ചക്കുതിര (2006), ബാംഗ്ലൂർ ഡേയ്സ് (2014), മിഴി രണ്ടിലും (2003), ഏഴര കൂട്ടം (1995), സൗണ്ട് തോമ (2013), ചക്കരമുത്ത് (2006), പഞ്ചാബി ഹൗസ് (1998), സു സു സുധി വാത്മീകം, ബ്യൂട്ടിഫുൾ, അമർ അക്ബർ അന്തോണി, കേളി, എബി, അലക്സാണ്ടർ ദി ഗ്രേറ്റ്, ഇരുട്ടിന്റെ ആത്മാവ്, തന്മാത്ര, കുള്ളന്റെ ഭാര്യ തുടങ്ങിയ ചിത്രങ്ങളിലും ചെറുതും വലുതുമായ നിരവധി ഭിന്നശേഷി പ്രതിനിധാനങ്ങളെ കണ്ടെത്താൻ സാധിക്കും.

ഊമപ്പെണ്ണിന് ഉരിയാടാപ്പയ്യൻ

ജയസൂര്യ-കാവ്യാമാധവൻ താര ജോഡിയെ മുഖ്യ കഥാപാത്രമാക്കി വിനയൻ സംവിധാനം ചെയ്ത് 2002-ൽ പുറത്തിറങ്ങിയ ചിത്രമാണ് ഊമപ്പെണ്ണിന് ഉരിയാടാപ്പയ്യൻ. സംസാരശേഷിയില്ലാത്ത ബേബിയുടെയും സംസാരശേഷിയും

കേൾവി ശക്തിയുമില്ലാത്ത ഗോപികയുടെയും ജീവിതത്തെ മുൻനിർത്തിയാണ് ഈ സിനിമയുടെ കഥ മുന്നോട്ടു പോകുന്നത്. നായക - നായിക കഥാപാത്രങ്ങളുടെ ഭിന്നശേഷിയിലൂടെ ആസ്വാദകനിൽ സഹതാപപരമായ കാഴ്ച ഉല്പാദിപ്പിക്കാൻ ശ്രമിക്കുന്ന ജനപ്രിയ സിനിമാ തന്ത്രമാണ് ഊമപ്പെണ്ണിന് ഉരിയാടാപ്പയ്യനിൽ ഫലപ്രദമായി ഉപയോഗിച്ചിരിക്കുന്നത്. ശേഷീവാദ സമൂഹത്തിന്റെ കാഴ്ചപ്പാടുകളും പ്രത്യയശാസ്ത്രവുമാണ് ഈ സിനിമ മുന്നോട്ടുവയ്ക്കുന്നത്. ഭിന്നശേഷിയുള്ള വ്യക്തികളെ പൂർണ്ണ മനുഷ്യരായി അംഗീകരിക്കാൻ ഈ സിനിമ തയ്യാറാകുന്നില്ല. ബേബിയുടെ സുഹൃത്തായ കൊച്ചുകുട്ടനെ(ഹരിശ്രീ അശോകൻ) കുനെന്ന പരിമിതി നേരിടുന്ന കഥാപാത്രമായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. അപകടം നേരിടുന്ന ഒരു ഘട്ടത്തിൽ "ഇങ്ങനെ പോയാൽ ഒരു ഹെവി ലൈഫ് ഇൻഷുറൻസ് എടുക്കേണ്ടിവരും" എന്ന് കൊച്ചുകുട്ടൻ പറയുന്നുണ്ട്. "അതിന് ലൈഫ് ഉള്ളവർക്കല്ലെ, ഇൻഷുറൻസ് എടുക്കേണ്ട കാര്യമുള്ളൂ" എന്ന മറുപടിയാണ് സുഹൃത്തായ ടോമി (സുധീഷ്) നൽകുന്നത്. ഭിന്നശേഷി നേരിടുന്ന വ്യക്തികൾക്ക് മറ്റുള്ള മനുഷ്യർക്കുള്ള ജീവിതം അർഹിക്കുന്നില്ലെന്ന സാമൂഹിക പൊതുബോധമാണ് ടോമിയുടെ വാക്കുകളിൽ പ്രകടമാകുന്നത്. കൊച്ചുകുട്ടന്റെ ശാരീരിക വെല്ലുവിളിയെ പരിഹാസത്തിനുള്ള ഉപാധിയായിട്ടാണ് സംവിധായകൻ പലപ്പോഴും പരിഗണിച്ചു കാണുന്നത്.

ഒരു വ്യക്തിയുടെ പ്രവർത്തിമണ്ഡലങ്ങളിലൊന്നും പൂർണ്ണ ശരീരങ്ങളോട് തുല്യമായി ഇടപെടാൻ ഭിന്നശേഷിയുള്ളവർക്ക് സാധിക്കില്ലെന്ന പൊതുബോധം രൂപപ്പെടുത്തുന്ന നിരവധി ഉദാഹരണങ്ങൾ ഈ സിനിമയിൽ കണ്ടെത്താൻ സാധിക്കും. ലൈംഗിക തൊഴിലാളികളുടെ വീട്ടിൽനിന്ന് പണം തിരിച്ചു വാങ്ങാൻ ശ്രമിക്കുന്ന കൊച്ചുകുട്ടന് പണം നൽകാൻ ആ സ്ത്രീ തയ്യാറാകുന്നില്ല. പണം നൽകിയില്ലെങ്കിൽ ആ പണം മുതലാക്കാനുള്ള വഴി തനിക്കറിയാമെന്ന ഭാവത്തോടെ "എങ്കിൽ അടുത്ത ഞായറാഴ്ച ഞാൻ വന്നു കാശ് മുതലാക്കിക്കോളാം" എന്ന് കൊച്ചുകുട്ടൻ മറുപടി നൽകുന്നു. "ഫാ, കാശ് മൊതലാക്കാൻ പറ്റിയ ആൾ, ആദ്യം നീ നേരെ നിക്കാൻ നോക്കടാ കുനാ" എന്നാണ് കൊച്ചുകുട്ടന് ആ സ്ത്രീ നൽകുന്ന മറുപടി. പൂർണ്ണ ശരീരങ്ങൾക്ക് മാത്രമേ ലൈംഗികമായ കഴിവുകൾ പൂർണ്ണമായ തോതിൽ ഉണ്ടാവുകയുള്ളൂവെന്നും ഒരു സ്ത്രീശരീരത്തെ പൂർണമായതോതിൽ തൃപ്തിപ്പെടുത്തണമെങ്കിൽ ഭിന്നശേഷി ഇല്ലാത്ത വ്യക്തിയാവണമെന്നുമുള്ള മലയാളിയുടെ കാഴ്ചപ്പാടിനെ ഈ സന്ദർഭം ഊട്ടിയുറപ്പിക്കുന്നു. ഇതേ സന്ദർഭത്തിന്റെ തുടർച്ചയായി "കുനന്

ഡിഡക്ഷൻ ഒന്നുമില്ലെ?" എന്ന് മുതലാളിയായ പുഞ്ചിരിപുഷ്പരാജ് (കൊച്ചിൻ ഹനീഫ) ലൈംഗിക തൊഴിലാളിയോട് ചോദിക്കുന്നുണ്ട്. കുനുള്ള കൊച്ചുകുട്ടന് അവന്റെ ജീവിത വ്യവഹാരങ്ങളിലൊന്നും പൂർണ്ണമായതോതിൽ ഇടപെടാൻ സാധിക്കില്ല എന്ന ധ്വനി ഉണ്ടാക്കുന്ന ഇത്തരം സന്ദർഭങ്ങളെല്ലാം പിതൃ അധികാര വ്യവസ്ഥിതിയുടെയും ശേഷീവാദത്തിന്റെയും ഉൽപ്പന്നമാണ്. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ആളുകൾ പൊതു ഇടങ്ങളിൽ പരിഹാസ ത്തിനും കളിയാക്കലിനും വിധേയമാകുന്നതിന്റെ നിരവധി ഉദാഹരണങ്ങൾ നമ്മുടെ സാമൂഹ്യ ജീവിതത്തിൽ കണ്ടെത്താനാവും. ഒരാളുടെ കുറവിനെ തമാശ നിർമ്മിക്കാനുള്ള ഉപകരണമായി ജനപ്രിയ സിനിമ എല്ലാകാലത്തും ഉപയോഗിച്ചിട്ടുണ്ട്. സൂര്യമാനസം, ഹലോ, ചക്കരമുത്ത്, പച്ചക്കുതിര, കുഞ്ഞി ക്കൂനൻ, പഞ്ചാബിഹൗസ്, അണ്ണൻ തമ്പി, സൗണ്ട് തോമ തുടങ്ങിയ ജനപ്രിയ സിനിമകൾ ഉത്പാദിപ്പിക്കുന്ന ഭിന്നശേഷി വിരുദ്ധ രാഷ്ട്രീയം തന്നെയാണ് ഊമപ്പെണ്ണിന് ഉരിയാടാപ്പയ്യൻ എന്ന സിനിമയും മുന്നോട്ട് വയ്ക്കുന്നത്. "വളഞ്ഞു നിന്നിട്ട് ഇങ്ങനെയാണ്, നേരെ നിന്നാൽ എങ്ങനെ ആയേനേ" എന്ന പുഞ്ചിരി പുഷ്പരാജന്റെ സംഭാഷണവും അതോടൊപ്പം മുഴങ്ങി കേൾക്കുന്ന പരിഹാസച്ചിരിയും ആർക്കും യഥേഷ്ടം കളിയാക്കാനുള്ള ഒരു വസ്തു മാത്രമാണ് ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ആളുകളെന്ന ബോധമാണ് കാഴ്ചക്കാരിൽ നിർമ്മിക്കുന്നത്.

നായക-നായിക കഥാപാത്രങ്ങളിലൂടെ പ്രേക്ഷകനെ വൈകാരികമായി കീഴ്പ്പെടുത്താനും അംഗപരിമിതിയെ സഹതാപത്തിനുള്ള ഉപാധിയാക്കാനും സംവിധായകൻ സിനിമയിലുടനീളം ശ്രമിക്കുന്നുണ്ട്. "മിണ്ടാനും കേൾക്കാനും കഴിയാത്ത മിണ്ടാപ്രാണിയാണെങ്കിലും നീയൊന്നും വെറുതെ വിടില്ലല്ലോ" എന്ന കന്യക (കൽപ്പന) യുടെ വാക്കുകളിൽ ഭിന്നശേഷി വിഭാഗത്തിലുള്ളയാ ളുകൾ പ്രത്യേക പരിഗണനയും സഹതാപവും ലഭിക്കേണ്ട വിഭാഗമാണെന്ന് പ്രേക്ഷകനെ നിരന്തരമായി ഓർമിപ്പിക്കുന്നു. അച്ഛനിൽനിന്നും പരിചാരിക യിൽനിന്നും കുടുംബാംഗങ്ങളിൽ നിന്നുമെല്ലാം സഹതാപപരമായ സ്നേഹം ലഭിക്കുന്ന കഥാപാത്രമായാണ് ഗോപിക സിനിമയിൽ നിറഞ്ഞുനിൽക്കു ന്നത്. ഊമക്കുയിൽ എന്ന അച്ഛന്റെയും മുറച്ചെറുക്കന്റെയും വിളിയും "ആ പെണ്ണിനെ കെട്ടാൻ ആരാ വരിക?" എന്ന സഹതാപവാക്കും ഭിന്നശേഷി സമുദായത്തിന്റെ മുകളിൽ അടിച്ചേൽപ്പിക്കുന്ന ഭാരമായി വേണം തിരിച്ചറി യാൻ. മനുഷ്യന്റെ പരിമിതികളെ താരതമ്യം ചെയ്യാതെ എല്ലാ മനുഷ്യരെ യുംപോലെ മുഖ്യധാരാ ജീവിതവും പൊതു ഇടങ്ങളിലെ ഇടപെടലുകളിൽ

തുല്യ പങ്കാളിത്തവും ലഭിക്കാൻ അർഹരാണ് എല്ലാ മനുഷ്യരുമെന്ന ധാരണ സൃഷ്ടിക്കുന്നതിനു പകരം അതിന് വിരുദ്ധമായ കാഴ്ചപ്പാടാണ് സിനിമ മുന്നോട്ടുവയ്ക്കുന്നത്. ഗോപികയ്ക്ക് ബേബിയോട് തോന്നുന്ന പ്രണയത്തെ ഒരു ഊമയ്ക്ക് മറ്റൊരു ഊമയോട് തോന്നുന്ന സഹതാപമായിട്ടാണ് സംവിധായകൻ ചിത്രീകരിച്ചിരിക്കുന്നത്. പരിമിതി വിഭാഗത്തിൽപ്പെട്ടയാളുകൾ തങ്ങളുടെ പങ്കാളിയായി തെരഞ്ഞെടുക്കേണ്ടത് പരിമിതിയുള്ള ആളുകളെതന്നെ വേണമെന്ന ഒരു പൊതു ധാരണ മലയാളി സമൂഹത്തിൽ കാലങ്ങളായി നിലനിൽക്കുന്നുണ്ട്. രണ്ടുപേരും അപൂർണ്ണരായതിനാൽ അവരുടെ ജീവിതം നല്ല രീതിയിൽ മുന്നോട്ടുപോകുമെന്ന അബദ്ധ ധാരണയാണ് ഈ കാഴ്ചപ്പാടിന് പിറകിലുള്ളത്. സാമൂഹിക നിർമ്മിതിയായ പൂർണ്ണ ശരീരവും അപൂർണ്ണ ശരീരവും ഒത്തുപോകില്ലെന്നും അപൂർണ്ണ ശരീരവും അപൂർണ്ണ ശരീരവും മാത്രമേ ഒത്തുപോകുകയുള്ളുവെന്നുമുള്ള ധാരണയെ ഈ സിനിമ അടിവരയിട്ട് ഉറപ്പിക്കുന്നു.

ഊമയാണെന്നത് വലിയൊരു പോരായ്മയായി/കുറവായിട്ടാണ് സിനിമ അവതരിപ്പിക്കുന്നത്.ഊമയാണെന്നറിഞ്ഞാൽ തന്റെ പ്രണയം നഷ്ടപ്പെട്ടു പോകുമെന്ന് കരുതുന്ന ബേബി താൻ നയിക്കുന്നത് വിലകുറഞ്ഞ ജീവിതമാണെന്ന ശേഷീവാദ കാഴ്ചപ്പാടാണ് മുന്നോട്ടുവെക്കുന്നത്. ഭിന്നശേഷി വിഭാഗത്തെ കുറിക്കാനായി മലയാളികൾ ഉപയോഗിക്കുന്ന പല പദങ്ങളും മുന്നോട്ടുവയ്ക്കുന്ന പ്രത്യയശാസ്ത്രം തീർത്തും ഭിന്നശേഷി വിരുദ്ധമാണെന്ന് കാണാം. ആണധികാരത്തിന്റെയും പിതൃ അധികാത്തിന്റെയും ഉത്പന്നമാണ് അത്തരം വാക്കുകൾ. കൂനൻ, ഊമ, പൊട്ടൻ, കൂനൻ കുട്ടൻ, പൊട്ടൻ കഴവേറി തുടങ്ങി ഈ സിനിമയിൽ ഉപയോഗിക്കുന്ന പല പദങ്ങളും രാഷ്ട്രീയപരമായ കൃത്യതയില്ലാത്ത വാക്കുകളാണെന്ന് തീർത്തു പറയാം. ഭിന്നശേഷി വിരുദ്ധതയുടെ രാഷ്ട്രീയം പങ്കുവെച്ച് സഹതാപത്തിന്റെയും അനുകമ്പയുടെയും വികാരങ്ങൾ സൃഷ്ടിച്ച് ഭിന്നശേഷിയെ കച്ചവടവൽക്കരിക്കുകയാണ് ഊമപ്പെണ്ണിന് ഉരിയാടാപ്പയ്യൻ എന്ന സിനിമ ചെയ്യുന്നത്.

### വാസന്തിയും ലക്ഷ്മിയും പിന്നെ ഞാനും

ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ പുറത്തിറങ്ങിയ ഏറ്റവും ജനപ്രിയമായ സിനിമകളിൽ ഒന്നാണ് വാസന്തിയും ലക്ഷ്മിയും പിന്നെ ഞാനും (1999). കാഴ്ച പരിമിതി നേരിടുന്ന രാമുവിന്റെയും (കലാഭവൻ മണി) സഹോദരിമാരുടെയും കഥയാണ് സിനിമയുടെ പ്രമേയം. സിനിമയുടെ ആദ്യ സീൻ മുതൽതന്നെ രാമുവിന്റെ അന്ധതയെ കാഴ്ചക്കാരിലേക്ക് എത്തിക്കാൻ വേണ്ടി വിനയൻ

ശ്രമിക്കുന്നുണ്ട്. ഊമപ്പെണ്ണിന് ഉരിയാടാപ്പയ്യൻ എന്ന സിനിമയ്ക്ക് സമാനമായി ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട നായികയെയും നായകനെയുമാണ് ഈ സിനിമയിലും അവതരിപ്പിക്കുന്നത്. പൂർണ്ണ ശരീരങ്ങൾക്ക് മാത്രമേ പൂർണ്ണ ശരീരത്തെ പങ്കാളിയാക്കാൻ അർഹതയുള്ളുവെന്ന ശേഷീവാദ കാഴ്ചപ്പാടാണ് ഇവിടെയും വിനയനെ നയിക്കുന്നത്. ഒരാൾക്ക് കാഴ്ച പരിമിതിയാണെങ്കിൽ മറ്റൊരാൾക്ക് സംസാര പരിമിതിയാണ് സംവിധായകൻ കൽപ്പിച്ചു നൽകിയിരിക്കുന്നത്. ജനിതകമായ പ്രശ്നങ്ങളാലും പാരമ്പര്യ ഫലമായും വ്യക്തിയിൽ ഉണ്ടാവാൻ സാധ്യതയുള്ള കാഴ്ചപരിമിതിയെ വ്യക്തിയുടെ മാത്രം പ്രശ്നമായാണ് പലപ്പോഴും നമ്മുടെ സമൂഹം വിലയിരുത്തുന്നത്. "കണ്ണ് പൊട്ടന്റെ തല എന്ന് കണ്ടോ അന്ന് തുടങ്ങിയതാണ് എന്റെ കണ്ടകശനി" യെന്ന് രാമുവിന്റെ പിതാവ് പലപ്പോഴായി ശാപവർഷം ചൊരിയുന്നുണ്ട്. കുടുംബത്തിനകത്ത് ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടയാളുകൾ ജനിച്ചാൽ ആ കുടുംബത്തിന് മോശമാണെന്ന പരമ്പരാഗതമായ ധാരണയാണ് രാമുവിന്റെ പിതാവിന്റെ വാക്കുകളിൽ നിഴലിക്കുന്നത്.

കാമുകിയായ വാസന്തിയുമായുള്ള രാമുവിന്റെ സംഭാഷണത്തിൽ മുഴുവൻ കടന്നുവരുന്നത് ശേഷീവാദ സമൂഹത്തിന്റെ കാഴ്ചപ്പാടുകളാണ്. ലക്ഷ്മിക്ക് സംസാരശേഷി ലഭിക്കുന്നതിനെ പറ്റിയുള്ള സംസാരത്തെ തുടർന്ന് രാമു പറയുന്ന വാക്കുകൾ ഇപ്രകാരമാണ്. "മിണ്ടാട്ടം വന്ന നിന്നെ നഗരത്തിലെ നായര് കെട്ടിക്കൊണ്ടുപോകും. മെയ്ഡ് ഫോർ ഈച് അദർ". സംസാരശേഷി ലഭിക്കുന്ന വാസന്തി പിന്നീട് പൂർണ്ണ ശരീരമായി മാറുമെന്നും അതോടെ പരിമിതിയുള്ള തനിക്ക് അവളെ സ്വന്തമാക്കാനുള്ള അവസരം നഷ്ടപ്പെട്ടുമെന്ന ധാരണയാണ് രാമുവിന്റെ വാക്കുകൾ മുന്നോട്ടുവയ്ക്കുന്നത്.പരിമിതിയുള്ള ആളുകൾക്ക് സാമൂഹികമായി നിർമ്മിക്കപ്പെട്ടിട്ടുള്ള പൂർണശരീരങ്ങൾ അർഹിക്കുന്നില്ലെന്ന് വിനയൻ നിരന്തരമായി പ്രേക്ഷകരെ ഓർമ്മിപ്പിക്കുന്നു. അന്ധത അനുഭവിക്കുന്നയാളുകൾ ചുറ്റുമുള്ളവരുടെ സഹതാപം ഏറ്റുവാങ്ങാൻ വിധിക്കപ്പെട്ട വ്യക്തികളാണെന്ന ബോധം ഈ സിനിമ നിരന്തരമായി ഉൽപാദിപ്പിക്കുന്നുണ്ട്. നഗരത്തിലേക്കുള്ള യാത്രാമധ്യേ സൺഗ്ലാസ് വെച്ച് യാത്ര ചെയ്യുന്ന രാമുവിനെ സഹയാത്രികയായ സ്ത്രീ മുഖത്തടിക്കുന്ന രംഗം ഈ സിനിമയിലുണ്ട്. ഈ സന്ദർഭത്തിനുശേഷം രാമുവിന്റെ കാഴ്ച പരിമിതി മനസ്സിലാക്കുന്ന ആ സ്ത്രീയും സഹയാത്രികരും വളരെ സഹതാപത്തോടെയാണ് രാമുവിനോട് പെരുമാറുന്നത്. തെറ്റിദ്ധാരണയ്ക്ക് വിധേയമായി അടി ഏറ്റുവാങ്ങിയ ഒരു വ്യക്തിയോടുള്ള സഹതാപമല്ല, മറിച്ച് അന്ധനായ

ഒരാളെയാണല്ലോ അടിക്കേണ്ടി വന്നത് എന്ന ധർമ്മസങ്കടമാണ് ആ ബസ് യാത്രയിലെ മുഴുവൻ യാത്രക്കാരുടെ മുഖത്തും പെരുമാറ്റത്തിലും കാണാൻ സാധിക്കുന്നത്. അങ്ങനെയൊരു സഹതാപം രാമു അർഹിക്കുന്നില്ല. അന്ധനായതിന്റെ പേരിൽ ആവശ്യത്തിനും അനാവശ്യത്തിനും ലഭിക്കുന്ന ഇത്തരം സഹതാപ നോട്ടങ്ങളും വാക്കുകളും ഒരു വ്യക്തിയിൽ ഉണ്ടാക്കുന്ന അപകർഷതാബോധം വളരെ വലുതാണെന്ന് മലയാളികൾ ഇതുവരെയും തിരിച്ചറിഞ്ഞിട്ടില്ല.

സിനിമയിലെ പ്രധാന കഥാപാത്രങ്ങളോടൊപ്പംതന്നെ മറ്റ ചില കഥാ പാത്രങ്ങൾക്കും ഭിന്നശേഷി കൽപ്പിച്ചു കൊടുക്കാനുള്ള പ്രവണത വിനയൻ എന്ന സംവിധായകനിൽ കാണാം.ഊമപ്പെണ്ണിന് ഉരിയാടാപ്പയ്യനിൽ നായകന്റെ സുഹൃത്തായ കൊച്ചുകുട്ടന് ഭിന്നശേഷി കൽപ്പിച്ചു കൊടുക്കുന്ന സംവിധായകൻ വാസന്തിയും ലക്ഷ്മിയും പിന്നെ ഞാനും എന്ന സിനിമയിലെ ത്തുമ്പോൾ നായകകഥാപാത്രത്തോട് അടുത്തിടപഴകുന്ന ചായക്കടയിലെ തൊഴിലാളിയിലാണ് ഭിന്നശേഷി ആരോപിക്കുന്നത്. ഒരു പരിഹാസ കഥാ പാത്രമെന്ന നിലയിലാണ് ഇന്ദ്രൻസ് അവതരിപ്പിക്കുന്ന ചായക്കടക്കാരന്റെ സഹായി സിനിമയിലുടനീളം പ്രത്യക്ഷപ്പെടുന്നത്. ഞൊണ്ടിക്കാലൻ എന്ന പേരിൽ അയാൾ പലരുടെയും ചിരിക്ക് വിഷയമായി തീരുന്നു.

കാഴ്ച പരിമിതി നേരിടുന്ന നായകനായ രാമുവിനെ പൂർണ്ണശരീരമായി അംഗീകരിക്കാൻ ഈ സിനിമ തയ്യാറാകുന്നില്ല. രാമുവിന് നേരെ നീളുന്ന സഹായങ്ങളെല്ലാം ഒരു അന്ധന് ലഭിക്കുന്ന പ്രത്യേക പരിഗണനയായാണ് സിനിമയിൽ കണക്കാക്കുന്നത്. ബാങ്കിൽ നിന്ന് രാമുവിന് ലോൺ ലഭിക്കുന്ന അവസരത്തിൽ അദ്ദേഹത്തിന്റെ സഹോദരീഭർത്താവ് ബാങ്ക് മാനേജരോട് പറയുന്ന വാക്കുകൾ ഈ പ്രത്യേക പരിഗണനയെ ഊട്ടിയുറപ്പിക്കുന്നതാണ്. "കണ്ണില്ലാത്ത ഒരു പാവത്തിനെ സഹായിച്ച സാറിന് പുണ്യം കിട്ടും" എന്ന സംഭാഷണവും നാട്ടിലെ പ്രമാണിയായ തോമ സാറിന്റെ "ഒരു അന്ധനു കൊടുക്കുന്ന ലോണാ, നിനക്ക് പുണ്യമെങ്കിലും കിട്ടും" എന്ന ഉപദേശവും ഭിന്നശേഷിയുള്ള ആളുകൾക്ക് നൽകപ്പെടുന്ന സഹായങ്ങൾ പുണ്യ പ്രവർ ത്തിയായി ഗണിക്കപ്പെടുന്നതായി സൂചിപ്പിക്കുന്നു. ഏതൊരു പൗരനെയും പോലെ ആ ബാങ്ക് ലോണിന് അർഹനാണ് രാമു. ബാങ്ക് മാനേജർ രാമുവിനു ലോൺ അനുവദിക്കുന്നത് അദ്ദേഹത്തിന്റെ തൊഴിലിന്റെ ഭാഗമായിട്ടാണ്. അത് ഒരു തൊഴിൽ ധർമ്മം മാത്രമാണ്. അതിനെ ഒരു പുണ്യ പ്രവർത്തി യായി അവരോധിക്കുന്നതിൽ ശേഷീവാദ സമൂഹത്തിന്റെ കാഴ്ചപ്പാടുകളാണ്

പ്രതിഫലിക്കുന്നത്. അവർക്ക് അർഹതയുണ്ടായിട്ടും ലഭിക്കേണ്ട അവകാശങ്ങൾ മറ്റുള്ളവരുടെ ഔദാര്യമായിട്ടാണ് പലപ്പോഴും കരുതപ്പെടുന്നത്. ഭിന്നശേഷി നേരിടുന്ന വ്യക്തികൾ കുടുംബത്തിൽ നിന്നുതന്നെ നിരവധിയായ കുത്തുവാക്കുകളും ശാപവചനങ്ങളും ഏറ്റുവാങ്ങാറുണ്ട്. ഇത്തരത്തിൽ സ്വന്തം പിതാവിൽ നിന്ന് ജീവിതത്തിലുടനീളം പരിഹാസ വാക്കുകൾ കേൾക്കേണ്ടിവരുന്ന കഥാപാത്രമായിട്ടാണ് നായകനായ രാമുവിനെ വിനയൻ രൂപപ്പെടുത്തിയിരിക്കുന്നത്. അച്ഛനും അമ്മയും സഹോദരിയും അടങ്ങുന്ന കുടുംബത്തിന്റെ മുഴുവൻ ഉത്തരവാദിത്വവും തോളിലേറ്റി ജീവിതം തള്ളി നീക്കുന്ന കഥാപാത്രമാണ് രാമു. തന്റെ പാട്ടുപാടാനുള്ള കഴിവ് ഉപയോഗിച്ച് ആളുകൾ കൂടുന്ന തെരുവുകളിൽ പാട്ടുപാടി അവർ നൽകുന്ന നാണയത്തുട്ടുകൾ ഉപയോഗിച്ചാണ് രാമു തന്റെ കുടുംബത്തെ മുന്നോട്ടു കൊണ്ടുപോകുന്നത്. രാമുവിന്റെ പണം തട്ടിപ്പറിക്കുന്ന ജ്യേഷ്ഠനും അനാവശ്യ കാര്യങ്ങൾക്ക് പോലും മകനോട് തട്ടിക്കയറുന്ന രാമുവിന്റെ പിതാവും ഒരുതരത്തിലും രാമുവിന് സ്നേഹമോ പരിഗണനയോ നൽകുന്നില്ല. " നിന്റെ പാട്ട് കേട്ട് മയങ്ങിട്ടൊന്നുമല്ല ആളുകൾ പൈസ തരുന്നത്. കണ്ണുപൊട്ടൻ ആയതുകൊണ്ടാണ്" എന്ന പിതാവിന്റെ വാക്കുകൾ ശേഷീവാദ പിതൃ അധികാര രാഷ്ട്രീയത്തെയാണ് മുന്നോട്ടുവയ്ക്കുന്നത്. കാഴ്ച പരിമിതി നേരിടുന്ന ആളുകളെല്ലാം നല്ല പാട്ടുകാരായിരിക്കുമെന്ന പൊതുബോധം നിർമ്മിക്കുന്നതിൽ വാസന്തിയും ലക്ഷ്മിയും പിന്നെ ഞാനും എന്ന സിനിമ വലിയ പങ്കു വഹിച്ചതായി കാണാം.

അംഗപരിമിതിയെന്നത് വ്യക്തിയുടെ പ്രശ്നമല്ലെന്നും സാമൂഹികവും സാംസ്കാരികവുമായ സാഹചര്യങ്ങളും ശേഷീവാദവുമാണ് ഭിന്നശേഷിയെ രൂപപ്പെടുത്തുന്നതെന്നും വിനയൻ എന്ന സംവിധായകൻ തിരിച്ചറിഞ്ഞിട്ടില്ലെന്ന് ഈ സിനിമ തെളിയിക്കുന്നു. അന്ധനായ നായകൻ കുടുംബത്തിൽ നിന്നും സമൂഹത്തിൽനിന്നും നേരിടുന്ന പ്രശ്നങ്ങളിലൂടെയും അയാളുടെ ദുരിതപൂർണമായ ജീവിതത്തിലൂടെയും, പ്രേക്ഷകന്റെ ലോലവികാരങ്ങളെ ഉണർത്തുന്ന ജനപ്രിയ സിനിമയുടെ കച്ചവട തന്ത്രം വാസന്തിയും ലക്ഷ്മിയും പിന്നെ ഞാനും എന്ന സിനിമ വളരെ ഫലപ്രദമായി ഉപയോഗിച്ചിരിക്കുന്നതായി കാണാം.

### മീരയുടെ ദുഃഖവും മുത്തുവിന്റെ സ്വപ്നവും

മീരയും (അമ്പിളി ദേവി) മുത്തുവും (പൃഥ്വിരാജ്) പ്രധാന കഥാപാത്രമായി എത്തുന്ന വിനയൻ ചിത്രമാണ് മീരയുടെ ദുഃഖവും മുത്തുവിന്റെ സ്വപ്നവും (2003). ഇഷ്ടിക നിർമ്മാണ ഫാക്ടറിയും അതിനോടനുബന്ധിച്ചുള്ള

ഗ്രാമാന്തരീക്ഷവുമാണ് സിനിമയുടെ പ്രമേയം. ചെറുപ്പം മുതൽക്കേ തന്നെ അരയ്ക്ക് താഴെ തളർച്ച ബാധിച്ച മീരയ്ക്ക് വേണ്ടിയാണ് സഹോദരനായ മുത്തു തന്റെ ജീവിതം വിനിയോഗിക്കുന്നത്. ബാല്യത്തിൽ തന്നെ അച്ഛനും അമ്മയും നഷ്ടമായ മീരയെ അച്ഛന്റെയും അമ്മയുടെയും സഹോദരന്റെയും സ്നേഹം നൽകിയാണ് മുത്തു വളർത്തുന്നത്. ശാരീരിക പരിമിതിമൂലം മീരയുടെ തുടർന്നുള്ള ജീവിതം പ്രശ്നവൽക്കരിക്കപ്പെടുന്നു. ഒരു സ്ത്രീയെ സംബന്ധിച്ച് അവളുടെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം അവളുടെ വിവാഹമാണെന്ന പൊതുബോധം മീരയുടെ കാര്യത്തിലും സങ്കീർണ്ണതകൾ സൃഷ്ടിക്കുന്നു.കഥയുടെ അവസാനം ഭിന്നശേഷി സമൂഹത്തോട് അവഗണനയും പരിഹാസവും നികൃഷ്ട മനോഭാവവും വെച്ചുപുലർത്തുന്ന സാമൂഹിക വ്യവസ്ഥിതിയെ വെല്ലുവിളിച്ച് കൊണ്ടാണ് ഇഷ്ടികച്ചൂളയിൽ കയറി മീര ആത്മഹത്യ ചെയ്യുന്നത്.

ശാരീരികമായ അവശതകൾ ഉള്ളതിനാൽത്തന്നെ വളരെ ദുരിതപൂർണ്ണമായിട്ടുള്ള ജീവിതമാണ് മീരയ്ക്ക് സംവിധായകൻ കൽപ്പിച്ചു നൽകുന്നത്. ശാരീരികമായ പ്രശ്നത്തെക്കാൾ മാനസികമായ തളർച്ച മീരയിൽ ഏൽപ്പിക്കാനുള്ള ശ്രമങ്ങൾ സിനിമയിൽ നിരന്തരമായി കാണാം. ഭിന്നശേഷിശരീരങ്ങളെ പൂർണ്ണശരീരങ്ങളായി അംഗീകരിക്കാത്ത പൊതുബോധം അപകടത്തിന്റെയും പാപജന്മത്തിന്റെയും ഫലമായിട്ടാണ് ഭിന്നശേഷിയുള്ള വ്യക്തികളെ കാണുന്നത്. "പെറ്റു വീണപ്പോ തൊട്ട് മുടിവാ, തന്തയുടെയും തള്ളയുടെയും തലവരെ പോയി" എന്ന് സിനിമയുടെ ആദ്യഭാഗത്ത് തന്നെ മീരയുടെ അമ്മൂമ്മ സൂചിപ്പിക്കുന്നുണ്ട്. പ്രായാധിക്യം ബാധിച്ച, പാരമ്പര്യ മൂല്യങ്ങൾ പേറുന്ന, അമ്മൂമ്മ കഥാപാത്രം സിനിമയിലുടനീളം മീരയെ ശാപവാക്കുകൾ കൊണ്ട് വേട്ടയാടുന്നുണ്ട്. പട്ടുസാരി ധരിക്കണമെന്ന മീരയുടെ ആഗ്രഹത്തെ അവർ പുച്ഛിച്ചു തള്ളുന്നു. "പട്ടുസാരി എവിടെ കൊണ്ടുപോയി ചുറ്റാനാ, ശാപം പിടിച്ച ജന്മം" എന്നാണ് അവർ മീരയുടെ ആഗ്രഹത്തെ നോക്കിക്കാണുന്നത്. പൂർണ്ണ ശരീരങ്ങൾക്ക് മാത്രമാണ് അണിഞ്ഞൊരുങ്ങി നടക്കാനുള്ള അവകാശമെന്നും സൗന്ദര്യം, അലങ്കാരം തുടങ്ങിയവ ഭിന്നശേഷിയുള്ളവർക്ക് അർഹിക്കുന്നതല്ലെന്നുമുള്ള കാഴ്ചപ്പാടാണ് ഇവിടെ മുന്നോട്ടുവെക്കപ്പെടുന്നത്.

ഭിന്നശേഷിയുള്ള ആളുകളെ തുല്യ പൗരന്മാരായി പരിഗണിക്കാത്ത മനോഭാവം സിനിമയിൽ ഉടനീളം കാണാം. ഇത്തരം ആളുകൾ പലപ്പോഴും ദുശ്ശകുനങ്ങളായും വഴിമുടക്കികളായും കരുതപ്പെടുന്നു. മീരയുടെ അമ്മാവനായ സുശീലന്റെ വീട്ടിൽ നടക്കുന്ന വിവാഹാലോചനയിൽ ചെന്നെത്തുന്ന മീരയോട് വളരെ അപമര്യാദയിലാണ് സുശീലൻ പെരുമാറുന്നത്. "മൂശേട്ട,

ഇഴജന്തു, മംഗള കർമ്മം നടക്കുന്നിടത്ത് എന്തിനാണ് ശകുനം മുടക്കാൻ വരുന്നത്" എന്നാണ് സുശീലന്റെ ചോദ്യം. പൂർണ്ണശരീരങ്ങളെല്ലാം നല്ല ശകുനങ്ങളാകുന്നതും അപരർ ദുശ്ശകുനങ്ങളാകുന്നതും ശേഷീവാദ സമൂഹത്തിന്റെ പൊതുബോധ നിർമ്മിതിയാണെന്ന് കാണാൻ പ്രയാസമില്ല. വീട്ടിനകത്ത് ഭിന്നശേഷി വിഭാഗത്തിലുള്ള ഒരു വ്യക്തിയുള്ളത് വലിയൊരു കുറവായി പലപ്പോഴും ഗണിക്കപ്പെടുന്നതായി കാണാം. ആവതില്ലാത്ത പെങ്ങളെന്ന് ബ്രോക്കറും സുഖമില്ലാത്ത കുട്ടി എന്ന് അയൽവാസിയും പറയുന്നത് ഈ കുറവിനെ മുൻനിർത്തിയാണ്. നിന്നെ പോലൊരു പഴുതാരയെ തേടി ആള് വരും എന്ന സുശീലന്റെ പരിഹാസ വാക്കുകൾ അരയ്ക്ക് താഴെ തളർന്ന മീരയ്ക്ക് നല്ലൊരു ജീവിതപങ്കാളിയെ ലഭിക്കില്ലെന്ന ധാരണയാണ് മുന്നോട്ടുവയ്ക്കുന്നത്. ഇഴഞ്ഞു നടക്കുന്ന ഒരു പെൺകുട്ടിയെ ഭാര്യയായി സ്വപ്നം കാണാൻപോലും എനിക്ക് വയ്യെന്ന് മുറ ചെറുക്കനായ രാജേന്ദ്രൻ പറയുന്നുണ്ട്. ഇത്തരം സംഭാഷണങ്ങളെല്ലാം പൂർണ്ണ ശരീരത്തെയും അപൂർണ്ണ ശരീരത്തെയും സംബന്ധിച്ച പൊതുധാരണകളെ ഊട്ടിയുറപ്പിക്കാനാണ് ശ്രമിക്കുന്നത്.

സിനിമയുടെ അവസാന ഭാഗത്ത് മാനസികമായ പ്രയാസങ്ങൾ നേരിടുന്ന അമ്മാവന് ഭക്ഷണവുമായി എത്തുന്ന മീരയെ സംവിധായകൻ അവതരിപ്പിച്ചിട്ടുണ്ട്. ശാരീരികമായി തളർന്നിട്ടും സഹനത്തിന്റെ മൂർത്തിരൂപമാണ് നായിക എന്ന് തെളിയിക്കാനാണ് ഇത്തരം ഒരു സന്ദർഭത്തെ വിനയൻ ഉപയോഗിച്ചിരിക്കുന്നത്. സ്വന്തം സഹോദരന്റെ വിവാഹത്തിന് താൻ വിലങ്ങ് തടിയാണെന്ന് തിരിച്ചറിയുന്ന മീര ആത്മഹത്യ ചെയ്യാൻ തയ്യാറാകുന്നു. പരിമിതിയുള്ളവർക്ക് ജീവിതം സാധ്യമല്ലെന്ന പൊതുബോധത്തെ നിർമ്മിച്ചുകൊണ്ടാണ് ഇഷ്ടിക ചൂളയിലേക്ക് മീര നടന്നു നീങ്ങുന്നത്. ഭിന്നശേഷിയെ സംബന്ധിച്ച ശേഷീവാദ സമൂഹത്തിന്റെ കാഴ്ചകളെ തന്നെയാണ് മീരയുടെ ദുഃഖവും മുത്തുവിന്റെ സ്വപ്നവും എന്ന സിനിമയും പ്രതിനിധാനം ചെയ്യുന്നത്.

### ഉപസംഹാരം

ഭിന്നശേഷിയെ സഹതാപത്തിനുള്ള ഉപാധിയാക്കാമെന്നും മനുഷ്യന്റെ ലോല വികാരങ്ങളെ തഴുകി ഉണർത്താമെന്നുമുള്ള കച്ചവട സിനിമയുടെ തന്ത്രം വിനയന്റെ മൂന്ന് സിനിമകളിലും ഒരുപോലെ ഉപയോഗിച്ചിരിക്കുന്നു. സിനിമയിലെ പ്രധാന കഥാപാത്രങ്ങൾക്ക് ഭിന്നശേഷി കൽപ്പിച്ച് നൽകുന്ന പ്രവണത ഈ മൂന്ന് സിനിമകളിലും കാണാൻ സാധിക്കും.ഊമപ്പെണ്ണിന് ഉരിയാടാപ്പയ്യൻ, വാസന്തിയും ലക്ഷ്മിയും പിന്നെ ഞാനും എന്നി സിനിമകളിൽ

നായകനും നായികയ്ക്കും പരിമിതികൾ ഉണ്ടാകുമ്പോൾ മീരയുടെ ദുഃഖവും മുത്തുവിന്റെ സ്വപ്നവും എന്ന സിനിമയിൽ നായികയ്ക്ക് മാത്രമാണ് പരിമിതി നൽകപ്പെട്ടിരിക്കുന്നത്. ഭിന്നശേഷി എന്നത് പാപത്തിന്റെയും ദുശകുനത്തിന്റെയും ഉല്പന്നമാണെന്ന് മൂന്ന് സിനിമകളും ഒരുപോലെ ആവിഷ്കരിക്കുന്നു. നായക-നായിക നിർമ്മിതിയിൽ അപൂർണ്ണ ശരീരങ്ങൾക്ക് അപൂർണ്ണ ശരീരങ്ങൾ മാത്രമേ യോജിക്കുകയുള്ളൂ എന്ന കാഴ്ചപ്പാട് മൂന്നു സിനിമകളിലും ഒരുപോലെ അനുവർത്തിക്കുന്നു. മുകളിൽ വിശകലന വിധേയമാക്കിയ മൂന്ന് ചലച്ചിത്രങ്ങളും ഭിന്നശേഷി വിഭാഗക്കാരെ പൂർണ്ണ മനുഷ്യരായി അംഗീകരിക്കാൻ തയ്യാറാകുന്നില്ല. അവരോട് സഹതാപത്തോടെയും കാരുണ്യത്തോടെയും പെരുമാറണമെന്നുമുള്ള ധാരണ ഉറപ്പിക്കാനും ഇത്തരത്തിലുള്ള ആളുകൾ കുടുംബത്തിന്റെയും സമൂഹത്തിന്റെയും ബാധ്യതയാണെന്നുമുള്ള പൊതുബോധത്തെ ഉത്പാദിപ്പിക്കാനുമാണ് ഈ സിനിമകൾ ശ്രമിക്കുന്നതെന്ന് നിസംശയം പറയാം.

## ഗ്രന്ഥസൂചി

1. Ashutosh Singh,Representation of Disability in Indian English Fiction, International Journal of English Language, Literature and Humanities, Volume 2,Issue 10,2015

2. Kinshuk Chakraborty, Disability Studies And Literature : An Overview, European Journal of Molecular& Clinical Medicine, Volume 07,Issue 08,2020

3. Ria Cheyne, Disability Literature Genre, Liverpool University Press, Cambridge, 2019

4. WHO, Disability Including Prevention, Management and Rehabilitation, 9th Plenary Meeting, Geneva, 2001

5. വാസന്തിയും ലക്ഷ്മിയും പിന്നെ ഞാനും, https://youtu.be/DbbzY0wHt5M

6. ഊമ പെണ്ണിന് ഉരിയാടാ പയ്യൻ, https://youtu.be/Wre4Tg8ENTk

7. മീരയുടെ ദുഃഖവും മുത്തുവിന്റെ സ്വപ്നവും, https://youtu.be/1oxyEWhAdhg

# സിനിമാഗാനങ്ങളുടെ ആശ്രിതഭാഷ്യം: അന്ധതയെ മുൻനിർത്തിയുള്ള പഠനം.

**രശ്മി ടി.എൻ.**
ഗവേഷക, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല, തിരൂർ.

## പ്രബന്ധസംഗ്രഹം

നവവൈജ്ഞാനികമേഖലയിലെ പ്രധാനപ്പെട്ട ഒരു പഠനശാഖയാണ് ഡിസെബിലിറ്റി പഠനങ്ങളുടേത്. അനുഭവങ്ങളുടെയും ആവിഷ്കാരങ്ങളുടെ യും രൂപത്തിൽ ഡിസെബിലിറ്റിയെ പഠനവിധേയമാക്കുകയാണ് ഈ മേഖലയിൽ ചെയ്യുന്നത്.ഇത്തരം ആവിഷ്കാരങ്ങളിലെ ഭാഷയുടെ സവിശേഷ തകൾ അന്വേഷണം നടന്നു വരുന്ന ഒരു മേഖലയാണ്. ഭാഷാവിഷ്കാരങ്ങൾ എന്ന നിലയിൽ സിനിമയിലും സിനിമാഗാനങ്ങളിലും ഡിസെബിലിറ്റിയെ ഏതു തരത്തിൽ ആവിഷ്കരിച്ചിരിക്കുന്നു എന്നാണ് ഈ പ്രബന്ധം പരിശോ ധിക്കുന്നത്. സിനിമാഗാനങ്ങളെയാണ് ഈ പ്രബന്ധം അതിന്റെ പഠനമേ ഖലയായി പരിഗണിക്കുന്നത്. സാമൂഹികജീവിതത്തിന്റെ ചിത്രീകരണങ്ങൾ മലയാളസിനിമയിൽ ശക്തമാകുന്ന, നവോത്ഥാനകാല സിനിമകളിലെ ഗാനങ്ങളെയാണ് ഇവിടെ സൂക്ഷ്മാർഥത്തിൽ വിശകലനം ചെയ്യുന്നത്. നവോത്ഥാനകാലസിനിമകളിൽ ആവിഷ്കരിക്കപ്പെട്ട ഡിസേബിൾഡ് കഥാ പാത്രങ്ങൾ, പിൽക്കാല ചലച്ചിത്രാവിഷ്കാരങ്ങളെ എപ്രകാരം സ്വാധീനിച്ചു എന്ന അന്വേഷണത്തിന്റെ സാധ്യതയെക്കൂടി ഈ പ്രബന്ധം തുറന്നുവയ്ക്കുന്നു. സിനിമാഗാനങ്ങൾ ഒരു ഭാഷാവിഷ്കാരം എന്ന നിലയിൽ ഏതു രീതിയിൽ ഡിസെബിലിറ്റിയെ പരിചരിക്കുന്നുവെന്ന് വിശകലനാത്മകമായി പരി ശോധിക്കുന്ന ഈ പ്രബന്ധം, അത്തരം ആവിഷ്കാരങ്ങളുടെ ഭാഷാപരവും ആശയപരവുമായ പരിമിതികളെക്കൂടി കണ്ടെത്തുന്നു.

**താക്കോൽ വാക്കുകൾ:** ഡിസെബിലിറ്റി,അന്ധത,സാഹിതീയത, നവോ ത്ഥാനകാലസിനിമ, ഭാഷ, വൈജ്ഞാനികത, കർത്തൃത്വം, പുരക്ഷേപണം.

## ആമുഖം

ഭാഷ ഒരു അധികാര വ്യവസ്ഥയാണ്. ഭാഷയുടെ നിർമിതിയിൽ വ്യത്യസ്തങ്ങളായ സാമൂഹികചരങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സാമൂഹികാധികാരവ്യവസ്ഥയുടെ മുഖ്യധാരയിൽ ഉൾപ്പെടാത്തവർ വ്യവസ്ഥാപിതമായ ഭാഷയിൽനിന്നും പുറത്താക്കപ്പെടുന്നു. മലയാളഭാഷയിൽ പ്രവർത്തിക്കുന്ന അധികാരവ്യവസ്ഥയെക്കുറിച്ചും ഭാഷ പുറംതള്ളിയിട്ടുള്ള വിഭാഗങ്ങളെക്കുറിച്ചും നിരവധി ആലോചനകൾ നടന്നിട്ടുണ്ട്. ഭാഷാപരമായി അടയാളപ്പെടാനുള്ള സാധ്യതകളെ ഇല്ലാതാക്കുകയെന്നത് അരികുവൽക്കരണത്തിന്റെ പ്രധാനമാർഗമാണ്. കാരണം, ഭാഷയിൽനിന്നും ഒരു വിഭാഗം പുറത്താകുമ്പോൾ അവരുടെ അനുഭവങ്ങൾകൂടി ഭാഷയിൽനിന്നും, അതുവഴി ചരിത്രത്തിൽനിന്നും പുറത്താവുന്നു. ഇത്തരം ആലോചനകളാണ് സ്ത്രൈണഭാഷയടക്കമുള്ള നിരവധി ബദലുകളുടെ കണ്ടെടുക്കലിലേക്കും സവിശേഷ പദവിയോടെയുള്ള പഠനങ്ങളിലേക്കും നയിച്ചത്. നിലനിന്നിരുന്ന ഭാഷയുടെ പരിമിതിയും അതിന്റെ സ്ത്രീവിരുദ്ധമായ അധികാരഘടനയും സ്ത്രൈണാനുഭവങ്ങളുടെ ആവിഷ്കരണങ്ങളോട് നീതിപുലർത്താനുതകുന്നതല്ല. ഈ സാഹചര്യമാണ് 'സ്ത്രൈണഭാഷ' എന്ന ആലോചനക്ക് പിന്നിൽ പ്രവർത്തിച്ചത്. ഇന്നും ഭാഷയുടെ അധികാരഘടന അവഗണിച്ചിട്ടുള്ള വിഭാഗങ്ങളാണ് സ്ത്രീകളും ദളിതരും ഇതര ലിംഗക്കാരും അംഗപരിമിതരുമായ ജനങ്ങൾ. ഭാഷ അവരുടെ അനുഭവങ്ങളെ ആവിഷ്കരിക്കാൻ പാകപ്പെടുന്നില്ല. ഇത്തരം വിഭാഗങ്ങളെ രാഷ്ട്രീയശരികളെയും സാമൂഹികനീതിയെയും മുൻനിർത്തി അഭിസംബോധന ചെയ്യാനുതകുന്ന തരത്തിൽ ഭാഷ വളരുന്നില്ല. നിലവിൽ ചെറിയ പരിഷ്കരണങ്ങളും മാറ്റങ്ങളും നടക്കുന്നുണ്ടെങ്കിലും ഭാഷയിൽ അനാഥമാക്കപ്പെടുന്ന വലിയൊരു അനുഭവലോകം ഈ വിഭാഗങ്ങൾക്ക് സ്വന്തമായുണ്ട്.

ഭാഷാപരമായ ആലോചനകളുമായി ബന്ധപ്പെടുത്തിയുള്ള ഡിസെബിലിറ്റി പഠനങ്ങൾ ഇന്ന് നടന്നുവരുന്നുണ്ട്. ഇന്നത്തെ വൈജ്ഞാനികലോകം സാമൂഹികാധികാരകേന്ദ്രത്തിനു പുറത്തു സ്ഥിതിചെയ്യുന്ന വിഭാഗങ്ങളെക്കൂടി പരിഗണിച്ചുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. പ്രാന്തവത്കരിക്കപ്പെട്ട വിഷയങ്ങൾ പുതിയ വൈജ്ഞാനിക പരിസരങ്ങൾ ഏറ്റെടുക്കുന്നത് കാണാം. ഭിന്നശേഷിപഠനം ഇത്തരത്തിൽ പുതിയ ആലോചനകൾ നടന്നുകൊണ്ടിരിക്കുന്ന മേഖലയാണ്.

## ഡിസെബിൾഡ് സമൂഹവും മലയാളഭാഷാപരിസരവും

ശാരീരികമായും മാനസികമായും മനുഷ്യനുണ്ടാകേണ്ട ശേഷിയെ കുറിച്ച്

സമൂഹം നിർണയിക്കുന്ന പരിധിയിൽ കവിഞ്ഞോ കുറഞ്ഞോ നിൽക്കുന്നവരെയാണ് ഡിസെബിൾഡ് എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത്. Any loss or abnormality of psychological, physiological, or anatomical structure or function.[1] എന്ന ഡിസെബിലിറ്റിയുടെ നിർവചനത്തെ പരിഗണിക്കുമ്പോൾ, നിർണയിക്കപ്പെട്ട പരിധിയിൽ തുടരുന്നവരെയെല്ലാം 'സാധാരണ' മനുഷ്യർ എന്ന രീതിയിൽ പരിഗണിക്കുന്നു. അതായത് സാധാരണ (normal) മനുഷ്യർ എന്ന ധാരണയെ അടിസ്ഥാനമാക്കിയാണ് അസാധാരണത്വവും ഡിസെബിൾഡ് എന്ന വിഭാഗവും നിർവചിക്കപ്പെടുന്നത്. ശാരീരിക-മാനസികാവസ്ഥകളെ മുൻനിർത്തി, ശാസ്ത്രീയമായി ഡിസെബിൾഡ് എന്ന വിഭാഗത്തെ നിർണയിക്കുന്നുണ്ടെങ്കിലും ഡിസെബിലിറ്റി ഒരു സാമൂഹിക നിർമിതി കൂടിയാണ്. ശാരീരിക-മാനസികക്ഷമതയുള്ള സാധാരണക്കാരും അവരുൾപ്പെടുന്ന സമൂഹവും ആ സമൂഹത്തിനു മാത്രം അനുയോജ്യമായ സ്ഥാപനങ്ങളും നിർമിതികളും കൊണ്ട് അരികുവൽക്കരിച്ച ഒരു വിഭാഗമാണ് ഡിസെബിൾഡ് വ്യക്തികൾ. അവരുടെ ജീവിതാനുഭവങ്ങളെ വിശകലനം ചെയ്യുകയെന്നത് ഭിന്നശേഷി പഠനത്തിന്റെ പ്രധാനപ്പെട്ട സാമൂഹികതലമാണ്. അന്തർവൈജ്ഞാനികമായ ഇത്തരം അന്വേഷണങ്ങളുടെ തുടർച്ചയിലാണ് ഈ പ്രബന്ധം അതിന്റെ സ്ഥാനം നിർണയിക്കുന്നത്.

ഡിസെബിൾഡ് കർതൃത്വങ്ങളുടെ ഭാഷാവിഷ്കാരങ്ങളെയാണ് ഈ പഠനം വിലയിരുത്തുന്നത്. ഭാഷയിലെ പല പദങ്ങളും ഡിസേബിൾഡ് ആയ വ്യക്തികളോടുള്ള രാഷ്ട്രീയശരികേടുകളും (political incorrectness) സാമൂഹിക അനീതികളുമാണ്. ഡിസേബിൾഡ് ആയ വ്യക്തികളെ സൂചിപ്പിക്കാൻ സാമ്പ്രദായികമായി ഉപയോഗിച്ച് വരുന്ന പല പദങ്ങളും ഭാഷയിലെ അവഹേളന പദങ്ങളാണ് എന്നോർക്കുക. (ഉദാഹരണം: പൊട്ടൻ, കുരുടൻ, ഞൊണ്ടി, നട്ടെല്ലില്ലാത്തവൻ) ഈ വാക്കുകൾക്കെല്ലാം അതിന്റെ അനുഭവതലത്തെ കവിഞ്ഞ അർത്ഥോത്പാദന ശേഷിയുണ്ട്. ഈ വീക്ഷണത്തിൽനിന്നും ഭാഷയെ സമീപിക്കുമ്പോൾ, അത് സാമൂഹികമായും ശാരീരികമായും മാനസികമായും പൂർണ്ണാവസ്ഥ പ്രാപിച്ചവർക്കുവേണ്ടിയുള്ള വ്യവസ്ഥയാണെന്ന് ബോധ്യപ്പെടും. ഭാഷയിൽ മാത്രമല്ല സാമൂഹികബോധത്തിലും 'സാധാരണത്വം ' സ്ഥാപിക്കപ്പെട്ടിരിക്കുന്നത് ഈ പൂർണ്ണാവസ്ഥകളിലാണ്. അതുകൊണ്ടാണ് അവയിൽ ഉൾപ്പെടാത്തവയെല്ലാം അസാധാരണവും അകറ്റിനിർത്തേണ്ടവയുമായിത്തീരുന്നത്. കാഴ്ച, എന്നത് ഒരു സാധാരണ സംഭവമാകുന്നതുകൊണ്ടാണ് 'അന്ധൻ 'ഒരു അസാധാരണ സ്വത്വമോ അന്യസ്വത്വമോ ആയി

മാറുന്നത്. ഈ അസാധാരണത്വത്തെ ആവിഷ്കരിക്കാൻ നമ്മുടെ ഭാഷ അപക്വ മാണ് എന്നതുകൊണ്ട്തന്നെ ഭാഷയുടെ ഉപോല്പന്നമായ കലയിലായാലും സാഹിത്യത്തിലായാലും സമാനമായ പരിമിതികൾ നേരിടുന്നുണ്ട്.

## ഡിസെബിലിറ്റിയുടെ ആശയമാതൃകകളും മലയാളസിനിമാഗാനങ്ങളും

ഡിസെബിലിറ്റിയെന്നത് മലയാളസിനിമ പതിറ്റാണ്ടുകൾക്കുമുമ്പുതന്നെ കൈകാര്യം ചെയ്തുവരുന്ന വിഷയമാണ്. എന്നാൽ ഈ പ്രബന്ധത്തിൽ വിശകലനം ചെയ്യുന്നത് സിനിമയിലുപരിയായി സിനിമാഗാനങ്ങളെയാണ്. ഡിസേബിൾഡ് വ്യക്തികളുടെ ജീവിതം പ്രമേയമായ സിനിമകളിലെ ഗാനങ്ങൾ അവരുടെ ലോകത്തെയവതരിപ്പിക്കാൻ ശ്രമിക്കാറുണ്ട്.

സംഗീതത്തിന്റെ വാണിജ്യസാധ്യതകളെയാണ് ചലച്ചിത്രങ്ങൾ പ്രയോജനപ്പെടുത്തുന്നത്. ചലച്ചിത്രങ്ങളിലെ പ്രമേയത്തിന്റെയോ വൈകാരിക നിമിഷങ്ങളുടെയോ പൂരണത്തിനു സഹായിക്കുന്നവയാണ് ഗാനങ്ങൾ. സ്വപ്നമായും ഓർമയായും സങ്കല്പങ്ങളായും തോന്നലുകളായുമെല്ലാമുള്ള വ്യതിചലനങ്ങളെ, കഥാഗതിയെ ബാധിക്കാത്ത തരത്തിൽ ആവിഷ്കരിക്കാനാണ് ഗാനങ്ങൾ ഉപയോഗിക്കുന്നത്. എന്നാൽ സിനിമയിൽനിന്നും പുറത്തു കടന്നാലും ആസ്വാദകരുടെ ഉള്ളിൽ ചലച്ചിത്രഗാനങ്ങൾക്ക് ഒരു സ്വതന്ത്രജീവിതം സാധ്യമാണ്. ദൃശ്യത്തിന്റെ പിന്തുണയില്ലാതെ കേൾവി മാത്രമായിരുന്നിട്ടും സിനിമാഗാനങ്ങൾ നമ്മുടെ ജീവിതത്തിൽ ഇത്രയ്ക്കും സ്ഥാനം പിടിക്കാൻ കാരണം സിനിമയ്ക്ക് പുറത്തുള്ള അതിന്റെ സ്വതന്ത്രജീവിതം തന്നെയാണ്. അത്തരത്തിലുള്ള ഗാനങ്ങളിലെ ഭാഷയും അതിന്റെ സാഹിതീയതയും കഥാപാത്രത്തിന്റെ ഡിസേബിൾഡ് കർതൃത്വത്തോട് എങ്ങനെയാണ് ഇടപെടുന്നതെന്ന അന്വേഷണമാണ് ഈ പഠനം നടത്തുന്നത്.

മലയാള സിനിമയിൽ സാമൂഹിക ജീവിതത്തിന്റെ ചിത്രീകരണത്തിന് പ്രാധാന്യം ലഭിക്കുന്നത് സിനിമയിലെ നവോത്ഥാനകാലഘട്ടത്തിലാണ്. സിനിമയിലെ നവോത്ഥാനകാലഘട്ടം എന്നതുകൊണ്ട് ഈ പ്രബന്ധം അർഥമാക്കുന്നത് കേരളത്തിലെ നവോത്ഥാനപ്രസ്ഥാനങ്ങൾ ഉയർത്തിക്കൊണ്ടുവന്ന സാമൂഹികമൂല്യങ്ങളുടെ സ്ഥാപനഘട്ടത്തിൽ,അവയിൽ നിന്നും ഊർജം ഉൾക്കൊണ്ടു നിർമിക്കപ്പെട്ട സിനിമകളുടെ കാലത്തെയാണ്. സാഹിത്യത്തിലും നാടകത്തിലുമെല്ലാം നവോത്ഥാനമൂല്യങ്ങളുടെയും കമ്യൂണിസ്റ്റ് പുരോഗമനാശയങ്ങളുടെയുമെല്ലാം അന്തർധാര ശക്തമായിരുന്ന കാലഘട്ടത്തിന്റെ പ്രതിഫലനങ്ങൾ മലയാളസിനിമയിലുമുണ്ടായിട്ടുണ്ട്. കേരളത്തിലെ സാമൂഹികരാഷ്ട്രീയജീവിതങ്ങൾ ഇത്തരത്തിലാണ് അടിസ്ഥാനവർഗത്തേക്കൂടി

ഉൾപ്പെടുത്തിക്കൊണ്ട് മലയാളസിനിമയിൽ സജീവമാകുന്നത്. എന്നാൽ ഈ സാമൂഹികചിത്രണത്തിലേയും പാർശ്വവൽകൃതരുടെ പ്രാതിനിധ്യം മറ്റൊരു തലത്തിൽ അന്വേഷണം നടത്തേണ്ട വിഷയമാണ്. ആ അന്വേഷണത്തിൽ ഡിസേബിൾഡ് കഥാപാത്രങ്ങളുടെ ചലച്ചിത്രാവിഷ്കരണവും ഉൾപ്പെടുന്നു. സിനിമാഗാനങ്ങളിലേക്ക് വരുമ്പോൾ ഡിസെബിലിറ്റിയുടെ ആവിഷ്കാരങ്ങൾ ഉൾപ്പെടുന്ന ഗാനങ്ങളെ പ്രധാനമായും രണ്ടായി തിരിക്കാം.

1. സഫലമാകാത്ത കാമനകളുടെ ആഖ്യാനങ്ങൾ
2. ജീവിതദൈന്യത്തിന്റെയും നിസ്സഹായതയുടെയും ആവിഷ്കാരങ്ങൾ.

ഒന്നാമത്തെ വിഭാഗത്തിൽ ഉള്ള ഗാനങ്ങൾക്ക് പൊതുവായ ചില സവിശേഷതകൾ കണ്ടെത്താവുന്നതാണ്. തങ്ങളുടെ ഡിസെബിലിറ്റിയെ മറികടക്കാനുള്ള കാമനകളെ ഫാന്റസിയുടെ രൂപത്തിൽ അവതരിപ്പിക്കുന്നവയായിരിക്കും ഈ വിഭാഗത്തിൽ ഉൾപ്പെട്ട മിക്കഗാനങ്ങളും. അതായത് കാഴ്ചയില്ലാത്തയാൾ താൻ കാണാൻ ആഗ്രഹിക്കുന്ന കാഴ്ചകളെ കുറിച്ച് പാടുന്നതും സംസാരശേഷിയില്ലാത്തയാളുകൾ പറയാനാഗ്രഹിക്കുന്ന കാര്യങ്ങളെ കുറിച്ചു പാടുന്നതും ഇതിനുദാഹരണമാണ്. (എനിക്കും ഒരു നാവുണ്ടെങ്കിൽ എന്തു ഞാൻ വിളിക്കും (ചിത്രം: ഊമപ്പെണ്ണിന് ഉരിയാടാപയ്യൻ), പടിയോരോ പടിയും മെല്ലെ കേറിക്കേറി ചെല്ലുമ്പോൾ/കാണാവഴികൾ കാണാൻ മോഹം (ഗാനം: പൊൻതാരകമേ, ചിത്രം: ആത്മകഥ) തുടങ്ങിയ ഗാനങ്ങൾ പിൽക്കാലത്തു മലയാളസിനിമയിൽ ഇടം പിടിച്ചു കാണാം).

ഇത്തരം ഗാനങ്ങളിലെല്ലാം കാണാവുന്ന ഒരു പൊതുസവിശേഷത ആശ്രിതത്വം എന്ന ഭാവമാണ്. ഡിസെബിലിറ്റിയുള്ള വ്യക്തി തന്റെ കാമനകളുടെയും ജീവിതത്തിന്റെയും പൂരണത്തിനായി മറ്റൊരു വ്യക്തിയെയോ, ക്ഷമതയുള്ള തന്റെതന്നെ മറ്റൊരു ഇന്ദ്രിയത്തെയോ ആശ്രയിക്കുന്നതായാണ് ഇവിടെ നാം കാണുന്നത്.ഒരു അവയവത്തിന്റെ ഡിസെബിലിറ്റി മറ്റു ഇന്ദ്രിയങ്ങളുടെ ഉയർന്ന പ്രവർത്തനത്താൽ സന്തുലിതമാക്കപ്പെടുന്നുവെന്ന രീതിയിലുള്ള ആവിഷ്കരണങ്ങൾ കാണാം. അന്ധനായ ഒരു വ്യക്തി, കേൾവിയുടെ മാധ്യമമുപയോഗിക്കുന്ന സംഗീതത്തിൽ മുന്നിട്ട് നിൽക്കുന്നത് ഇതിനുദാഹരണമാണ് (ഉദാഹരണം കാവ്യമേള, വാസന്തിയും ലക്ഷ്മിയും പിന്നെ ഞാനും). ഇത്തരത്തിൽ മറ്റൊരാളെയോ തന്റെതന്നെ മറ്റു ഇന്ദ്രിയസാധ്യതകളെയോ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ജീവിതകാമനാപൂരണങ്ങളുടെ ആഖ്യാനത്തെയാണ് ഈ പ്രബന്ധം ആശ്രിതഭാഷ്യം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

ഡിസെബിലിറ്റിയുടെ വൈവിധ്യമാർന്ന വീക്ഷണങ്ങൾ വ്യക്തമാക്കാൻ

വ്യത്യസ്ത ആശയമാതൃകകൾ നിലവിൽ വികസിപ്പിച്ചെടുത്തിട്ടുണ്ട്.

1. ഡിസെബിലിറ്റിയുടെ മതപരമായ മാതൃക, അല്ലെങ്കിൽ ഡിസെബിലിറ്റിയുടെ ധാർമികമാതൃക എന്നറിയപ്പെടുന്ന ആശയമാതൃകയാണ് ആദ്യത്തേത്. പാപഫലമാണ് ഡിസെബിലിറ്റി എന്നൊരാശയമാണ് ഇത് മുന്നോട്ട് വച്ചിരുന്നത്.ഡിസെബിലിറ്റിയെ ദൈവവിധിയായും വിശ്വാസത്തിന്റെ പരീക്ഷണമായും ഈ സമീപനം നോക്കിക്കണ്ടു.അനുഗ്രഹിക്കപ്പെട്ട ആത്മാക്കൾ, അതായത് ദൈവം പരീക്ഷണത്തിനായി തിരഞ്ഞെടുത്തവരാണ് ഡിസെബിൾഡ് വ്യക്തികൾ എന്നൊരു സമീപനംകൂടി ഈ ആശയമാതൃക മുന്നോട്ട് വച്ചിരുന്നു. ഡിസെബിലിറ്റിയുള്ളവരെ പാപികളായും അതേസമയംതന്നെ ദൈവത്തിന്റെ പ്രിയപ്പെട്ടവരായും ഈ ആശയമാതൃക വിലയിരുത്തി. നമ്മുടെ കലാവിഷ്കാരങ്ങളിലെല്ലാം വലിയൊരു സ്വാധീനം ചെലുത്തിയിരിക്കുന്നത് ഈ ആശയമാതൃക തന്നെയാണ്. ഈ പ്രബന്ധത്തിന്റെ പഠനമേഖലയിൽ ഉൾപ്പെടുന്ന ഗാനങ്ങളിൽ ഈ ആശയമാതൃകയുടെ സ്വാധീനം പ്രകടമാണ്. വരും ഭാഗങ്ങളിൽ ഈ ആശയമാതൃകയെ വിശകലനം ചെയ്യുന്നതാണ്.
2. ഡിസെബിൾഡ് വ്യക്തി പരിഹരിക്കപ്പെടേണ്ട ഒന്നായി മാറുന്ന, ഡിസെബിലിറ്റിയെ കഴിവുകേടായി നോക്കിക്കാണുന്ന മറ്റൊരു ആശയമാതൃകയാണ് മെഡിക്കൽ മോഡൽ എന്നറിയപ്പെടുന്നത്. ഉത്പാദനത്തിൽ അധിഷ്ഠിതമായ ഒരു സമൂഹത്തിന്റെ വീക്ഷണമാണ് ഈ മാതൃക മുന്നോട്ട് വയ്ക്കുന്നത്.
3. ഇതിൽനിന്നും ആശയപരമായി ഉയർന്നു നിൽക്കുന്ന ഒന്നാണ് സാമൂഹ്യമാതൃക. ഡിസെബിലിറ്റിയെ നിർമിക്കുന്നത് സമൂഹമാണ്, സമൂഹത്തിന്റെ പരിധികളും അതിരുകളുമാണ് എന്നൊരാശയത്തെ ഈ സമീപനം മുന്നോട്ട് വയ്ക്കുന്നു. ഭൂരിപക്ഷം വരുന്ന ജനങ്ങൾ തങ്ങളെ സാധാരണക്കാരായി മുദ്രകുത്തി ഡിസെബിലിറ്റിയെ അസാധാരണമാക്കി മാറ്റിനിർത്തുന്നു.അതായത് ഭൂരിപക്ഷത്തിനു വരുന്ന ഡിസെബിലിറ്റി ആ അർഥത്തിൽ മാറ്റി നിർത്തപ്പെടുന്നില്ല എന്നൊരു വാദം ഈ മാതൃക ഉയർത്തിക്കൊണ്ടുവരുന്നുണ്ട്.ഉദാഹരണമായി കണ്ണട തന്നെ പരിഗണിക്കാം. ഒരു ഡിസെബിൾഡ് വ്യക്തിക്ക് ഊന്നുവടി സഹായകമാവുന്നതുപോലെയാണ് കറക്ഷൻ കണ്ണടകൾ. എന്നാൽ ഊന്നുവടി ഉപയോഗിക്കുന്ന ആളോടുള്ള സമീപനവും കണ്ണട ഉപയോഗിക്കുന്ന ആളോടുള്ള സമീപനവും വ്യത്യസ്തമാണ്. കണ്ണട ഉപയോഗിക്കുന്നവർ ഭൂരിപക്ഷത്തിന്റെ ഭാഗമായതാണ്

ഇതിനു കാരണമെന്ന് ഈ സമീപനം വിലയിരുത്തുന്നു.

4. സാമൂഹികമാതൃകയുടെ തുടർച്ചയായി വന്ന മറ്റൊരു മാതൃകയാണ് ഡിസെബിലിറ്റിയുടെ സ്ഥിരീകരണമാതൃക. ഈ മാതൃക ഡിസെബിലിറ്റിയെ ഒരു ഐഡന്റിറ്റി ആയി അംഗീകരിക്കുന്നു. ആ ഐഡന്റിറ്റിയിൽ നിന്നുകൊണ്ട്തന്നെ കൂട്ടായി പ്രവർത്തിക്കുന്നു. പ്രായോഗിക ജീവിതത്തിന്റെ തലത്തിൽ ഡിസെബിൾഡ് വ്യക്തികൾക്ക് കൈത്താങ്ങാവുന്ന ഒരു സമീപന രീതിയാണിത് .

ഇതിൽ ഒന്നാമത്തെ ആശയമാതൃകയുടെ സ്വാധീനമാണ് മലയാളചലച്ചിത്ര ഗാനങ്ങളിൽ പ്രകടമാകുന്നത് എന്ന് പറഞ്ഞു.

ഡിസെബിലിറ്റിയെ തങ്ങളുടെയോ മുൻതലമുറയുടെയോ പാപത്തിനുള്ള ശിക്ഷയായി നോക്കിക്കാണുന്ന കഥാപാത്രങ്ങളെ മലയാളസിനിമ നിരന്തരം അവതരിപ്പിച്ചു പോന്നിട്ടുണ്ട്. ഈ അടുത്തകാലത്ത് കടുവ (2022) എന്ന സിനിമ നേരിട്ട വിമർശനം ഈ അടിസ്ഥാനത്തിൽ നോക്കിക്കാണാവുന്നതാണ്.

## ധാർമികമാതൃകയുടെ സ്വാധീനം മലയാളചലച്ചിത്രഗാനങ്ങളിൽ

മലയാളത്തിൽ നിരവധി സിനിമകളിൽ ഇത്തരത്തിൽ ഡിസെബിലിറ്റിയുടെ മതപരമായ മാതൃകയെ അടിസ്ഥാനമാക്കിയിട്ടുള്ള കഥാപാത്രങ്ങളെയും അവർ ആലപിക്കുന്ന തരത്തിൽ ആവിഷ്കരിക്കപ്പെട്ട ഗാനങ്ങളെയും കണ്ടെത്താവുന്നതാണ്. ഗതിയറിയാതെ മുടന്തി നടക്കുന്ന വിധിയുടെ ബലിമൃഗങ്ങളായി സ്വയം കല്പിക്കുന്ന കഥാപാത്രങ്ങൾ (ഗാനം: ഒരിടത്തു ജനനം, ചിത്രം: അശ്വമേധം)എന്ന നിലയിലാണ് വെള്ളിത്തിരയിലെ ഡിസെബിലിറ്റി കഥാപാത്രങ്ങൾ ആവിഷ്കരിക്കപ്പെട്ടിട്ടുള്ളത്.

ഡിസെബിലിറ്റിയെ വ്യക്തിക്കും വ്യക്തിയുടെ കുടുംബത്തിനും സമൂഹത്തിനും ബാധ്യതയായി അവതരിപ്പിക്കുന്ന എത്രയോ സിനിമകളും, പാപികളായി സ്വയം മുദ്രകുത്തിക്കൊണ്ടുള്ള ഗാനങ്ങളും ഉദാഹരിക്കാൻ സാധിക്കും. അത്തരം ഗാനങ്ങളിലെല്ലാം കടന്നുവരുന്ന പൊതുവായ കാഴ്ചപ്പാട് ഡിസെബിലിറ്റി വിധിയുടെയോ ദൈവത്തിന്റെയോ ശിക്ഷയാണെന്നതാണ്. കണ്ണിനും കരളിനും കുരിരുൾ നൽകിയ കാരുണ്യവാനോടൊരു ചോദ്യം (ഗാനം: സ്വപ്നം ത്യജിച്ചാൽ, ചിത്രം രാക്ഷസരാജാവ്), വിധിയുടെ കോമരങ്ങളായ് ഞങ്ങളലയുകയാണേ (ഗാനം: നീലനിലാവേ, ചിത്രം: ഊമപ്പെണ്ണിന് ഉരിയാടാപ്പയ്യൻ) ദൈവമേ കൺതുറക്കൂ... ഇന്നുനീയെൻ പിതാവേ.... അപരാധമീ ഞങ്ങൾ എന്തു ചെയ്തു (ഗാനം: ചന്ദനക്കാറ്റേ കുളിർക്കൊണ്ടു വാ, ചിത്രം: ഭീഷ്മാചാര്യ) എന്നീ ഗാനാവിഷ്കാരങ്ങളിലെല്ലാം തെളിയുന്നത് ഈ ആശയമാതൃകയുടെ

വീക്ഷണമാണ്. ഇത്തരത്തിൽ ശാപബാധിതരായിട്ടോ അല്ലെങ്കിൽ ഹാസ്യ ഹേതുക്കളായിട്ടോ അവതരിപ്പിക്കപ്പെടുന്ന ഡിസേബിൾഡ് കഥാപാത്രങ്ങൾ നമ്മുടെ ആവിഷ്കാരലോകത്തിന്റെ പരിമിതിയെ വ്യക്തമാക്കുന്നു. അന്ധതയും വിക്കും മുടന്തുമെല്ലാം തമാശയുടെ കാരണങ്ങളായി മാറുന്ന നീതികേടിന്റെ അറ്റമില്ലാത്ത ഉദാഹരണങ്ങൾ നമ്മുടെ വിനോദമാധ്യമങ്ങളിൽ കണ്ടെത്താവുന്നതാണ്.

അന്ധതയുടെ ഗാനാവിഷ്കാരങ്ങൾ: സാമാന്യവൽക്കരണവും പരിമിതികളും

മലയാളസിനിമ ഏറ്റവും കൂടുതൽ പരിഗണിച്ചിട്ടുള്ള ഡിസെബിലിറ്റി അന്ധതയാണെന്ന് മനസിലാക്കാം.സിനിമയുടെ മാധ്യമം ദൃശ്യങ്ങളാണ്. സിനിമയുടെ ഭാഷയും ദൃശ്യങ്ങളുടേതാണ്. ദൃശ്യപരതയെന്നത് വ്യക്തിയുടെ ദൈനംദിന വ്യവഹാരങ്ങളുടെയും ആശയവിനിമയങ്ങളുടെയും സാമൂഹികവത്കരണത്തിന്റെയും മാധ്യമമായി മാറിയിരിക്കുന്നു. ആധുനികതയുടെ ദൃശ്യപരിസര (ടെലിവിഷൻ, ഇന്റർനെറ്റ്, മാസികകൾ, പരസ്യം) മാണ് വ്യക്തിയുടെ സാംസ്കാരികസ്വത്വരൂപീകരണത്തിനുള്ള മണ്ഡലത്തെ സൃഷ്ടിക്കുന്നത്[2]. ദൃശ്യപരത (visuality) യെന്നത് വ്യക്തിയെ ലോകവുമായി ബന്ധിപ്പിക്കുന്ന പ്രധാന മാധ്യമമാണ്.വികാരങ്ങളും ആശയങ്ങളും ദൃശ്യസൂചകങ്ങളിലേക്ക് (ഉദാഹരണം :സ്മൈലികൾ) പരിവർത്തിപ്പിച്ചുകൊണ്ടാണ് ലോകം കാഴ്ചയുടെമാത്രം സാധ്യതകളെ പ്രയോജനപ്പെടുത്തുന്നത്.

കാഴ്ചയുടെ സാധ്യതയുപയോഗിക്കുന്ന ഒരു കലാമാധ്യമത്തിൽ കാഴ്ചയുടെ പരിമിതികളെ എങ്ങനെ ആവിഷ്കരിക്കുന്നു എന്ന അന്വേഷണം ഈ പ്രബന്ധത്തെ വ്യത്യസ്തമാക്കുന്നുണ്ട്.

പാർശ്വവത്കൃത ജീവിതങ്ങൾക്ക് നവോത്ഥാനകാല സിനിമകളിലൂടെ ഈ മേഖലയിൽ പ്രവേശനം ലഭിക്കുകയുണ്ടായി. ലക്ഷണമൊത്ത നായകസങ്കൽപ്പങ്ങൾക്ക് പകരം ജീവിതത്തിന്റെ 'പലമ' സിനിമയിൽ കടന്നുവരാൻ ഇത് കാരണമായി. ഇത്തരത്തിൽ അന്ധനായ നായകനെ അവതരിപ്പിച്ച സാമ്പത്തിക വിജയംകൂടി കൈവരിച്ച ചിത്രമാണ് കാവ്യമേള.1965 ലെ മികച്ച മലയാള ചലച്ചിത്രത്തിനുള്ള ദേശീയപുരസ്കാരം ഈ ചിത്രം നേടുകയുണ്ടായി. ഈ ചലച്ചിത്രത്തിലെ പ്രശസ്തമായ ഗാനമാണ് വയലാർ രചിച്ച 'സ്വപ്നങ്ങൾ'എന്ന് തുടങ്ങുന്ന ഗാനം. അന്ധനും എഴുത്തുകാരനുമായ നായകന്റെ കാല്പനികമായ കാമനകളാണ് ഈ ഗാനത്തിൽ പ്രത്യക്ഷപ്പെടുന്നത്. കാഴ്ചയില്ലാത്ത നായകന്റെ കാമനയെന്നത് കാഴ്ചയുടെ മായികലോകമായി മാറുന്നു. ഈ ഗാനത്തിന്റെ സാഹിത്യഭാഷയിലെ വർണ്ണങ്ങളുടെയും

ദൃശ്യബിംബങ്ങളുടെയും ആധിക്യം ഈ നിരീക്ഷണത്തെ പിന്താങ്ങുന്നു.

> "ഏഴല്ലെഴുനൂറു വർണ്ണങ്ങളാലെത്ര
> വാർമഴവില്ലുകൾ തീർത്തു
> കണ്ണുനീർ ചാലിച്ചെഴുതുന്നു മായ്ക്കുന്നു
> വർണ്ണവിതാനങ്ങൾ നിങ്ങൾ!"

എന്ന വരികൾ ഈ കാമനകളുടെ പരകോടിയിൽ നിന്നുകൊണ്ടാണ് സംവദിക്കാൻ ശ്രമിക്കുന്നത്.

അന്ധരായ കഥാപാത്രങ്ങൾ ആലപിക്കുന്ന മട്ടിലുള്ള നിരവധിഗാനങ്ങൾ ഇതേ രീതിയിൽ മലയാളസിനിമയിൽ കടന്നുവന്നിട്ടുണ്ട്. കുപ്പിവള എന്ന സിനിമയിൽ പി ഭാസ്കരൻ രചിച്ച ഗാനമാണ് "കണ്മണി നീയെൻ കരം പിടിച്ചാൽ" എന്ന ഗാനം. ഈ ഗാനത്തിൽ അന്ധനായ കഥാപാത്രം തന്റെ പരിമിതിയെ പരിഹരിക്കുന്നത് പങ്കാളിയെ കൂട്ടുപിടിച്ചാണ്. കാണാനുള്ള കാഴ്ചകളെ അവൾ കരളിൽ പകരുന്നു എന്നാണ് പറയുന്നത്.

> കുപ്പിത്തരിവള കിലുക്കി ഞാനീ -
> ഖൽബിൽ മുട്ടിവിളിച്ചാലോ

എന്നു നായിക ചോദിക്കുന്നു. ആ ശബ്ദബിംബമാണ് നായകനെ ദൃശ്യകാമനകളുടെ സഫലീകരണത്തിലേക്ക് നയിക്കുന്നത് എന്നാണ് അടുത്തവരികൾ സൂചിപ്പിക്കുന്നത്.

> വാർമഴവില്ലിൻ വളകളണിഞ്ഞൊരു
> വസന്തമെന്തെന്നറിയും ഞാൻ.
> കിളിയൊച്ചയുമായ് നിന്നുടെ കാതിൽ
> കളിചിരി നാദം കേൾപ്പിയ്ക്കാം .

എന്നു തുടർന്നും നായിക പറയുമ്പോൾ സമാനമായ ഒരു ദൃശ്യകാമനയുടെ സാഫല്യത്തെ നായകൻ ആവർത്തിക്കുന്നു.

> സുന്ദര രാവിൽ നൃത്തം ചെയ്യും
> ചന്ദ്രികയെന്തെന്നറിയും ഞാൻ!

എന്നു മറുപടിയായി പറയുന്നു. ചന്ദ്രികയും വാർമഴവില്ലും ദൃശ്യബിംബങ്ങളാണ്. കുപ്പിത്തരിവളയുടെയും കളിചിരിയുടെയും നാദം എന്ന ശബ്ദസാധ്യതയാണ് നായകന്റെ മനസ്സിൽ ദൃശ്യബിംബങ്ങളെ ഉണർത്തുന്നത്. ഇത്തരത്തിൽ ദൃശ്യകാമനകളുടെ ആവിഷ്കാരമായി ഈ ഗാനവും മാറുന്നത് കാണാം. ഇതേ ചിത്രത്തിലെതന്നെ മറ്റൊരു ഗാനമാണ് "കാണാൻ പറ്റാത്ത കനകത്തിൽ മണിമുത്തേ" എന്ന് തുടങ്ങുന്ന ഗാനം. ഈ ഗാനത്തിലും അന്ധനായ വക്താവ് മറ്റൊരു ഇന്ദ്രിയത്തിന്റെ സാധ്യതകൊണ്ട് തനിക്കുള്ളിലെ ദൃശ്യകാമനകളെ

സഫലീകരിക്കുന്നത് കാണാവുന്നതാണ്.

> "താമരമിഴിയെന്നോ തങ്കത്തിൻ കവിളെന്നോ
> തപ്പുന്ന വിരലിനാൽ കാണട്ടെ ഞാൻ !"

എന്നാണ് വക്താവ് പറയുന്നത്. അതായത് സ്പർശം കൊണ്ട് ദൃശ്യത്തെ നിർമിക്കാൻ ശ്രമിക്കുന്നു. മുന്നത്തെ പാട്ടിൽ (കണ്മണി നീയെൻ )ശബ്ദം കൊണ്ടാണ് ദൃശ്യബിംബത്തെ പൂർത്തീകരിച്ചത് എങ്കിൽ ഇവിടെ അത് സ്പർശമായി മാറുന്നു.

ഈ മൂന്നു ഗാനങ്ങളും പരിശോധിക്കുമ്പോളും കാഴ്ചപരിമിതിയെ അഭിസംബോധന ചെയ്യുകയല്ല ഇത്തരം ഗാനങ്ങൾ ചെയ്യുന്നത് എന്ന് കാണാം. 'കാഴ്ചയില്ലായ്മയിൽ 'തെളിയുന്ന കാഴ്ചയുടെ തലത്തെ ഈ ഗാനങ്ങൾ പരിഗണിക്കുന്നില്ല. മറ്റൊരു ഇന്ദ്രിയത്തിന്റെയോ വ്യക്തിയുടെയോ സാധ്യതയിലൂടെ തങ്ങൾക്ക് നിർമ്മിക്കാനാകുന്ന ദൃശ്യകല്പനകളെയും കാമനകളെയുമാണ് ഈ ഗാനങ്ങൾ പരിചരിക്കുന്നത്. അത്തരം കല്പനകളും കാമനകളും 'സാധാരണം'എന്ന് നമ്മൾ വിവക്ഷിക്കുന്ന കാഴ്ച്ചാപരിസരങ്ങളോട് ചേർന്നു നിൽക്കുന്നവയാണ് താനും. ഡിസേബിൾഡ് വ്യക്തിയുടെ ആവിഷ്ക്കാരങ്ങൾ അതുകൊണ്ട് തന്നെ, 'സാധാരണ' (Normal) മാകാൻ ഉഴറുന്ന, സാധാരണത്വത്തെ അനുകരിക്കാൻ ശ്രമിക്കുന്ന ഒന്നിന്റെ ആവിഷ്ക്കരണം മാത്രമായി മാറുന്നു. ഡിസെബിലിറ്റി എന്ന ശാരീരികവും മാനസികവും സാമൂഹികവുമായ അവസ്ഥയോട് നീതിപുലർത്താൻ ഇത്തരം ചിത്രീകരണങ്ങൾക്ക് അതുകൊണ്ട് തന്നെ സാധിക്കുന്നുമില്ല.

മലയാളസിനിമ പതിറ്റാണ്ടുകൾക്കിപ്പുറവും സിസേബിൾഡ് വ്യക്തിയെ പൂർണ്ണതയില്ലാത്ത, അസാധാരണമായ ഒന്നായി തന്നെയാണ് പരിഗണിക്കുന്നത്. ഈ പൂർണ്ണതയും അസാധാരണത്വവും കണക്കാക്കപ്പെടുന്നത് താരതമ്യത്തിന്റെ ഭാഗമായിത്തന്നെയാണ് താനും. പൂർണ്ണനായ സാധാരണ മനുഷ്യൻ എന്ന മാനകമാണ് ഈ താരതമ്യത്തിന്റെ അടിസ്ഥാനം.പൂർണ്ണതയിൽ നിന്നുള്ള വിഛേദം എന്ന നിലയിലാണ് ഡിസെബിലിറ്റിയെ പരിഗണിക്കുന്നത്. സ്ത്രീയെ ഫ്രോയിഡ് ലിംഗമില്ലാത്ത പുരുഷൻ എന്ന് പരിഗണിച്ചതിനു സമാനമായ അപാകതയാണ് ഇത്. ഡിസെബിൾഡ് വ്യക്തികൾ വ്യതിരിക്തമായ ഒരു കർതൃത്വമായി ഇവിടെ പരിഗണിക്കപ്പെടുന്നില്ല.

അതുകൊണ്ടാണ് കാഴ്ചയുള്ളവരുടെ ദൃശ്യഭാഷയിൽ ഡിസെബിൾഡ് വ്യക്തികൾക്ക് സംസാരിക്കേണ്ടി വരുന്നത്. The language we speak, the literature we read, the architecture we inhabit were all designed by and for sighted.[4] എന്ന നിരീക്ഷണം ഇവിടെ ചേർത്തുവയ്ക്കാവുന്നതാണ്.

“കരളേ നിൻ കൈപിടിച്ചാൽ കടലോളം വെണ്ണിലാവ്” (ദേവദൂതൻ, രചന: കൈതപ്രം, സംഗീതം: വിദ്യാസാഗർ) എന്ന ഗാനത്തിന്റെ റിലീസ് നടന്നത് രണ്ടായിരത്തിലാണ്. ‘കണ്മണി നീയെൻ കരം പിടിച്ചാൽ’ എന്ന ഗാനം പിറന്നതിനു മുപ്പത്തഞ്ചു വർഷങ്ങൾക്കു ശേഷം എന്നിരിക്കിലും, സാഹിതീയകല്പനകളിലും ഭാഷയിലും ‘കണ്മണി നീയെൻ കരം പിടിച്ചാൽ’ എന്ന ഗാനത്തോട് അത് സാമ്യം പുലർത്തുന്നത് കാണാൻ സാധിക്കും. ഇവിടെയും പ്രണയത്തിന്റെ പിന്തുണയാൽ സാധാരണകാഴ്ചയിൽ എത്തിച്ചേരാനാണ് അന്ധനായ വക്താവ് അഭിലഷിക്കുന്നത്. ഉൾക്കണ്ണിന്റെ കാഴ്ച്ചയിൽ കുറുകുന്ന ഒരു ‘വെൺ പിറാവി’നെ കാണാൻ അയാൾക്ക് സാധിക്കുന്നത് അതുകൊണ്ടാണ്. തന്റെ കല്പനകളിലാണ് അയാൾ സാധാരണ കാഴ്ചയെ എത്തിപ്പിടിക്കുന്നത്. അന്ധനായ ഒരാളുടെ കാഴ്ചാനുഭവങ്ങളോട് വർണ്ണസമ്പന്നമായ ഇത്തരം ദൃശ്യംബിംബങ്ങൾക്ക് നീതിപുലർത്താനാകാത്തത് അതുകൊണ്ടാണ് (വെണ്ണിലാവ്, വെൺപിറാവ്, മഴവില്ല് എന്നിങ്ങനെ ധാരാളം ദൃശ്യബിംബങ്ങളെ ഈ ഗാനത്തിൽ കണ്ടെത്താം). ‘മിഴികളെന്തിനാണവേറെ മൃദുലമീ കരങ്ങളില്ലേ’ എന്ന് സമരസപ്പെടാനാകുന്നത് അയാളുടെ ഡിസെബിലിറ്റി കർതൃത്വത്തോട് ഈ ഗാനം നീതിപുലർത്താത്തതിനാൽ മാത്രമാണ്. ആശ്രയത്വത്തിന്റെയും കാല്പനികമായ പ്രണയത്തിന്റെയും ഭാഷകൊണ്ട് അടയാളപ്പെടുത്താൻ സാധിക്കുന്ന ഒരു മണ്ഡലമല്ല ഡിസെബിലിറ്റിയുടേത്. അതിനെ അഭിമുഖീകരിക്കാൻ നമ്മുടെ ഭാഷ അപര്യാപ്തമാണെന്ന ഈ പ്രബന്ധത്തിന്റെ വാദത്തോട് ഈ നിരീക്ഷണങ്ങൾകൂടി ചേർത്തു വയ്ക്കുന്നു.

## ഉപസംഹാരം

ഇത്തരം ആവിഷ്കാരങ്ങളെല്ലാം പരിശോധിക്കുമ്പോൾ വ്യക്തമാകുന്ന കാര്യം ഡിസെബിൾഡ് വ്യക്തികളുടെയെല്ലാം പ്രാഥമികമായ കർതൃത്വമായി കരുതപ്പെടുന്നത് അവരുടെ ഡിസെബിലിറ്റി തന്നെയാണ് എന്നതാണ്. അതായത് അവരുടെ പലവിധ കർത്തൃത്വങ്ങളിൽ പ്രാഥമികമായി പരിഗണിക്കപ്പെടുന്നത് അവരുടെ ഡിസെബിൾഡ് കർത്തൃത്വമാണ്. തൊഴിൽ, ജാതി, ലിംഗം, ദേശം, ഭാഷ എന്നിങ്ങനെയുള്ള എല്ലാ സവിശേഷതകളെയും പിന്തള്ളിക്കൊണ്ട് അയാളുടെ ഡിസെബിലിറ്റി പ്രധാന അടയാളമായി ആവിഷ്കരിക്കപ്പെടുന്നു. സിനിമയും സിനിമാഗാനങ്ങളും ഇതിൽനിന്നും ഭിന്നമല്ല.

കാവ്യമേളയിലെ നായകൻ ഒരു കവിയാണെങ്കിലും കുപ്പിവളയിലെ കഥാപാത്രം ഒരു പിതാവാണെങ്കിലും ഇവരെല്ലാം കാമുകഭാവം ഉൾകൊള്ളുന്ന കഥാപാത്രങ്ങൾ ആണെങ്കിലും, ഏതുസന്ദർഭത്തെ പൂരിപ്പിക്കാൻ ശ്രമിക്കുന്ന

ഗാനങ്ങളിലും അന്ധൻ എന്ന അവരുടെ ഡിസെബിൾഡ് കർത്തൃത്വമാണ് മുന്നിട്ട് നിൽക്കുന്നത്.

ഡേവിഡ് ടി. മിഷേലും ഷാരോൺ എസ്. സ്നൈഡറും ചേർന്നെഴുതിയ ഡിസെബിലിറ്റി ആൻഡ് ദി ഡിപെൻഡൻസീസ് ഓഫ് ഡിസ്കോർസ് എന്ന പുസ്തകത്തിൽ ശാരീരികവും മാനസികവുമായ ഡിസെബിലിറ്റിയുള്ളവരെ പുരക്ഷേപണം (forgrounding) ചെയ്ത് കാണിക്കുന്ന ദീർഘകാല പ്രവണതയെ വിശദീകരിക്കുന്നുണ്ട്[5]. അന്ധതയുള്ള ഒരു നായകനെ അവതരിപ്പിക്കുമ്പോൾ പ്രമേയം അപ്രസക്തമാവുകയും അന്ധത എന്ന ഡിസെബിലിറ്റി അവിടെ പ്രധാന പ്രമേയമായി മാറുകയും ചെയ്യുന്നു.

ഇത്തരത്തിൽ പരിശോധിക്കുമ്പോൾ ആവിഷ്കാരത്തിലും പരിഗണനയിലും സിനിമാഗാനങ്ങളിൽ പ്രത്യക്ഷപ്പെടുന്ന ഡിസെബിൾഡ് കഥാപാത്രങ്ങളുടെ പരിചരണത്തിൽ സംഭവിക്കുന്ന പാകപ്പിഴകൾ വ്യത്യസ്തതലങ്ങളിൽ കണ്ടെത്താവുന്നതാണ്. ഭാഷയുടെ പരിമിതി ആശയതലത്തിലും ആവിഷ്കാര തലത്തിലും ആ പാകപ്പിഴകൾക്ക് ആക്കം കൂട്ടുന്നു.

## ആധാരസൂചി

1. Bryce India, petherick wayne, child sexual abuse in the context of disability, child sexual abuse , academic press Inc,2020.
2. Kleege G, Blindness and visual culture ;an eye witness account, Journal of visual culture, 2005.
3. നാരായണൻ കല്പറ്റ :സ്ത്രീയില്ലാത്ത മാതൃഭൂമി, കവിതയുടെ ജീവചരിത്രം, മാതൃഭൂമി ബുക്സ്, 2017.
4. Kleege, G. Sight unseen. New Haven, CT: Yale University Press, 1999.
5. Mitchell T. David, Synder L. Sharon, Narrative prosthesis:Disability and the dependencies of discourse, The university of Michigan press, 2000.

*E. Mail :resmimambatta@gmail.com*

# ഭിന്നശേഷി : സങ്കല്പനങ്ങളും സമീപനങ്ങളും

**ഡോ.സ്റ്റാലിൻ ദാസ് പടിഞ്ഞാറെപുരക്കൽ**
**അസോസിയേറ്റ് പ്രൊഫസർ, മലയാളവിഭാഗം, ഗവ. ആർട്സ് & സയൻസ് കോളേജ്, കോഴിക്കോട്**

## പ്രബന്ധസംഗ്രഹം

ഭിന്നശേഷിപഠനമേഖലയിലെ ഏറ്റവും അടിസ്ഥാനപരമായ പ്രശ്നം ഭിന്നശേഷി എന്ന സങ്കല്പനത്തിന്റെ സങ്കീർണ്ണതയാണ്. നിർവ്വചനങ്ങൾക്കും വിശദീകരണങ്ങൾക്കും അനായാസം വഴങ്ങുന്ന ഒന്നല്ല ഭിന്നശേഷിയെക്കുറിച്ചുള്ള വിവിധങ്ങളായ കാഴ്ചപ്പാടുകൾ. ഭിന്നശേഷിയെ കൃത്യമായി നിർവ്വചിക്കാനുള്ള ശ്രമങ്ങൾ വൈദ്യശാസ്ത്രമാതൃക (Medical model),സാമൂഹികമാതൃക (Social model) എന്നീ സുപ്രധാനമായ രണ്ടു സമീപനങ്ങളെ രൂപപ്പെടുത്തിയിട്ടുണ്ട്. ഒരു സാമൂഹികനിർമ്മിതിയെന്ന നിലയിൽ ഭിന്നശേഷിയെ ചരിത്രപരമായി സമീപിക്കുകയും ഭിന്നശേഷി പഠനമേഖലകളിൽ ഉപയോഗിക്കപ്പെടുന്ന പ്രധാനസമീപനങ്ങളെ പരിചയപ്പെടുത്തുകയുമാണ് പ്രബന്ധം ലക്ഷ്യമിടുന്നത്.

**താക്കോൽവാക്കുകൾ:** വൈകല്യം - ഭിന്നശേഷി - വൈദ്യശാസ്ത്രമാതൃക - സാമൂഹികമാതൃക -നിർവചനം

സമൂഹമെന്ന ബൃഹദ്സംഘാതത്തിലെ അംഗമായി ഓരോ വ്യക്തിയും പരിണമിക്കുന്നതിനു പിന്നിൽ സാമൂഹികമായ വിവിധ പരിഗണനകൾ നിർണ്ണായകമാവുന്നുണ്ട്. വ്യക്തിയുടെ സാമൂഹികമൂല്യം സമൂഹാംഗമായി മാറുന്നതിൽ സുപ്രധാനമായ പങ്കുവഹിക്കുന്ന ഒന്നാണ്. സമൂഹത്തിൽ വ്യക്തിയുടെ സ്ഥാനം നിർണ്ണയിക്കുന്ന ജാതി, മതം, ലിംഗപദവി, സാമ്പത്തികനില, വർഗ്ഗം എന്നിവയെപ്പോലെ നിർണ്ണായകമാണ് ശാരീരിക-മാനസികനില.സമൂഹങ്ങൾതോറും

പരമ്പരാഗതമായി അംഗീകരിക്കപ്പെട്ട ശാരീരിക-മാനസിക മാനദണ്ഡങ്ങളിൽനിന്നു ഭിന്നമായ ശരീര-മനോനിലകൾ ഭിന്നശേഷി കർതൃത്വങ്ങളെ പൊതുസമൂഹത്തിൽനിന്ന് പാർശ്വവല്ക്കരിക്കുന്നതിനിടയാക്കുന്നു. ബൗദ്ധികശേഷികളുടെയും ശാരീരിക യോഗ്യതകളുടെയും സാങ്കല്പിക ഉദാത്താവസ്ഥകൾ സമൂഹങ്ങൾ തോറും വിഭിന്നങ്ങളായ രീതിയിൽ നിലനിൽക്കുന്നുണ്ട്. നൂറ്റാണ്ടുകൾകൊണ്ട് ഉരുവം കൊണ്ട അത്തരം സങ്കല്പങ്ങൾക്കനുയോജ്യമായ തലത്തിലേക്ക് പ്രവേശനം ലഭിക്കാത്ത ഭിന്നശേഷി വിഭാഗക്കാരുടെ സാമൂഹികമൂല്യം ഏറ്റവും താഴെയുള്ള സാമൂഹികശ്രേണിയിലാണ് അടയാളപ്പെടുന്നത്.

വൈകല്യം-വികലാംഗർ തുടങ്ങി ഏറെക്കാലം ഉപയോഗത്തിലുണ്ടായിരുന്ന സംജ്ഞകൾ പോലും സാമൂഹികമായ മുൻധാരണകളെയും വിവേചനബോധത്തെയും ഉൾവഹിക്കുന്നതായി കാണാം. ശാരീരിക-മാനസിക ശേഷിയുമായി ബന്ധപ്പെട്ട നിർവ്വചിക്കപ്പെട്ട കൃത്രിമമായ ഉദാത്തസങ്കല്പങ്ങളിൽ നിന്ന് ഭിന്നരായവരെ സ്ഥാനപ്പെടുത്താൻ ഭിന്നശേഷിയുള്ളവർ എന്ന പ്രയോഗം സാധൂകരിക്കപ്പെട്ടു തുടങ്ങിയത് വൈകല്യം - വികലാംഗർ തുടങ്ങിയ പ്രയോഗങ്ങളുടെ വിവേചനാധിഷ്ഠിതമായ സാമൂഹിക - സാംസ്കാരിക തലങ്ങളെ തിരിച്ചറിഞ്ഞു തുടങ്ങിയതിനാലാണ്.

ശാരീരികവും ബുദ്ധിപരവുമായ വെല്ലുവിളികൾ അനുഭവിക്കുന്ന വിഭാഗത്തെയാണ് ഭിന്നശേഷിക്കാരായി വിവക്ഷിക്കുന്നത്. സാമൂഹികസമ്മതിയുള്ള സാങ്കല്പിക ഉദാത്താവസ്ഥ ശരീരത്തിനും ബുദ്ധിക്കും ശേഷിയുള്ളവരെ സ്വാഭാവികമനുഷ്യരായും അപരന്മാരെ അസ്വാഭാവികരായും ചാപ്പയടിക്കുന്ന മനുഷ്യവിരുദ്ധത ശാരീരികവൈകല്യം (Disability) എന്ന പ്രയോഗത്തിനുള്ളതിനാൽ ഭിന്നശേഷി (Differently abled) എന്ന നൈതികതയുള്ള പ്രയോഗമാണ് പുതിയ കാലത്ത് ഭിന്നശേഷി അനുഭവങ്ങളെ സൂചിപ്പിക്കുവാൻ ഉപയോഗിച്ചു വരുന്നത്.

ഭിന്നശേഷികളെ അഞ്ചു വിഭാഗമായി ഇന്ത്യൻ സർക്കാർ ഔദ്യോഗികമായി വിഭജിച്ചിട്ടുണ്ട് (R.S. Pandey, Lal Advani: 1995: 15). ഈ വിഭജനപ്രകാരം കാഴ്ച, ശ്രവണ -സംസാരം,ചലനശേഷി, മാനസികശേഷി, നാഡീസംബന്ധം എന്നിങ്ങനെ അഞ്ചു മേഖലകളിൽ വ്യക്തികൾക്ക് അനുഭവപ്പെടുന്ന പരിമിതികളെയോ അഭാവങ്ങളെയോ ആണ് ഇന്ത്യൻ സർക്കാർ ഔദ്യോഗികമായി ഭിന്നശേഷി അനുഭവങ്ങളായി അംഗീകരിക്കുന്നുള്ളൂ. എന്നാൽ സർക്കാർ നിശ്ചയിച്ച ഈ പട്ടികയ്ക്കു പുറത്തും ധാരാളം ഭിന്നശേഷി അനുഭവങ്ങളുണ്ട്. താഴ്ന്ന കാഴ്ചാശേഷി (Low vision), പഠന വൈകല്യങ്ങൾ (Learning disabilities)

എന്നിവയൊക്കെ അത്തരത്തിൽ പെട്ടവയാണ്. ഭിന്നശേഷികളെന്നെ നിലയിൽ കാലങ്ങളായി സമൂഹം പരിഗണിക്കുന്ന അന്ധത, ബധിരത, മൂകത,ചലനശേഷിപ്രശ്നങ്ങൾ എന്നിവയോടൊപ്പം ഇതര വിഭാഗങ്ങളുംകൂടി ചേരുന്നതോടെ അത്യന്തം ബൃഹത്തും സങ്കീർണ്ണവുമായി ഭിന്നശേഷി - വൈകല്യപരികല്പനകൾ പരിണമിക്കുന്നു.

ശാസ്ത്രപഠനങ്ങളിലും മാനവികപഠനശാഖകളിലും ഭിന്നശേഷിയുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾ സജീവമായിക്കൊണ്ടിരിക്കുന്ന കാലമാണിത്. ശരീരവുമായും ബൗദ്ധികശേഷിയുമായും ബന്ധപ്പെട്ട ഒരവസ്ഥാവിശേഷം എന്ന നിലയിൽമാത്രം ഭിന്നശേഷിയെ കാണാൻ കഴിയാത്ത അവസ്ഥ വന്നിരിക്കുന്നു. രോഗം, ആരോഗ്യം, ഭിന്നശേഷി, ബലഹീനതകൾ തുടങ്ങിയ ശാരീരികവും മാനസികവുമായ സവിശേഷാവസ്ഥകളെ വ്യത്യസ്തങ്ങളായ ജ്ഞാനശാസ്ത്രസമീപനങ്ങളാൽ മനസ്സിലാക്കാനാവുന്നതാണ്. ശരീരത്തെക്കുറിച്ചുള്ള അംഗീകൃതമായ സാമൂഹികധാരണകൾ രൂപപ്പെടുത്തുന്നതിൽ മതം പോലുള്ള സാമൂഹികനിർമ്മിതികളോളം തന്നെ പ്രാധാന്യം ആധുനിക വൈദ്യശാസ്ത്രം, സാമൂഹികശാസ്ത്രം, മന:ശാസ്ത്രം, ജീവശാസ്ത്രം തുടങ്ങിയ വൈജ്ഞാനികമണ്ഡലങ്ങൾക്കുമുണ്ട്. ശരീരത്തിന്റേയും ബൗദ്ധികശേഷിയുടെയും അംഗീകൃതനിലയെക്കുറിച്ചുള്ള സങ്കല്പനങ്ങളും ഭിന്നശേഷിയെക്കുറിച്ചുള്ള കാഴ്ചപ്പാടുകളും ഉരുവം കൊള്ളുന്നതിനു പിന്നിൽ അങ്ങേയറ്റം വൈവിധ്യപൂർണ്ണമായ സാമൂഹികബലങ്ങൾ പ്രവർത്തിക്കുന്നതു കാണാം. ലിംഗപദവി, ജാതി, മതം, വർണ്ണം, വർഗ്ഗം, തൊഴിൽ, ദേശം തുടങ്ങിയ പശ്ചാത്തലങ്ങൾ ആരോഗ്യം, രോഗം, ഭിന്നശേഷി തുടങ്ങിയ അവസ്ഥകളെക്കുറിച്ചുള്ള പൊതുബോധത്തെ നിർമ്മിക്കുന്നതിൽ സാരമായ പങ്കുവഹിക്കുന്നുണ്ട്.

ദേശഭേദങ്ങൾക്കനുസൃതമായി സാംസ്കാരികമായും സാമ്പത്തികമായും രൂപപ്പെടുന്ന ആചാരവിശ്വാസങ്ങളുടെ ഉല്പന്നം കൂടിയാണ് ഭിന്നശേഷിയനുഭവങ്ങൾ. സാമൂഹികവിശ്വാസങ്ങളും ആചാരാനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ട സാമൂഹികപ്രയോഗങ്ങളുമാണ് ഭിന്നശേഷി വ്യക്തിത്വങ്ങളെ പാർശ്വവത്കരിക്കുന്നതിന് ഇടയാക്കുന്നത്. പ്രാചീന മെസപ്പൊട്ടോമിയയിൽ വ്യതിരിക്ത ശരീരത്തോടെ ജനിച്ചു വീഴുന്ന കുഞ്ഞുങ്ങൾ ആപത്തു വരുത്തിവെക്കുമെന്ന വിശ്വാസം പൊതുവെ ഉണ്ടായിരുന്നു. പ്രാചീന സുമേറിയയിലെ ക്യൂണിഫോം രേഖകളിലാണ് ഇത്തരത്തിലുള്ള വിശ്വാസങ്ങൾ മുദ്രിതമായിരിക്കുന്നത്. "രാജകൊട്ടാരത്തിലെ ഒരു വനിത ബധിര ശിശുവിന് ജന്മം നൽകിയാൽ രാജാവിന്റെ അധികാരം നഷ്ടമാകുമെന്നും ഒരു വീട്ടിൽ കുള്ളന്റെ ജനനം

നടന്നാൽ ആ വീട് തകർന്നു പോവുമെന്നും മുടന്തന് ജന്മം നൽകുന്ന ഗൃഹത്തിലെ നാഥൻ ദുഃഖമനുഭവിക്കേണ്ടി വരും (Leichty Eric 2006: 88) എന്നും മറ്റുമുള്ള വിശ്വാസങ്ങൾ ഭിന്നശേഷിയനുഭവങ്ങൾക്കുമേൽ ആരോപിക്കപ്പെടുന്ന പാപം,തിന്മ തുടങ്ങിയ മൂല്യസങ്കല്പങ്ങളുമായി ബന്ധപ്പെടുത്തി ചർച്ച ചെയ്യേണ്ടതാണ്. പുണ്യപാപങ്ങളെക്കുറിച്ചുള്ള സാമ്പ്രദായിക ധാരണകളിൽ നിന്നാണ് ഇത്തരം വിശ്വാസങ്ങൾ രൂപം കൊള്ളുന്നത്. പാപകർമ്മങ്ങൾ ചെയ്ത വ്യക്തികളുടെ തിന്മയുടെ പ്രതിഫലമായി ഭിന്നശേഷിയനുഭവങ്ങളെ മതങ്ങൾ പൊതുവെ പരിഗണിക്കുന്നതു കാണാം.

ആദ്യകാലറോമിൽ ശാരീരികമായ വ്യതിയാനങ്ങളോടെയുള്ള കുഞ്ഞു ജനിച്ചാൽ അയൽക്കാരായ അഞ്ചു പേരെ കാണിച്ച് അവരെ കുഞ്ഞിന്റെ വ്യത്യസ്താവസ്ഥ ബോധ്യപ്പെടുത്തിയ ശേഷം കൊന്നുകളയാൻ കുഞ്ഞിന്റെ പിതാവിന് അധികാരമുണ്ടായിരുന്നു (Canon Robert 1911: 27). ഭിന്നശേഷി വ്യക്തിത്വങ്ങളെ അപൂർണ്ണതയുടെയും പാപത്തിന്റെയും തിന്മയുടെയും പൈശാചികതയുടെയും പ്രതീകമായി കാണുകയും സുഗമമായ സാമൂഹികക്രമത്തിന് തടസ്സമാകുന്ന സങ്കീർണ്ണപ്രതിഭാസമായി വിലയിരുത്തുകയും ചെയ്യുക പതിവാണ്. ഇത്തരം തീർപ്പുകളുടെ അടിസ്ഥാനത്തിൽ ഭിന്നശേഷിയെ സംബന്ധിച്ച നിഷേധാത്മകമായ വിശ്വാസങ്ങൾ വിവിധ ദേശങ്ങളിൽ രൂപം കൊള്ളുകയും പുണ്യ-പാപ-കർമ്മ സിദ്ധാന്തങ്ങൾ ആവിർഭവിക്കുകയും വ്യാപിക്കുകയും ചെയ്യുന്നു.

മനുസ്മൃതിയിൽ സ്വത്തവകാശം കൈമാറുന്നതുമായി ബന്ധപ്പെട്ട് ഭിന്ന ശാരീരികപ്രകൃതിയുള്ളയാൾ സ്വത്തവകാശത്തിന് അർഹനല്ലെന്ന് വിധിയുണ്ട്. “ഷണ്ഡൻമാരും അധഃകൃതരും അന്ധത, ബധിരത, ഭ്രാന്ത്, മൂകത, ബുദ്ധി വൈകല്യം എന്നിവ ബാധിച്ചവരും സ്വത്തിനർഹരല്ല.” (Wendy Doniger 1991: 220) എന്ന മനുവിന്റെ വാദം ഭിന്നശേഷിയനുഭവങ്ങളെ സാമ്പത്തിക ഘടകങ്ങളുമായി ബന്ധപ്പെടുത്തി രൂപപ്പെടുത്തിയ വിവേചനങ്ങളെയാണ് പ്രതിഫലിപ്പിക്കുന്നത്. മതവും ഭരണകൂടവും സാമൂഹികസ്ഥാപനങ്ങളും ഒന്നായി ചേർന്നുകൊണ്ട് വ്യക്തികൾക്കുമേൽ നടത്തുന്ന പുറംതള്ളൽ പ്രക്രിയയുടെ സൂക്ഷ്മ സ്വഭാവമാണ് ഇവിടെ വെളിവാകുന്നത്.

ശേഷി/ഭിന്നശേഷി എന്നീ സങ്കല്പങ്ങളെ വേർതിരിക്കുക ആയാസകരമാണ്. ശാരീരികവും ബൗദ്ധികവുമായ ശേഷികൾക്ക് എല്ലാ സമൂഹങ്ങളിലും സാങ്കല്പികമായ നിലവാരസൂചിക സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ഈ സാങ്കല്പികനിലവാരത്തിൽനിന്ന് വ്യതിചലിക്കുന്ന ജീവിതാവസ്ഥകളുള്ളവരെയാണ് സമൂഹം ഭിന്നശേഷി കർതൃത്വങ്ങളായി പരിഗണിക്കുന്നത്. വ്യത്യസ്ത സമൂഹങ്ങളും

സംസ്കാരങ്ങളും വേറിട്ട മാനദണ്ഡങ്ങൾ ഉപയോഗിച്ചായിരിക്കും ഭിന്നശേഷിയെ നിർവ്വചിക്കുന്നത്. ഇങ്ങനെ വരുമ്പോൾ നിർവ്വചിക്കുവാൻ പ്രയാസകരവും സങ്കീർണ്ണവും ബഹുമുഖവുമായ സങ്കല്പനമായി ഭിന്നശേഷിയവസ്ഥ പരിണമിക്കുന്നു.

ഒരു സമൂഹത്തിൽ സാധാരണം (Normal) എന്നു കരുതപ്പെടുന്ന ഒരു കാര്യം/ അവസ്ഥ മറ്റൊരു സമൂഹത്തിൽ അസാധാരണം (Abnormal) ആയി പരിഗണിക്കപ്പെട്ടേക്കാം. വ്യക്തിയുടെ ശാരീരിക ബൗദ്ധിക വ്യതിയാനങ്ങളെ അപൂർണ്ണമെന്നും അസ്വാഭാവികമെന്നും സമൂഹം വിലയിരുത്തുന്നത് അതത് സമൂഹത്തിന് ശരീരത്തേയും ബൗദ്ധികശേഷിയേയും കുറിച്ചുള്ള തീർപ്പുകളുടെ പുറത്താണ്. ഓരോ സമൂഹവും ശരീരത്തേയും ബൗദ്ധികശേഷിയേയും സംബന്ധിച്ച സ്വാഭാവികം/അസ്വാഭാവികം എന്ന ദ്വന്ദ്വങ്ങളിൽ ഏതെങ്കിലും ഒന്നിൽ എത്തിച്ചേരുന്നത് ഇപ്രകാരം മുൻകൂട്ടി നിർണ്ണയിക്കപ്പെട്ട സാമൂഹികനിലപാടുകൾക്കനുസൃതമായാണ്. സാമൂഹികവും സാംസ്കാരികവുമായ താല്പര്യങ്ങളുടെ വൈജാത്യങ്ങൾ ഭിന്നശേഷികളെക്കുറിച്ചുള്ള വ്യത്യസ്ത നിലപാടുകൾ വിവിധ സമൂഹങ്ങൾക്കിടയിൽ രൂപപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യൻ പൊതുസമൂഹത്തിൽ പരമ്പരാഗതമായി ഭിന്നശേഷി സവിശേഷതകളായി പരിഗണിക്കപ്പെടാത്ത താഴ്ന്ന കാഴ്ചശേഷി, പഠനവൈകല്യങ്ങൾ, അപസ്മാരം (Epilepsy), നാഡീരോഗജന്യമായ വൈകാരിക വിലക്ഷണപ്രശ്നങ്ങൾ (Neuro based emotional disturbance) എന്നിവയൊക്കെ പല പടിഞ്ഞാറൻ രാജ്യങ്ങളിലും ഭിന്നശേഷികളായി പരിഗണിക്കപ്പെടുകയും ഭിന്നശേഷിവ്യക്തിത്വങ്ങൾക്കുള്ള സാമൂഹിക സുരക്ഷാപദ്ധതികളുടെ ഗുണഫലങ്ങൾ അനുഭവിക്കുകയും ചെയ്യുന്നുണ്ട്. (ആർ. എസ്. പാണ്ഡെ & ലാൽ അഡ്വാനി 1995: 15) ഭിന്നശേഷി എന്ന സങ്കല്പനത്തെ രൂപപ്പെടുത്തുന്നതിൽ വ്യത്യസ്ത സമൂഹങ്ങൾക്കുള്ള വ്യതിരിക്തവും നിർണ്ണായകവുമായ സ്വാധീനത്തെ വെളിപ്പെടുത്തുന്ന അറിവാണിത്. സാമൂഹികമായ നിർമ്മിതിയാണ് ഭിന്നശേഷി എന്ന് തിരിച്ചറിയപ്പെടുന്ന സന്ദർഭം. ശാരീരികവും ബൗദ്ധികവുമായ സവിശേഷാവസ്ഥകളെക്കുറിച്ചുള്ള സാമൂഹികധാരണകൾ രൂപപ്പെടുന്നത് എങ്ങനെയെന്ന് അന്വേഷിക്കുന്നത് ഭിന്നശേഷിയുമായി ബന്ധപ്പെട്ട സാമൂഹികധാരണകളുടെ നിർമ്മിതിയും ഊന്നലുകളും ചരിത്രപരമായി തിരിച്ചറിയാൻ സഹായകരമാവും.

സാമൂഹികഘടനയുടെ സ്വഭാവമനുസരിച്ച് വ്യക്തികളിൽ നിക്ഷിപ്തമായിട്ടുള്ള കർത്തവ്യം നിറവേറ്റാനുള്ള ശേഷിയാണ് ആരോഗ്യം. "ഒരു വ്യക്തിയെ അയാളുടെ പ്രധാന ജീവിതവൃത്തികളിൽ നിന്ന് ഏതെങ്കിലും ശാരീരികവും ബുദ്ധിപരവുമായ ദൗർബല്യങ്ങൾ/അഭാവങ്ങൾ പരിമിതപ്പെടുത്തുന്നുവെങ്കിൽ

അയാൾക്ക് ഭിന്നശേഷിയുള്ളതായി കണക്കാക്കാം" (ബെന്നറ്റ് ടോണി 2005: 87) എന്ന നിർവ്വചനം ഭിന്നശേഷിയെക്കുറിച്ചുള്ള വൈദ്യശാസ്ത്രവിചാരങ്ങളെ അഭിസംബോധന ചെയ്യുന്ന ഒന്നാണ്.

സാധാരണയായി ശാരീരികമായോ ബുദ്ധിപരമായോ ഉണ്ടാകുന്ന ഏതെങ്കിലും ശേഷിക്കുറവിനെയോ അഭാവത്തെയോ ആണ് ഭിന്നശേഷി എന്ന് അടയാളപ്പെടുത്താറുള്ളത്. ലളിതമായി ഇങ്ങനെ പറയാമെങ്കിലും ഭിന്നശേഷി എന്ന സാങ്കേതികസംജ്ഞയുടെ ആഴങ്ങൾ വ്യക്തമാക്കുന്ന നിർവ്വചനങ്ങൾ വളരെയുണ്ട്. 'പെഴ്സ്പക്ടീവ് ഇൻ ഡിസ്എബിലിറ്റി ആൻഡ് റീ ഹാബിലിറ്റേഷൻ' എന്ന ഗ്രന്ഥത്തിൽ ഭിന്നശേഷിയെ ഇങ്ങനെ നിർവ്വചിച്ചു കാണുന്നു: "ഏതെങ്കിലും വിധത്തിലുള്ള അസുഖങ്ങളാലോ അപകടത്താലോ ജനിതക തകരാറുകളാലോ താല്ക്കാലികമായോ സ്ഥിരമായോ മനുഷ്യശേഷി (Ability) കൾക്ക് സംഭവിക്കുന്ന അഭാവത്തെയോ പരിമിതിയെയോ വൈകല്യമെന്നു വിളിക്കാം (ആർ.എസ്. പാണ്ഡെ & ലാൽ അഡ്വാനി 1995: 11). ഭിന്നശേഷിയെ വൈദ്യശാസ്ത്രവുമായി ബന്ധപ്പെട്ട ശാരീരികമായ ഒരു ന്യൂനതയായാണ് ഈ നിർവ്വചനം കാണുന്നത്. മനുഷ്യശേഷികളുടെ വ്യതിയാന കാരണം ശരീരാധിഷ്ഠിതമാണെന്ന നിലപാടാണ് ഇവിടെയുള്ളത്.

യഥാർത്ഥത്തിൽ എല്ലാ മനുഷ്യരും ശേഷികളുടെ കാര്യത്തിൽ വ്യത്യസ്തരാണ്. ഓരോരുത്തർക്കും ശാരീരിക- ബൗദ്ധിക ശേഷികൾ ഭിന്നമാണ്. ശാരീരിക- ബൗദ്ധിക പൂർണ്ണത എന്നത് ഒരു സങ്കല്പം മാത്രമാണ്. എല്ലാവർക്കും ശാരീരികവും ബുദ്ധിപരവുമായ പരിമിതികളുണ്ട്. ഈയർത്ഥത്തിൽ എല്ലാവരും ഭിന്നശേഷിക്കാരാണെന്നു കാണാം.

ഇന്ത്യയിൽ ഭിന്നശേഷിക്കാരുടെ എണ്ണവും തരവും കണ്ടെത്താൻ സഹായകരമായ രണ്ട് സ്രോതസ്സുകളാണ് സെൻസസ് റിപ്പോർട്ടും നാഷണൽ സാമ്പിൾ സർവേ റിപ്പോർട്ടും (NSS ). എൻ.എസ്.എസ്. പതിനൊന്നു വർഷം കൂടുമ്പോഴാണ് ഭിന്നശേഷി സർവ്വേ നടത്തുന്നത്. ഈ സർവ്വേകൾക്കായി ഔദ്യോഗികമായി തയ്യാർ ചെയ്ത ഭിന്നശേഷി നിർവ്വചനങ്ങൾ ഉപയോഗിക്കാറുണ്ട്. എൻ.എസ്.എസിന്റെ അൻപത്തി എട്ടാമത് സർവ്വേ 2002-ൽ നടന്നപ്പോൾ ഉപയോഗിച്ച ഭിന്നശേഷി നിർവ്വചനം ഇപ്രകാരമാണ്, "സാധാരണ വ്യക്തിയായി പരിഗണിക്കപ്പെടുന്ന ഒരാൾക്ക് ചെയ്യാൻ കഴിയുന്ന പ്രവൃത്തികളിൽ നിന്നും ഒരാളെ തടയുന്ന ശാരീരിക പരിമിതിക്കോ അഭാവത്തിനോ വൈകല്യം എന്നു പറയാം (സോഫി മിത്ര & ഉഷ സാംബമൂർത്തി 2006: 38). ഔദ്യോഗികമായ ഈ ഭിന്നശേഷി നിർവ്വചനപരിധിക്കകത്തുള്ളവരാണ് 2002 ലെ സർവ്വേയിൽ ഭിന്നശേഷിക്കാരായി കണക്കാക്കപ്പെട്ടത്. ഭിന്നശേഷിയെ

ശാരീരികശേഷിയുമായി മാത്രം ബന്ധപ്പെടുത്തിയാണ് ഈ നിർവ്വചനം എന്നത് ശ്രദ്ധേയമാണ്. ശരീരശേഷി–പ്രവർത്തിക്കാനുള്ള ശേഷി ഇവക്കാണിവിടെ ഊന്നൽ ലഭിക്കുന്നത്.

ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലി 1992 ഡിസംബർ മൂന്നിന് ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടി ഭിന്നശേഷി അവകാശ ബിൽ പാസാക്കുകയുണ്ടായി. പ്രസ്തുത ബില്ലിൽ ഭിന്നശേഷിയെ വളരെ ലളിതവും പ്രസക്തവുമായി നിർവ്വചിച്ചിരിക്കുന്നു. "സവിശേഷമായ ഒരു അഭാവമോ പരിമിതിയോ മൂലം സമൂഹത്തിലെ മറ്റുള്ളവർ അനുഭവിക്കുന്ന അവസരങ്ങളിൽ നിന്ന് ഭിന്നകർതൃത്വങ്ങളെ തടയുന്ന അവസ്ഥയെയാണ് വൈകല്യം എന്നു പറയുന്നത്" (Bill of the rights of disabled 1992: 33). ഭിന്നശേഷീതന്മകളെ സാമൂഹികമായ തലത്തിൽനിന്നു നോക്കി കാണുന്ന ഒരു നിർവ്വചനമാണ് ഐക്യരാഷ്ട്രസഭ കൈക്കൊണ്ടിരിക്കുന്നത്. അവസരങ്ങൾ അനുഭവിക്കുന്നതിൽ മറ്റുള്ളവരുമായി താരതമ്യപ്പെടുത്തുമ്പോഴുള്ള തടസ്സവും പരിമിതിയും ഭിന്നശേഷിയെ സാമൂഹികപ്രശ്നമായി പരിഗണിക്കുവാൻ കാരണമാകുന്നു.

ഭിന്നശേഷി പഠനരംഗത്തെ പ്രമുഖനായ സാഡ് നാഗിയുടെ നിർവ്വചനം ശ്രദ്ധേയമാണ്, "ഒരു സവിശേഷ സാമൂഹിക സാഹചര്യത്തിനകത്തുള്ള വ്യക്തിയിൽ നിന്ന് പ്രതീക്ഷിക്കാവുന്ന പ്രവൃത്തി, കടമ എന്നിവ വേണ്ടവിധം പ്രകടിപ്പിക്കാൻ കഴിവില്ലാതെയാക്കുന്ന പരിമിതിക്കോ അശക്തിക്കോ വൈകല്യം എന്നു പറയാം" (സാഡ് എസ്. നാഗി 1981: 33) എന്നാണ് നാഗിയുടെ നിർവചനം. ഭിന്നശേഷിജീവിതം ഒരു സവിശേഷ മൂല്യവ്യവസ്ഥ പ്രതീക്ഷിക്കുന്ന പ്രവർത്തനങ്ങൾ ചെയ്യുന്നതിൽ നിന്ന് ഒരാളെ തടസ്സപ്പെടുത്തുന്ന അനുഭവമായി മാറുകയാണെന്നാണ് നാഗി പറയുന്നത്.ശാരീരികമായ പരിമിതി എന്നതിനേക്കാൾ സാമൂഹികമായ തടസ്സങ്ങൾ സൃഷ്ടിക്കുന്ന പരിമിതി എന്ന നിലയിലാണ് നാഗി ഭിന്നശേഷിയെ വീക്ഷിക്കുന്നതെന്നു കാണാം.

മേൽ ഉദ്ധരിച്ചിരിക്കുന്ന നിർവ്വചനങ്ങളിൽ നിന്ന് ഭിന്നശേഷി എന്ന വ്യവഹാരത്തെ നിർവ്വചിക്കുന്നതിൽ വ്യത്യസ്ത മാതൃകകളുടെ സമീപനങ്ങൾ കാണാം. ഭിന്നശേഷിയെ കൃത്യമായി നിർവ്വചിക്കാനുള്ള ശ്രമങ്ങൾ വ്യത്യസ്ത നിർവ്വചന മാതൃകകളെ രൂപപ്പെടുത്തിയിട്ടുണ്ട്. വൈദ്യശാസ്ത്ര മാതൃക (Medical model), സാമൂഹിക മാതൃക (Social model), എന്നിവയാണ് പ്രധാന നിർവ്വചന മാതൃകകൾ. സദാചാര മാതൃക (Moral model), വിദ്യാഭ്യാസ മാതൃക (Educational model), തൊഴിൽ മാതൃക (Labour model), സാമ്പത്തിക മാതൃക

(Economic model) തുടങ്ങിയ നിർവ്വചന മാതൃകകൾ നിലവിലുണ്ടെങ്കിലും ഭിന്നശേഷി പഠനങ്ങളിൽ പൊതുവെ പരിഗണിക്കപ്പെട്ടു വരുന്നത് വൈദ്യശാസ്ത്ര മാതൃകയും സാമൂഹിക മാതൃകയുമാണ്. ഭിന്നശേഷിയെ നിർവ്വചിക്കുകയും വിലയിരുത്തുകയും ചെയ്യുന്നതിൽ വിഭിന്നങ്ങളായ കാഴ്ചപ്പാടുകളാണ് ഈ രണ്ട് മാതൃകകൾ അവതരിപ്പിക്കുന്നത്.

### വൈദ്യശാസ്ത്രമാതൃക

വൈദ്യശാസ്ത്രമാതൃകയനുസരിച്ചുള്ള ഭിന്നശേഷി നിർവ്വചനങ്ങൾ പ്രകാരം ഭിന്നശേഷി രോഗം മൂലമോ ശാരീരിക അവശത മൂലമോ പരിക്കുമൂലമോ ഉണ്ടാകുന്ന ശരീരാധിഷ്ഠിതമായ അവസ്ഥയാണ്. ശാരീരികപ്രവർത്തനങ്ങളുടെ ശേഷിയുടെ കാര്യത്തിൽ വൈദ്യശാസ്ത്രമാതൃക ഊന്നൽ നൽകുകയും ചികിൽസയും പരിചരണവും വഴി ശാരീരികഭ്രംശങ്ങൾ ചികിൽസാവിധികളുടെ സഹായത്തോടെ പരിഹരിക്കാനാവും എന്നു കരുതുകയും ചെയ്യുന്നു. ഭിന്നശേഷി വ്യക്തിത്വം രൂപപ്പെടുവാനുള്ള കാരണങ്ങളെ വൈദ്യശാസ്ത്രദൃഷ്ടിയിലൂടെ കണ്ടെത്തി ചികിത്സാവിധികളുടെ സഹായത്തോടെ പ്രശ്നാവസ്ഥയെ പരിഹരിക്കുകയാണ് ഈ മാതൃകയുടെ പ്രവർത്തനരീതി. ഭിന്നശേഷി അവസ്ഥകളെ കേവലം വൈദ്യശാസ്ത്രപ്രശ്നമായി മാത്രം കാണുന്ന ഈ മാതൃക ശാരീരിക ഭ്രംശങ്ങളേയും ബൗദ്ധികശേഷി വ്യതിയാനങ്ങളേയും ശരീരത്തേയും ബാധിക്കുന്ന രോഗങ്ങളായാണ് പരിഗണിക്കുന്നത്. ഭിന്നശേഷീതന്മകൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനേക്കാൾ ഭിന്നശേഷിയെ നിർണ്ണയിക്കുന്നതിനും ചികിത്സിക്കുന്നതിനുമാണ് വൈദ്യശാസ്ത്രമാതൃക ശ്രദ്ധിക്കുന്നത്. ശാരീരിക- ബൗദ്ധിക വ്യതിയാനങ്ങൾ സൃഷ്ടിക്കുന്ന ഫലങ്ങളെക്കാൾ അവയുടെ കാരണങ്ങളിലാണ് ഈ മാതൃക ഊന്നുന്നത് (AItman B M 2001 : 36 )

### സാമൂഹ്യമാതൃക

സാമൂഹ്യമാതൃക ഭിന്നശേഷിയനുഭവങ്ങൾ പൂർണ്ണമായും സാമൂഹ്യനിർമ്മിതിയായി (Social construct) കാണുകയും മനുഷ്യാവകാശപ്രശ്നമായി മനസ്സിലാക്കുകയും ചെയ്യുന്നു. ഈ സവിശേഷമാതൃക ഒരാളുടെ സാമൂഹികനിലവാരത്തെ അസന്തുലിതപ്പെടുത്തുന്ന ശാരീരിക-ബൗദ്ധികശേഷിയുടെ വ്യതിരിക്തതയെയാണ് ഭിന്നശേഷിയായി മനസ്സിലാക്കുന്നത്. ഈ സവിശേഷ വ്യതിരിക്തത മൂലം വ്യക്തിക്ക് മറ്റുള്ളവരെപ്പോലെ സമൂഹത്തിൽ ഇടപെടൽശേഷി കൈവരിക്കാൻ സാധ്യതയില്ലാതാകുകയോ പരിമിതപ്പെടുകയോ ചെയ്യുന്നു. വ്യക്തിയുടെ ആവശ്യങ്ങളേയും അവകാശങ്ങളേയും സംരക്ഷിക്കുന്നതിൽ സമൂഹത്തിനു

നേരിട്ട പരാജയമാണ് ഭിന്നശേഷിയവസ്ഥ സൃഷ്ടിക്കുന്നതെന്നാണ് സാമൂഹ്യമാതൃകയുടെ നിലപാട്. ഭിന്നശേഷിയെക്കുറിച്ചുള്ള സാമൂഹ്യമാതൃക പ്രകാരമുള്ള ശ്രദ്ധേയമായ വിലയിരുത്തൽ ഇങ്ങനെയാണ്, " മനുഷ്യനും അവന്റെ പരിതഃസ്ഥിതിയും തമ്മിലുള്ള ചലനാത്മകമായ പരസ്പരവ്യവഹാരത്തിന്റെ ഉല്പന്നമായി വൈകല്യത്തെ കാണുമ്പോൾ സമൂഹം, സംസ്കാരം, സമ്പത്ത്, രാഷ്ട്രീയം തുടങ്ങിയ വിശാലഭൂമികകളിലേക്ക് ഭിന്നശേഷിയനുഭവത്തിന്റെ പ്രശ്നപരിസരം മാറുന്നു" (Harlan hahn 1984 : 11). വ്യക്തിയേക്കാൾ സമൂഹത്തിന് ഊന്നൽ നല്കുന്ന സവിശേഷത ഭിന്നശേഷിയെക്കുറിച്ചുള്ള ഈ നിലപാടിൽ കാണാം. ഈ വീക്ഷണപ്രകാരം ഭിന്നശേഷിയനുഭവങ്ങൾ അടിസ്ഥാനപരമായി വികലമായ സാമൂഹ്യ സംവിധാനത്തിന്റെയും പരിതഃസ്ഥിതിയുടേയും പരിണിതഫലമാണ്.വികലമായ സാമൂഹ്യസംവിധാനത്തിന്റെ കാരണങ്ങളിൽ പ്രധാനം സാമൂഹികാസമത്വവും ദാരിദ്ര്യവുമാണ്. ദാരിദ്ര്യവും അസമത്വവും ഇല്ലാതാകുന്ന ഒരു ലോകത്തേ ഭിന്നശേഷിയനുഭവങ്ങൾ ഇല്ലാതാകൂ. ഭിന്നശേഷി ജീവിതാനുഭവങ്ങളെ സാമൂഹ്യസൃഷ്ടിയായി അംഗീകരിക്കുന്ന നിർവ്വചനങ്ങൾ സമൂലമായ സാമൂഹ്യപരിണാമം ഒഴിച്ചുകൂടാനാവാത്തതാണെന്നതിന്റെ സൂചകങ്ങളായാണ് ഭിന്നശേഷിജീവിതങ്ങളെ കാണുന്നത്.

വികലാംഗക്ഷേമത്തെക്കുറിച്ചുള്ള സങ്കല്പങ്ങളുടെ ഭാഗമായി സ്വാതന്ത്ര്യാനന്തരം വൈദ്യശാസ്ത്രമാതൃകപ്രകാരമുള്ള അനുകമ്പാധിഷ്ഠിത ഭിന്നശേഷി നയങ്ങളാണ് ഇന്ത്യയിൽ നടപ്പാക്കിയത്. ഇതിന്റെ ഫലമായി പിൽക്കാലത്ത് ഭിന്നശേഷിയനുഭവങ്ങളുമായി അഗാധമായി ബന്ധപ്പെട്ട ദാരിദ്ര്യം, സാമൂഹികമായ അകറ്റി നിർത്തൽ തുടങ്ങിയ പ്രശ്നങ്ങളെ അഭിമുഖീകരിക്കുവാൻ സർക്കാർ നയങ്ങൾക്ക് വേണ്ടവിധം സാധിച്ചില്ല. വൈകല്യം രോഗമാണെന്നും അത് ചികിത്സകൊണ്ടും പുനരധിവാസം കൊണ്ടും പരിഹാരം തേടേണ്ടതുമാണെന്ന ചിന്തക്കാണ് പ്രാമുഖ്യം കിട്ടിയത്. ഇത്തരത്തിലുള്ള കാഴ്ചപ്പാടുകൾ ഭിന്നശേഷി വ്യക്തിത്വങ്ങൾക്ക് അവസരസമത്വം നടപ്പാക്കുന്നതിന് തടസ്സമായി. അടുത്ത കാലത്ത് ഭിന്നശേഷിയനുഭവങ്ങളെ സാമൂഹ്യനിർമ്മിതിയായി കാണുകയും ഭിന്നശേഷി വ്യക്തിത്വമുള്ളവരുടെ അവകാശങ്ങൾക്ക് പ്രാധാന്യം നൽകുകയും ചെയ്യുന്ന സാമൂഹ്യ മാതൃകയെ മുൻനിർത്തിയുള്ള വ്യവഹാരങ്ങൾക്ക് ഇന്ത്യയിൽ സ്വീകാര്യത ലഭിച്ചു തുടങ്ങിയിട്ടുണ്ട്. ഭിന്നശേഷിയനുഭവങ്ങളെ അഭിസംബോധന ചെയ്യുന്ന ഇന്ത്യൻ നയങ്ങൾ വൈദ്യശാസ്ത്ര സാമൂഹികമാതൃകകളുടെ സമന്വയമായി പരിണമിക്കുകയും ചെയ്തു തുടങ്ങിയതായി കാണാം.

ഭിന്നശേഷിയെ സംബന്ധിച്ച നിർവ്വചനങ്ങൾ വിശാലമായ അർത്ഥത്തിൽ ഭിന്നശേഷിയനുഭവങ്ങൾ ഒരു സാമൂഹിക നിർമ്മിതിയാണെന്ന

യാഥാർത്ഥ്യത്തെ പ്രതിഫലിപ്പിക്കുന്നു. ഏറിയ പങ്കു ജനങ്ങളും വിശ്വസിക്കുന്നത് വൈകല്യമെന്നു വ്യവഹരിക്കപ്പെടുന്ന അനുഭവങ്ങളെയും അങ്ങനെയല്ലാത്ത അനുഭവങ്ങളെയും കുറിച്ച് തങ്ങൾക്ക് വ്യക്തമായ ധാരണയുണ്ടെന്നാണ്. ഒരു ചാപത്തിന്റെ രണ്ടറ്റത്തുമായി ഭിന്നശേഷിയനുഭവമുള്ളവരേയും ശാരീരികവും ബുദ്ധിപരവുമായി പൂർണ്ണരെന്ന് കരുതുന്നവരേയും സങ്കല്പിക്കാനാവുമെങ്കിൽ ഭിന്നശേഷിജീവിതവും സാമൂഹ്യാംഗീകാരമുള്ള സാധാരണജീവിതവും അനായാസമായി വേർതിരിക്കാനായേനെ. എന്നാൽ ഈ സങ്കല്പത്തിന്റെ മധ്യഭാഗം അതിബൃഹത്തും സന്ദേഹപൂർണ്ണവുമായ ഒന്നാണ്. ഒരു സമൂഹത്തിന് കാഴ്ചയില്ലായ്മയെ, കേൾവിശേഷിയില്ലായ്മയെ സ്പഷ്ടമായി കാഴ്ചയിൽനിന്നും കേൾവിയിൽനിന്നും വേർതിരിക്കുക അത്ര അനായാസകരമല്ല. കണ്ണടയുടെയും ശ്രവണസഹായിയുടെയും ശേഷി പരിഗണിക്കുമ്പോൾ വൈകല്യമെന്ന് സമൂഹം കരുതുന്ന അനുഭവങ്ങൾ തുലോം തുച്ഛമാവുന്നു. ചില ഭിന്നശേഷി സവിശേഷതകൾ കടുത്ത സാമൂഹിക അപമാനം നേരിടേണ്ടി വരുമ്പോൾ ചില സവിശേഷ വ്യതിരിക്തതകൾ അത്രക്ക് തന്നെ അവക്ക് കാരണമാവുന്നില്ല.

ഭിന്നശേഷിയനുഭവങ്ങളിൽ ചിലതിനെ പൊതുസമൂഹം ഭിന്നശേഷിയായി അംഗീകരിക്കുമ്പോൾ ചില അനുഭവങ്ങളെ അങ്ങനെ പരിഗണിക്കുന്നേയില്ല. കാഴ്ചക്കുറവിന് കണ്ണടവെക്കുന്നയാളെക്കാൾ കേൾവിക്കുറവിന് ശ്രവണസഹായി ഉപയോഗിക്കുന്നയാളെയാണ് ഭിന്നശേഷി വ്യക്തിത്വമായി പൊതുബോധം മനസ്സിലാക്കുന്നത്. കുള്ളന്മാരായ ആളുകളെ ചില സമൂഹങ്ങൾ ഭിന്നശേഷിവ്യക്തികളായി കരുതുമ്പോൾ ചില സമൂഹങ്ങൾ ആ സവിശേഷാവസ്ഥയെ സ്വാഭാവികമായി കരുതുന്നു. ഭിന്നശേഷിയെക്കുറിച്ചുള്ള തര-തമഭേദങ്ങൾ സമൂഹങ്ങളും സംസ്കാരങ്ങളും തോറും അത്യന്തം ഭിന്നമാവുന്നത് ഭിന്നശേഷി എന്ന സംജ്ഞയുടെ കൃത്യതയെക്കുറിച്ചുള്ള സന്ദേഹങ്ങൾക്ക് വഴിവെക്കുകയും ഭിന്നശേഷിയുമായി ബന്ധപ്പെട്ട അന്വേഷണങ്ങളെ സങ്കീർണ്ണമാക്കിത്തീർക്കുകയും ചെയ്യുന്നുണ്ട്.

ഭിന്നശേഷി വ്യക്തിത്വങ്ങൾ നേരിടേണ്ടി വരുന്ന സാമൂഹികവിലക്ക്, അപമാനം എന്നിവയെ ഭയന്ന് ഭിന്നാനുഭവമുള്ള പലരും തങ്ങളുടെ വ്യതിരിക്താനുഭവങ്ങളെ മറച്ചുപിടിക്കാൻ ശ്രമിക്കാറുണ്ട്. ഭിന്നശേഷി വ്യക്തിത്വമാണെന്ന് മറ്റുള്ളവർ തിരിച്ചറിഞ്ഞാൽ വികലാംഗർ എന്ന കാഴ്ചപ്പാടോടെയാണ് പിന്നീട് ആ വ്യക്തിയെ സമൂഹം നോക്കിക്കാണുക. അതിനാൽ ഭിന്നാനുഭവങ്ങൾ ഉള്ളവർ ആവുംവിധം ആ അനുഭവങ്ങളെ മറച്ചുപിടിക്കാറുണ്ട്. കേൾവിക്കുറവും കാഴ്ചക്കുറവും സങ്കീർണ്ണമായ നിലയിലെത്തിയാലേ പലരും സവിശേഷമായ ആ ശാരീരികാവസ്ഥയെ അംഗീകരിക്കാറുള്ളൂ.

പൊതുസമൂഹം അസ്വാഭാവികമെന്ന് വിധിയെഴുതുന്ന തരം സവിശേഷതകളോടെ ജന്മമെടുക്കുന്ന കുഞ്ഞുങ്ങളെ മറ്റുള്ളവരുടെ സംശയങ്ങളിൽ നിന്നും കൺവെട്ടത്തുനിന്നും അകലെ നിർത്താൻ മാതാപിതാക്കൾ ശ്രമിക്കുന്നത് ഇത്തരം സാമൂഹികവിവേചനം ഭയന്നാണ്. ശാരീരികവും ബുദ്ധിപരവുമായ വ്യത്യാസങ്ങൾ സ്വാഭാവികമായി കാണുന്ന ഒരു സാമൂഹികാവസ്ഥ നിലവിൽ വന്നാലേ ഭിന്നശേഷി വ്യക്തിത്വങ്ങൾ അനുഭവിക്കുന്ന അപമാനബോധവും സാമൂഹികമായ ഉച്ചനീചത്വവും അവസാനിക്കൂ. വ്യതിയാനങ്ങളെ വൈകല്യങ്ങൾ എന്നു മുദ്രയടിക്കാതെ എല്ലാ മനുഷ്യരെയും സമൂഹനിർമ്മാണത്തിലെ പങ്കാളികളാക്കുക എന്ന മാനവികബോധം സമൂഹം ഒന്നടങ്കം കൈവരിച്ചെങ്കിലേ മനുഷ്യരെ വൈകല്യങ്ങൾ ഉള്ളവരെന്നും ഇല്ലാത്തവരെന്നുമുള്ള വിഭജനങ്ങളിൽ നിന്ന് മോചിപ്പിക്കാനാവൂ.

## റഫറൻസ്

1. Altman B. M., Disability: Definitions, models, classification schemes and applications, Handbook of disability studies, Sage publications, Delhi, 2001
2. Bennet Tonny, Gross berg Lawrence, Moris Meghan, New keywords: A revised vocabulary of culture and society, Black welly publishing, USA, 2005
3. Bill of the rights of disabled - UN Decade of disability persons - 1983-1992, world programme of action concerning disabled persons, New York, 1992
4. Canon Robert, The History of Rome, J.M. Dent and Sons, New York, 1911
5. Harlan Hahn, The issue of equality: europian perceptions of employment policy and disabled persons, world rehabilitation fund, New York, 1984
6. Leichty Eric, The Omen series of Sumeria, The Encyclopedia of disability (Ed.), Gary-L-Albrecht, Sage publications, Delhi, 2006
7. Mithra Sophie, Moorthi Ushasamba, Disability estimates in India - what the NSS and Census tell us, EPW Vol : 4l, Issue:38, 2006
8. Pandey R. S., Advani Lal, Perspective in disability and rehabilitation, Vikas publishing house, Delhi, 1995
9. Saad - S- Nagi, Concept and measurement of disability, Berokwitz, Free Press, New York, 1981
10. Wendy Doniger, Brain k. Smith (Trans.), The Laws of Manu, Penguin Books, New Delhi, 1991

*stalindas77@gmail.com*

# Locating ‘Disability’ in Edward Bond’s *Lear*

Anjana Hemachandran
Dept. of Studies in English, Kannur University

Dr. Rafseena M.
Assistant Professor, Dept. of Studies in English, Kannur University

Abstract

Edward Bond’s *Lear* has contributed to scholarly readings centering on the concepts of violence, atrocity, madness, grotesque, biopolitics, and nihilism. The present paper, thus, would attempt to diagnose how Edward Bond’s *Lear* manifests the presence of elements of disability within its textual concern. The theoretical arguments focusing on disability studies would form the theoretical framework for analysing how disability functions in Bond’s play *Lear* with the help of close textual analysis.

**Keywords:** Ableism, Disability, Lear, Transformation, Violence

“We have come out, not with those brown wool lap robes over our withered legs, or dark glasses over our pale eyes, but in shorts and sandals... straight forward, unmasked, and unapologetic... We are everywhere these days, wheeling and loping down the street, tapping our canes, sucking on our breathing tubes... We may drool, speak in staccato syllables, wear catheters to collect our urine, or live with a compromised immune system?” (Linton 4-5).

Disability pride resonates in this defiant undertaking of Simi Linton, who raises her voice on behalf of people labelled as disabled. Disability has been pervasive throughout history, yet it is only in the latter half of the twentieth century did a discourse on disability emerge. Why was disability invisible despite its pervasiveness? Is there a politics behind this? If so, what is it and what brought about a shift?

Emerging in the late 1960s, Disability Studies aimed at lifting the diverse community of the disabled from social and political marginalization. Disability, termed as the 'disabled experience,' goes beyond a medical condition, shaped by the broader social and political context. As observed by Tobin Siebers, Disability Studies is "more about the development of critical enquiry into those social and political forces that frame and inform our relationships with each other and the institutions of society that we have created" (Johnstone 2). Disability Studies originated from the Disability Rights Movements post-WWII, leading to legislative acts like the Disability Discrimination Act (1995) in the United Kingdom and the Americans with Disabilities Act (ADA) in the USA, testifying to the movements that eventually created a political shift towards claiming the rights of the people with disabilities. It became an academic discipline, expressed through the voices of the disabled individuals and publications, especially in the form of memoirs and life writings, acting as a driving force behind enabling Disability Studies as a serious discourse of the unnatural 'othered' social category.

Disability Studies can be traced along the line of three major models: the medical model, social model and the cultural model. Initially, disability has been conceived from a medical point of view, focusing on physical disability and rehabilitation. However, there was a growing consciousness against the individualistic viewpoint propagated by the medical model. As Siebers notes, "The medical model situates disability exclusively in individual bodies and strives to cure them by particular treatment, isolating the patient as diseased or defective" (738). Irving Zola distinguishes 'impairments' and 'disability,' stating that

impairment becomes a disability when society creates barriers based on the concepts of 'normalcy' and 'ableism.' Thus, "an impairment only becomes a disability when the ambient society creates environments with barriers-affective, sensory, cognitive, or architecture" (507). This is addressed by the social model of disability, which is influenced by the branch of Social Constructivism, where disability is viewed as a social construct. Erving Goffman, in his 1963 text *Stigma: Notes on the Management of Spoiled Identity*, defines 'stigma' as "the situation of the individual who is disqualified from full social acceptance," (qtd. in Wilson 3). The prevailing stigma is gradually internalized by the disabled person, leading to a withdrawal and resulting in their 'invisibility' in society.

However, towards the late twentieth century, the social model was critiqued for completely avoiding the medical and bodily realities (pain) while focusing exclusively on the political and the social aspects. From the hands of social scientists, Disability Studies entered Cultural Studies and Humanities, which is considered to be a major turning point. The figures associated with this model are Lennard Davis, David Mitchell Rosemarie Garland-Thomson, Simi Linton, Catherine Kudlick, James Charleton, Tobin Siebers, and others. Sharon L. Snyder and David T. Mitchell, term it the 'cultural model' of Disability Studies and in their "Introduction" to *Cultural Locations of Disability* define it as having "an understanding that impairment is both human variation encountering environmental obstacles and socially mediated difference that lends group identity and phenomenological perspective" (Wilson 5). The cultural model problematizes the distinction between disability and impairments of the previous social model of disability. Citing Strikers, Alice Hall claims that "social identities and even the materiality of the body cannot pre-exist or be separated off from systems of language and culture" (31).

Disability, often stigmatized and posited as the 'other,' is scrutinized with societal dynamics of 'normalcy' and 'ableness.'

Disability Studies critique the politics of the representation of the body, revealing its negative impact: "Recent body theory has reproduced the most abhorrent prejudices of ableist society" (Siebers qtd. in Mollow 5). For Foucault, "people with disabilities are not yet 'subjects': their bodies appear as a speck of reality uncontrolled by the ideological forces of society" (Siebers 739). Rosmarie Garland, in her text *Extra-ordinary Bodies*, observes that "Disabled bodies come to represent the "freak show"; "Disability is the unorthodox made flesh, refusing to be normalized, neutralized, or homogenized" (qtd. in Siebers 740).

Davis observes an 'obsession' with 'normalcy' emerging in tandem with Eugenics and the concept of the 'bell curve,' categorizing bodies as normal/abnormal. Compared to the unachievable notion of an ideal body, the concept of a normal body seems to provide a new imperative. As he says, "the rest is history," citing the Nazi agenda of extermination of the deaf, blind, and so on with the appropriation of Darwinian 'survival of the fittest' (505). Disability Studies thus aim to subvert these notions of normalcy and open the reality of the body as changeable and permeable.

According to Hoffman, the stigma that people with disability face from society's negative attitude is comparable with that of the marginalized. This accounts for the intersectionality of Disability Studies with other frameworks like gender, race, class, caste etc. Christopher Bell's *Blackness and Disability* (2012), attempts to club both Disability Studies and African-American studies, claiming that the absence of such an intersectional approach limited the scope of the former.

A clear picture of disability and experience was nowhere to be found in the existing discourse. When it comes to literature, in the ancient and medieval periods, disability has been portrayed as evil, wild and sometimes to serve comic purposes. In the eighteenth and nineteenth centuries, however, the portrayal of disability appeared in marginalised roles often as a foil to uphold 'normalcy'. This could be read along the lines of the changes in the perception of the body within

the industrial background.

Literary disability critics focus on how disability appears in literature, especially novels. Disability Studies is important to literature as it provides new angles of perceptions. Similarly, on the other hand, as David Bolt and Lucy Burke argue, the literary model offers a major framework for disability studies adding to its overall project (qtd. in Hall 31). The scholars focused on how the 'normal body' is manifested in literature. They also engage with authors who are disabled, and how disability is deployed in various literary and cultural texts. One such interesting observation is that of Davis' who argues that the presentation of disability as a trope for de-eroticisation, "the frequent use of disability as a trope in postmodern theory is troubling for many reasons. For example, disability is alternately de-eroticized (e.g., blindness as castration) and hyper-eroticized (e.g., bodily difference as sexual transgression)" (Mollow 2).

Literary disability studies, under their skeptical lens, conclude that in literature, disability is often deployed as a trope. As Hall observes, "Many 'first wave' scholars highlight the tendency for disability to be invoked in literature as an easy metaphorical shortcut: a marker of pity, vulnerability or, less frequently, the heroic 'supercrip'" (36). For Leonard Kriegel, there is little difference between the portrayal of disability as a source of pity and threat, both before and after Shakespeare. One of the most influential theorizations of disability is that of 'narrative prosthesis' by David Mitchell and Sharon Snyder, where disability is used as a trope to evoke the stereotypes ascribed to it for narrative purposes. Following the flood of the prosthesis in the war narrative of WWII, prostheses became a theoretical tool in analysing these narratives. Rather than speaking for the concerned, disability is deployed to highlight normalcy. Such an attempt is suspicious as it divorces itself from reality and "aestheticize and depoliticize disability issues" (Hall 37).

Placing twentieth-century literature in the broad spectrum of

Disability Studies, scholars focusing on disability studies have subjected many narratives to be re-interpreted along the lines of how disability has been dealt within literary constructions. While the distinction of the normal from the abnormal has been used differently, it is notable to look at how re-readings of some of the established works by famous literary figures have been attempted by twentieth-century writers. One of the most notable literary endeavours in this regard was taken up by Edward Bond, who penned *Lear* based on Shakespeare's *King Lear*. Building a realist version of Lear in the twentieth century, Bond sought to present a modern-day Lear who transforms; a transformation driven by socio-political reasons at the cost of his protagonist becoming disabled. Bond's *Lear*, known for its profuse violence and bloodshed, attempts to showcase the journey of a politically blinded person to that of an enlightened common man, who sacrifices his life in an act of bringing out a political transformation.

How does disability appear in the play? The madness that takes hold of Lear and his blindness seem to be the two major instances of disability in Bond's *Lear*. Since Bond's *Lear* is a re-working of Shakespeare's *King Lear,* the appearance of disability cannot be considered in isolation. In *King Lear,* disability takes the form of King Lear's madness, Gloucester's blindness, and Edgar's feigning of madness as Tom, the Bedlam beggar. Shakespeare himself models *King Lear* from Sydney's Paphlagonian King in *Arcadia*, who is blind, though in the play it is Gloucester who is blinded and not Lear.

In the article, "The Trouble with Disability in Shakespeare Studies," Jeffrey R. Wilson observes that Shakespeare's use of disability is different from the way it is perceived today: "He and other early-modern writers overwhelmingly used the word disabled to refer not to people whose physical impairments create functional and social disadvantages, but to people and things who are unable to perform the tasks such people and things usually perform" (3). This aids us in our reading of Gloucester's blinding and Lear's madness - to show their inability to act. Both fathers

fall prey to filial ingratitude, and disability becomes a 'trope' in both contributing to and emphasising the helplessness of these characters in the face of a moral discovery.

From this point of view, an examination of disability in *Lear* shows that Bond retains the 'trope' of disability in his adaptation as well. Initially, with his 'ableism,' Lear unleashed a tyrannous regime on his subjects for the construction of the 'wall'. The murder of the soldier in Act I Scene 1 bears testimony to how particular Lear is, regarding the construction and the condition of the workers involved in it. The madness Lear undergoes initially appears towards the end of Act I, where he becomes an outcast after losing his kingdom, and becomes a refugee in Gravedigger's boy's pastoral setting. Though he overcomes it out of the compassionate treatment of the Gravediggers boy, following the assault on the latter and his family, Lear's condition worsens. The rest of the plot deals with how Lear confronts the reality that has been the consequence of his tyrannous model and gradually emerges out of it. The transformation is brought out in a series of stages. The trope of madness is introduced to heighten the desolate situation of Lear, especially in the Trial Scene of Act I. The ghost of the Gravediggers boy is read by critics as the guilty conscience of Lear, as it is for protecting him that the boy and his family were tortured, and the gradual withering of the boy reflects the moral progress of Lear.

Moreover, Lear is also blinded to make him "politically ineffective." In Shakespeare's *King Lear*, Gloucester's blinding draws along this line where the vision of his son's innocence and sincerity is available to Gloucester only when he loses his eyes. In "Blindness and Visual Culture: An Eyewitness Account," Kleege argues that blindness is a prop to "highlight the importance of sight and to elicit a frisson of awe and pity which promotes gratitude among the sighted theorists for the vision they possess" (qtd. in Hall 98). Despite the agony or due to that agony, Lear fights with himself and emerges out as a philosopher, who sows the seeds of a revolution to follow.

Similarly, we may look at the portrayal of disability in *Lear* from a positive tone as it breaks the notion of the heroic figure bearing an 'able body,' or as one who becomes heroic when he overcomes his disability by retaining ableism. Lear, towards the end of the play, does not fit the traditional concept of a 'normal' body as he is blind and also old – ageing has often been placed alongside disability. He attempts to break the wall saying, "I'm not as fit as I was. I can still make my mark" (Bond 88). This goes beyond a conventional representation of disability as 'disabling' an individual. It seems to posit an alternate view to the use of disability, as a mere metaphor to emphasise an absence and provides an opportunity to re-examine the representation of disability. However, (especially) being a play that draws attention to the political dimension, the trope of disability in *Lear* cannot be taken from a neutral point. According to David Mitchel and Sharon Snyder, disability becomes a "crutch upon which literary narratives lean for their representational power, disruptive potentiality, and analytical insight" (qtd. in Hall 37). Hall also sheds light on this as the use of disability as a metaphor from a value-based angle that "aestheticize and depoliticise disability issues" (37).

The very structure of the play, falling within the tradition of epic theatre, becomes crucial when assessing the deployment of disability as a prop. For instance, one of the defining features of epic theatre is the alienation effect, which creates a distance between the audience and the play, breaking the dramatic illusion of the proscenium arch. Bond and several other playwrights, drawing from Bertolt Brecht, employ this technique to facilitate a rational response in the audience rather than swaying them to the emotional cathartic pull. Disability becomes a trope that alienates the audience from a cathartic association, encouraging them to rationally engage with the transformational journey that Bond intends to achieve through choosing Lear himself with a mythical background. The signs of madness that Lear exhibits, represented through his broken thoughts and associations, his blinding, and even

the mutilation of Warrington break the thread of association between the characters and the audience.

The presentation of madness in the play, from a particular angle, brings out the way madness is perceived by the State. As Foucault has pointed out, madness is not to be thought of from merely a medical individual point of view; rather it is discursive. Bodice's statement that mad man is dangerous and that political trial should take care of it enforces the way madness is perceived in a political system as a threat, "This is a political trial: politics is the higher form of justice. The old king's mad and it's dangerous to let him live" (Bond 32). Later the fourth prisoner/doctor states that "Madmen often harm themselves" and blinds Lear to make him "politically ineffective" (Bond 62).

Mitchel Beruba, in accounting for the refusal of several scholars and academicians to consider Disability Studies as a separate discipline, speaks about a psychological distancing maintained with disability, which is the result of a 'disavowal.' He terms this distancing as 'ableism.' Disability critics have observed that, let alone ableist society, the academic domain of theory itself shows reluctance to engage in theorizing disability. An instance of such disavowal could be found in the play during the crucial Trial Scene in Act II Scene 1.

Lear refuses to identify his daughters and Bodice places a mirror before Lear stating that "Madman are frightened of themselves" (Bond 34). Lear, in the mirror, sees the image of an animal in a cage and he refuses to acknowledge himself, "No, that's not the king. This is a little cage of bars with an animal in it. (Peers closer.) No, no, that's not the king!" (Bond 35). The mirror might be a symbol of his conscience, and he feels guilty of looking at it. Later he says, "I shouldn't have looked. I killed so many people and never looked at one of their faces. But I looked at that animal. Wrong. Wrong. Wrong. It's made me a stupid old man" (Bond 42).

Jacques Lacan speaks about the three registers of life – the Real, the Imaginary, and the Symbolic. The Imaginary Order begins with the

mirror stage where the infant identifies itself with the mirror image and distinguishes itself from the 'Other'. Tobin Siebers comments thus:

It has often been claimed that the disabled body represents the image of the Other. In fact, the able body is the true image of the Other – as a prop for the ego – a myth we all accept for the sake of enjoyment, for we all learn early on, as Jacques Lacan has explained, to see the clumsiness and ineptitude of the body in the mirror as a picture of health at least for a little while. (742-743)

Lear's disavowal is of himself, the condition in which he finds him. To put it in Kristeva's terms, Lear confronts the abject here – "the abject refers to the human reaction (horror, vomit) to a threatened breakdown in meaning caused by the loss of the distinction between subject and object or between self and other" (Fellugo 1). Towards the end, we have Lear articulating his view on the ideal political state with the metaphor of madness. He reminds Cordelia, "Our lives are awkward and fragile and we have only one thing to keep us sane: pity, and the man without pity is mad" (Bond 84-85).

